തിരുവനന്തപുരം ലോക്സഭാ മണ്ഡലം

# 2009
# 2024



## ജനസേവനത്തിന്റെ 15 സഫല വർഷങ്ങൾ

## വികസന രേഖ

- മണ്ഡലം
- പാർലമെന്റ്
- സമിതി


**ഡോ. ശശി തരൂർ എം.പി.**

ലോക്സഭാംഗം, തിരുവനന്തപുരം.
ചെയർമാൻ, പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റി.
( വിദേശ കാര്യ, വിവരസാങ്കേതികവിദ്യ,
കെമിക്കൽസ് ആൻഡ് ഫെർട്ടിലൈസേഴ്സ്)

# മുഖവുര

തിരുവനന്തപുരം ലോക്സഭാ മണ്ഡലത്തെ പ്രതിനിധീകരിക്കുവാൻ കഴിഞ്ഞുവെന്നത് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ സൗഭാഗ്യങ്ങളിലൊന്നാണ്. തുടർച്ചയായ മൂന്നു തവണ ജനങ്ങൾ എന്നെ തെരഞ്ഞെടുത്തത് എന്റെ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമാണ്. ജനങ്ങൾക്ക് എന്നിലുള്ള ഈ അചഞ്ചലമായ വിശ്വാസം ജനങ്ങളോടുള്ള എന്റെ ഉത്തരവാദിത്തം വർദ്ധിപ്പിക്കുന്നു.

നമ്മുടെ നാടിന്റെ വികസന സ്വപ്നങ്ങളുടെ സാഫല്യം തേടി നമ്മൾ ഒരുമിച്ചു തുടങ്ങിയ വിജ്ഞാനദായകവും സഫലവുമായ ഈ യാത്ര വ്യക്തിപരമായി എനിക്ക് എപ്പോഴും സംതൃപ്തി നൽകുന്ന അനുഭവമാണ്. ജനാധിപത്യ ഇന്ത്യയെ വീണ്ടെടുക്കാനും നമ്മുടെ നാടിനെ പുരോഗതിയുടെ പുത്തൻ പാതകളിലൂടെ നയിക്കാനും ഈ യാത്ര നമുക്ക് തുടരേണ്ടതുണ്ട്.

നമ്മുടെ മണ്ഡലത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി രാജ്യ തലസ്ഥാനത്ത് ശക്തമായി വാദിക്കുന്നതിന് എനിക്ക് കഴിഞ്ഞിട്ടുണ്ട്. ഭാരതത്തിന്റെ അടിസ്ഥാനമൂല്യങ്ങളും ബഹുസ്വരതയും സാഹോദര്യദർശനങ്ങളും സംരക്ഷിക്കുന്നതിനായി എല്ലാവരെയും ചേർത്തുപിടിച്ചു മുന്നോട്ട് പോകുന്നതിൽ തിരുവനന്തപുരം എനിക്കു നൽകുന്ന പിന്തുണ അമൂല്യമാണ്. ദേശീയ അന്തർദേശീയ തലങ്ങളിൽ നമ്മുടെ നാടിന്റെ യശസ്സ് ഉയർത്തിപ്പിടിക്കുവാൻ ഞാൻ എപ്പോഴും ശ്രമിച്ചിട്ടുണ്ട്. ലോകത്തെവിടെയും പുരോഗതിയുടെയും പാരമ്പര്യത്തിന്റെയും സമാധാനത്തിന്റെയും പ്രതീകമായി എന്റെ തിരുവനന്തപുരത്തെ അവതരിപ്പിക്കുന്നതിൽ ഞാൻ എപ്പോഴും ശ്രദ്ധിച്ചിരുന്നു.

പരിമിതികൾക്കിടയിലൂടെ നാം മുന്നേറിയപ്പോൾ നിരവധി വെല്ലുവിളികൾ നേരിടേണ്ടി വന്നിട്ടുണ്ട്. നമ്മുടെ കൂട്ടായ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാനായി ഒരു പ്രതിപക്ഷ എം.പി. എന്ന നിലയിൽ കേന്ദ്ര സംസ്ഥാന പ്രാദേശിക തലങ്ങളിൽ പൊരുതുമ്പോൾ അധികാരത്തിലിരിക്കുന്ന വരുടെ എതിർപ്പുകൾ കാരണം പലപ്പോഴും ജനങ്ങൾക്കു വേണ്ടി പ്രവർത്തിക്കുന്നത് , അത്ര എളുപ്പമായിരുന്നില്ല. രാഷ്ട്രീയ സംവിധാനങ്ങളും ഭരണകൂടങ്ങളും വരികയും പോവുകയും ചെയ്യും. നാടിന്റെ വികസന സങ്കല്പങ്ങൾക്ക് തുടർച്ചയുണ്ടാകണം. പ്രതിപക്ഷത്തായിരുന്നിട്ടും വളരെയേറെ കാര്യങ്ങൾ എനിക്ക് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഞാൻ തിരുവനന്തപുരത്തിന്റെ സ്വപ്നങ്ങൾ യാഥാർത്ഥ്യമാക്കാൻ കൂടുതൽ ഊർജത്തോടെ പ്രവർത്തിക്കുകയാണ്.

കഴിഞ്ഞ ഒന്നര പതിറ്റാണ്ടായി നമ്മൾ സുപ്രധാനമായ നിരവധി നാഴികക്കല്ലുകൾ പിന്നിട്ടിട്ടുണ്ട്. നിരവധി വെല്ലുവിളികൾ നേരിട്ട് വിജയിച്ചിട്ടുമുണ്ട്. യോജിച്ച ശ്രമങ്ങളിലൂടെയും സൃഷ്ടിപരമായ സംവാദങ്ങളിലൂടെയും വലിയ മുന്നേറ്റമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അവയൊക്കെയും നമ്മുടെ പ്രിയപ്പെട്ട നാടിന്റെ അഭിവൃദ്ധിക്കു സംഭാവന ചെയ്തിട്ടുണ്ടെന്ന സത്യം എല്ലാവരും അംഗീകരിക്കും.

പതിനഞ്ചു വർഷം തിരുവനന്തപുരത്തിന്റെ എം.പി. എന്ന നിലയിൽ ഞാൻ ഏറ്റെടുത്ത പ്രവർത്തനങ്ങളിലേക്ക് വെളിച്ചം വീശുന്നതാണ് ഈ വികസന രേഖ. ഓരോ തവണ കാലാവധി പൂർത്തിയാക്കിയപ്പോഴും പ്രസിദ്ധീകരിച്ച റിപ്പോർട്ടുകളോട് പുതിയ വിവരങ്ങൾ കൂട്ടിച്ചേർത്തു പരിഷ്കരിച്ചാണ് ഈ വികസന രേഖ തയ്യാറാക്കിയിരിക്കുന്നത്.

ജനങ്ങൾക്കായി ഞാൻ നടത്തിയ സേവനങ്ങളുടെ ഒരു സമഗ്ര സംഗ്രഹമാണ് ഈ വികസനരേഖ. നമ്മൾ നേടിയെടുത്ത പുരോഗതിയെക്കുറിച്ചും തുടർന്നും ശ്രദ്ധ കേന്ദ്രീകരിക്കേണ്ട പ്രശ്നങ്ങളെക്കുറിച്ചുമുള്ള സത്യസന്ധവും സുതാര്യവുമായ ഒരു വിവരണമാണ് വികസന രേഖയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. നിങ്ങളുടെ പ്രതീക്ഷയുടെയും വിശ്വാസത്തിന്റെയും ഭാരം എന്നെ കൂടുതൽ വിനയാന്വിതനാക്കുകയാണ്. നിങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധി ആയിരിക്കുന്നതിനോടൊപ്പം അതാവശ്യപ്പെടുന്ന ഉത്തരവാദിത്വത്തെക്കുറിച്ച് ഞാൻ അങ്ങേയറ്റം ബോധവാനാണ്. മാത്രമല്ല, നിങ്ങൾ എന്നിലർപ്പിക്കുന്ന വിശ്വാസത്തെ അചഞ്ചലമായ സമർപ്പണത്തോടെയും ആർജവത്തോടെയും കാത്തുസൂക്ഷിക്കുവാൻ ഞാൻ പ്രതിജ്ഞാബദ്ധനാണ്.

പിതാവിന്റെ ജോലി സംബന്ധമായ സ്ഥലം മാറ്റങ്ങൾക്കനുസൃതമായിരുന്നു വിദേശത്തെ എന്റെ ജനനവും ഇന്ത്യയിലെ മെട്രോ നഗരങ്ങളിലെ വിദ്യാഭ്യാസവും. പത്തൊൻപതാമത്തെ വയസ്സിൽ സ്കോളർഷിപ്പോടുകൂടി അമേരിക്കൻ സർവ്വകലാശാലയിൽ വിദ്യാഭ്യാസത്തിനുള്ള അവസരം ലഭിച്ചു. തുടർന്ന് മൂന്ന് പതിറ്റാണ്ട് നീണ്ട ഐക്യരാഷ്ട്രസഭയിലെ സേവനകാലത്ത് അമേരിക്കയിൽ



താമസിച്ചുകൊണ്ട് ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിച്ചു. യു.എൻ-ലെ ജോലി രാജിവെച്ചശേഷം ഇന്ത്യയിലെത്തി പൊതുപ്രവർത്തനരംഗത്തേക്ക് കടക്കുവാൻ തീരുമാനിച്ചപ്പോൾ എല്ലാ അവധിക്കാലത്തും വന്നുപോകാറുള്ള പാലക്കാടിനെയല്ല, തിരുവനന്തപുരത്തെയാണ് ഞാൻ തെരഞ്ഞെടുത്തത്. എന്റെ മണ്ണാണിത്; എന്റെ മേൽവിലാസവും. ജീവിതത്തിന്റെ ശിഷ്ടകാലം ഞാനിവിടെത്തന്നെയുണ്ടാവും. ഇവിടുത്തെ കാറ്റും മഴയും വെയിലും നാട്ടിടവഴികളും നഗരഗാംഭീര്യവും എന്റേതുകൂടിയാണ്. എന്റെ ജീവിതത്തിന്റെ ദുർഘട വഴികളിലെല്ലാം ഹൃദയംകൊണ്ട് സ്നേഹത്തോടെ നിങ്ങളെന്നെ ചേർത്തുപിടിച്ചു. അടയാളപ്പെടുത്തലുകളാവശ്യമില്ലാത്ത, ആത്മബന്ധം പകരുന്ന ആത്മവിശ്വാസത്തോടെ ഒരുവട്ടംകൂടി നിങ്ങളുടെ പിന്തുണയും അംഗീകാരവും തേടി ഞാൻ നിങ്ങൾക്ക് മുന്നിലെത്തുകയാണ്. നമ്മുടെ രാജ്യവും ഭരണഘടനയും വിശ്വാസ പ്രമാണങ്ങളും ഇതുപോലെ നിലനിൽക്കാൻ, നമുക്കും വരുംതലമുറയ്ക്കും ഈ മണ്ണിൽ നിർഭയമായി ജീവിക്കാൻ എന്നെ പിന്തുണയ്ക്കണമെന്ന് വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

മുന്നോട്ടുള്ള യാത്ര പുതിയ കാഴ്ചപ്പാടും നിശ്ചയദാർഢ്യവും ആവശ്യപ്പെടുന്നു. കഴിഞ്ഞ 15 വർഷങ്ങളിൽ പൂർത്തിയാക്കിയ പദ്ധതികൾക്കൊപ്പം പുതുതായി നമ്മൾ അടിത്തറയിട്ടവയ്ക്ക് മുകളിൽ ആധുനികകാലത്തിന്റെ വികസന എടുപ്പുകൾ പടുത്തുയർത്തേണ്ടതുണ്ട്. അതിനായി വർദ്ധിത ഊർജത്തോടും ദൃഢനിശ്ചയത്തോടും കൂടി നമുക്ക് മുന്നേറാം.

ഹൃദയപൂർവ്വം,

**ഡോ. ശശി തരൂർ**

തിരുവനന്തപുരം
10-03-2024

# കഴക്കൂട്ടം-കാരോട് N.H. ബൈപാസ്

“എം.പി. എന്ന നിലയിൽ ഇതുവരെയുള്ള എന്റെ നേട്ടങ്ങളിൽ എനിക്ക് ഏറെ സംതൃപ്തി നൽകുന്നത് കഴക്കൂട്ടം-കാരോട് ബൈപ്പാസിന്റെ നിർമ്മാണം പൂർത്തിയാക്കാനായതാണ്.”

ഡോ. ശശി തരൂർ



# ഉള്ളടക്കം

## നാഴികക്കല്ലുകൾ


- എൻ.എച്ച് ബൈപാസ് : കഴക്കൂട്ടം-കാരോട് 06
- വിഴിഞ്ഞം തുറമുഖം 09
- റെയിൽവേയ്സ് 11
- വിമാനത്താവളം 14
- കോവിഡ്-19 ദുരിതാശ്വാസ നടപടികൾ 16


## സാമൂഹ്യ ഇടപെടലുകൾ


- തീരദേശ സമൂഹങ്ങൾ 18
- ഇ.എസ്.എ. വിജ്ഞാപനം 20
- ആരോഗ്യം 20
- കേന്ദ്ര പദ്ധതികൾ 21
- സ്ഥാപനങ്ങൾ 23
- ഇടപെടലുകൾ 26
- മറ്റിനങ്ങൾ 31
- ചന്ദ്രൻ തരൂർ ഫൗണ്ടേഷൻ 32


## പൂർത്തിയാക്കാനുള്ള പദ്ധതികൾ


- തിരുവനന്തപുരത്ത് ഹൈക്കോടതിബെഞ്ച് 33
- തിരുവനന്തപുരം ബാർസിലോണ - ഇരട്ടനഗരം പദ്ധതി 34
- തിരുവനന്തപുരം എയിംസ് 34
- തിരുവനന്തപുരം മെട്രോ 35

**പാർലമെന്റിലെ പ്രവർത്തനങ്ങൾ** 37

**പാർലമെന്റ് സ്ഥിരം സമിതികൾ** 53

**എം.പി.യുടെ പ്രാദേശിക വികസന ഫണ്ട് പദ്ധതികൾ** 58

**ഡോ.ശശി തരൂർ** 62



# നാഴികക്കല്ലുകൾ

## എൻ എച്ച് ബൈപ്പാസ് : കഴക്കൂട്ടം കാരോട്: 2011–2024

ദേശീയപാത 47-ലെ കഴക്കൂട്ടം-കാരോട് ഭാഗത്തിന്റെ നിർമാണത്തിലെ അവശേഷിച്ചിരുന്ന പ്രവൃത്തികൾ വിജയകരമായി പൂർത്തിയാക്കി ജനങ്ങൾക്ക് നല്കിയ ഉറപ്പ് പാലിക്കാൻ കഴിഞ്ഞതിൽ അങ്ങേയറ്റം ചാരിതാർത്ഥ്യമുണ്ട്. എന്റെ മണ്ഡലത്തിലെ 7 അസംബ്ലി മണ്ഡലങ്ങളിൽ 6-ൽ കൂടിയും കടന്നുപോകുന്നതും തിരുവനന്തപുരത്തെ തമിഴ്നാടുമായി ബന്ധിപ്പിക്കുന്നതുമായ സുപ്രധാനമായ ഈ പദ്ധതി ചരിത്രപരവും, വലിപ്പത്തിലും ചെലവിലും ഒക്കെതന്നെ മുന്നിൽ നില്ക്കുന്നതുമാണ്. കൂടാതെ ഈ പദ്ധതി വഴിയുണ്ടാകാൻ പോകുന്ന നമ്മുടെ ജില്ലയുടെ സാമ്പത്തിക വികസനം സമാനതകളില്ലാത്തതുമാണ്. അതുകൊണ്ടുതന്നെയാണ്, ഈ ബൃഹത്പദ്ധതി നടപ്പാക്കുന്നതിന് ഞാൻ മുന്തിയ പരിഗണന നൽകിയത്.

എം. പി എന്ന നിലയിൽ ഇതുവരെയുള്ള എന്റെ നേട്ടങ്ങളിൽ എനിക്ക് ഏറെ സംതൃപ്തി നൽകുന്നത് കഴക്കൂട്ടം-കാരോട് ബൈപ്പാസിന്റെ നിർമ്മാണം പൂർത്തിയാക്കാനായതാണെന്ന് നിസ്സംശയം പറയാം. 2009-ൽ ഈ പദ്ധതി പുനരുജ്ജീവിപ്പിക്കാനുള്ള വെല്ലുവിളി ഞാൻ ഏറ്റെടുത്തു. അപ്പോഴേക്കും ഈ പദ്ധതി ഫയലിൽ ഉറങ്ങാൻ തുടങ്ങിയിട്ട് 40 വർഷങ്ങൾ പിന്നിട്ടിരുന്നു. പലരും ഈ പദ്ധതിയെ തന്നെ എഴുതിതള്ളുകയോ മറക്കുകയോ ചെയ്തിരുന്നു. ഒരു നാലുവരി പാതയുണ്ടായാൽ അതു കൊണ്ടുവരുന്ന അപാരമായ വികസന സാധ്യതകളെക്കുറിച്ച് എനിക്കു നിശ്ചയമായും ബോധ്യമുണ്ടായിരുന്നു. അതോടൊപ്പം തന്നെ ദേശീയപാതയ്ക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ട ശേഷം അവിടെ ആർക്കും വീട് വയ്ക്കാനോ വിൽക്കാനോ കഴിയുമായിരുന്നില്ല. അങ്ങിനെയുള്ള നൂറുകണക്കിന് ആളുകൾക്ക് നഷ്ടപരിഹാരവും നൽകിയിരുന്നുമില്ല. ഇവരുടെ 40-വർഷങ്ങൾ നീണ്ട ദുരിതങ്ങൾക്ക് അറുതി വരുത്തുവാൻ വേണ്ടത് ചെയ്യണമെന്ന് ഞാൻ ഉറപ്പിച്ചിരുന്നു. ഒരു പ്രായോഗിക നടപടിയെന്ന നിലയിൽ ഈ പദ്ധതിയെ രണ്ട് ഘട്ടങ്ങളായി വിഭജിക്കുന്നതിന് സർക്കാരിനേയും ദേശീയപാതാ അതോറിറ്റിയേയും (എൻ.എച്ച്.എ.ഐ.) പ്രേരിപ്പിക്കുന്നതിൽ ഞാൻ വിജയിച്ചു. കഴക്കൂട്ടം-മുക്കോല, മുക്കോല-കാരോട് എന്നിങ്ങനെ രണ്ടായി വിഭജിച്ച് ഇതിൽ ആദ്യ ഭാഗമായി നിലവിലുള്ള രണ്ടുവരി പാതയെ നാലുവരിയായി പരിവർത്തിപ്പിച്ചാൽ മതിയായിരുന്നുവെങ്കിൽ, രണ്ടാമത്തെ ഭാഗം അതായത് മുക്കോല-കാരോട് ഭാഗം ഒരു ഗ്രീൻ ഫീൽഡ് നാലുവരി പാതയായി പുതുതായി നിർമ്മാണം തുടങ്ങേണ്ടിയിരുന്നു. രണ്ട് സെക്ഷനിലും പ്രവർത്തികൾ 2012-ൽ തന്നെ തുടങ്ങുകയും ഏറെക്കുറെ പൂർത്തിയാക്കുകയും ചെയ്തു. 2013-ൽ ആരംഭിച്ച ഭൂവുടമകളുടെ നഷ്ടപരിഹാര വിതരണം 97% പൂർത്തിയായിട്ടുണ്ട്. രണ്ടായിരം കോടി രൂപയിലധികം ചെലവഴിച്ചു പൂർത്തിയാക്കിയ ഈ പദ്ധതിയുടെ നേരിട്ടും അല്ലാതെയുമുള്ള ഗുണഫലങ്ങൾ ഈ മേഖലയിൽ വലിയയളവിൽ പ്രകടമായി കാണാൻ കഴിയുന്നുണ്ട്

### ഫേസ് 1 : കഴക്കൂട്ടം-മുക്കോല സ്ട്രെച്ച്

നാലുവരി പാതയുടെ ആകെ ദൂരം : 26.8 കിലോമീറ്റർ
പദ്ധതി ചെലവ് : 861 കോടി രൂപ
തൽസ്ഥിതി : പദ്ധതി പൂർത്തിയാക്കി

### ഫേസ് 2 : മുക്കോല-കാരോട് ഭാഗം

നാലുവരി പാതയുടെ ആകെ ദൂരം : 15.2 കിലോമീറ്റർ
പദ്ധതി ചെലവ്: 497 കോടി രൂപ
തൽസ്ഥിതി: പൂർത്തിയാക്കി

### ഭൂമിഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാര വിതരണം:

ആകെ ഗുണഭോക്താക്കൾ : 1735 വ്യക്തികൾ
ആകെ വില്ലേജുകൾ: 5 (കോട്ടുകാൽ, കാഞ്ഞിരംകുളം, ചെങ്കൽ, കാരോട്, തിരുവനന്തപുരം)
ആകെ വിതരണം ചെയ്ത തുക: 480 കോടി രൂപ

**ടൈംലൈൻ**

2012 : 3 (F) 1 ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ചു.

2013: 3 (D) ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിച്ചു.

2014: നഷ്ടപരിഹാരം വിതരണം തുടങ്ങി

2014: ഒന്നും രണ്ടും ബി ഓ ടി ടെൻഡറുകൾ വിളിച്ചു. അതിനെ തുടർന്ന് ഇ പി സി ടെൻഡർ വിളിച്ചു.

എം.പി. എന്ന നിലയിൽ ഈ പദ്ധതിയിൽ ഞാൻ കേവല താല്പര്യമെടുക്കുകയായിരുന്നില്ല, മറിച്ച് പദ്ധതിക്ക് അംഗീകാരം നേടുന്നതിലും പദ്ധതി നിർവ്വഹണത്തിലും എല്ലാം തന്നെ സജീവമായ ഒരു പങ്കു വഹിക്കുകയായിരുന്നു. നിരവധി പ്രാവശ്യം പ്രവർത്തി നടക്കുന്ന സൈറ്റുകളിൽ എൻ.എച്ച്.എ.ഐ. ഉദ്യോഗസ്ഥർക്കൊപ്പവും കരാറുകാർക്കൊപ്പവും പ്രദേശത്തെ സാമൂഹിക, സാമുദായിക നേതാക്കൾക്കൊപ്പവും പരിശോധന നടത്തി. ഇങ്ങനെ ചെയ്യാൻ കഴിഞ്ഞതിലൂടെ പദ്ധതിയെ പ്രതികൂലമായി ബാധിച്ച നിരവധി തടസ്സങ്ങളെ തിരിച്ചറിയാനും നിർമ്മാണം സംബന്ധിച്ച് ജനങ്ങൾ ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ മനസ്സിലാക്കാനും അവയെല്ലാം തന്നെ ദില്ലിയിലെ എൻ എച്ച് എ ഐ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് പദ്ധതിയിൽ ആവശ്യമായ പരിഷ്കാരങ്ങൾ നടപ്പിലാക്കാനും കഴിഞ്ഞു. ഇതുപോലെയുള്ള ബൃഹത് വികസന പദ്ധതികളുടെ വിജയകരമായ പൂർത്തീകരണത്തിന് കേവലം ഓട്ടോ-പൈലറ്റിങ് രീതി മതിയാവില്ലെന്നും നിരന്തരമായ ഇടപെടലുകളിലൂടെ മാത്രമേ ഇപ്രകാരമുള്ള വലിയ പദ്ധതികൾ പൂർത്തിയാക്കാൻ കഴിയൂയെന്നുമാണ് എന്റെ വിശ്വാസം.

ഹൈവേയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിലും അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട കാര്യങ്ങളിലും പോരായ്മകൾ ചൂണ്ടിക്കാട്ടി എല്ലാവരുടെയും കാര്യങ്ങളിൽ എന്റെ ഓഫീസ് നിരന്തരം ഇടപെട്ടിട്ടുണ്ട്.

- കഴക്കൂട്ടം മേൽപാതാ നിർമ്മാണം
- നിരവധി കാൽനട മേൽപ്പാലങ്ങൾ
- സർവീസ് റോഡ്സ്
- ജംഗ്ഷനുകൾ സംബന്ധിച്ച പ്രശ്നങ്ങൾ
- പഴയകടയേയും മാവിളക്കടവിനേയും ബന്ധിപ്പിക്കുന്ന ഓവർപാസിന്റെ നിർമ്മാണം

**ഈഞ്ചക്കൽ ഫ്ളൈ ഓവർ അടക്കം 93 കോടി രൂപയുടെ പുതിയ പദ്ധതികൾ**

**ഈഞ്ചക്കലിലെ 900 മീറ്റർ ദൈർഘ്യം വരുന്ന മേൽപ്പാതയുടെ ഇ പി സി കരാർ, തിരുവല്ലത്തെ സർവീസ് റോഡ് ബ്രിഡ്ജ്, ആനയറയിലേയും പഴയകടയിലേയും വിയുപിഎസ് എന്നിവയ്ക്ക് 93.115 കോടി രൂപയുടെ കരാറായി. നിർമ്മാണം ഉടൻ തുടങ്ങുന്നതാണ്.**



## സെൻട്രൽ റോഡ് ഫണ്ട്

കേന്ദ്ര റോഡ് ഫണ്ട് ആക്ട് (2000) പ്രകാരം പെട്രോൾ, ഡീസൽ എന്നിവയ്ക്ക് മേൽ ചുമത്തുന്ന നികുതിയിൽനിന്നും സമാഹരിക്കുന്ന തുകയായ സെൻട്രൽ റോഡ് ഫണ്ട് വർഷാന്ത്യത്തിൽ ലാപ്സാകാത്ത തുകയാണ്. സംസ്ഥാന സർക്കാർ സമർപ്പിക്കുന്ന പദ്ധതികളുടെ നീണ്ട പട്ടികയിൽ നിന്നും മിതമായ എണ്ണം കേന്ദ്ര സർക്കാർ അനുവദിക്കുന്നു. ഡൽഹിയിലെ കേന്ദ്ര മന്ത്രാലയങ്ങളുമായി ഫലപ്രദമായ ബന്ധവും ആശയവിനിമയവും പദ്ധതി നിർവ്വഹണത്തിനായി തെരഞ്ഞെടുത്ത മണ്ഡലങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമാണ്. ഇത്തരം ഇടപെടലുകളിലൂടെയാണ് താഴെപ്പറയുന്ന പ്രധാന പദ്ധതികൾ ലഭിച്ചിട്ടുള്ളത്:

### 2022-23

ബാലരാമപുരം-വിഴിഞ്ഞം -പൂവാർ പനനിന്ന മരപ്പാലം - അവണാകുഴി - എം.ഡി.ആർ. 27.4 കി.മി. - 29.2 **കോടി രൂപ**

### 2017-18

ജഗതി-കിള്ളിപ്പാലം-കൈമനം -തിരുവല്ലം - എം ഡി ആർ18 കി.മി. -7 **കോടി രൂപ**

നെയ്യാറ്റിൻകര-പഴയകട-പൂവാർ പട്യക്കാല - പരണിയം റോഡ് -16 കി.മി.-15 **കോടി രൂപ**

### 2014-15

വെൺപാലവട്ടം - കൊച്ചുവേളി- മാധവപുരം - ആൾസെയിന്റ്സ് - മാധവപുരം - വേളി സ്റ്റേഷൻ കടവ് - പെരുമാതുറ റോഡ് 10 കി.മി. -17 **കോടി രൂപ**

ബാലരാമപുരം - കാഞ്ഞിരംകുളം-പൂവാർ എം.ഡി.ആർ. 15 കി.മി. -12 **കോടി രൂപ**

## പ്രധാനമന്ത്രി ഗ്രാമീൺ സഡക്ക് യോജന

ഗ്രാമീൺ സഡക്ക് യോജന (പി എം ജി എ സ് വൈ) വേണ്ടത്ര പാതകളില്ലാത്ത ഗ്രാമങ്ങളെ ബന്ധിപ്പിക്കുന്നതാണ് ഈ പദ്ധതി. എന്റെ മണ്ഡലത്തിലെ ഗ്രാമീണ മേഖലകളിലെ പാതകളുടെ നിർമ്മാണത്തിന് പദ്ധതി പ്രയോജനപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ചും, എം.പി.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും റോഡ് നിർമ്മിക്കാൻ വേണ്ടത്ര പണം അനുവദിക്കാനാവാത്ത സാഹചര്യത്തിൽ. കഴിഞ്ഞ ടേമിൽ 15 റോഡുകളുടെ നിർമ്മാണത്തിനായി **21.8 കോടി രൂപ** ഈ പദ്ധതിയിൽ അനുവദിക്കാൻ കഴിഞ്ഞു.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- കട്ടച്ചൽവിള-മാണിനാട്-വണ്ടിത്തടം-മണ്ണം കോട്-നാറാണി റോഡ്: **5.03 കോടി രൂപ**
- പഴിഞ്ഞിപ്പാറ - മണവാരി-ആനാവൂർ-മണവാരി റോഡ്: **2. 81 കോടി രൂപ**
- സി.എസ്.ഐ. ചർച്ച്-തുണ്ടുമാറടി റോഡ് :**1.05 കോടി രൂപ**
- പനയറക്കുന്ന്-പെരിട്ടുമല റോഡ് :**1.71 കോടി രൂപ**
- നെല്ലിമൂട്-നെടിയകാല റോഡ് :**1.39 കോടി രൂപ**
- മരിയാപുരം-മാർക്കറ്റ് ജംഗ്ഷൻ-മുള്ളൻകുളം റോഡ്: **2. 33 കോടി രൂപ**
- ചിറ്റൂർക്കോണം - ചെക്കാലമുക്ക് റോഡ് : **1.03 കോടി രൂപ**

i) അഞ്ചാലിക്കോണം -കുഴിഞ്ഞാംവിള റോഡ്
ii) സമുദായപൊറ്റ-ചിറക്കുളം റോഡ്
iii) കണ്ണറവിള- എസ് എൻ റോഡ്
iv) കള്ളിക്കാട് - തുറപ്പിൽ റോഡ്
v) കാവിൻപുറം - ആട്ടറമൂല റോഡ്
vi) മരപ്പാലം - മുട്ടൂർ റോഡ്
vii) പരണിയം - പനങ്കാല റോഡ്
viii) മരിയാപുരം - കോടങ്കര റോഡ്

എന്നിവയ്ക്കായി ആകെ **6.31 കോടി രൂപ** അനുവദിച്ചു. അതേപോലെ എന്റെ ഇക്കഴിഞ്ഞ ടേമിലും (2019-24) പല പ്രധാന പദ്ധതികൾക്കും അംഗീകാരം നേടാനും പണം അനുവദിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ പെരുങ്കടവിള, അതിയന്നൂർ, പാറശ്ശാല എന്നിവിടങ്ങളിലെ ഏഴു പദ്ധതികൾക്ക് ഞാൻ ശുപാർശ ചെയ്തു. ഇങ്ങനെ 34 കിലോമീറ്റർ റോഡ് 25 **കോടി രൂപ** ചെലവിൽ നിർമ്മിച്ചു.

- പെരുങ്കടവിളയിൽ 20.8 കിലോമീറ്റർ ദൈർഘ്യമുള്ള പുതിയ റോഡുകൾ 1607. 47 **ലക്ഷം രൂപ** ചെലവിൽ നിർമ്മിച്ചു. കുറ്റിപ്പുമൂട് - ഡാലുംമുഖം - ആറ്റൂർ മഞ്ചംകോട് റോഡ്, MRL 06 തൊട്ടിപ്പാലം പി.എച്ച്.സി-മണക്കാല-വാഴപ്പറമ്പ് -ചെമ്പൂർ റോഡ്-എസ്എൻ പുരം-പ്ലാമ്പഴഞ്ഞി-ആയൂർ മഞ്ചംകോട്- ഇമ്മാനുവേൽ കോളേജ് റോഡ്-ചക്കപ്പാറ-പുരവിമല- തെന്മല റോഡ്.
- പാറശ്ശാലയിൽ MRL 16 ചെങ്കൽ - പിരായുംമൂട് - ആവണക്കിൻവിള-മാവിളക്കടവ് റോഡിന്(4.5 കിലോമീറ്റർ) 288.74 **ലക്ഷം രൂപ** ചെലവഴിച്ചു.
- അതിയന്നൂരിൽ 8.7 കിലോമീറ്റർ ദൂരമുള്ള രണ്ടു പ്രവർത്തികൾക്ക് 604 .38 **ലക്ഷം രൂപ** ചെലവഴിച്ചു.MR L 17 സുവർണ്ണ ജൂബിലി-കുറ്റിപ്ലാവില - പെരിങ്ങമ്മല - ആട്ടറമൂല റോഡ്, MRL 01 ആട്ടറമൂല, പുന്നക്കുളം, പയറുമൂട്, വട്ടവിള, മുക്കോല റോഡ് എന്നിവയാണ് ഈ പ്രവർത്തികൾ.

വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ കാണാം.

| നം. | ബ്ലോക്ക് | റോഡിന്റെ പേര് | നീളം (കി.മീ) | ആകെ ചെലവ് (ലക്ഷം രൂപ ) | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|---|---|
| 1 | അതിയന്നൂർ | സുവർണ്ണജൂബിലി-കുറ്റിപ്ലാവിള-കട്ടച്ചൽക്കുഴി- പെരിങ്ങമല-മംഗലത്തുനട | 3.9 | 241.34 | ടാറിംഗ് പൂർത്തിയാക്കി |
| 2 | അതിയന്നൂർ | ആട്ടറമൂല-പുന്നക്കുളം പിരായുംമൂട്-വട്ടവിള-മുക്കോല റോഡ് | 4.761 | 309.66 | നിർമ്മാണം പൂർത്തിയാക്കി |
| 3 | പാറശാല | ചെങ്കൽ-പിരായുംമൂട് ആവണക്കിൻവിള - മാവിളക്കടവ് റോഡ് | 4.465 | 255.37 | രണ്ട് കിലോമീറ്റ ദൂരത്തിൽ രണ്ടാം ലേയർ മെറ്റലിംഗ് പൂർത്തിയാക്കി |
| 4 | പെരുങ്കടവിള | തൊട്ടിപ്പാലം-പിഎച്ച്സി മണക്കാല – വട്ടപ്പറമ്പ് ചെമ്പൂർ | 4.353 | 252.31 | ടാറിംഗ് പൂർത്തിയായി (മെക്കനൈസ്ഡ് സർഫസ് ഡ്രസിംഗ്) |
| 5 | പെരുങ്കടവിള | എസ്എൻ പുരം -പ്ലാമ്പഴിഞ്ഞി ആറ്റൂർ-മഞ്ചംകോട്- ഇമ്മാനുവൽ കോളേജ് | 3.226 | 266.74 | ടെണ്ടർ പ്രക്രിയ പുരോഗമിക്കുന്നു |
| 6 | പെരുങ്കടവിള | ചക്കപ്പാറ-പുരവിമലറോഡ് | 7.746 | 694.41 | സി.പി.ആർ. കേന്ദ്ര അംഗീകാരത്തിന് അയച്ചു |

## കരമന-കളിയിക്കാവിള സംസ്ഥാന പാത

ദേശീയപാതാ അതോറിറ്റി കഴക്കൂട്ടം-കാരോട് ബൈപ്പാസ് പ്രഖ്യാപിച്ചപ്പോൾ കരമന മുതൽ കളിയിക്കാവിള വരെ നീളുന്ന പഴയ ഹൈവേ, പിഡബ്ല്യുഡിയുടെ സംസ്ഥാന എൻ.എച്ച് ഡിവിഷന് കൈമാറാനുള്ള തീരുമാനം സംസ്ഥാന സർക്കാരിനെ അറിയിച്ചു.

തുടർന്ന് 2014 ൽ യു.ഡി.എഫ്. സർക്കാർ കരമന മുതൽ പ്രാവച്ചമ്പലം വരെയുള്ള ഭാഗത്തിന്റെ വീതികൂട്ടലിന്റെ ഒന്നാംഭാഗത്തെ പ്രവർത്തികൾ തുടങ്ങി. പ്രാവച്ചമ്പലം മുതൽ കൊടിനടവരെയുള്ള രണ്ടാംഭാഗത്തെ പ്രവർത്തികൾ 2019 ൽ ആരംഭിച്ചു. രണ്ട് പ്രവർത്തികളിലുമായി 11 കിലോമീറ്റർ ദൂരത്തിൽ വീതി കൂട്ടാനായിട്ടുണ്ട്.

കൊടിനട മുതൽ വഴിമുക്കുവരെയുള്ള 1.5 കിലോമീറ്റർ ഭാഗത്തെ ഭൂമി ഏറ്റെടുക്കൽ പ്രക്രിയ തുടരുന്നു. വഴിമുക്ക് മുതൽ കളിയിക്കാവിള വരെയുള്ള ഭാഗത്തെ അവശേഷിക്കുന്ന പ്രവർത്തികൾ തുടങ്ങുന്നതും പരിഗണനയിലാണ്. കേവലം 31 കിലോമീറ്റർ ദൈർഘ്യം മാത്രമുള്ള ഹൈവേ വികസനം കഴിഞ്ഞ പത്ത് വർഷത്തിൽ പകുതിപോലും പൂർത്തിയാക്കാനായില്ല എന്നത് നിരാശാജനകമാണ്. എന്നാൽ എല്ലാവരും മനസ്സിലാക്കേണ്ടത് ഇത് സംസ്ഥാന സർക്കാരിന്റെ പദ്ധതിയാണെന്നും ഈ പ്രവർത്തി സുഗമമാക്കുന്നതിൽ എം.പിക്ക് ഒരു എക്സിക്യൂട്ടീവ് റോളുമില്ലെന്ന വസ്തുതയാണ്. അതേ സമയം 2022-ൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രി ശ്രീ.നിതിൻ ഗഡ്ഖരിയെ സമീപിച്ച് 'ഒറ്റത്തവണ മെയിന്റനൻസ് സ്കീമി'ൽ ഉൾപ്പെടുത്തി 21 കോടി രൂപ വഴിമുക്ക് - കളിയിക്കാവിള ഭാഗത്തെ കേടുപാടുകൾ പരിഹരിക്കാനായി അനുവദിപ്പിക്കാൻ എനിക്കായി.

## വിഴിഞ്ഞം തുറമുഖം

തിരുവനന്തപുരത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ ഒന്നായ വിഴിഞ്ഞം അന്തർദ്ദേശീയ ട്രാൻസ്ഷിപ്പ്മെന്റ് പോർട്ട് യാഥാർഥ്യമാകുന്നതിന്റെ വക്കിലാണ്. 2023 ഒക്ടോബർ 15-ന് തുറമുഖം അതിന്റെ ആദ്യകപ്പലിന് സ്വാഗതമരുളി. വളരെവേഗം തന്നെ തുറമുഖം എല്ലാ അനുമതികളും നേടിയെടുത്തുകൊണ്ട് വാണിജ്യ ഓപ്പറേഷനുകൾ ആരംഭിക്കുന്നതോടെ തിരുവനന്തപുരം നഗരത്തിന്റെയും കേര






ളത്തിന്റെയാകെത്തന്നെയും സാമ്പത്തികമായ വികസന രംഗത്തിന്റെ മുഖചരായ തന്നെ മാറും. സർക്കാർ ഉടമസ്ഥതയിലുള്ള വിഴിഞ്ഞം ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് പോർട്ട് കമ്പനിയുടെ ഡയറക്ടർ ബോർഡിൽ ഏറ്റവും കൂടുതൽ കാലം സേവനം അനുഷ്ഠിച്ച അംഗം എന്ന നിലയിൽ 2009 മുതൽ ഈ യാത്രയുടെ ഭാഗമാകാൻ എനിക്കു ഭാഗ്യം ലഭിച്ചിട്ടുണ്ട്. നിരവധിയായ വെല്ലുവിളികളെ മറികടന്നുകൊണ്ട് ഈ തുറമുഖം യാഥാർത്ഥ്യമാക്കാൻ ഞാൻ നടത്തിയ പരിശ്രമങ്ങളിൽ എനിക്ക് അഭിമാനമുണ്ട്.

പ്രദേശത്തെ എം.പി എന്ന നിലയിലും VISL ഡയറക്ടർ ബോർഡ് അംഗമെന്ന നിലയിലും താഴെ പറയുന്ന കാര്യങ്ങളിൽ സജീവമായി ബന്ധപ്പെടുവാൻ കഴിഞ്ഞിട്ടുണ്ട്.

- തുറമുഖത്തിന്റെ ഭാവികാല ആവശ്യങ്ങളെക്കൂടി മുൻനിർത്തിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിൽ
- വിശ്വാസം അർപ്പിച്ച് ആശ്രയിക്കാൻ കഴിയുന്ന, അനുഭവസമ്പത്തും സാമ്പത്തിക സ്രോതസ്സുമുള്ള കമ്പനികൾ തുറമുഖ നിർമ്മാണത്തിനും നടത്തിപ്പിനും വേണ്ടി ക്ഷണിച്ച 4 ടെണ്ടറുകളിലും പങ്കെടുക്കാതിരിക്കെ അദാനി പോർട്സിന്റെ നേതൃത്വത്തെ ലേല നടപടികളിൽ പങ്കെടുപ്പിക്കുന്നതിന് പ്രേരിപ്പിക്കുകയുണ്ടായി.
- ആശ്രയിക്കാവുന്ന ഒരു ലേലക്കാരനെ തിരഞ്ഞെടുക്കുന്നതിന് രാഷ്ട്രീയ നേതൃത്വത്തിനിടയിൽ സമന്വയം രൂപപ്പെടുത്തുന്നതിൽ കൃത്യമായ ഇടപെടലുകൾ നടത്തി.
- 3 സീസണുകൾക്കും ബാധകമായ പരിസ്ഥിതി ആഘാത പഠന റിപ്പോർട്ടിന്റെ 'ടേംസ് ഓഫ് റഫറൻസ്' അന്തിമമായി തീരുമാനിക്കുന്നതിൽ.
- കേന്ദ്ര വനം മന്ത്രാലയത്തിന്റെ പാരിസ്ഥിതിക അനുമതി പത്രം ലഭ്യമാക്കുന്നതിൽ
- RFQ, RFP ഇളവുകൾ അനുവദിക്കുന്നത് സംബന്ധിച്ച ധാരണ ഉണ്ടാക്കുന്നതിൽ എന്റേതായ ആശയങ്ങൾ പങ്കുവെക്കുവാൻ കഴിഞ്ഞു.
- എൻ.എച്ച് ബൈപ്പാസുകളുമായി കണക്ടിവിറ്റി ഉണ്ടാക്കുന്നതിന് സമ്മർദ്ദം ചെലുത്തുന്നതിന് സാധിച്ചു.
- കേന്ദ്രസർക്കാരിൽ നിന്നും 20% വയബിലിറ്റി ഗാപ് ഫണ്ട് നേടിയെടുക്കുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചു.
- കേന്ദ്ര ഗവൺമെന്റിന്റെ കബോട്ടാഷ് നിയമത്തിൽ ഇളവ് നേടുന്നതിൽ വിജയിച്ചു.
- പദ്ധതികൊണ്ടു കഷ്ടനഷ്ടങ്ങൾ നേരിടേണ്ടിവരുന്നവർക്ക് ആവശ്യമായ നഷ്ടപരിഹാരം നേടിയെടുക്കുന്നതിന് സാധിച്ചു.
- പദ്ധതിയുമായി ബന്ധപ്പെട്ടവർക്ക് ഓരോ ഘട്ടത്തിലും ഉപദേശങ്ങൾ നൽകാൻ പ്രത്യേകം ശ്രദ്ധിക്കുകയുണ്ടായി.

തുറമുഖത്തിന് അനുകൂലമായ എന്റെ അചഞ്ചലമായ നിലപാടിനും വാദങ്ങൾക്കും പല കാരണങ്ങളുണ്ട്. ഒന്നാമത്, വിഴിഞ്ഞം, യൂറോപ്പിനും ഏഷ്യയ്ക്കുമിടയിലൂടെയുള്ള അന്താരാഷ്ട്ര കപ്പൽ പാതയിൽ നിന്ന് കേവലം പത്ത് കിലോമീറ്റർ മാത്രം അകലെയായാണ് സ്ഥിതിചെയ്യുന്നത്. രണ്ടാമത്,

സമുദ്രത്തിന് ഇവിടെ ഡ്രെഡ്ജിംഗ് കൂടാതെ തന്നെ സ്വാഭാവിക ആഴം 24 മീറ്ററിനുമുകളിലാണ്. അതുകൊണ്ടുതന്നെ, എത്ര വലിയ കണ്ടെയ്നർ ഷിപ്പുകളേയും ഈ തുറമുഖത്തിനു സ്വീകരിക്കാനാവും. കൂടാതെ സ്വാഭാവിക ആഴമുള്ള ഈ തുറമുഖത്തിന് മറ്റു വിദേശ രാജ്യങ്ങളിലെ തുറമുഖങ്ങളോട് മത്സരിച്ച് വിജയിക്കാൻ കഴിയും. വിഴിഞ്ഞം തുറമുഖം വരുന്ന നിരവധി ദശാബ്ദങ്ങളോളം കേരളത്തിന് വലിയ വരുമാനം നേടികൊടുക്കാനാകും. അതോടൊപ്പം നമ്മുടെ രാജ്യത്തിന്റെ ദേശീയ സുരക്ഷയെ വർദ്ധിപ്പിക്കുന്നതിൽ വിഴിഞ്ഞം തുറമുഖത്തിന് മുഖ്യപങ്ക് വഹിക്കാനാകും. പ്രത്യേകിച്ചും, നമ്മുടെ പ്രധാന കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് തുറമുഖമായി മാറാൻ പോകുന്നത് വിഴിഞ്ഞം തുറമുഖമാണെന്നത് പ്രധാന കാര്യമാണ്. നിലവിൽ നാം മദർ ഷിപ്പുകളിൽ നിന്നും ഇടത്തരം ചെറുകിട കപ്പലുകളിലേക്ക് ചരക്ക് കടത്തിന് വിദേശ തുറമുഖങ്ങളെയാണ് ആശ്രയിക്കുന്നത്. ചൈനയുടെ നിയന്ത്രണത്തിലുള്ള ശ്രീലങ്കയിലെ കൊളംബോ തുറുമുഖത്തിനെയാണ് നാം ഇക്കാര്യത്തിൽ പ്രധാനമായും ആശ്രയിച്ചുവരുന്നത്.

വിഴിഞ്ഞം തുറമുഖത്തിന്റെ വാണിജ്യസാധ്യതകളുടെ പ്രാധാന്യത്തോടൊപ്പം തന്നെ തിരിച്ചറിയുമ്പോൾ അത് നമ്മുടെ നഗരത്തെ ലോകവുമായി ബന്ധിപ്പിക്കുന്ന കവാടമായി മാറും എന്നതാണ് വസ്തുത. അത്തരമൊരു സാഹചര്യം തുറന്നുതരുന്നത് അനന്തമായ ബിസിനസ്സ്, വാണിജ്യ അവസരങ്ങളായിരിക്കും. സ്വാഭാവികമായും ഈ വളർച്ച നിരവധിയായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും നമ്മുടെ മേഖലയുടെ മുഴുവൻ സാമ്പത്തിക വളർച്ചക്ക് ആക്കം കൂട്ടുകയും ചെയ്യും. കഴക്കൂട്ടം മുതൽ തമിഴ്നാട് അതിർത്തിവരെ നീളുന്ന എൻ.എച്ച്. ബൈപ്പാസ് പൂർത്തിയായിട്ടുണ്ട്. (ഈ പാതയുടെ വികസനം തിരുനെൽവേലിവരെ പുരോഗമിക്കുകയാണ്). തിരുവനന്തപുരം സജീവമായ ഒരു വ്യവസായ ഇടനാഴിയായി വികസിച്ചുവരുന്നതിന് അനുയോജ്യമായ സാഹചര്യമാണുള്ളത് എന്നത് നഗരത്തിന്റെ സാമ്പത്തിക സ്വപ്നങ്ങളെ ജ്വലിപ്പിക്കുന്നതാണ്.

## റെയിൽവേയ്സ്

നിങ്ങളുടെ എം.പി എന്ന നിലയിൽ എന്റെ ഓരോ ടേമിലും നമ്മുടെ മണ്ഡലത്തിലെ റയിൽവേ വികസനവുമായി ബന്ധപ്പെട്ട ആശങ്കകൾക്ക് ശബ്ദം നൽകുന്നതിനും സർക്കാരിൽ സമ്മർദ്ദം ചെലുത്തി ആവശ്യമായ അടിസ്ഥാന സൗകര്യവികസനവും മറ്റു പ്രവൃത്തികളും കൃത്യമായി നടപ്പാക്കുന്നത് ഉറപ്പാക്കിയിട്ടുണ്ട്.

റെയിൽവേ കണക്ടിവിറ്റി മെച്ചപ്പെടുത്തുന്നതിനും യാത്രക്കാരുടെ യാത്രാനുഭവം മെച്ചമാക്കുന്നതിനുമായി 2019-2024 കാലയളവിൽ ഞാൻ കൈക്കൊണ്ട ചില പ്രധാന കാര്യങ്ങൾ താഴെ കൊടുക്കുന്നു.

- തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷന്റെ പുനർവികസന പദ്ധതികളുടെ നിർമ്മാണ പ്രവർത്തനത്തിന്റെ ശിലാസ്ഥാപനം 2023 ഏപ്രിൽ മാസത്തിൽ നടന്നു. 497 കോടി രൂപ ചിലവിൽ നടപ്പിലാക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുകയാണ്. 2027 ജൂൺ മാസത്തോടെ ഈ പദ്ധതി പൂർത്തിയാവും.
- തിരുവനന്തപുരത്തെ ആദ്യ ഗുഡ്സ് ഷെഡ് കഴക്കൂട്ടത്ത് അടുത്തിടെ കമ്മീഷൻ ചെയ്തു. ഇത് നമ്മുടെ മണ്ഡലത്തിന്റെ ആവശ്യങ്ങൾക്ക് ഉപകരിക്കുമെന്ന് മാത്രമല്ല, വിഴിഞ്ഞം തുറമുഖവുമായും തമിഴ്നാടിന്റെ വിവിധ ജില്ലകളുമായി ബന്ധിപ്പിക്കുന്ന നമ്മുടെ പൂർത്തിയായ ഹൈവേയുമായി കണക്ടിവിറ്റി ഉറപ്പാക്കുന്ന പ്രധാന സംഭവമാണ്.

## പുതിയ തീവണ്ടി സർവീസുകൾ

- ട്രെയിൻ 20633/20634: കാസറഗോഡ് - തിരുവനന്തപുരം വന്ദേഭാരത് എക്സ്പ്രസ് (കോട്ടയം വഴി)
- 20631/20632 : മാംഗ്ളൂരു സെൻട്രൽ-തിരുവനന്തപുരം വന്ദേഭാരത് എക്സ്പ്രസ് (ആലപ്പുഴ വഴി)

- തിരുവനന്തപുരം-കായംകുളം സെക്ഷനിലെ വേഗപരിധി 100 കിലോമീറ്ററിൽ നിന്നും 110 കിലോമീറ്റർ ആയി ഉയർത്താനുള്ള പ്രവർത്തികൾ തുടങ്ങി.
- കൊച്ചുവേളി സ്റ്റേഷനിൽ രണ്ട് പുതിയ ലിഫ്റ്റുകൾ സ്ഥാപിച്ചു.
- അമൃതഭാരത് പദ്ധതിയിൻ കീഴിൽ നെയ്യാറ്റിൻകര സ്റ്റേഷന്റെ നിലവാരം ഉയർത്തുന്നു.
- വൈദ്യുതവൽക്കരണ പ്രവൃത്തികളുടെ കാര്യത്തിൽ 12.81 കിലോമീറ്റർ നീളത്തിൽ (കൊച്ചുവേളിയിലടക്കം) സൈഡിംഗ് ജോലികൾ പൂർത്തിയായി.
- പുതിയ 'റിട്ടയറിംഗ് റൂം' ഓൺലൈൻ ബുക്കിംഗ് സൗകര്യത്തോടെ തിരുവനന്തപുരം സെൻട്രിലിൽ പ്രവർത്തനം തുടങ്ങി.
- കൊച്ചുവേളി സ്റ്റേഷനിൽ പ്ലാറ്റ്ഫോം ഷെൽട്ടർ ബേയ്സ് സ്ഥാപിച്ചു.
- തിരുവനന്തപുരം സെൻട്രലിലും കൊച്ചുവേളിയിലും പുതിയ എ.സി. വെയ്റ്റിംഗ് ഹാളുകൾ
- തിരുവനന്തുപുരം സെൻട്രലിൽ അംഗപരിമിതർക്ക് പുതിയ വീൽചെയർ സൗകര്യം.

- തിരുവനന്തപുരം സെൻട്രൽ സ്റ്റേഷന് ഒരു ജോഡി പ്ലാസ്റ്റിക്ക് റീസൈക്ലിംഗ് മെഷീനുകൾ സംഭാവന ചെയ്തു.
- തിരുവനന്തപുരം-നാഗർകോവിൽ സെക്ഷനിൽ പാത ഇരട്ടിപ്പിക്കൽ പ്രവൃത്തികൾ സമയബന്ധിതമായി പുരോഗമിക്കുന്നു.
- നേമം, കൊച്ചുവേളി സ്റ്റേഷനുകളെ തിരുവനന്തപുരം സൗത്ത്, നോർത്ത് എന്നിങ്ങനെ യഥാക്രമം പുനർനാമകരണം ചെയ്ത് ഈ സ്റ്റേഷനുകളിലേക്കുള്ള ടിക്കറ്റ് വിൽപന വളരെയേറെ വർദ്ധിപ്പിക്കുന്നതിനുള്ള 'ലോബിയിംഗ്' വിജയകരമായി മുന്നേറുന്നു.

ഇന്റഗ്രേറ്റഡ് ബ്ലോക് സിഗ്നലിംഗ് സിസ്റ്റം കാരണം വലിയതോതിൽ ട്രെയിനുകൾ വൈകുന്നതിന് പരിഹാരമുണ്ടാക്കാൻ തിരുവനന്തപുരം പേട്ട/കൊച്ചുവേളി സ്റ്റേഷനുകളിൽ അധിക സ്റ്റോപ്പുകൾക്കു വേണ്ടി വാദിച്ചു. സമയബന്ധിതമായി ആധുനിക സിഗ്നലിംഗ് സംവിധാനം നടപ്പാക്കുന്നതിൽ ഇടപെടണമെന്നാവശ്യപ്പെട്ട് റെയിൽവേ മന്ത്രിക്ക് കത്തെഴുതി. അതുപോലെ നിരവധി നിവേദനങ്ങൾ കഴക്കൂട്ടം സ്റ്റേഷനിലെ സ്റ്റോപ്പുകൾ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടും കോവിഡ്-19-നെ തുടർന്ന് നിർത്തിവച്ച പാസഞ്ചർ ട്രെയിനുകൾ പുനരാരംഭിക്കണമെന്നാവശ്യപ്പെട്ടും അധികൃതർക്ക് നൽകി.

ട്രെയിനുകളിൽ കൂടുതൽ സിസിടിവികൾ സ്ഥാപിക്കുക, കൂടുതലായി എയർകണ്ടീഷൻഡ് കോച്ചുകൾ അനുവദിക്കുക, വൈഫൈ സൗകര്യം ഏർപ്പെടുത്തുക, തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ റിസർവേഷൻ സെന്റർ തുറക്കുക തുടങ്ങിയ റയിൽവേയുടെ അടിസ്ഥാന സൗകര്യ വികസനത്തിന് എന്റെ ഓഫീസ് വിപുലമായ ചർച്ചകൾ നടത്തിയിട്ടുണ്ട്. അത്തരം ശ്രമങ്ങളുടെ ഫലമായി റെയിൽവേയുടെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കാനാവുകയും ആളുകളുടെ യാത്രാനുഭവം കൂടുതൽ സുഗമമാക്കാനും കഴിഞ്ഞു. റെയിൽവേ റിക്രൂട്ട്മെന്റ് ഓഫീസ് നിലനിർത്തുന്നതു സംബന്ധിച്ചും റയിൽവേയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ആളുകൾക്ക് നേരിടേണ്ടിവരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വേണ്ടി എന്റെ ഓഫീസ് നിരവധി ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

ഇക്കഴിഞ്ഞ ടേമിലും തിരുവനന്തപുരത്ത് റെയിൽവേ സൗകര്യങ്ങൾ ഗണ്യമായി വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. അവയിൽ ചിലത് താഴെ കൊടുത്തിരിക്കുന്നു.

## പുതിയ തീവണ്ടികൾ

- 22665/22656 തിരുവനന്തപുരം-നിസ്സാമുദ്ദീൻ-തിരുവനന്തപുരം വീക്ക്ലി സൂപ്പർഫാസ്റ്റ് എക്സ്പ്രസ് (ആലപ്പുഴ വഴി)
- 22653/22654 തിരുവനന്തപുരം-നിസ്സാമുദ്ദീൻ-തിരുവനന്തപുരം വീക്ക്ലി സൂപ്പർഫാസ്റ്റ് എക്സ്പ്രസ് (കോട്ടയം വഴി)
- 19331/19332 കൊച്ചുവേളി-ഇൻഡോർ-കൊച്ചുവേളി വീക്ക്ലി എക്സ്പ്രസ്
- 16335/16356 കൊച്ചുവേളി-മാംഗളരു ജംഗ്ഷൻ ദ്വൈവാര അന്ത്യോദയാ എക്സ്പ്രസ് (ആലപ്പുഴ വഴി)



- കൊല്ലം -തിരുവനന്തപുരം - നാഗർകോവിൽ മെമുസർവീസ്(2012)

തീവണ്ടികൾക്ക് പുതിയ സ്റ്റോപ്പുകൾ

- അമൃതാ എക്സ്പ്രസ്സിന് കഴക്കൂട്ടത്ത് സ്റ്റോപ്പ്

ദീർഘിപ്പിച്ച തീവണ്ടികൾ

- 22627/22628 തിരുച്ചിറപ്പള്ളി-തിരുനെൽവേലി ഇന്റർസിറ്റി എക്സ്പ്രസ് തിരുവനന്തപുരം വരെ ദീർഘിപ്പിച്ചു.

തീവണ്ടികൾക്ക് മുൻപ് അനുവദിച്ച സ്റ്റോപ്പുകൾ

- 56715/56716 പുനലൂർ-കന്യാകുമാരി പാസഞ്ചർ
- അനന്തപുരി എക്സ്പ്രെസ്, ജയന്തി ജനത എക്സ്പ്രെസ്, പരശുറാം എക്സ്പ്രെസ്, ഹാപ എക്സ്പ്രെസ്, മെമൂ ട്രെയിൻ എന്നിവക്ക് പാറശ്ശാലയിൽ സ്റ്റോപ്പ്

## മറ്റു ചില പ്രധാന പരിഷ്കാരങ്ങൾ

- തിരുവനന്തപുരം സെൻട്രലിൽ പുതിയ കറന്റ് റിസർവേഷൻ സിസ്റ്റംസ് / കൗണ്ടേഴ്സ് തുടങ്ങി.
- ഏതാണ്ട് 104 പുതിയ കോച്ചുകൾ തിരുവനന്തപുരത്തേയ്ക്ക് വരുന്നതും ഇവിടെ നിന്ന് പുറപ്പെടുന്നതുമായ ട്രെയിനുകളിൽ കൂട്ടിച്ചേർത്തു .
- സൗജന്യ വൈഫൈ സേവനം തിരുവനന്തപുരം സെൻട്രലിൽ ആരംഭിച്ചു.
- രണ്ട് പരിമിത ഉപയോഗ അടിപ്പാതകൾ നേമത്തിനും നെയ്യാറ്റിൻകരയ്ക്കുമിടയിൽ നിലവിലുണ്ടായിരുന്ന ലെവൽ ക്രോസുകൾക്കു പകരമായി നിർമ്മിച്ചു. LCNo. 7@km.253.85 on 21.1.2016 and LC No. 5@km.229.745 on 20.05.2016

## സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യ വികസനം

തിരുവനന്തപുരം സെൻട്രൽ സ്റ്റേഷനിൽ ഇന്റഗ്രേറ്റഡ് സെക്യൂരിറ്റി സിസ്റ്റംസ് സ്ഥാപിക്കുകയും പാർക്കിംഗ് ഏരിയ മെച്ചപ്പെടുത്തുകയും ചെയ്തു. ഫൗണ്ടനുകൾ സ്ഥാപിച്ചും, ലാൻഡ് സ്കേപ്പിംഗ് ചെയ്തും സ്റ്റേഷന്റെ മനോഹാരിത വർദ്ധിപ്പിച്ചു. റിട്ടയറിംഗ് റൂം, പ്ലാറ്റ്ഫോം ഷെൽറ്റർ തുടങ്ങിയ സൗകര്യങ്ങൾ പുതിയതായി ലഭ്യമാക്കി. 1.23 കോടി രൂപ ചെലവ് ചെയ്താണ് ഈ സൗകര്യങ്ങൾ ഒരുക്കിയത്. സ്ത്രീസൗഹൃദകേന്ദ്രം ഇപ്പോൾ തിരുവനന്തപുരം സ്റ്റേഷനിലും പ്രവർത്തിക്കുന്നു.

റെയിൽവേ ദ്വീപ് പ്ലാറ്റ്ഫോമുകളിൽ ദിവ്യാംഗ് ശൗചാലയ സൗകര്യം, പുതിയ ഓട്ടോ/ടാക്സി പെയ്ഡ് കൗണ്ടർ (ക്യൂ നിൽക്കുന്നവർക്കുള്ള ഷെൽട്ടർ സഹിതം) പുതുക്കിയ പാസഞ്ചർ ഇൻഫർമേഷൻ കേന്ദ്രം, കൂടുതൽ പാർക്കിംഗ് സൗകര്യം എന്നിവ ഒരുക്കുന്ന പ്രവൃത്തികൾ പുരോഗമിക്കുന്നു. ഇതിനെല്ലാം പുറമേ, എംപിലാഡ് ഫണ്ടിൽ നിന്നും പണം അനുവദിച്ച് ത്രീ സീറ്റർ പെർഫറേറ്റഡ് സ്റ്റെയിൻലെസ് സ്റ്റീൽ കസേരകൾ, ഇൻഡസ്ട്രിയൽ റിവേഴ്സ് ഓസ്മോസിസ് വാട്ടർ പ്യൂരിഫയർ പ്ലാൻറ്, സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീൻ എന്നിവ നെയ്യാറ്റിൻകര, പാറശാല സ്റ്റേഷനുകളിൽ സ്ഥാപിച്ചു. ധനുവച്ചപുരം റെയിൽവേസ്റ്റേഷനിൽ ത്രീ-സീറ്റർ പെർഫറേറ്റഡ് സ്റ്റെയിൻലെസ് സ്റ്റീൽ കസേരകളും ലഭ്യമാക്കിയിട്ടുണ്ട്.

## കൊച്ചുവേളി

കൊച്ചുവേളി സ്റ്റേഷനിൽ പതിനഞ്ചുകോടി രൂപ മുതൽ മുടക്കി രണ്ടാം കോച്ചിംഗ് ടെർമിനൽ ഫേസ് II പ്രവൃത്തികൾ നടപ്പാക്കി. ദ്വീപ് പ്ലാറ്റ്ഫോം-1, 3 പുതിയ പ്ലാറ്റ്ഫോം ലൈനുകൾ, 2 പിറ്റ് ലൈനുകൾ, സിക് ലൈൻ ഷെഡ്ഡും മൂന്നുപിറ്റുകളും, ഒരു സർവീസ് ബിൽഡിംഗ് എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്.

## കഴക്കൂട്ടം

അൺറിസർവ്ഡ് ടിക്കറ്റിംഗ്, പാസഞ്ചർ റിസർവേഷൻ സിസ്റ്റം (IUTS വഴി) എന്നിവ ലഭ്യമാക്കി. 12.5 ലക്ഷം രൂപ ചിലവഴിച്ച് ബഞ്ചുകളും ഷെൽട്ടറുകളും സ്ഥാപിച്ചു. പുതിയ വെയിറ്റിംഗ് ഹാൾ, ഓട്ടോമാറ്റിക്ക് ടിക്കറ്റ് വെൻഡിംഗ് മെഷിൻ എന്നിവ കഴക്കൂട്ടം സ്റ്റേഷനിൽ സ്ഥാപിച്ചു.

## ബാലരാമപുരം

പ്ലാറ്റ്ഫോമുയർത്തുന്നതിനും ഷെൽട്ടർ നിർമ്മിക്കുന്നതിനുമായി 55 ലക്ഷം രൂപ ചെലവഴിക്കും.

## നെയ്യാറ്റിൻകര

അൺ റിസർവ്ഡ് ടിക്കറ്റുകൾ ബുക്ക് ചെയ്യാൻ ഓട്ടോമാറ്റിക് ടിക്കറ്റ് വെൻഡിംഗ് മെഷീനുകൾ സ്ഥാപിച്ചു.

## ധനുവച്ചപുരം

പുതിയ സ്റ്റേഷൻ കെട്ടിടത്തിന്റേയും വെയിറ്റിംഗ് ഹാളിന്റേയും നിർമ്മാണം പൂർത്തിയാക്കി.

## പാറശാല

പാറശാല സ്റ്റേഷനിലെ ഫുട്ട് ഓവർ ബ്രിഡ്ജിന് മേൽക്കൂര സ്ഥാപിക്കുകയും യാത്രക്കാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്തു.

## കൊച്ചുവേളി, നേമം സ്റ്റേഷനുകൾക്ക് പുതിയ പേരു നൽകൽ

എന്റെ ആദ്യത്തെ എം.പി ടേം മുതൽ ഞാൻ നിരന്തരം ആവശ്യപ്പെടുന്ന കാര്യമാണ് കൊച്ചുവേളി, നേമം എന്നീ രണ്ട് ഉപഗ്രഹ സ്റ്റേഷനുകൾക്ക് യഥാക്രമം തിരുവനന്തപുരം നോർത്ത്, തിരുവനന്തപുരം സൗത്ത് എന്നിങ്ങനെ പുതിയ പേരു നൽകണമെന്നത്. തിരുവനന്തപുരത്തുകൂടി യാത്ര ചെയ്യുന്ന ഏവർക്കും അങ്ങനെയൊരു പേരുമാറ്റം ഗുണം ചെയ്യും. റയിൽ മന്ത്രാലയത്തിന്റെ വിവിധ യോഗങ്ങളിലും മന്ത്രിക്ക് നേരിട്ടെഴുതിയ കത്തുകളിലൂടെയും ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ ഈ സ്റ്റേഷനുകളുടെ പേര് മാറ്റിയാൽ തിരുവനന്തപുരത്തിന്റെ ഉപഗ്രഹ സ്റ്റേഷനുകളേക്കുറിച്ച് അറിയാത്തവർക്ക് ആശയക്കുഴപ്പം ഒഴിവാക്കാൻ സഹായകമാവും. പലപ്പോഴും തിരുവനന്തപുരം സെൻട്രലിൽ ഇറങ്ങുന്നതിനുപകരം ഈ സ്റ്റേഷനുകളിൽ ഇറങ്ങുന്നതായിരിക്കും ചില യാത്രക്കാർക്ക് സൗകര്യമാവുക. എന്നാൽ ഈ സ്റ്റേഷനുകൾ തിരുവനന്തപുരത്തു തന്നെയുള്ളവയാണോ എന്ന ആശയക്കുഴപ്പം നിലനിൽക്കുമ്പോൾ ആ യാത്രക്കാർ പലപ്പോഴും ഈ സ്റ്റേഷനുകളിൽ ഇറങ്ങാൻ മടിക്കുന്നു. അതേപോലെതന്നെ, ഈ സ്റ്റേഷനുകളിൽനിന്നും പുറപ്പെടുന്ന തീവണ്ടികളുടെ ഇടവേള, എണ്ണം തുടങ്ങിയ കാര്യങ്ങൾ വർദ്ധിപ്പിക്കുക കൂടി ചെയ്താൽ സെൻട്രൽ സ്റ്റേഷനിലെ സ്ഥലപരിമിതി മൂലമുണ്ടാകുന്ന പ്രശ്നങ്ങൾക്കും തിരക്കിനുമൊക്കെ പരിഹാരമാകും. ഇത് യാത്രക്കാർക്ക് ഗുണകരമാകുമെന്നു മാത്രമല്ല റെയിൽവേ സംവിധാനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സഹായകമാകും.

എന്റെ ശ്രമഫലമായി, കേന്ദ്രസർക്കാർ ശുപാർശ അംഗീകരിക്കുകയും ഈ രണ്ടു സ്റ്റേഷനുകളുടെ പേരുകളിൽ മാറ്റം വരുത്തിക്കൊണ്ട് സംസ്ഥാന സർക്കാരിന്റെ സമ്മതത്തോടെ പുതിയ പേരുകൾ നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. ഇത് നടപ്പിലാവുന്നതോടെ ജില്ലയിലെ യാത്രക്കാർക്ക് തീവണ്ടി യാത്ര കൂടുതൽ സൗകര്യപ്രദമാകും.

## വിമാനത്താവളം

എം.പിയെന്ന നിലയിൽ പ്രവർത്തിച്ച ഓരോ ടേമിലും നഗരത്തിലെ വിമാനത്താവളത്തിന്റെ വളർച്ചയ്ക്കും വികാസത്തിനും വേണ്ടിയുള്ള ഉറച്ച നിലപാടാണ് ഞാൻ സ്വീകരിച്ചുപോന്നിട്ടുള്ളത്. നിങ്ങളിൽ പലർക്കും അറിവുള്ളതുപോലെ തിരുവനന്തപുരം വിമാനത്താവളത്തിന്റെ പ്രവർത്തനം, നിർവഹണം, വികസനം എന്നിവ പിപിപി മാതൃകയിലാക്കണമെന്ന ആശയത്തെ ശക്തമായി പിന്തുണയ്ക്കുന്നയാളായിരുന്നു ഞാൻ. ഈ നിലപാടിനോട് സംസ്ഥാന ഭരണകക്ഷിയായ എൽ.ഡി.എഫും മറ്റ് രാഷ്ട്രീയ പാർട്ടികളും അനുകൂലനിലപാടല്ല സ്വീകരിച്ചത്. എന്റെ നിലപാടിന്റെ കാരണം ലളിതമാണ്. കേരള സർക്കാരിൻെറ നിയന്ത്രണത്തിലും മേൽനോട്ടത്തിലും സംസ്ഥാനത്തുള്ള വിമാനത്താവളങ്ങളോടുള്ള പ്രത്യേക താൽപര്യത്തിൽ തിരുവനന്തപുരം വിമാനത്താവളം ക്രമാനുഗതമായി അവഗണിക്കപ്പെടുകയാണ്. നിലവിൽ അധിക ഫ്ളൈറ്റുകൾ കൊച്ചി, കണ്ണൂർ വിമാനത്താവളങ്ങൾക്ക് അനുവദിച്ചുകൊണ്ട് ഇക്കാലമത്രയും തിരുവനന്തപുരം വിമാനത്താവളത്തെ എൽ.ഡി.എഫ് സർക്കാർ അവഗണിക്കുകയായിരുന്നു.

ഇതിന്റെ ഫലമായി തിരുവനന്തപുരം നിവാസികൾ വലിയ ബുദ്ധിമുട്ടുകളാണ് കണക്റ്റിവിറ്റിയുടെ കാര്യത്തിലും നിരക്കിന്റെ കാര്യത്തിലും അനുഭവിക്കേണ്ടിവരുന്നത്. തിരുവനന്തപുരം എയർപോർട്ട് യൂസേഴ്സ് ഫോറം, പതിവായി വിമാനയാത്ര നടത്തുന്ന 700 യാത്രക്കാരിൽ നടത്തിയ സർവേയിൽ, 50 ശതമാനത്തിലേറെ യാത്രക്കാർ തങ്ങൾ തിരുവനന്തപുരത്തേക്കാൾ കൊച്ചി വിമാനത്താവളത്തിൽ നിന്നും യാത്ര ചെയ്യുന്നതിനാണ് ഇഷ്ടപ്പെടുന്നതെന്ന് പറയുകയുണ്ടായി. കൂടുതൽ മെച്ചപ്പെട്ട കണക്റ്റിവിറ്റിയും താരതമ്യേന കുറഞ്ഞ നിരക്കുമാണ് കാരണമായി അവർ ചൂണ്ടിക്കാട്ടിയത്. അതേപോലെ പ്രധാന വിമാനക്കമ്പനികൾ തിരുവനന്തപുരത്തുനിന്നും പ്രവർത്തനം നിർത്തിപ്പോകുന്ന നിരവധി സന്ദർഭങ്ങളുമുണ്ടായി. ഈ സാഹചര്യങ്ങളിൽ എനിക്കു ബോധ്യമായത് ഒരു പ്രൊഫഷണൽ മാനേജ്മെന്റ് വിമാനത്താവളത്തിന്റെ എല്ലാ മേഖലയിലും കൊണ്ടുവന്നാൽ അത് വിമാനത്താവളം കൂടുതൽ പ്രതിസന്ധിയിലേയ്ക്കും തകർച്ചയിലേക്കും കൂപ്പുകുത്തുന്നതിൽനിന്നും തടയാനാകും. കൂടുതൽ മെച്ചപ്പെട്ട കണക്റ്റിവിറ്റിയും സൗകര്യങ്ങളും ലഭ്യമാക്കിക്കൊണ്ട് തിരുവനന്തപുരത്ത് നിന്ന് യാത്ര ചെയ്യാനിഷ്ടപ്പെടുന്നവരുടെ എണ്ണം ഉയർത്താൻ കഴിയുമെന്നതാണ് വസ്തുത. സംസ്ഥാന തലസ്ഥാനത്തുള്ള ഈ വിമാനത്തവളത്തെ ഞാൻ നിരന്തരം പിന്തുണച്ചതും അതിനുവേണ്ടി ശക്തമായി വാദിച്ചതും പലതലങ്ങളിൽ സാധൂകരിക്കപ്പെട്ടിട്ടുണ്ട്.

## പുതിയ സൗകര്യങ്ങൾ

- ടെർമിനൽ ഒന്നിലും ടെർമിനൽ രണ്ടിലും യാത്രക്കാരുടെ സൗകര്യാർത്ഥം 2 പുതിയ ലോഞ്ചുകൾ തുറന്നു.
- റീട്ടെയിൽ എഫ് ആന്റ് ബി ഔട്ട്ലെറ്റുകൾ 21 ൽ നിന്നും എൺപതിലേറെയായി വർദ്ധിച്ചതോടെ യാത്രാനുഭവം കൂടുതൽ മെച്ചപ്പെട്ടതായി.
- ഓൺലൈൻ ടാക്സി സേവനം നടപ്പാക്കി.
- ഡ്യൂട്ടി ഫ്രീ ഷോപ്പുകൾ യാത്രക്കാർക്കായി വീണ്ടും തുറന്നു.
- രണ്ടു ടെർമിനലുകളെയും ബന്ധിപ്പിച്ച് നഗരത്തിലേക്ക് ഇ-ബസ് സർവീസ് ആരംഭിച്ചു.




- ARF നുവേണ്ടി പുതിയ കെട്ടിടം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു.
- ഇ-ഗേറ്റുകളും ബാർകോഡ് സ്കാനറുകളും യാത്രക്കാരുടെ സുഗമമായ പ്രവേശനം സാധ്യമാക്കി.
- ഡിജിയാത്രാ സേവനം ആരംഭിച്ചു.
- റൺവേയുടെ സുരക്ഷ ഉറപ്പാക്കാൻ പുതിയ ALS, RRM ഫ്രിക്ഷൻ ടെസ്റ്റിംഗ് മെഷീനുകൾ സ്ഥാപിച്ചു.
- ഓരോ വ്യക്തിക്കും പ്രത്യേകമായി ആതിഥേയത്വമൊരുക്കുന്ന പ്രണാം സേവനം ഇന്ന് ഇവിടെ ലഭ്യമാണ്.
- ഡി-ലെവൽ ആംബുലൻസ് സേവനം അടിയന്തിര സാഹചര്യങ്ങളിൽ യാത്രക്കാർക്ക് പ്രയോജനപ്പെടും.
- പുതിയ ആഭ്യന്തര ചരക്ക് ടെർമിനലിന് അനുമതിയായി.
- വൈഫൈ കൂപ്പൺ കിയോസ്കുകൾ രണ്ട് ടെർമിനലുകളിലും ലഭ്യമാണ്.
- ബുള്ളറ്റ് പ്രതിരോധ വാഹനം സി.ഐ.എസ്.എഫ് സേനാംഗങ്ങൾക്ക് ലഭ്യമാക്കിയിരിക്കുന്നു.
- ഫാസ്റ്റ് ടാഗ് ഓട്ടോമേറ്റഡ് പാർക്കിംഗ് സംവിധാനം
- ഇ.വി.ചാർജിംഗ്-സ്റ്റേഷനുകൾ ഇരുവശങ്ങളിലുമായി പ്രവർത്തനം ആരംഭിച്ചു.
- റൺവേ സ്ട്രിപ്പിന്റെ വീതി 110 മീറ്ററായി വർദ്ധിപ്പിക്കുന്നത് പൂർത്തിയായി.
- ഇപ്പോൾ വിമാനത്താവളത്തിന്റെ ആഭ്യന്തര ടെർമിനലിലും അന്തർദ്ദേശീയ ടെർമിനലിലും വർദ്ധിച്ച കണക്റ്റിവിറ്റിയും കുറഞ്ഞ നിരക്കും ലഭ്യമാണ് .
- പുതിയ ഡസ്റ്റിനേഷനുകൾ യാത്രക്കാർക്കായി തുറന്നിരിക്കുന്നു - കോലാലമ്പൂർ, അഹമ്മദാബാദ്, കൊൽക്കത്ത, നാഗ്പൂർ, പൂനെ എന്നിങ്ങനെ...
- പുതിയ വിമാനക്കമ്പനികൾ - മലേഷ്യൻ, സലം, എയർ ഏഷ്യ, ബർഹതദ്, ആകാശ് എയർ എന്നിവ ഇപ്പോൾ ഇവിടെ നിന്നും സർവീസ് നടത്തുന്നു.

പിപിപി മാതൃകയിൽ വിമാനത്താവളം വികസിപ്പിക്കുന്നതിനെ ഞാൻ പിന്തുണയ്ക്കാൻ തീരുമാനിച്ചത് പ്രധാനമായും കേവലം പക്ഷപാതപരമായ രാഷ്ട്രീയ ചിന്തകൾക്കപ്പുറത്ത് തിരുവനന്തപുരത്തെ വിമാനയാത്രികരുടെ ആവശ്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ചുകൊണ്ടാണ്. ഇന്ന് ലഭ്യമാകുന്ന കണക്കുകൾ എന്റെ തീരുമാനം ശരിവയ്ക്കുന്നതാണ്. പുതിയ രീതിയിൽ വിമാനത്താവളം പ്രവർത്തിച്ചു തുടങ്ങിയതോടെ 2021-ൽ 43 ആയിരുന്ന എയർ ട്രാഫിക് മൂവ്മെന്റുകളുടെ എണ്ണം 2024-ൽ ഇരട്ടിയിലധികം വർദ്ധിച്ച് 96 ആയിത്തീർന്നു. പ്രതിദിനം വിമാനത്താവളം ഉപയോഗിക്കുന്ന യാത്രക്കാരുടെ എണ്ണവും 5288-ൽ നിന്ന് ഇരട്ടിയിലധികം വർദ്ധിച്ച് 14246 ആയി ഉയർന്നു. 2021-ൽ ഇന്ത്യയ്ക്കകത്ത് 7 ഉം അന്തർദേശീയമായി 10 ഉം സ്ഥലങ്ങളിലേക്കു വിമാന സർവീസുണ്ടായിരുന്നിടത്ത് ഇന്ന് ഇന്ത്യയിലുടനീളമുള്ള 9 ഇടങ്ങളിലേക്കും അന്തർദേശിയമായി 12 ഇടങ്ങളിലേക്കും വിമാന സർവീസ് നടക്കുന്നു. വിമാനത്താവളത്തിന്റെ ഈ വികസനക്കുതിപ്പ് നമ്മുടെ നാടിന്റെ കുതിപ്പ് കൂടിയാണ്.

കൂടുതൽ സജീവമായ, ഊർജ്ജസ്വലമായി പ്രവർത്തിക്കുന്ന ഒരു വിമാനത്താവളമായി തിരുവനന്തപുരം മാറിയിരിക്കുന്നു. ഞാൻ ഇനിയും തിരു

വനന്തപുരം വിമാനത്താവളത്തിനു വേണ്ടി പ്രയത്നിച്ചുകൊണ്ടിരിക്കും. ഇപ്പോഴത്തെ നേട്ടങ്ങളെ ഉൾക്കൊണ്ട് കൂടുതൽ കാര്യങ്ങൾ ചെയ്താൽ കേരളത്തിലെ ഏറ്റവും മികച്ച എയർപോർട്ടായി തിരുവനന്തപുരം വികസിക്കുന്നത് ഉറപ്പാക്കാൻ കഴിയും.

## കോവിഡ്-19 ദുരിതാശ്വാസ നടപടികൾ

കോവിഡ്-19 മഹാമാരി വിതച്ച നാശം നമ്മുടെ ജീവിത്തിലെ ഒരു കറുത്ത അദ്ധ്യായത്തെ ഓർമ്മിപ്പിക്കുമ്പോൾ തന്നെ, ആ കാലത്ത് ജനങ്ങളുടെ കഷ്ടനഷ്ടങ്ങൾക്കും പ്രയാസങ്ങൾക്കും ഇളവ് വരുത്തുവാൻ ഞാൻ സ്വീകരിച്ച നടപടികളിലും എന്റെ അദ്ധ്വാനത്തിലും അഭിമാനമുണ്ട്. ലഭ്യമായ വിഭവങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടും, മുതിർന്ന മന്ത്രിമാരും ഉദ്യോഗസ്ഥരുമായി എനിക്കുണ്ടായിരുന്ന വ്യക്തിബന്ധങ്ങൾ പ്രയോജനപ്പെടുത്തിയും, അന്തർദ്ദേശീയ സമൂഹവുമായുണ്ടായിരുന്ന പരിചയവും ബന്ധങ്ങളും ഉപയോഗിച്ചും മഹാമാരിയുടെ ആഘാതം എന്റെ നാട്ടിൽ തെല്ലെങ്കിലും കുറയ്ക്കാൻ കഴിഞ്ഞു. പലരാജ്യങ്ങളിൽ കുടുങ്ങിക്കിടന്ന കേരളീയരെ മഹാമാരിയുടെ കാലത്ത് ഇവിടെ തിരിച്ചെത്തിക്കുവാൻ കഴിഞ്ഞുവെന്നത് ചാരിതാർഥ്യജനകമാണ്.

കേന്ദ്രസർക്കാരിന്റെ 'ലോക്ഡൗൺ' പ്രഖ്യാപിച്ചുകൊണ്ടുള്ള ദീർഘവീക്ഷണമില്ലാത്ത ഉത്തരവിനും MPLADS ഫണ്ടുകൾ നിർത്തലാക്കിയ നടപടിയ്ക്കുമിടയിലെ കുറഞ്ഞ സമയത്തിനുള്ളിൽ തന്നെ അടിയന്തിരമായി ആവശ്യമുള്ള കോവിഡ് ടെസ്റ്റിങ് കിറ്റുകളും പിപിഇ കിറ്റുകളും മറ്റ് ഉപകരണങ്ങളും ലഭ്യമാക്കുന്ന ആദ്യസ്ഥലമായി തിരുവനന്തപുരം മാറി. തെർമൽ ഇമേജിംഗ് ക്യാമറകൾ വിമാനത്താവളത്തിൽ സ്ഥാപിച്ചുകൊണ്ട് പുറത്തുനിന്നു വരുന്ന യാത്രികരിൽ കോവിഡ് ലക്ഷണങ്ങൾ ഉണ്ടോയെന്ന് പരിശോധിക്കാൻ സൗകര്യമൊരുക്കി. MPLADS ഫണ്ട് ഉപയോഗപ്പെടുത്തിയാണ് ഇത്രയും ഉപകരണങ്ങൾ വാങ്ങാനും സൗകര്യങ്ങൾ ഏർപ്പെടുത്താനും കഴിഞ്ഞത്. അതുപോലെ തന്നെ ഈ ഫണ്ട് പ്രയോജനപ്പെടുത്തിക്കൊണ്ട് ICU കിടക്കകൾ, ഡിഫൈബ്രിലേറ്റേഴ്സ്, ഡയാലിസിസ് എകിപ്മെന്റ് എന്നിവ മെഡിക്കൽ കോളേജ് ആശുപത്രിക്കും ജനറൽ ആശുപത്രിക്കും വേണ്ടി വാങ്ങി നൽകി. കോവിഡ് ടെസ്റ്റിംഗ് കിറ്റുകളുടെ വലിയ തോതിലുള്ള അഭാവം അധികൃതർ എന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ഞാൻ അന്നത്തെ കൊറിയൻ അംബാസഡർ ഷിൻ ബോതങ്കിലിനെ അടിയന്തിരമായി ബന്ധപ്പെട്ടു. അദ്ദേഹത്തിന്റെ രാജ്യത്തെ SD Biosenosr എന്ന കമ്പനി ആന്റിജൻ ടെസ്റ്റ് കിറ്റുകൾ നിർമ്മിക്കുന്നുണ്ടായിരുന്നു. എന്റെ ഓഫീസ് നിരന്തരമായി ഇടപെട്ട് 5000 ആന്റിജൻ ടെസ്റ്റ് കിറ്റുകൾ അടിയന്തിരമായി എത്തിച്ചു ആരോഗ്യവകുപ്പിന് കൈമാറി. നമ്മുടെ ആരോഗ്യരംഗത്തെ മുൻനിര പോരാളികളുടെ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി പിപിഇ കിറ്റുകൾ, റാപ്പിഡ് RTPCR ടെസ്റ്റ് കിറ്റുകൾ, നോൺ കോണ്ടാക്ട് ഇൻഫ്രാ റെഡ് തെർമോമീറ്ററുകൾ, എമർജൻസി ബ്രീത്തിംഗ് അസിസ്റ്റൻസ് സിസ്റ്റംസ് എന്നിവ ലഭ്യമാക്കി. കേന്ദ്രസർക്കാർ MPLADS ഫണ്ട് രണ്ടുവർഷത്തേക്ക് മരവിപ്പിക്കുന്നതിന് തൊട്ടുമുമ്പായി ഇത്രയും കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്.

## കോവിഡ് കാലത്തെ പുനഃരധിവാസം

അന്തർദ്ദേശീയ തലത്തിൽ ലോക്ഡൌൺ പ്രഖ്യാപിച്ചിരുന്ന കാലയളവിൽ എനിക്ക് നേരിട്ടും എന്റെ ഓഫീസിലുമായി വിവിധ രാജ്യങ്ങളിൽ കുടുങ്ങിപ്പോയ നിരവധി ആളുകളെ സ്വദേശത്തേക്കുകൊണ്ടുവരാനുള്ള അപേക്ഷകൾ ലഭിക്കുകയുണ്ടായി. ഇവയിൽ ഇരുപത്തിയഞ്ചിലേറെ രാജ്യങ്ങളിൽ കേരളത്തിൽ നിന്നുള്ളവരുമുണ്ടായിരുന്നു. ഉക്രൈൻ, ജോർജിയ, കസാഖ്സ്ഥാൻ, ഹെയ്തി, ഫിലിപൈൻസ് എന്നിവിടങ്ങളിൽ കുടുങ്ങിപ്പോയ വിദ്യാർത്ഥികൾ, ഇറാനിലും ഗൾഫ് രാജ്യങ്ങളിലും കുടുങ്ങിപ്പോയ മത്സ്യത്തൊഴിലാളികൾ, ഇസ്രായേലിലും ഫ്രാൻസിലും കുടുങ്ങിയ കെയർ ടെയ്ക്കേഴ്സ് തുടങ്ങിയവർ ഉണ്ടായിരുന്നു. എന്റെ സുഹൃത്തുക്കളായിരുന്ന വിദേശകാര്യ മന്ത്രിമാരുമായും കേന്ദ്ര വിദേശ, വ്യോമയാന മന്ത്രിമാരുമായും നിരന്തരം ബന്ധപ്പെട്ട് കുടുങ്ങിപ്പോയ ഓരോ വ്യക്തിയുടെ കാര്യത്തിലും അടിയന്തിരമായ നടപടികൾ ആവശ്യപ്പെട്ടു. ഈ മന്ത്രിമാരുടെ ഓഫീസിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ വ്യക്തിപരമായി ആ വിഷയം ശ്രദ്ധിക്കുവാനും ഈ വ്യക്തികളുമായി നിരന്തരം ബന്ധപ്പെടുന്നതിനുമുള്ള ഒരു സംവിധാനം രൂപപ്പെടുത്തി. വിവിധ രാജ്യങ്ങളിൽ കുടുങ്ങിപ്പോയ എല്ലാവരേയും സ്വദേശത്തേക്ക് സമയബന്ധിതമായി കൊണ്ടുവരുന്നതുവരെ ആ സംവിധാനം തുടർന്നുവെന്ന് ഉറപ്പാക്കി. ബീഹാർ,



ബംഗാൾ, മഹാരാഷ്ട്ര, നാഗാലാന്റ് തുടങ്ങിയ സംസ്ഥാനങ്ങളിലെ നേതാക്കൾ എന്നെ ബന്ധപ്പെട്ട് കേരളത്തിൽ കുടുങ്ങിപ്പോയ അതിഥിതൊഴിലാളികളെ മടക്കി അയക്കുന്നതിന് സഹായം തേടി. എന്റെ മണ്ഡലത്തിലെ ഒരു ടീം തന്നെ ഇതിൽ വ്യാപൃതരാവുകയും വേണ്ട സഹായങ്ങൾ ചെയ്യുകയും ചെയ്തു. അതുപോലെ തന്നെ തിരുവനന്തപുരത്തു നിന്നും സംസ്ഥാനത്തിന്റെ ഇതര ഭാഗങ്ങളിൽ നിന്നുമുള്ള ട്രക്ക് ഡ്രൈവർമാർ മഹാരാഷ്ട്രയിൽ കുടുങ്ങിപ്പോയപ്പോൾ സമൂഹമാധ്യമം വഴിയും ടെലിഫോണിലൂടെയും അവിടുത്തെ സർക്കാരിനെ ബന്ധപ്പെട്ട് അവരെ നാട്ടിലെത്തിക്കാൻ കഴിഞ്ഞു. ട്രെയിൻ സർവീസുകൾ നിർത്തലാക്കിയപ്പോൾ രാജസ്ഥാനിൽ കുടുങ്ങിപ്പോയ കുടിയേറ്റ തൊഴിലാളികളെ ഇവിടേയ്ക്ക് റോഡുമാർഗ്ഗം എത്തിക്കുന്നതിന് രാജസ്ഥാനിലെ അധികൃതരുടെ സഹായം തേടി. സന്തോഷം തോന്നുന്ന മറ്റൊരു കാര്യം, കേരളത്തിൽ ജോലി ചെയ്തിരുന്ന ഉത്തരേന്ത്യൻ അതിഥി തൊഴിലാളികൾ ഭയചകിതരായി, കൂട്ടായി തിരിച്ചുപോകുന്നതിന് ശ്രമിച്ചപ്പോൾ 'മലയാളമനോരമ' പത്രത്തിന്റെ ആവശ്യപ്രകാരം ഈ തൊഴിലാളികൾക്ക് ആത്മവിശ്വാസവും ഉറപ്പും നൽകുന്ന രീതിയിൽ ഹിന്ദിയിലും ബംഗാളിയിലുമായി സന്ദേശങ്ങൾ റെക്കോർഡ് ചെയ്ത് അവരിലേക്ക് എത്തിക്കാനായി. ഇതുവഴി അവർ തിരികെ പോകുന്നതിനുള്ള തീരുമാനത്തിൽ നിന്നും പിന്മാറുകയുണ്ടായി.

ലോകത്തിന്റെ നാനാഭാഗങ്ങളിലുള്ള കേരളീയരുടെ ക്ഷേമകാര്യങ്ങൾ നോക്കുന്ന സംഘടനകളും ഗ്രൂപ്പുകളും ഏർപ്പാട് ചെയ്ത ചാർട്ടേഡ് വിമാനങ്ങൾക്ക് ഇന്ത്യയിലേക്ക് വരുവാനുള്ള അനുമതി സമയബന്ധിതമായി ലഭ്യമാക്കുന്നതിന് കേന്ദ്ര വിദേശകാര്യ മന്ത്രിയുമായും വ്യോമയാന മന്ത്രിയുമായും ബന്ധപ്പെട്ട് നടപടികൾ ഉറപ്പാക്കി. അങ്ങനെ നൂറുകണക്കിന് കേരളീയർക്ക് നാട്ടിലേക്ക് മടങ്ങി വരാൻ കഴിഞ്ഞു എന്നത് വലിയ സന്തോഷം നൽകിയ കാര്യമാണ്. ഒരു പ്രവാസി സംഘടന ബഹറിനിൽനിന്നും തിരുവനന്തപുരത്തേയ്ക്ക് എന്റെ പേരിൽ ഒരു ചാർട്ടേഡ് വിമാനം ബുക്ക് ചെയ്തുകൊണ്ട്, എന്റെ സേവനങ്ങളോട് നന്ദിസൂചകമായി പ്രവർത്തിച്ചത് എന്നെ വല്ലാതെ സ്പർശിക്കുകയുണ്ടായി. അതേപോലെ തന്നെ തങ്ങളുടെ ജോലി നഷ്ടപ്പെടാതെ വിദേശത്തേക്ക് മടങ്ങിപ്പോകാൻ ആഗ്രഹിച്ചവർക്ക് പോകുന്നതിനുള്ള അനുമതി സമയബന്ധിതമായി ലഭ്യമാക്കുന്നതിന് DGCAയുമായി ബന്ധപ്പെട്ട് ഉറപ്പാക്കാനായിയെന്നതും ആഹ്ലാദം തരുന്ന കാര്യമാണ്. കേരളത്തിൽ നിന്നുള്ള നൂറുകണക്കിന് കെയർടെയ്ക്കേഴസ് ഇസ്രായേലിലേക്കും ഫ്രാൻസിലേക്കും മടങ്ങിപ്പോകുന്നതിന് വേണ്ടി ഞാൻ DGCAയുമായും, എയർ ഫ്രാൻസ് അധികൃതരുമായും ബന്ധപ്പെട്ട് സഹായിക്കുകയുണ്ടായി. കാൻസർ ചികിത്സാർത്ഥം ഇസ്രായേലിലേക്ക് പോകേണ്ടിയിരുന്ന ഒരു രോഗിയെ ഉൾപ്പെടെ ഇങ്ങനെ സഹായിക്കാനായി.

നാട്ടിലേക്ക് മടങ്ങാനാഗ്രഹിച്ച, വിവിധ വെല്ലുവിളികൾ നേരിടുന്ന പ്രവാസികൾ, ലോക്ഡൗൺ കാലത്ത് പരീക്ഷ എഴുതുകയോ, ഡെസർട്ടേഷൻസ് സമർപ്പിക്കുകയോ വേണ്ടിയിരുന്ന വിദ്യാർത്ഥികൾ, വേണ്ടത്ര സാമൂഹ്യ സുരക്ഷ ലഭ്യമല്ലാതിരുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ള പ്രൊഫഷണലുകൾ, മത്സ്യത്തൊഴിലാളികളെപ്പോലെ സാമ്പത്തികമായി വളരെയേറെ ദുർബലരായവർ എന്നിവർക്കുവേണ്ടി പ്രവർത്തിക്കാനായി. ഇവർക്ക് വേണ്ടി ശക്തമായ ശുപാർശകളും നയനിർദ്ദേശങ്ങളും കത്തുകളിലൂടെ പ്രധാനമന്ത്രി, കേരള ഗവർണർ, മുഖ്യമന്ത്രി, വിദേശകാര്യമന്ത്രി, മറ്റു പ്രധാന സ്ഥാനം വഹിക്കുന്നവർ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേധാവികൾ എന്നിവരിലേക്ക് എത്തിക്കാനായി. ലോക്സഭാ സ്പീക്കറോട് അഭ്യർത്ഥിച്ചതിനേ തുടർന്ന് മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ഫണ്ട് MPLADSൽ നിന്നും ലഭ്യമാക്കാൻ നിയമഭേദഗതി കൊണ്ടുവരുന്നതിനും സാധിച്ചു.■

**2009-2014കാലയളവിൽ ഉദ്ഘാടനം ചെയ്യപ്പെട്ട/പൂർത്തിയായ/ അംഗീകാരം ലഭിച്ച വൻകിടപദ്ധതികൾ**

| ക്ര.നം. | പദ്ധതി | തുക (രൂപ കോടിയിൽ) |
|---|---|---|
| 1 | പി.എം.എസ്.എസ്.പദ്ധതിയിൻ കീഴിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കെട്ടിട സമുച്ചയ നിർമ്മാണം (2011) | 120.00 |
| 2 | തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളം (2011) | 300.00 |
| 3 | എയർ ഇൻഡ്യ ഹാങ്കർ ടെർമിനൽ (2011) | 50.00 |
| 4 | പൂജപ്പുരയിലെ സെൻട്രൽ ആയുർവേദഇൻസ്റ്റിറ്റ്യൂട്ടിന് പുതിയ കെട്ടിടം | 10.00 |
| 5 | തിരുവനന്തപുരം - നാഗർകോവിൽ - കന്യാകുമാരി റെയിൽവേലൈൻ വൈദ്യുതീകരണം | 57.00 |
| 6 | വിഴിഞ്ഞത്തെസെൻട്രൽ മറൈൻ ഫിഷറീസ് ഗവേഷണ കേന്ദ്രത്തിന് കേന്ദ്ര സഹായം | 08.00 |

# സാമൂഹിക ഇടപെടലുകൾ



## തീരദേശ സമൂഹങ്ങൾ

പൊഴിയൂരിലേയും മറ്റു തീരദേശഗ്രാമങ്ങളിലേയും ഒരു പ്രധാന പ്രശ്നമാണ് തീരം ഇടിഞ്ഞു പോകുന്നത്. കടലാക്രമണത്തിലും മറ്റുമായി നിരവധി വീടുകളാണ് തകർന്നു പോകുന്നത്. ചെറിയതോ വലിയതോ ആയ കടൽ ഭിത്തി നിർമ്മിക്കുന്നതാണ് ഇതിന്റെ പരിഹാരം. ഇത് തമിഴ്നാട് അവരുടെ കടലോര അതിർത്തിയിലുടനീളം ചെയ്തിട്ടുണ്ട്. ഈ വിഷയം ആവർത്തിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടെങ്കിലും പരസ്പരം പഴിചാരിപ്പോകുന്നതല്ലാതെ ഒന്നും ചെയ്തിട്ടില്ല.

എന്റെ തുച്ഛമായ MPLADS ഫണ്ടിൽ നിന്നും ഒരു കോടി രൂപ അനുവദിച്ച് പൊഴിയൂരിലെ മത്സ്യഗ്രാമങ്ങളിൽ കടൽഭിത്തി നിർമ്മിച്ചു. എന്നാൽ ദുഃഖത്തോടെ പറയട്ടെ അവിടെനിന്നും ഒരിഞ്ചു കൂടി കൂട്ടിച്ചേർക്കാൻ സംസ്ഥാന സർക്കാരിനോ കേന്ദ്രസർക്കാരിനോ കഴിഞ്ഞിട്ടില്ല.

2019 നവംബറിൽ ഞാൻ പാർലമെന്റിൽ ചട്ടം 377 പ്രകാരം സഭയിൽ തിരുവനന്തപുരം ജില്ലയിലെ തീരദേശത്ത് കടൽഭിത്തികൾ നിർമ്മിക്കുക എന്ന ആവശ്യം കേന്ദ്രജലശക്തി മന്ത്രി ശ്രീ. രത്തൻ ലാൽ ഖട്ടാരിയയോട് ഉന്നയിക്കുകയുണ്ടായി. അദ്ദേഹം എനിക്ക് അയച്ച മറുപടിയിൽ കടൽഭിത്തി നിർമ്മാണം സംസ്ഥാനത്തിന്റെ ചുമതലയാണെന്നും 12-ാം പദ്ധതി കാലാവധി പിന്നിട്ടതിനാൽ 'ഫ്ളഡ് മാനേജ്മെൻറ് ആൻഡ് ബോർഡർ ഏരിയാസ് പ്രോഗ്രാമിൽപ്പെടുത്തി സഹായം അനുവദിക്കുക പ്രായോഗികമല്ലായെന്നും എന്നെ അറിയിച്ചു. ഈ ഘട്ടത്തിൽ കേന്ദ്രത്തിന്റെ മറുപടി ചൂണ്ടിക്കാട്ടി ഞാൻ കേരള മുഖ്യമന്ത്രിയ്ക്ക് കത്തയയ്ക്കുകയും എത്രയും വേഗം സംസ്ഥാന സർക്കാർ സത്വര നടപടി സ്വീകരിക്കണമെന്നാവശ്യപ്പെടുകയും ചെയ്തു. തീരദേശങ്ങളിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് അടുത്തകാലത്ത് പാർലമെൻറിൽ നടത്തിയ ഇടപെടലുകൾ താഴെ പറയുന്നു:

### 2019

- പ്രത്യേക പരാമർശം: തിരുവനന്തപുരത്തെ തീരശോഷണത്തെ സംബന്ധിച്ച്.

- ചട്ടം 377 പ്രകാരം തിരുവനന്തപുരം തീരദേശത്തെ കടൽ ഭിത്തി നിർമാണം സംബന്ധിച്ച്.

## 2020

- ശൂന്യവേള: ഓഖി ചുഴലിക്കാറ്റുണ്ടാക്കിയ നാശനഷ്ടങ്ങളും നഷ്ടപരിഹാരവും സംബന്ധിച്ച്.
- ശൂന്യവേള: മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകുന്നത് സംബന്ധിച്ച്.

## 2021

- ചട്ടം 377: കരട് ബ്ലൂ സാമ്പത്തിക നയം നടപ്പിലാക്കുന്നത് സംബന്ധിച്ച്.

## 2022

- ചട്ടം 377: ദക്ഷിണ കേരളത്തിലെ തീരശോഷണവുമായി ബന്ധപ്പെട്ട് വിഴിഞ്ഞം തുറമുഖത്ത് നടന്ന പ്രതിഷേധം സംബന്ധിച്ച്.

## 2023

- തിരുവനന്തപുരത്തെ മത്സ്യബന്ധന തുറമുഖങ്ങളുടെ പോരായ്മ പരിഹരിക്കുന്നത് സംബന്ധിച്ച്.

## വിഴിഞ്ഞം പ്രക്ഷോഭം

2015-ൽ വിഴിഞ്ഞം പദ്ധതി യു.ഡി.എഫ്. സർക്കാർ ആരംഭിച്ചപ്പോൾ പദ്ധതി മൂലം ഈ മേഖലയിൽ ആർക്കും തന്നെ ദുരിതങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാവില്ലെന്നുറപ്പുവരുത്താൻ ഞാൻ മുഖ്യമന്ത്രിയുമായി ചേർന്ന് നടപടികൾ എടുക്കുകയുണ്ടായി. അതിന്റെ ഭാഗമായി 425 കോടിയുടെ ഒരു പുനരധിവാസ പാക്കേജ് നടപ്പാക്കാനും പ്രശ്നബാധിതരെ പുനരധിവസിപ്പിക്കാനും ആയത് 5 വർഷത്തിനുള്ളിൽ പൂർത്തിയാക്കാനും 2015-16-ൽ സംസ്ഥാന മന്ത്രിസഭ തീരുമാനിച്ചു. മുൻസർക്കാർ നടപ്പാക്കുമെന്ന് പ്രഖ്യാപിച്ച പുനരധിവാസ പാക്കേജ് ഇടതു സർക്കാർ നടപ്പാക്കാത്തതാണ് ഇപ്പോഴത്തെ പ്രക്ഷോഭത്തിന്റേയും അസ്വസ്ഥതകളുടെയും കാരണം.

പദ്ധതിക്കായി ഭൂമി വിട്ടുനൽകിയവർക്ക് ന്യായവില നൽകിയിരുന്നു. ഭൂമിനഷ്ടപ്പെട്ട 67 കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ സഹായത്തോടെ പുനരധിവാസം സാധ്യമാക്കിയിരുന്നു. പദ്ധതിമൂലം ജീവനോപാധികൾ നഷ്ടപ്പെട്ടവർക്കുള്ള നഷ്ടപരിഹാര പാക്കേജും കണക്കാക്കപ്പെട്ടിരുന്നു. എന്നാൽ 2016-ൽ വന്ന പുതിയ ഇടതു മുന്നണി സർക്കാർ മുൻസർക്കാർ നടപ്പാക്കിതുടങ്ങിയ പുനരധിവാ



സ പദ്ധതിയോ സാമ്പത്തിക സഹായ പാക്കേജോ നിർഭാഗ്യവശാൽ നല്കിയില്ല. തുടർന്നുണ്ടായ പ്രക്ഷോഭത്തിൽ പങ്കെടുത്തവർക്കെതിരായി ന്യായരഹിതമായ ചാർജുകൾ ഉൾപ്പെടുത്തി കേസുകൾ രജിസ്റ്റർ ചെയ്യുകയും മുതിർന്ന സാമുദായിക നേതാക്കൾ, പള്ളിവികാരികൾ, മതമേലദ്ധ്യക്ഷൻ ഉൾപ്പെടെയുള്ളവരെ പ്രതി ചേർക്കുകയും ചെയ്തു. ഇത് അവസാനിപ്പിക്കണമെന്നും കേസുകൾ പിൻവലിക്കണമെന്നും ഞാൻ ആവശ്യപ്പെടുകയുണ്ടായി. സംസ്ഥാന സർക്കാർ നല്കിയ ഉറപ്പുകൾ പാലിക്കുമെന്നും പ്രാദേശിക ജനവിഭാഗങ്ങളുടെ പരാതികൾ കാലവിളംബം കൂടാതെ പരിഹരിക്കുമെന്നും ഞാൻ പ്രതീക്ഷിക്കുന്നു.

## ഇ.എസ്.എ. (E.S.A.) വിജ്ഞാപനം

കസ്തൂരിരംഗൻ കമ്മിറ്റി റിപ്പോർട്ടിനെ ആധാരമാക്കി കേന്ദ്രസർക്കാർ പശ്ചിമഘട്ടത്തെ സംബന്ധിച്ച പരിസ്ഥിതിലോല മേഖലകളെ നിശ്ചയിക്കുന്ന കരട് വിജ്ഞാപനം 2022-ൽ പ്രസിദ്ധീകരിക്കുകയുണ്ടായി. വിജ്ഞാപനപ്രകാരം 123 വില്ലേജുകൾ ഇ.എസ്എ പരിധിയിൽ വരുന്നുണ്ട്. ഇവയിൽ നമ്മുടെ മണ്ഡലത്തിൽപ്പെടുന്ന കള്ളിക്കാട്, അമ്പൂരി, വാഴിച്ചൽ വില്ലേജുകളും ഉൾപ്പെടുന്നു. ഈ വിജ്ഞാപനം നടപ്പായാൽ നിരവധിയാളുകളുടെ ജീവനോപാധികളെ ബാധിക്കുമെന്നതിനാൽ ഈ വില്ലേജുകളിലെ ജനങ്ങൾ പ്രത്യേകിച്ചും കടുത്ത ആശങ്കയിലായിരുന്നു. ഉടൻതന്നെ ഞാൻ കേന്ദ്ര വനംപരിസ്ഥിതി വകുപ്പ് മന്ത്രിയെ ബന്ധപ്പെടുകയും വിവിധ കാരണങ്ങളാൽ ഈ മൂന്ന് വില്ലേജുകളും ESA പരിധിയിൽ ഉൾപ്പെടുത്തിയതിൽ പിഴവുണ്ടായിട്ടുണ്ട് എന്ന് ചൂണ്ടിക്കാട്ടുകയുമുണ്ടായി. ഈ മൂന്നു വില്ലേജുകളിലും ESA പരിധിയിൽ വരുന്ന ആകെ സ്ഥലം 20 ശതമാനത്തിലും താഴെയായതിനാൽ ഈ വില്ലേജുകളെ ഒഴിവാക്കാവുന്നതാണ്. അതുപോലെതന്നെ ഈ വില്ലേജുകളിൽ ഒരു ചതുരശ്ര കിലോമീറ്ററിൽ നൂറിലേറെ ഉയർന്ന തോതിൽ ജനസാന്ദ്രതയുണ്ടെന്നതും ഇവയെ ESA പരിധിയിൽനിന്നും ഒഴിവാക്കാൻ പര്യാപ്തമാണ്. ഈ വില്ലേജുകളിലൊന്നിലും തന്നെ യാതൊരുവിധ പ്രധാന വ്യവസായങ്ങളോ പരിസ്ഥിതി മലിനീകരണം ഉണ്ടാക്കുന്ന യൂണിറ്റുകളോ പ്രവർത്തിക്കുന്നില്ലായെന്നും, ഏതെങ്കിലും സംരക്ഷിതമോ അപൂർവ്വമോ ആയ ജൈവ വൈവിധ്യ കലവറയെ ഉൾക്കൊള്ളുന്നില്ലായെന്നും ഞാൻ ചൂണ്ടിക്കാട്ടി.

മേൽപറഞ്ഞ മൂന്നു കാര്യങ്ങളെ അടിസ്ഥാനമാക്കി വിശദീകരിച്ചതിനാൽ, തുടർന്നു നടന്ന യോഗങ്ങളിൽ കേന്ദ്രമന്ത്രിയേയും മറ്റ് ഉയർന്ന ഉദ്യോഗസ്ഥരേയും വസ്തുത ബോധിപ്പിക്കുന്നതിനും പിന്നീട് പരിഷ്ക്കരിച്ച് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ ഇ എസ് എ പരിധിയിൽ നിന്നും നമ്മുടെ ഈ മൂന്ന് വില്ലേജുകളെ ഒഴിവാക്കുന്നതിനും കഴിഞ്ഞു. അതുകൊണ്ട് തന്നെ ഈ വില്ലേജുകളിലെ താമസക്കാരായ ജനങ്ങൾക്ക് അവരുടെ ജീവിതം നിർവിഘ്നം തുടരുന്നതിനും കുടിയിറക്ക് ഭീഷണി കൂടാതെ ജീവിക്കാനും സാധിക്കും.

# ആരോഗ്യം

## എസ്.സി.ടി.ഐ.എം.എസ്.ടി. (SCTIMST)

ശ്രീചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആൻഡ് ടെക്നോളജി നമ്മുടെ മെഡിക്കൽ ഗവേഷണ മേഖലയിലെ മികച്ച സ്വയംഭരണ സ്ഥാപനങ്ങളിലൊന്നാണ്. 1973-ൽ തിരുവനന്തപുരത്ത് സ്ഥാപിച്ച ദേശീയ പ്രാധാന്യമുള്ള ഈ ഇൻസ്റ്റിറ്റ്യൂട്ട് നമ്മുടെ അഭിമാന ജീവൻരക്ഷാ സ്ഥാപനമാണ്. ഈ സ്ഥാപനത്തിന്റെ നടത്തിപ്പിലും വികസനത്തിലും ഞാൻ തെരഞ്ഞെടുക്കപ്പെട്ട കാലം മുതൽ അതീവശ്രദ്ധ ചെലുത്തിവരുന്നുണ്ട്. ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് അതിന്റെ പ്രഖ്യാപിത വികസന പദ്ധതികളുമായി മുന്നോട്ടു പോകുന്നതിൽ ആവശ്യമായ ഫണ്ട് കണ്ടെത്തുന്ന കാര്യത്തിൽ ചില ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ മാറിമാറി വന്ന മേധാവികളുമായും കേന്ദ്രശാസ്ത്ര സാങ്കേതിക മന്ത്രിയുമായും ഇത് സംബന്ധിച്ച് ചർച്ച നടത്തുകയുണ്ടായി. ഈ യോഗങ്ങളിലെല്ലാം തന്നെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വികസന പ്രവർത്തനങ്ങൾക്ക് എന്റെ പൂർണ്ണപിന്തുണ അറിയിച്ചിരുന്നു. പ്രധാനമായും ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിലവിലെ കെട്ടിടത്തിനു സമീപം, തിരുവനന്തപുരം മെഡിക്കൽ കോളേജ് വിട്ടുകൊടുത്ത സ്ഥലത്താണ് വികസനനിർമ്മാണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ അഭ്യർത്ഥനപ്രകാരം ഇൻസ്റ്റിറ്റ്യൂട്ട് ഏർപ്പെടുത്തിയ സേവനങ്ങൾക്കുള്ള ഫീസ് വർദ്ധന സംബന്ധിച്ച വിവാദം മാധ്യമങ്ങളിലും ജനങ്ങൾക്കിടയിലും ഉയർന്നുവന്നത് നിർവീര്യമാക്കുന്നതിലും ഞാനിടപെട്ടു.

ഇതിനിടെ, കേന്ദ്രസർക്കാർ ഞാൻ അപേക്ഷിച്ചപ്രകാരം 230 കോടി രൂപയുടെ സഹായം ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ടിന് അനുവദിച്ചത് സ്വാഗതം ചെയ്യുന്നു. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയമാണ് 120 കോടി രൂപ അനുവദിച്ചത്. 110 കോടി രൂപ ശാസ്ത്ര സാങ്കേതിക വകുപ്പും അനുവദിക്കുകയുണ്ടായി. ഈ രണ്ട് വകുപ്പുകൾക്കും ഞാൻ ഇതുമായി ബന്ധപ്പെട്ട് അപേക്ഷകൾ അയയ്ക്കുകയും ബന്ധപ്പെട്ടവരുമായി കൂടിക്കാഴ്ചകൾ നടത്തുകയും ചെയ്തിരുന്നു.



## PMNRF

170 കിടക്കകളുള്ള PMNRF ബ്ലോക്ക് 230 കോടി രൂപ ചെലവിട്ട് 83.4 സെൻറ് സ്ഥലത്ത് നിർമ്മിക്കുകയാണ്. ഈ ബ്ലോക്ക് പൂർത്തിയാകുന്നതോടെ, പ്രതിവർഷം 10,000 ഇൻപേഷ്യൻസിനെയും 15000 ഔട്ട് പേഷ്യൻസിനേയും അധികമായി ചികിത്സിക്കാമെന്ന് ഇൻസ്റ്റിറ്റ്യൂട്ട് പ്രതീക്ഷിക്കുന്നു. കൂടാതെ 105000 ഔട്ട് പേഷ്യൻസിന്റെയും തുടർ പരിശോധന സാധ്യമാകും.

## റീജിയണൽ കാൻസർ സെന്റർ (RCC)

തിരുവനന്തപുരത്തെ റീജിയണൽ കാൻസർ സെന്ററിന് അധികവിഭവങ്ങൾ ലഭ്യമാക്കുന്നതിനായി ഞാൻ കുറേക്കാലമായി പരിശ്രമിച്ചുവരികയാണ്. വിഷയം പാർലമെൻറിൽ ഉന്നയിക്കുകയും ആരോഗ്യമന്ത്രിയുമായി നേരിട്ട് ബന്ധപ്പെടുകയും ചെയ്തിട്ടും, RCCയെ ഒരു ദേശീയ പ്രാധാന്യമുള്ള സ്ഥാപനമാക്കി ഉയർത്താനുള്ള ശ്രമങ്ങൾ പൂർണ്ണമായും വിജയിച്ചിട്ടില്ല. ഇങ്ങനെയൊക്കെയാണെങ്കിലും, കേന്ദ്ര സർക്കാർ RCCയെ ഒരു സ്റ്റേറ്റ് കാൻസർ ഇൻസ്റ്റിറ്റ്യൂട്ട് എന്ന നിലയിൽ പിന്തുണയ്ക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് ഞാൻ പാർലമെൻറിൽ ഉന്നയിച്ച ചോദ്യത്തിന്, നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ഓഫ് കാൻസർ, ഡയബറ്റിസ്, കാർഡിയോവാസ്കുലാർ ഡിസീസസ് ആൻഡ് സ്ട്രോക്ക് (NPCDCS) പദ്ധതിയിൽപ്പെടുത്തി 46.957 കോടി രൂപ കേന്ദ്ര ആരോഗ്യ മന്ത്രാലയം അനുവദിച്ചു. ഇത് കേന്ദ്രസർക്കാർ സഹായത്തിന്റെ ഒന്നാം ഗഡുവായാണ് അനുവദിച്ചിട്ടുള്ളത്. ഈ തുക 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാന സർക്കാരിന് കൈമാറിയിരുന്നു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാമ്പത്തിക നില ഭദ്രമാക്കുന്നത് ലാക്കാക്കി 2021-ൽ പവർഗ്രിഡ് കോർപ്പറേഷനെ സമീപിക്കുകയും അവരുടെ CSR ഫണ്ടിൽ നിന്നും 20 കോടി രൂപ ചില പ്രധാന ജീവൻരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിലേക്കായി അനുവദിപ്പിക്കുകയും ചെയ്തു.

# കേന്ദ്രപദ്ധതികൾ

## PMNRF RAN

ചികിത്സാചിലവുകൾക്കായി സഹായം തേടി നിരവധി പേരാണ് എന്നെ സമീപിക്കുന്നത്. ഇങ്ങനെയുള്ളവരെ സഹായിക്കുന്നതിനുള്ള ഒരു മാർഗ്ഗം 'പ്രധാനമന്ത്രിയുടെ ദേശീയ ആശ്വാസ നിധി' അല്ലെങ്കിൽ ആരോഗ്യമന്ത്രാലയത്തിൻ കീഴിലുള്ള 'രാഷ്ട്രീയ ആരോഗ്യനിധി' എന്നിവയാണ്. 2014-2016-കാലയളവിൽ മാത്രം ഞാൻ ഇത്തരത്തിലുള്ള 170 അപേക്ഷകൾ സഹായത്തിനായി ശുപാർശ ചെയ്തു. അവയിൽ 109 ആളുകൾക്ക് 1.70 കോടി രൂപ സഹായ ധനം ലഭിച്ചു.

2019-2024 കാലയളവിൽ 560 ഇത്തരം അപേക്ഷകൾ ശുപാർശ ചെയ്തു. അവയിൽ 172 പേർക്ക് 2,29,87,500 രൂപ അനുവദിച്ചു.

## PMSAGY ഗ്രാമ ദത്തെടുക്കൽ പദ്ധതി

വളരെ ആഘോഷത്തോടെ പ്രഖ്യാപിച്ചതാണെങ്കിലും PMSAGY പദ്ധതിക്ക് അതിന്റെ നടത്തി

പ്പിനു വേണ്ടി മാത്രമായി ഫണ്ട് നീക്കിവച്ചിട്ടില്ല. അതുകൊണ്ടുതന്നെ, നമുക്ക് മനസ്സിലാക്കാൻ കഴിയുന്നതുപോലെ, ഈ പദ്ധതിക്ക് വളരെ പരിമിതമായ വിജയമേ ഉണ്ടായിട്ടുള്ളു. എന്നിരുന്നാലും, ജനസാന്ദ്രതയേറിയ മത്സ്യബന്ധന ഗ്രാമമായ അടിമലത്തുറ ഉൾക്കൊള്ളുന്ന കോവളത്തെ കോട്ടുകാൽ പഞ്ചായത്തിനെ P.M.S.A.G.Y.സ്കീമിന്റെ ഒന്നാംഘട്ടത്തിലേക്കായി തിരഞ്ഞെടുത്തു. പിന്നീടുള്ള വർഷങ്ങളിൽ ഇതേ സ്കീം അമ്പൂരി, കുളത്തൂർ, ചെങ്കൽ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിച്ചു.

## സ്വച്ച് ഭാരത്

രാഷ്ട്രീയമായ വിമർശനം നേരിടേണ്ടിവന്നെങ്കിലും 'സ്വച്ച് ഭാരത് അഭിയാൻ'-ന്റെ ആദ്യ അംബാസഡർമാരിലൊരാളാവാനുള്ള പ്രധാനമന്ത്രിയുടെ ക്ഷണം ദേശ സേവനത്തിന്റെ സ്പിരിറ്റിൽ ഞാൻ സ്വീകരിച്ചു. ഇതിന്റെ ഭാഗമായി വിഴിഞ്ഞം ബീച്ചിന്റെ പ്രധാനഭാഗങ്ങൾ പ്രാദേശിക ജനതയുടെ പിന്തുണയോടെ വൃത്തിയാക്കുന്ന ശ്രമത്തിൽ ഞാൻ ഏർപ്പെട്ടു. സ്ഥലത്തെ മുസ്ലീം ജമാഅത്ത് ഭാരവാഹികളും അതിലെ അംഗങ്ങളും കോൺഗ്രസ് പാർട്ടി പ്രവർത്തകരും സാധാരണ ജനങ്ങളും ഈ ശുചീകരണ പ്രവർത്തനത്തിൽ എന്നോടൊപ്പം പങ്കാളികളായി. ആ പ്രദേശം വൃത്തിയായി സൂക്ഷിക്കുന്നു എന്ന് ഉറപ്പാക്കാൻ ഞാൻ മുറയ്ക്ക് അവിടം സന്ദർശിച്ചുപോരുന്നു. ഈ പ്രദേശം കൂടുതൽ മോടിപിടിപ്പിക്കുന്നതിന്റെ ഭാഗമായി ടൂറിസം വകുപ്പിന്റെ പദ്ധതിയിൽപ്പെടുത്തി മുൻസർക്കാരിന്റെ കാലത്ത് ഫണ്ട് അനുവദിപ്പിച്ചു. ഇങ്ങനെ പ്രതീകാത്മകമായി ചെയ്യുന്നതിനപ്പുറം ഇതിനേക്കാൾ കൂടുതൽ ബൃഹത്തായ എന്തെങ്കിലും ചെയ്യുവാൻ ഈ അവസരം ഉപയോഗിച്ച് ഞാൻ പ്രധാനമന്ത്രിക്ക് കത്തെഴുതി. ജില്ലാകളക്ടറുടെ സഹായത്തോടെ 75-പേജുള്ള വിശദമായ ശുപാർശ ചരിത്രപ്രാധാന്യമുള്ള പാർവ്വതിപുത്തനാർ പുനരുജ്ജീവനത്തിനായി തയ്യാറാക്കി. വൃത്തിയാക്കിയതുകൊണ്ടു മാത്രമാവില്ലെന്നും സമഗ്രമായ പദ്ധതിയില്ലെങ്കിൽ വീണ്ടും പാർവ്വതിപുത്തനാർ മാലിന്യത്താൽ നിറയുമെന്നും ചൂണ്ടിക്കാട്ടുകയുണ്ടായി. ഇവിടെനിന്നും മാലിന്യങ്ങളും ചെളിയും നീക്കം ചെയ്യുന്നത് കൂടാതെ ആറിന്റെ ഇരുകരയിലുമുള്ള വീടുകളെ നഗരത്തിന്റെ സീവേജ് ശൃംഖലയുമായി ബന്ധിപ്പിക്കുകയും മാലിന്യ നിർമ്മാർജ്ജനത്തിന് ബദൽ സംവിധാനം ഏർപ്പെടുത്തുകയും വേണം. അങ്ങനെയൊരു ബൃഹത്തായ പദ്ധതി ഒരു എം.പിയുടേയോ പ്രാദേശിക ഭരണകൂടത്തിന്റെയോ കഴിവിന് അപ്പുറമാണ്. കേന്ദ്ര സഹായം തന്നെ വേണം. നിർഭാഗ്യവശാൽ പ്രധാനമന്ത്രിയുടെ ഭാഗത്തുനിന്നും ഇതുവരെ മറുപടി ലഭിച്ചിട്ടില്ല.

ശുചീകരണ ഉദ്യോഗസ്ഥരുടെ യോഗങ്ങളിൽ ബീമാപള്ളി പരിസരത്തെ കുറേ വീടുകളെ മുട്ടത്തറ സീവേജുമായി ബന്ധിപ്പിക്കുന്നതിന്റെ ആവശ്യകതയേപ്പറ്റി ധരിപ്പിച്ചു. എന്റെ മണ്ഡലത്തിൽ ശുചീകരണ മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പാക്കാൻ ഞാൻ തുടർന്നും ശ്രമിച്ചുകൊണ്ടിരിക്കുന്നു.



## സ്മാർട്ട് നഗര പദ്ധതി

കേന്ദ്രസർക്കാരിന്റെ സ്മാർട്ട് സിറ്റീസ് പ്രോജക്ടിന്റെ ആദ്യ റൗണ്ടിൽ തിരുവനന്തപുരത്തെ ഒഴിവാക്കിയതിൽ ഞാൻ ശക്തമായ പ്രതിഷേധവും എതിർപ്പും ഉയർത്തിയിരുന്നു. തുടർന്ന് കേന്ദ്ര നഗര വികസന മന്ത്രി, എല്ലാ സംസ്ഥാനതലസ്ഥാനങ്ങളേയും പദ്ധതിയിൽ ഉൾപ്പെടുത്തുകയും 1155 കോടി രൂപയുടെ ഫണ്ട് അനുവദിക്കുകയും ചെയ്തു. പദ്ധതിയുടെ ഭാഗമായ സ്മാർട്ട് റോഡുകളുടെ നിർമ്മാണം, ഇൻറഗ്രേറ്റഡ് കമാൻഡ് കൺട്രോൾ സിസ്റ്റം, ഇന്റഗ്രേറ്റഡ് ട്രാഫിക്ക് കൺട്രോൾ സിസ്റ്റം, കെ.എസ്.ആർ.ടി.സിക്ക് 100 ഇ-ബസുകൾ, സർക്കാർ ഓഫീസുകൾക്ക് സോളാർ പാനൽ എന്നീ പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. സ്മാർട്ട്സിറ്റി II പദ്ധതിയിൽ ഉൾപ്പെടുത്തിയ കേരളത്തിലെ നഗരമാണ് തിരുവനന്തപുരം. ഈ പദ്ധതിയിൻ കീഴിൽ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കാണ് ഊന്നൽ. ഉറവിടത്തിൽതന്നെ മാലിന്യം സംസ്കരിക്കുന്ന പദ്ധതിയുടെ ആദ്യഗഡുവായി 150 കോടി രൂപ ലഭിക്കും.

## രാജീവ് ആവാസ് യോജന (RAY)

കഴിഞ്ഞ ടേമിൽ രാജീവ് ആവാസ് യോജനയുടെ പൈലറ്റ് പദ്ധതിയിൽ വിഴിഞ്ഞത്തെ മതിപുരം കോളനിയെ തിരഞ്ഞെടുക്കുന്നതിൽ എനിക്ക് സജീവമായി ഇടപെടാൻ കഴിഞ്ഞു. ഈ പദ്ധതിയിൽ 1032 കുടുംബങ്ങൾക്ക് സ്വതന്ത്ര ആധുനിക വീടുകൾ നൽകി പുനരധിവസിപ്പിക്കും. ഇവിടെ പാർക്കുകൾ, അംഗൻവാടികൾ തുടങ്ങിയ സൗകര്യങ്ങളോടെ സാമൂഹ്യ സാമ്പത്തിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തിയ പാർപ്പിട സമുച്ചയമാവും നിർമ്മിക്കുക. 72 കോടി രൂപയാണ് ഇതിന്റെ അടങ്കൽ. 2014ൽ തുടങ്ങിയ ഒന്നാംഘട്ടത്തിൽ 81 വീടുകൾ പൂർത്തിയാക്കി 2015ൽ കൈമാറ്റം നടത്തി. രണ്ടാംഘട്ടത്തിൽ 321 യൂണിറ്റുകൾ പൂർത്തിയാക്കി 2022 ൽ കൈമാറി. ഇപ്പോഴത്തെ കേന്ദ്ര സർക്കാർ ഈ പദ്ധതി പിന്നീട് തുടർന്നില്ല.

## വിഴിഞ്ഞം ലൈറ്റ്ഹൗസ് ആധുനികവൽക്കരണം

വിഴിഞ്ഞം ലൈറ്റ്ഹൌസ് വളരെ മനോഹരമായ സ്ഥലത്താണ് നിലകൊള്ളുന്നത്. ആ സ്ഥലത്തിന്റെ വിനോദ സഞ്ചാര സാധ്യത പരിഗണിച്ച് കേന്ദ്രഷിപ്പിംഗ് മന്ത്രാലയത്തിൽ നിന്നും 2 കോടി രൂപ ലഭ്യമാക്കി ലൈറ്റ്ഹൌസും പരിസരവും മോടിപിടിപ്പിച്ചു. പുതിയ ലിഫ്റ്റ് സ്ഥാപിച്ചും ടൈലുകൾ വിരിച്ചും മെച്ചപ്പെട്ട കാഴ്ചയ്ക്കു വേണ്ടി ഗാലറി നിർമ്മിച്ചു. ഈ പ്രവൃത്തി പുരോഗമിക്കവേ തന്നെ, ഈ ലൈറ്റ് ഹൌസ് പദ്ധതിയെ മികച്ച വിനോദസഞ്ചാര ഇടങ്ങളായി പിപിപി മോഡലിൽ വികസിപ്പിക്കുന്ന ഡയറക്ടർ ജനറൽ ഓഫ് ലൈറ്റ് ഹൌസ് & ലൈറ്റ് ഷിപ്സിന്റെ പട്ടികയിൽ ഉൾപ്പെടുത്തി 3.86 കോടി രൂപ ഗ്രാൻറായി ലഭ്യമാക്കുകയുണ്ടായി. കഫ്റ്റീരിയ, മ്യൂസിക്കൽ ഫൗണ്ടൻ എന്നിവ കൂടി വന്നതോടെ വിഴിഞ്ഞം ലൈറ്റ്ഹൗസ് നഗരത്തിലെ പ്രധാന വിനോദ സഞ്ചാരകേന്ദ്രമായി മാറി.

## ശ്രീപത്മനാഭസ്വാമി ക്ഷേത്രം

അനന്തതയെ പ്രതീകവൽക്കരിക്കുന്ന അനന്തശായിയായ ശ്രീപത്മനാഭസ്വാമി തിരുവനന്തപുരം നഗരത്തിന്റെ ആസ്ഥാന ദേവനാണ്. നഗരത്തിന്റെ പേരുതന്നെ ക്ഷേത്രവുമായി ബന്ധപ്പെട്ടാണ് ഉണ്ടായത്. 'സ്വദേശ് ദർശൻ' പദ്ധതിയിൻ കീഴിൽ കേന്ദ്ര വിനോദസഞ്ചാര വകുപ്പ് ആശയങ്ങളെ അടിസ്ഥാനമാക്കിയുള്ള ടൂറിസം സർക്യൂട്ടുകളുടെ വികസനത്തിന് ഊന്നൽ നൽകുന്നു. ഈ പദ്ധതിയുടെ ഭാഗമായി ശ്രീപത്മനാഭസ്വാമി ക്ഷേത്രപരിസരം മോടിപിടിപ്പിക്കുന്നതിനും മറ്റുമായി 76.26 കോടി രൂപ അനുവദിപ്പിച്ചു. കുറേക്കൂടി ബൃഹത്തായ വികസന പദ്ധതികൾ ലക്ഷ്യമാക്കി 300 കോടി രൂപയുടെ സഹായമാണ് ഞാൻ ആവശ്യപ്പെട്ടത്. എങ്കിലും ഇപ്പോൾ ഒന്നാം ഗഡു അനുവദിച്ചത് ഒരു നല്ല തുടക്കമാണ്. ശബരിമല, കുരിശുമല തീർത്ഥാടന കേന്ദ്രങ്ങളിലേക്ക് കൂടി ഇത്തരം ഒരു ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. അത് നിലവിൽ സർക്കാരിന്റെ പരിഗണനയിലുമാണ്.

# സ്ഥാപനങ്ങൾ

UPA II സർക്കാരിന്റെ കാലത്ത് കേന്ദ്രസഹമന്ത്രിയെന്ന നിലയിൽ പ്രവർത്തിക്കുമ്പോൾ തിരുവനന്തപുരത്ത് എനിക്ക് ആരംഭിക്കാനായ കേന്ദ്രസർക്കാർ സ്ഥാപനങ്ങൾ.

- **പാസ്പോർട് സേവാ കേന്ദ്രം, തിരുവനന്തപുരം–വഴുതക്കാട്**
- **പാസ്പോർട് സേവാ കേന്ദ്രം, തിരുവനന്തപുരം–നെയ്യാറ്റിൻകര**
- **ബയോ ഇന്നവേറ്റീവ് സെൻറർ ഫോർ ആർ.ജി.സി.ബി, ആക്കുളം.**
- **എൻ സി ഇഎസ് എസ് (സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എന്ന് മുൻപ് അറിയപ്പെട്ടിരുന്നു), ആക്കുളം.**
- **സിബിഎസ് സി റീജിയണണൽ ഓഫീസ്, പട്ടം**
- **സിപിഡബ്ല്യുഡി റീജിയണൽ ഓഫീസ്, പൂങ്കുളം**
- **എഐസിടിഇ റീജിയണൽ ഓഫീസ്, ചാവടിമുക്ക്**
- **ഇഎസ്ഐ കോർപ്പറേഷൻ സബ്റീജിയണൽഓഫീസ് (പഞ്ചദീപ് ഭവൻ) തൈക്കാട്**
- **ഭാരതീയ മഹിളാ ബാങ്ക്, മണക്കാട്**
- **കേന്ദ്രീയ വിദ്യാലയ സംഘതൻ, പട്ടം**
- **ക്യാപിറ്റൽ സെൻറർ, കേന്ദ്രസർവ്വകലാശാല, പട്ടം**

## നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് (NCESS)

സംസ്ഥാന സർക്കാർ ഉടമസ്ഥതയിൽ പ്രവർത്തിച്ചിരുന്ന സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് എന്ന സ്ഥാപനം 2014-ൽ ഭാരത സർക്കാരിന്റെ ഭൗമശാസ്ത്ര മന്ത്രാലയത്തിനു കീഴിൽ നാഷണൽ സെൻറർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് ആയി പരിണമിച്ചത് അവിടെ മൂന്നു ദശാബ്ദത്തോളം പ്രവർത്തിച്ചിരുന്ന പ്രശസ്തരായ ശാസ്ത്രജ്ഞർക്ക് ലഭിച്ച അംഗീകാരമാണ്. മാത്രമല്ല, വരുംനാളുകളിൽ നമ്മുടെ ഭൂമിയുടെ നിഗൂഢതകളിലേക്ക് വെളിച്ചം വീശുന്നതിൽ ഈ സ്ഥാപനം

നിർവ്വഹിക്കാൻ പോകുന്ന പ്രധാന പങ്കിനെക്കുറിച്ച് ഈ മാറ്റം സൂചന നല്കുന്നുണ്ട്. തങ്ങൾക്ക് ലഭ്യമായിരിക്കുന്ന പുതിയ വിഭവങ്ങൾ ഉപയോഗപ്പെടുത്തി ഭൗമശാസ്ത്രമേഖലയിലെ ആധുനിക ശാസ്ത്ര സാങ്കേതിക ഗവേഷണ പ്രവർത്തനങ്ങളും, വികസനോന്മുഖമായ പഠനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന ഈ സ്ഥാപനത്തിന് സുപ്രധാനമായ പങ്ക് വഹിക്കാൻ കഴിയും.

ഭൂമിയെ അതിന്റെ പൂർണ്ണതയിൽ മനസ്സിലാക്കുന്നതിനുള്ള, സർവ്വതിനേയും ഉൾവഹിക്കുന്ന വിഷയവൈവിധ്യത്തെ ഉൾക്കൊള്ളുന്ന സമീപനമാണ് ഈ സ്ഥാപനം സ്വീകരിക്കുന്നത്. ഭൂമിയുടെ ഉത്ഭവം മുതൽ ഇന്നുവരെയുള്ള സ്ഥിതിയെക്കുറിച്ച് അറിവ് നേടിക്കൊണ്ടും അനുദിനം വർദ്ധിക്കുന്ന പ്രകൃതിവിഭവങ്ങളുടെ ആവശ്യം പരിഗണിച്ചുകൊണ്ടുമുള്ള പഠനമാണ് ഇവിടെ നടക്കുന്നത്.

## നിഷ് സർവ്വകലാശാല (NISH University)

ദി നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ് (NISH) ആക്കുളം എന്ന സ്ഥാപനം വൈകല്യമുള്ളവർക്ക് ഉയർന്ന വിദ്യാഭ്യാസം നല്കുന്നതിനുള്ള ഒരു സംരംഭമാണ്. കാഴ്ച, ശ്രവണ പരിമിതിയുള്ളവർക്കും, ഓട്ടിസം ബാധിച്ചവർക്കും മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും വിദ്യാഭ്യാസവും ചികിത്സയും നല്കുന്നതിനൊപ്പം ഒരു ഗവേഷണ കേന്ദ്രമായി വികസിപ്പിക്കണമെന്ന ആവശ്യം കേന്ദ്രസർക്കാർ അംഗീകരിച്ചതുകൊണ്ടാണ് ഈ സ്ഥാപനത്തെ ഒരു മികവിന്റെ കേന്ദ്രമായി ഉയർത്തുവാൻ തീരുമാനമായത്. ധനകാര്യമന്ത്രിയുടെ 2015-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ തന്നെ 'നിഷി'നെ ഒരു സർവ്വകലാശാലയായി പ്രഖ്യാപിച്ചിരുന്നു. സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം ഈ സർവകലാശാലയുടെ വികസനത്തിനായി ആദ്യവർഷങ്ങളിൽ 390 കോടി രൂപ അനുവദിക്കുന്നതാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ തന്നെ പറഞ്ഞിരുന്നു. ഈ പണം ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യങ്ങളും പ്രവർത്തനഘടകങ്ങളും ലഭ്യമാക്കേണ്ടിയിരുന്നു.

എന്നാൽ ബഡ്ജറ്റ് പ്രസംഗം കഴിഞ്ഞ് വർഷങ്ങൾ പിന്നിട്ടിട്ടും സർക്കാർ നിഷ് യൂണിവേഴ്സിറ്റി ബിൽ ഇനിയും പാർലമെൻറിൽ അവതരിപ്പിച്ചിട്ടില്ല. ബിൽ വേഗം അവതരിപ്പിക്കണമെന്ന് ഞാൻ ഔപചാരികമായിതന്നെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രിയോട് 2018-ൽ ആവശ്യപ്പെട്ടിരുന്നു. പലഘട്ടങ്ങളിലും ഇടപെട്ട് ഞാനീ വിഷയം ഉന്നയിക്കുന്നുണ്ട്.

## സി.എം.എഫ്.ആർ.ഐ. (CMFRI) വിഴിഞ്ഞം

ഇന്ത്യൻ പോംബനോ മത്സ്യ സ്പീഷീസുകളുടെ പ്രജനനവും വിത്തുൽപ്പാദനവും വർദ്ധിപ്പിക്കുവാൻ വേണ്ടി കേന്ദ്ര കൃഷി മന്ത്രാലയത്തിനു കീഴിൽ പ്രവർത്തിക്കുന്നതാണ് ഈ സ്ഥാപനം. നാഷണൽ ഫിഷറീസ് ഡവലപ്മെൻറ് ബോർഡ് 2017 ൽ 5.64 കോടി രൂപ വിഴിഞ്ഞത്തെ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് (CMFRI) അനുവദിച്ചിരുന്നു. 2009-2014-ലെ എം.പി. റിപ്പോർട്ടിൽ സി.എം.എഫ്.ആർ.ഐയ്ക്ക് പുതിയ കെട്ടിടം നിർമ്മിച്ചതിനെ കുറിച്ച് ഞാൻ സൂചിപ്പിച്ചിരുന്നു. എം.പിയെന്ന നിലയിൽ ഈ പ്രധാന സ്ഥാപനത്തിന്റെ പുരോഗതി ഉറപ്പാക്കുവാൻ എപ്പോഴും ഞാൻ ബദ്ധശ്രദ്ധനായിരുന്നു.

## എച്ച്.എൽ.എൽ. – ന്റെ സ്വകാര്യവത്ക്കരണം

കഴിഞ്ഞ 50 വർഷങ്ങളായി ലാഭത്തിലോടുന്ന എന്റെ മണ്ഡലത്തിലെ ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനമാണ് എച്ച്എൽഎൽ. കേന്ദ്ര സർക്കാർ അടുത്തകാലത്ത് എച്ച്.എൽ.എൽ (HLL) സ്വകാര്യവൽക്കരിക്കാൻ കൈക്കൊണ്ട തീരുമാനത്തിനെതിരായി ജീവനക്കാരുടേയും ട്രേഡ് യൂണിയനുകളുടെയും ശക്തമായ പ്രതിരോധമാണുണ്ടായത്.

എച്ച്.എൽ.എല്ലിന്റെ റെക്കോർഡ് പരിഗണിച്ചുകൊണ്ടുവേണം സർക്കാർ തീരുമാനമെടുക്കേണ്ടതെന്ന ജീവനക്കാരുടേയും ട്രേഡ് യൂണിയനുകളുടേയും നിലപാടിന് ഞാൻ ശക്തമായ പിന്തുണ നല്കുന്നു. തൊഴിലാളി സംഘടനാ പ്രതിനിധികൾക്കൊപ്പം ഞാൻ കേന്ദ്ര ധനകാര്യമന്ത്രിയെ നേരിട്ടുകണ്ട് അടിയന്തരിമായി ഈ സ്വകാര്യവൽക്കരണനീക്കം മരവിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. തല്ക്കാലം തീരുമാനം നടപ്പാക്കാതിരിക്കാമെന്ന് മന്ത്രി എനിക്ക് ഉറപ്പ് നല്കിയെങ്കിലും ഈയിടെയായി കേന്ദ്രസർക്കാരിൽ നിന്നും എച്ച്.എൽ.എല്ലിനു ലഭിക്കുന്ന ഓർഡറുകൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ഇത് ലേ ഓഫ്-കളിലേക്കും അതിനേതുടർന്ന് നഷ്ടത്തിലേക്കും തള്ളിവിടുകയും സ്ഥാപനത്തിന്റെ ഭാവിയെ തന്നെ ബാധിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യവൽക്കരണം നഷ്ടത്തിൽ പോകുന്ന സ്ഥാപനങ്ങളിലേക്ക് ചുരുക്കണമെന്നും ലാഭകരമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സുഗമമായി പ്രവർത്തിപ്പിക്കുവാൻ അനുവദിക്കണമെന്നുമാണ് ഞാൻ സർക്കാരിനോട് ആവശ്യപ്പെടുന്നത്.

## ഐ.സി.സി.ആർ. മേഖലാ ഓഫീസ് നിലനിർത്താൻ നടപടി

ഇന്ത്യൻ കൗൺസിൽ ഓഫ് കൾച്ചറൽ റിലേഷൻസിന്റെ തിരുവനന്തപുരം മേഖലാ ഓഫീസ് ചെന്നൈ ഓഫീസുമായി ലയിപ്പിക്കാനുള്ള തീരുമാ

നത്തെ തുടർന്ന്, ഞാൻ കേന്ദ്ര വിദേശകാര്യമന്ത്രിയുമായും കൗൺസിലിന്റെ ഡെപ്യൂട്ടി ഡയറക്ടർ ജനറലുമായും സംസാരിക്കുകയുണ്ടായി. ഈ നിർണ്ണായക ഇടപെടൽ വഴി ഇക്കാര്യത്തിൽ അന്തിമ തീരുമാനം എടുക്കുന്നത് മാറ്റിവച്ചിട്ടുണ്ട്. മേഖലാ ഓഫീസ് ചെന്നൈയിലായാൽ സഹായം തേടുന്ന വിദ്യാർത്ഥികൾക്ക് ഇത്രയും ദൂരം പോകുന്നത് കൂടുതൽ പ്രയാസകരമായിരിക്കുമെന്ന് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. കേരളത്തിൽ ഒരു മേഖലാ ഓഫീസ് പ്രവർത്തിക്കുന്നത് വിവിധ സാംസ്ക്കാരിക പരിപാടികളെ ഏകോപിപ്പിക്കുന്നതിന് പുറമേ, കേരളവും വിദേശരാജ്യങ്ങളുമായി നല്ല കലാ സാംസ്കാരിക ബന്ധം വളർത്തിയെടുക്കുന്നതിന് സഹായകമാകുമെന്നും ഞൻ വിശദീകരിച്ചു. ഇപ്പോഴത്തെ തീരുമാനം ICCR തിരുവനന്തപുരം ഓഫീസിലെ വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും ഒരേ പോലെ ആശ്വാസകരമാണ്.

## ബ്രഹ്മോസ് ഏയ്റോ സ്പേസ് ലിമിറ്റഡ് (BATL)

ബിഎടിഎൽ (BATL) ബ്രഹ്മോസ് എയ്റോസ്പേസ് ലിമിറ്റഡിന്റെ പൂർണ്ണ ഉടമസ്ഥതയിലുള്ള ഒരു ഉപസ്ഥാനമാണ്. ഇന്ത്യയുടെ ഡിഫൻസ് റിസർച്ച് & ഡവലപ്പ്മെൻറ് ഓർഗനൈസേഷൻ (ഡി.ആർ.ഡി.ഒ)-യുടേയും റഷ്യയുടെ ഫെഡറൽ സ്റ്റേറ്റ് യൂണിറ്ററി എൻറർപ്രൈസ് എൻ.പി.ഒ, മഷിനോസ്ട്രോയേനിയ (NPOM) ന്റെയും സംയുക്ത സംരംഭമാണ് ബ്രഹ്മോസ് എയ്റോ സ്പേസ് ലിമിറ്റഡ്. ബ്രഹ്മപുത്ര, മോസ്ക്കോവ നദികളുടെ പേരുകൾ ചേർത്താണ് ബ്രഹ്മോസ് എന്ന മിസൈൽ പേരുണ്ടാക്കിയിരിക്കുന്നത്. പ്രതിരോധ മന്ത്രാലയം ഏറ്റെടുക്കുന്നതിന് മുമ്പ് ബി.എ.ടി. എൽ കേരള സർക്കാർ പൊതുമേഖലാ സ്ഥാപനമായ കെൽടെക് (KELTEC)ആയി പ്രവർത്തിച്ചിരുന്നു.

പ്രതിരോധ ആയുധ നിർമ്മാണമേഖലയിൽ വളരെയേറെ സാധ്യതകളുള്ള ബി.എ.ടി.എൽ കുറേ വർഷങ്ങളായി മതിയായ ഫണ്ട് ലഭ്യതയുടെ കാര്യത്തിലും ജീവനക്കാരെ റിക്രൂട്ട് ചെയ്യുന്നതിലും ജീവനക്കാരുടെ ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലുമൊക്കെ പ്രശ്നങ്ങൾ നേരിടുകയാണ്. രാഷ്ട്രീയ ഭേദമെന്യേ, എല്ലാ ട്രേഡ് യൂണിയനുകളും പ്രദേശത്തെ എം.പി. എന്ന നിലയിൽ ഈ വിഷയം കേന്ദ്ര പ്രതിരോധ വകുപ്പുമായി ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് എന്നെ സമീപിച്ചിരുന്നു. ആദ്യം കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി അവരുമായി കൂടിക്കാഴ്ച നടത്തി. പിന്നീട് തൊഴിലാളി പ്രതിനിധികളുടേയും മാനേജ്മെൻറിന്റെയും ഒരു സംയുക്തയോഗം ഞാൻ വിളിച്ചുചേർത്തു.

പ്രശ്നങ്ങൾ പരിഹരിച്ചു മുന്നോട്ടു പോകുന്നതിനായി 2016 അവസാനം പ്രതിരോധ മന്ത്രിയുമായി, ബി.എ.ടി.എൽ.സി.ഇ.ഒ.യുടേയും മുതിർന്ന ജീവനക്കാരുടേയും സാന്നിദ്ധ്യത്തിൽ ഞാൻ ചർച്ച നടത്തി. പരിഹാരമായി നിർദ്ദേശിച്ച ചില കാര്യങ്ങൾ ഇനിയും നടപ്പാക്കിയിട്ടില്ല. എന്നാൽ, തുടർന്നും ഈ വിഷയത്തിൽ നിരന്തരമായി ഇടപെടുകയും യൂണിയനുകളുമായി അടുത്തഘട്ട ചർച്ചകൾ നടത്തുകയും ചെയ്തു. മാതൃസ്ഥാപനത്തിലേതിനു സമാനമായി ജീവനക്കാരുടെ വിരമിക്കൽ പ്രായം ഉയർത്തണമെന്ന ബ്രഹ്മോസ് സ്റ്റാഫ് അസോസിയേഷന്റെ ആവശ്യം ഗവൺമെന്റിനോട് എഴുതിയാവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാരിന്റെ അന്തിമ തീരുമാനം ലഭ്യമായിട്ടില്ല.

## ടെക്നോപാർക്ക്

കഴിഞ്ഞ കുറേ വർഷങ്ങളായി ടെക്നോപാർക്ക് വളരെ വേഗത്തിൽ വളർന്നിട്ടുണ്ടെന്നു മാത്രമല്ല നിരവധി തൊഴിലവസരങ്ങൾ നമ്മുടെ യുവതീ-യുവാക്കൾക്ക് ലഭ്യമായിട്ടുണ്ടെന്നുള്ളത് തികച്ചും സന്തോഷകരമാണ്. എന്നാൽ, മറ്റ് നഗരങ്ങളെ അപേക്ഷിച്ച് ലോകോത്തര സ്ഥാപനങ്ങൾ വലിയ തോതിൽ അവരുടെ യൂണിറ്റുകൾ സ്ഥാപിക്കുവാനും കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുവാനും സന്നദ്ധരായി കാണുന്നില്ല. എന്റെ ആദ്യ ടേം മുതൽ തന്നെ ഇതൊരു വെല്ലുവിളിയായി ഏറ്റുടുക്കുകയും അമേരിക്കൻ ടെക് ഭീമൻമാരായ ഒറക്കിൾ കോർപ്പറേഷനെപ്പോലെയുള്ള സ്ഥാപനങ്ങളെ ടെക്നോ പാർക്കിലേക്ക് എത്തിക്കുവാൻ സാധിച്ചുവെന്നുള്ളത് ചാരിതാർത്ഥ്യജനകമാണ്.

ആഗോള വാഹന നിർമ്മാതാക്കളായ നിസാൻ മോട്ടോർ കോർപ്പിന്റെ ആദ്യ ഡിജിറ്റൽ ഇന്നവേഷൻ ഹബ് ടെക്നോപാർക്കിൽ തുറന്നു. അതുപോലെ ഏണസ്റ്റ് ആന്റ് യംങ്(EY) എന്ന സ്ഥാപനത്തിനെ നഗരത്തിൽ തന്നെ പിടിച്ചു നിർത്തുന്നതിനും ടെകനോപാർക്കിലെ അവരുടെ സാന്നിദ്ധ്യം വർദ്ധിപ്പിക്കുന്നതിലും എനിക്കു ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ കമ്പനികളുടെ കൂട്ടത്തിൽ ടെക് മഹീന്ദ്രയെ വിജയകരമായി തിരുവനന്തപുരെത്തത്തിക്കുന്നതിന് വെല്ലുവിളി നിറഞ്ഞ പരിശ്രമം ആവശ്യമായിവന്നു. തിരുവനന്തപുരത്ത് നിന്നും അവരുടെ ആസ്ഥാനമായ പൂനെയിലേക്ക് നേരിട്ടുള്ള എയർ കണക്ടിവിറ്റി വേണമെന്നത് പ്രധാനാവശ്യമായിരുന്നു. ഇത് സാധ്യമാക്കുവാനായി ഞാൻ ഇൻഡിഗോ എയർലൈൻസുമായി ചർച്ച നടത്തി, പൂനെയ്ക്കും-തിരുവനന്തപുരത്തിനുമിടയിൽ വിമാന സർവീസ് നടത്തുന്നതിന്റെ സാധ്യതകൾ ബോധ്യപ്പെടുത്തി. ഇൻഡിഗോ സർവ്വീസ് ആരംഭിച്ചതോടെ ടെക് മഹീന്ദ്ര ടെക്നോ പാർക്കിൽ അവരുടെ ഒരു യൂണിറ്റ് ആരംഭിക്കുകയുണ്ടായി. ഇപ്പോൾ 200-പേർ മാത്രമാണ് അവിടെ ജോലി ചെയ്യുന്നതെങ്കിലും ടെക് മഹീന്ദ്രയുടെ സ്വന്തം കാമ്പസ് ഇവിടെ പ്രവർത്തനക്ഷമമാകുന്നതോടെ ജീവനക്കാരുടെ എണ്ണം രണ്ടായി

രമായി ഉയരും.

ഇപ്പോൾ തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഇന്ത്യൻ ഐടി ഭീമൻമാരായ ടിസിഎസ്, ഇൻഫോസിസ്, യുഎസ് ടി ഗ്ലോബൽ എന്നിവ പുരോഗതി നേടുകയും വികസിക്കുകയുമാണ്. അതേപോലെ, ഞാൻ ആദ്യം മുതൽ ഉപദേശക റോൾ വഹിച്ചിരുന്ന സ്ഥാപനമാണ് എംബസി ടോറസ് ടെക്സോണർ (ETTZ). ടെക്നോപാർക്കിൽ 12 ഏക്കർ സ്ഥലത്ത് നിർമ്മിച്ച അവരുടെ ആദ്യ സ്പെഷ്യൽ എക്കണോമിക് സോൺ (SEZ) ൽ 'നയാഗ്ര' യെന്ന കെട്ടിടം ഉൽഘാടനം കഴിഞ്ഞു. ഇവിടെ ഒരു ദശലക്ഷം ചതുരശ്രയടി സ്ഥലം വാടകയ്ക്ക് നല്കാൻ 2024 ജനുവരി മാസത്തോടെ ലഭ്യമാക്കിയിട്ടുണ്ട്. 2024-ൽ തന്നെ നിർമ്മാണം ആരംഭിക്കുന്ന അവരുടെ രണ്ടാമത്തെ സെസ് (SEZ) കെട്ടിടമായ 'വിക്ടോറിയ'യിൽ അത്ര തന്നെ വർക്കിങ് സ്പേസ് ഉണ്ടാകുന്നതാണ്.

2009-ൽ 17000 പേർ മാത്രം ജോലി ചെയ്തിരുന്ന ടെക്നോപാർക്കിൽ പുതിയ കമ്പനികളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും വരവോടെ 70000 പേർ ജോലി ചെയ്യുന്ന നിലയിലേക്ക് ഉയർന്നു എന്നത് ഈ മേഖലയിലെ എന്റെ പ്രവർത്തനങ്ങൾ സഫലമായതിന് തെളിവാണ്.

# ഇടപെടലുകൾ

തിരുവനന്തപുരത്തെയും കേരളത്തിലെയും ജനങ്ങളുടെ നിത്യ ജീവിതത്തിലും സാമൂഹിക രംഗങ്ങളിലും ഉണ്ടാവുന്ന പ്രശ്നങ്ങളും സംഭവങ്ങളും പരിഹരിക്കുവിധമുള്ള ഇടപെടൽ നടത്തുകയെന്നുള്ളത് ഒരു ജനപ്രതിനിധിയുടെ കടമയാണ്. കൂടിക്കാഴ്ചകൾ, മന്ത്രിമാരും അധികാരികളുമായി നടത്തുന്ന ചർച്ചകൾ, സന്ദർശനങ്ങൾ, കത്തുകൾ, പ്രസ്താവനകൾ, പാർലമെൻറിലെ പ്രസംഗങ്ങൾ, ലേഖനങ്ങൾ എന്നിവയിലൂടെ സമൂഹത്തിന്റെയും ഭരണാധികാരികളുടെയും ശ്രദ്ധയിൽ കൊണ്ടുവന്ന വിഷയങ്ങളെപ്പറ്റിയുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

## അനന്തപുരി എഫ്.എമ്മും ദൂരദർശനും

അനന്തപുരി എഫ്.എമ്മും ആകാശവാണിയും തമ്മിലുള്ള ലയനത്തെ തുടർന്ന് നിരവധിയായ താല്കാലിക ജീവനക്കാർക്ക് തൊഴിൽ നഷ്ടമാകുമെന്ന് പരാതി ഉയർന്നിട്ടുണ്ട്. ഇ-ബ്രോഡ്കാസ്റ്റിംഗ് സേവനമേഖലയിൽ പ്രവർത്തിച്ചവരെ ദോഷകരമായി ബാധിക്കുമെന്ന തീരുമാനം പുന:പരിശോധിക്കണമെന്നും കാഷ്വൽ അസൈനീസിനുവേണ്ടി ഞാൻ കേന്ദ്രമന്ത്രിയോട് ആവശ്യപ്പെട്ടു. ഈ ലയനം ബ്രോഡ് കാസ്റ്റിംഗ് സേവനത്തിന്റെ ഗുണമേന്മയേയും വൈവിധ്യത്തേയും ബാധിക്കുമെന്നും 4.5 ദശലക്ഷം വരുന്ന, എഫ് എം ശ്രോതാക്കളുടെ കലാസ്വാദനത്തിനുള്ള അവകാശത്തെയും, വാർത്തകളും വിവരങ്ങളും അറിയുവാനുള്ള അവകാശത്തെയും ഹനിച്ച് തിരുവനന്തപുരത്തിന്റെ സാംസ്കാരിക സാഹിത്യ രംഗങ്ങളെ ബാധിക്കുമെന്നതും എടുത്തു പറഞ്ഞു. ദൂരദർശന്റെ സംസ്ഥാനത്തെ അനലോഗ് ടെറസ്ട്രിയൽ ട്രാൻസ്മിറ്റേഴ്സ് പൂട്ടി ഡിജിറ്റൽ ടെറസ്ട്രിയൽ ട്രാൻസ്മിറ്റേഴ്സിലേക്ക് മാറുമ്പോൾ ഉണ്ടാകുന്ന ജീവനക്കാരുടെ പ്രശ്നങ്ങൾ ചൂണ്ടിക്കാട്ടി അസോസിയേഷൻ ഓഫ് റേഡിയോ ആൻഡ് ടെലിവിഷൻ എഞ്ചിനീയേഴ്സിനുവേണ്ടി കേന്ദ്രമന്ത്രിക്ക് കത്ത് നല്കി. മന്ത്രിയോടുള്ള അഭ്യർത്ഥനയിൽ പ്രധാന വിവരങ്ങൾ കൈമാറുന്നതിൽ അനലോഗ് ട്രാൻസ്മിറ്ററുകളുടെ പങ്ക് ചൂണ്ടിക്കാട്ടി. 2018-ലെ പ്രളയം പോലുള്ള സാഹചര്യങ്ങളിൽ വിവരങ്ങൾ എത്തിക്കുന്നതിൽ അനലോഗ് ട്രാൻസ്മിറ്ററുകൾ വഹിച്ച പങ്ക് എടുത്തു പറഞ്ഞു. അടച്ചുപൂട്ടുന്ന ബ്രോഡ്കാസ്റ്റിംഗ് സെൻററുകളെ എഐആർ എഫ്എം കേന്ദ്രങ്ങളായി മാറ്റുന്നതിലൂടെ സംസ്ഥാനത്തെ എഐആറിന്റെ കവറേജിലെ കുറവ് പരഹരിക്കാനാവുമെന്നും ഞാൻ ചൂണ്ടിക്കാട്ടി.

## വിദ്യാർത്ഥി സമൂഹം

കോവിഡ് കാലത്തും അതിനെ തുടർന്നും നമ്മുടെ വിദ്യാർത്ഥി സമൂഹം നേരിടുന്ന പ്രശ്നങ്ങൾ തുടർച്ചയായി ഉയർത്തിക്കൊണ്ടുവരികയും ഇടപെടുകയും ചെയ്തിട്ടുണ്ട്. മഹാമാരിയുടെ കാലത്ത് ഞാൻ പലപ്രാവശ്യം സർക്കാരുമായും ചാൻസലർ കൂടിയായ ബഹുമാനപ്പെട്ട ഗവർണറുമായും ചർച്ചകൾ നടത്തി. കേരള യൂണിവേഴ്സിറ്റി, കേരള സാങ്കേതിക യൂണിവേഴ്സിറ്റി, കെ.യു.എച്ച്.എസ്., മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എന്നിവ പരീക്ഷാ തീയതി പൊടുന്നനെ പ്രഖ്യാപിക്കുമ്പോൾ വിദ്യാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടിനെക്കുറിച്ച് അധികൃതരെ ബോധ്യപ്പെടുത്തി. ജി.സി.സി. മേഖലയിൽ നീറ്റ് പരീക്ഷയ്ക്ക് അനുവദിച്ചിട്ടുള്ള പരീക്ഷാ കേന്ദ്രങ്ങളുടെ എണ്ണത്തിലെ കുറവിനേക്കുറിച്ചും ജെ.എൻ.യു.വിൽ തീസിസ് സമർപ്പിക്കുന്നതിനുള്ള അവസാന തീയതികളിൽ ഇളവ് ആവശ്യപ്പെട്ടും, ക്ലാസ്സുകൾ പുനരാരംഭിക്കാൻ പൊടുന്നനെ തീരുമാനിക്കുന്ന നമ്മുടെ സംസ്ഥാനത്തെ സർവ്വകലാശാലകളുടെ തീരുമാനങ്ങളിലുമെല്ലാം തന്നെ സമഗ്രമായ ഇടപെടലുകൾ നടത്താനായി. 2018 എം.ഡി.എസ്. ഇന്റേൺ ബാച്ചിലെ കോവിഡ് ബാധിതരായ വിദ്യാർത്ഥികൾക്ക് വേണ്ടി ഇടപെടുകയും മാർച്ച് 18-ലെ നീറ്റ് എം.ഡി.എസ്. പരീക്ഷയ്ക്ക് അവർ യോഗ്യരാണെന്ന് അംഗീകരിപ്പിക്കാനും കഴിഞ്ഞു.

FMCG മെഡിക്കൽ വിദ്യാർത്ഥികൾ നേരിടുന്ന രജിസ്ട്രേഷൻ സംബന്ധിച്ച പ്രശ്നങ്ങളിൽ മുമ്പത്തെപോലെ ഇപ്പോഴത്തെ ടേമിലും ഞാനിട

പെട്ടിട്ടുണ്ട്. കോവിഡ് മൂലം അവരുടെ പഠനം തടസ്സപ്പെട്ടത്, യാത്രാ നിയന്ത്രണങ്ങൾ, ഉക്രൈൻ യുദ്ധം, വിദേശ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് നിർത്തലാക്കിയത്, കൂടുതൽ നീറ്റ് കേന്ദ്രങ്ങൾ തുറക്കുന്നത് സംബന്ധിച്ച്, കേരള ലീഗൽ എൻട്രൻസ് പരീക്ഷയെഴുതുന്നതിലെ ബുദ്ധിമുട്ടുകൾ, സി.ബി.എസ്.സി 12-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് അവരുടെ പരീക്ഷാരീതിയിലുള്ള മാറ്റങ്ങളാൽ നേരിടുന്ന പ്രശ്നങ്ങളിൽ ഒക്കെത്തന്നെ എനിക്ക് ഫലപ്രദമായ ഇടപെടലുകൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്.

വിദ്യാർത്ഥികൾ നേരിടുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ, എം.ഫിൽ, പിഎച്ച്ഡി വിദ്യാർത്ഥികൾക്ക് യുജിസി ഫെലോഷിപ്പുകളും മറ്റും അനുവദിക്കുന്നതിലുള്ള ഗണ്യമായ കാലതാമസം എന്നിവ ചൂണ്ടിക്കാട്ടി ഞാൻ ആവർത്തിച്ച് ബന്ധപ്പെട്ട മന്ത്രിയ്ക്ക് കത്തെഴുതിയിട്ടുണ്ട്. ഈ അടുത്ത കാലത്ത് സിവിൽ പോലീസ് ഓഫീസർ (കേരള പോലീസ്) പരീക്ഷ വിജയിച്ച ഉദ്യോഗാർത്ഥികളുടെ നിയമനം വൈകുന്നതു സംബന്ധിച്ച് മുഖ്യമന്ത്രിയ്ക്ക് കത്തെഴുതി. നമ്മുടെ കലാശാലാ കാമ്പസുകളിലെ വിദ്യാർത്ഥികൾക്കിടയിൽ വർദ്ധിച്ചുവരുന്ന ക്രിമിനൽ പ്രവർത്തനങ്ങളേക്കുറിച്ചും കാമ്പസുകളിലെ രാഷ്ട്രീയ സംസ്ക്കാരത്തെ സമഗ്രമായി വിശകലനം ചെയ്ത് ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതിന്റെ ആവശ്യകതയേക്കുറിച്ച് ബന്ധപ്പെട്ട അധികാരികളെ ധരിപ്പിക്കുകയുണ്ടായി. ഈ കഴിഞ്ഞ ദിനങ്ങളിൽ പൂക്കോട് വെറ്ററിനറി സർവ്വകലാശാലയിലെ വിദ്യാർത്ഥിയായിരുന്ന സിദ്ധാർത്ഥ് എസ്.എഫ്.ഐ.ക്കാരുടെ കൊടിയ പീഡനത്താൽ കൊല്ലപ്പെട്ട സാഹചര്യത്തിൽ കേന്ദ്ര ഏജൻസിയുടെ അന്വേഷണം ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട ഗവർണർക്ക് കത്തെഴുതുകയുണ്ടായി.

## ഐ.എസ്.ആർ.ഒ., വി.എസ്.എസ്.സി., ബ്രഹ്മോസ്

ഐ.എസ്.ആർ.ഒ., വി.എസ്.എസ്.സി., ബ്രഹ്മോസ് എന്നിവിടങ്ങളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി ഞാൻ നിരന്തരം സംസാരിച്ചിട്ടുണ്ട്, പ്രയത്നിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, ഈ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ദീർഘകാല ആവശ്യമായ 'ജോയിന്റ് കൺസൾട്ടേറ്റീവ് മെക്കാനിസം' നടപ്പാക്കുന്നതിനുവേണ്ടി ജീവനക്കാരുടെ ആവശ്യപ്രകാരം ഞാനിടപെട്ടു. ഈ വിഷയം പാർലമെൻറിൽ ശക്തമായി ഉന്നയിക്കുകയുണ്ടായി.

## ഡോക്ടർമാർ, നഴ്സുമാർ, മെഡിക്കൽ പ്രൊഫഷണലുകൾ

യുവഡോക്ടറായ വന്ദനാദാസിന്റെ ദാരുണാന്ത്യത്തെ തുടർന്ന് ഒരു സമഗ്ര നിയമമുണ്ടാക്കി മെഡിക്കൽ പ്രൊഫഷണലുകളുടെ സുരക്ഷ ഉറപ്പാക്കണമെന്നാവശ്യപ്പെട്ടു. ഇക്കാര്യം ഉന്നയിച്ചുകൊണ്ട് ഞാൻ പാർലമെൻറിൽ ഒരു സ്വകാര്യ ബിൽ അവതരിപ്പിക്കുകയും ചെയ്തു. തൊഴിലിടത്തിൽ മെഡിക്കൽ പ്രൊഫഷണലുകൾ നേരിടേണ്ടിവരുന്ന അതിക്രമം, സ്ഥാപനത്തിന് നേരെയുണ്ടാകുന്ന അക്രമം എന്നിവയൊക്കെ ശ്രദ്ധയിൽ കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ കാലത്ത് ഡോക്ടർമാരും മറ്റ് വൈദ്യശാസ്ത്ര, ചികിത്സാരംഗങ്ങളിലെ പ്രൊഫഷണലുകളും നേരിട്ട സാമൂഹ്യമായ നിരാസവും അവരെപ്പറ്റി ഉയർന്നുവന്ന അവമതിപ്പും അവർ മഹാമാരിയിൽ നിന്നും നമ്മെ രക്ഷിക്കുവാൻ വേണ്ടി ധീരതയോടെ ത്യാഗം ചെയ്യുമ്പോഴും ജനങ്ങൾ മെഡിക്കൽ പ്രൊഫഷണലുകളെ അവരുടെ വാസസ്ഥലങ്ങളിൽ നിന്നും, പൊതുസാമൂഹ്യയിടങ്ങളിൽ നിന്നും പുറത്താക്കുന്നതുപോലെയുള്ള നിലപാടുകൾ സ്വീകരിക്കുകയുണ്ടായി. ഇക്കാര്യം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി.

നഴ്സുമാർക്ക് പുതുക്കിയ ശമ്പള സ്കെയിൽ അനുവദിക്കുന്നതിലുണ്ടായിട്ടുള്ള കാലതാമസം, ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിൻ കീഴിൽ പ്രവർത്തിക്കുന്ന മെഡിക്കൽ സ്ഥാപനങ്ങളിലെ അനദ്ധ്യാപക തസ്തികകളിലെ സ്ഥലംമാറ്റം എന്നിവ സംബന്ധിച്ച് ഒരു നയം രൂപീകരിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിനെ ബോധ്യപ്പെടുത്തി. ജിപ്മെർ നഴ്സസസ് പരീക്ഷ എഴുതുന്നതിന് കേരളത്തിലോ തമിഴ്നാട്ടിലോ പരീക്ഷാകേന്ദ്രം കണ്ടെത്തുന്നതിലുള്ള ബുദ്ധിമുട്ട് നേരിട്ടപ്പോൾ കേരള ഗവൺമെൻറ് നഴ്സസ് യൂണിയനുവേണ്ടി ഇടപെടുകയും മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തുകയും ചെയ്തു.

## എച്ച്.ഐ.എൽ. (HIL)

എച്ച്.ഐ.എൽ.-നിന്നും വിരമിച്ച ഉദ്യോഗസ്ഥർക്ക് നേരത്തെ എച്ച്.ഐ.എൽ. ഇന്ത്യ വഴി ലഭ്യമാക്കിയിരുന്ന മെഡിക്കൽ ഇൻഷുറൻസ് പോളിസി പുനഃസ്ഥാപിക്കണമെന്ന് കേന്ദ്ര രാസവസ്തു രാസവള വകുപ്പ് മന്ത്രിയോട് അഭ്യർത്ഥിച്ചു. മന്ത്രിക്കുള്ള കത്തിൽ, ഈ തൊഴിലാളികൾ വളരെ വിഷമകരമായ സാഹചര്യങ്ങളിലാണ് തൊഴിലെടുക്കുന്നതെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്തു. ആരോഗ്യത്തിന് ഹാനികരമായ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനാൽ അവരുടെ വാർദ്ധക്യകാലത്ത് ആവശ്യമായ ആരോഗ്യ പരിരക്ഷ അവർ അർഹിക്കുന്നുണ്ടെന്നും ഞാൻ വ്യക്തമാക്കി. കെമിക്കൽസ് ആൻറ് ഫെർട്ടിലൈസേഴ്സ് കമ്മിറ്റിയുടെ സിറ്റിംഗിൽ, കമ്മിറ്റി ഉദ്യോഗമണ്ഡലിലെ HIL ഫാക്ടറി സന്ദർശിക്കണമെന്ന് അദ്ധ്യക്ഷനായ ഞാൻ ആവശ്യപ്പെട്ടു. സന്ദർശനവേളയിൽ ഞാനും വിവിധ തൊഴിലാളി യൂണിയനുകളുമായി കൂടിക്കാഴ്ച നടത്തുകയും അവരുടെ പ്രശ്നങ്ങൾ ചർച്ചചെയ്യുകയും ചെയ്തു. പ്രധാനമായും ശമ്പളം വൈകുന്നതും സാമൂഹ്യ സുരക്ഷ ആനുകൂല്യങ്ങളുടെ അഭാവവും ചർച്ചാവിഷയമായി.

## ഓഖി ചുഴലിക്കാറ്റ്

ഓഖി ചുഴലിക്കാറ്റ് കേരളത്തിന്റെ തെക്കൻ തീരങ്ങളിൽ നാശനഷ്ടം വിതക്കുകയുണ്ടായി. ഈ ചുഴലിക്കാറ്റ് തിരുവനന്തപുരം മത്സ്യബന്ധന ഗ്രാമങ്ങളിലെ നൂറുകണക്കിന് ജനങ്ങളുടെ ജീവൻ കവരുകയുണ്ടായി. തീരദേശ ഗ്രാമങ്ങളിലെ മനുഷ്യദുരന്തത്തിന് ഞാൻ നേർസാക്ഷിയായിരുന്നു. പ്രധാനമായും ചുഴലികൊടുങ്കാറ്റ് വരുന്നതു സംബന്ധിച്ച ജാഗ്രതാ മുന്നറിയിപ്പ് വേണ്ട സമയത്തു ലഭിക്കാതെ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടുപോയ മനുഷ്യർ ദുരന്തത്തിന് ഇരയാവുന്നത് നേരിട്ടു കാണാനിടയായി.

ചുഴലിക്കൊടുങ്കാറ്റ് കരയിലും കടലിലും ആഞ്ഞടിച്ചപ്പോൾ കടലിൽപോയ പ്രിയപ്പെട്ടവരുടെ വിവരമറിയാതെ പരിഭ്രാന്തരായി നിലവിളിക്കുന്നവർക്കൊപ്പം ആശ്വാസം പകർന്ന് ഞാൻ നിലയുറപ്പിച്ചു. പൂന്തുറയിലെ പാരിഷ് ഓഫീസിൽ എന്റെ പാർട്ടിയിലെ മുതിർന്ന സഹപ്രവർത്തകർക്കും രൂപതാ മേധാവികൾക്കും ജില്ലാ ഭരണകൂടത്തിനുമൊപ്പമിരുന്നുകൊണ്ട് ഫോൺ മുഖേന പ്രതിരോധ, ഷിപ്പിംഗ് മന്ത്രിമാരേയും നേവി, കോസ്റ്റ്ഗാർഡ് മേധാവികളേയും ബന്ധപ്പെട്ട് രക്ഷാപ്രവർത്തനം സജീവമാക്കി. ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ ഒരു സന്ദേശം അന്താരാഷ്ട്ര കപ്പൽചാൽ വഴി പോകുന്ന എല്ലാ കപ്പലുകളിലേക്കുമയപ്പിക്കുവാനും ആ കപ്പലുകളിലുള്ളവരുടെ സഹായം കൂടി കാണാതായ മത്സ്യതൊഴിലാളികളെ കണ്ടെത്തുന്നതിൽ ഉറപ്പിക്കാനും കഴിഞ്ഞു. എന്റെ സമയോചിതമായ ശ്രമങ്ങളുടെ ഫലമായി നിരവധി വിലപ്പെട്ട ജീവനുകൾ രക്ഷിക്കാനായി എന്നത് മറക്കാനാകാത്ത അനുഭവമാണ്.

എന്റെ മണ്ഡലത്തിലുള്ള ഓരോ മത്സ്യബന്ധനഗ്രാമവും ഞാൻ സന്ദർശിക്കുകയും കുടുംബങ്ങളെ ആശ്വസിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളും ആശ്വാസ നടപടികളും ഊർജ്ജിതപ്പെടുത്തുകയും ഏകോപിപ്പിക്കുകയും ചെയ്തു. ഓഖി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെയും വീടുകളിൽ എത്തി ദുരന്തബാധിതരെ ആശ്വസിപ്പിക്കുകയും ചെയ്തു. ദുരന്തത്തെ തുടർന്ന് ഇന്ത്യൻ നേവി, കോസ്റ്റ് ഗാർഡ് എന്നിവയുടെ സഹായത്തോടെ തെരച്ചിലും രക്ഷാപ്രവർത്തനങ്ങളും ഊർജ്ജിതമാക്കാൻ കഴിഞ്ഞു. ഓഖി വീശിയടിക്കുന്നതിന് 24 മണിക്കൂർ മുൻപ് മത്സ്യത്തൊഴിലാളികൾക്ക് ജാഗ്രതാ നിർദ്ദേശം നല്കുന്നതിൽ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം പരാജയപ്പെട്ടു. പടിഞ്ഞാറൻ തീരത്ത് നാലു ഘട്ടങ്ങളായുള്ള ജാഗ്രതാ മുന്നറിയിപ്പ് നല്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് സർക്കാർ എടുത്തിട്ടുള്ളതെന്ന് ഞാൻ പാർലമെൻറിൽ ചോദിച്ചു. എന്നാൽ നിർഭാഗ്യവശാൽ, ഡോപ്ലർ റഡാർ തിരുവനന്തപുരത്ത് നന്നായി പ്രവർത്തിച്ചുവെന്നായിരുന്നു സർക്കാരിന്റെ മറുപടി. എന്തുകൊണ്ടാണ് കൃത്യസമയം ജാഗ്രതാ മുന്നറിയിപ്പ് പുറപ്പെടുവിക്കുന്നതിൽ അധികൃതർ വീഴ്ച വരുത്തിയത് എന്നതിന് മതിയായ, യുക്തിസഹമായ മറുപടി പറയുന്നതിൽ സർക്കാർ പരാജയപ്പെട്ടു. പാർലമെൻറ് സെഷനിൽ, ഞാൻ ഇന്ത്യൻ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രത്തിന്റെ നിലവിലെ നാല് ഘട്ട ജാഗ്രതാ മുന്നറിയിപ്പ് സംവിധാനത്തേക്കുറിച്ച് ആശങ്കയറിയിക്കുകയും ഡോപ്ലർ റഡാർ സംവിധാനത്തിന്റെ കാര്യക്ഷമതയിൽ സംശയം ഉയർത്തുകയും ചെയ്തു. കൂടാതെ കേന്ദ്രധനമന്ത്രിയുമായും, കൃഷി, ഫിഷറീസ് മന്ത്രിമാരുമായും ചർച്ചനടത്തി സമഗ്രമായ സഹായം ഓഖി ദുരന്ത ബാധിതരായ മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് എത്രയും വേഗം അനുവദിക്കണമെന്നും അധിക ആശ്വാസ ധനം നല്കണമെന്നും ആവശ്യപ്പെട്ടു. കൂടാതെ, നമ്മുടെ ടെറിറ്റോറിയൽ ആർമിയുടെ മാതൃകയിൽ ഒരു മറൈൻ സേന രൂപീകരിക്കണമെന്നും കോസ്റ്റ് ഗാർഡ്, നേവി പങ്കാളിത്തത്തോടെ തിരച്ചിൽ, രക്ഷാപ്രവർത്തന ദൗത്യങ്ങളിൽ ഏർപ്പെടാൻ തക്കവണ്ണം മത്സ്യതൊഴിലാളികൾക്ക് പരിശീലനം നല്കണമെന്നും ആവശ്യപ്പെട്ടു. അത്തരമൊരു റിസർവ് സംവിധാനം സമാന സാഹചര്യങ്ങളിൽ സഹായകരമാകുന്നതാണ്. ഈ നിർദ്ദേശം ഇപ്പോഴും കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്.

## നെയ്യാറ്റിൻകര RDO ഓഫീസ് മാറ്റം

നെടുമങ്ങാട് കേന്ദ്രമാക്കി ഒരു പുതിയ റവന്യൂ ഡിവിഷൻ ആരംഭിക്കാനുള്ള സംസ്ഥാന സർക്കാർ തീരുമാനം നെയ്യാറ്റിൻകരയിലെ ജനങ്ങളുടെ പ്രതിഷേധത്തിനിടയാക്കി. പുതിയ ഡിവിഷനിൽ നെയ്യാറ്റിൻകരയിലെ 21 വില്ലേജുകളെ കൂടി ഉൾപ്പെടുത്താനായിരുന്നു നിർദ്ദേശം. ഇത് ആളുകൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായി ചൂണ്ടിക്കാണിക്കപ്പെട്ടു. നെയ്യാറ്റിൻകര താലൂക്കിനെ ഒന്നുകിൽ തിരുവനന്തപുരം റവന്യൂ ഡിവിഷനിൽ തന്നെ നിലനിർത്തുകയോ അല്ലെങ്കിൽ നെയ്യാറ്റിൻകര കേന്ദ്രീകരിച്ച് പുതുതായി റവന്യൂ ഡിവിഷൻ രൂപീകരിക്കുകയോ വേണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടു. കുടപ്പനക്കുന്ന് സിവിൽസ്റ്റേഷനിലെ റവന്യൂ ഓഫീസുകൾ നെയ്യാറ്റിൻകരയിലേയും മറ്റു താലൂക്കുകളിലേയും ജനങ്ങൾക്ക് സൗകര്യപ്രദമാണ്. എന്നാൽ പുതിയ ഡിവിഷൻ രൂപീകണം ജനങ്ങളിൽ അസ്വസ്ഥത സൃഷ്ടിക്കുന്നതും അസൗകര്യമുണ്ടാക്കുന്നതുമാണ്. അവർക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടിവരുന്നുവെന്നുള്ളതാണ് ഒരു കാരണം. ഈ വിഷയം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## കോഡഡ് സോണിംഗ് മാപ്പ്

തിരുവനന്തപുരം വിമാനത്താവളത്തിൽ കളർ കോഡഡ് സോണിംഗ് മാപ്പ് (CCZM)

സ്ഥാപിക്കുന്നതിനെ തുടർന്ന് സമീപത്തെ 20 വാർഡുകളിൽ വിമാനത്താവള പരിസരത്തെ നിർമ്മാണപ്രവർത്തനങ്ങൾക്കുമേൽ ഏർപ്പെടുത്തിയ കർശന നിയന്ത്രണമുണ്ടാക്കിയ പ്രതിസന്ധി പരിഹരിക്കുന്നതിന് ഞാൻ വളരെയേറെ അടിയന്തിര പ്രാധാന്യത്തോടെ ഇടപെട്ടിരുന്നു. എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയുടെ മാർഗനിർദ്ദേശങ്ങൾ പുന:പരിശോധിക്കണമെന്ന് ഞാൻ വ്യോമയാന മന്ത്രിക്കയച്ച കത്തിൽ ആവശ്യപ്പെട്ടു. ആറ് മീറ്റർ വരെ ഉയരമുള്ള പാർപ്പിട കെട്ടിടങ്ങളുടെ നിർമ്മാണത്തിന് നിരാക്ഷേപപത്രം (NOC) വാങ്ങണമെന്ന വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കണമെന്നും ആവശ്യപ്പെട്ടു. വിജ്ഞാപനം വരുന്നതിനു മുൻപ് ബിൽഡിംഗ് പെർമിറ്റ് എടുത്ത് കെട്ടിടം പണി പൂർത്തിയാക്കിയവർക്ക് താമസാനുമതി നല്കണമെന്നും ആവശ്യപ്പെട്ടു. തുടർന്ന് പുതുക്കി ഇറക്കിയ മാർഗ്ഗനിർദ്ദേശങ്ങളിൽ റെഡ്സോൺ മേഖലാ പരിധി 20 കിലോമീറ്ററിൽ നിന്നും 5 കിലോമീറ്ററായി കുറച്ചത് നിരവധിപേർക്ക് ആശ്വാസമായിട്ടുണ്ട്.

## സി.ജി.എച്ച്.എസ്. ഡിസ്പെൻസറി ശാസ്തമംഗലത്ത് നിന്നും മാറ്റുന്നത് സംബന്ധിച്ച്

സെൻട്രൽ ഗവൺമെൻറ് ഹെൽത്ത് സ്കീമിനു കീഴിലുള്ള ഡിസ്പെൻസറി ശാസ്തമംഗലത്ത് നിന്നും കണ്ണൂരിലേയ്ക്ക് മാറ്റുവാനുള്ള നീക്കത്തിൽ നിന്നും കേന്ദ്ര സർക്കാർ എന്റെ ഇടപെടലുകളെ തുടർന്ന് പിൻമാറുകയുണ്ടായി. കേരളത്തിൽ കൂടുതൽ സി.ജി.എച്ച്.എസ്. ഡിസ്പെൻസറികൾ തുറക്കുന്നതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. എന്നാൽ നിലവിലെ ഡിസ്പെൻസറികൾ മാറ്റി സ്ഥാപിക്കുന്നത് ഉചിതമല്ലെന്ന് ചൂണ്ടിക്കാട്ടുകയും ചെയ്തു. കേരളത്തിൽ 14,896 കാർഡ് ഉടമകളുള്ള സ്ഥിതിയ്ക്ക് നിലവിൽ പ്രവർത്തിക്കുന്ന കേവലം 3 ഡിസ്പെൻസറികൾ തീർത്തും പര്യാപ്തമല്ല.

## മെഡിക്കൽ പിജി എൻട്രൻസ്, എ.ഐ. പി.ജി. ഡന്റൽ സീറ്റുകളിലെ വർദ്ധന

പോസ്റ്റ് ഗ്രാഡുവേറ്റ് ഡന്റൽ സീറ്റുകളിൽ വളരെയധികം കുറഞ്ഞ അനുപാതത്തിലുള്ള സീറ്റുകളാണ് കേരളത്തിൽ ആൾ ഇന്ത്യാ പി.ജി. ക്വോട്ടയിൽ അനുവദിക്കുന്നത് എന്ന് മനസ്സിലാക്കിയ ഞാൻ മാർച്ച് 2016-ൽ ഈ വിഷയം ആരോഗ്യ കുടുംബ ക്ഷേമ മന്ത്രിയുടെ തലത്തിൽ ചർച്ച ചെയ്യുകയും "ആഷിഷ് രഞ്ജൻ Vs യൂണിയൻ ഓഫ് ഇന്ത്യ" കേസിലെ സുപ്രീംകോടതി വിധിയനുസരിച്ച് എല്ലാ സംസ്ഥാന സർക്കാരുകളും സർക്കാർ മെഡിക്കൽ കോളേജുകളിലെ ആൾ ഇന്ത്യാ പി.ജി ക്വോട്ടയിൽ 50 ശതമാനം സീറ്റുകൾ ഉറപ്പാക്കണമെന്ന നിർദ്ദേശം പരിഗണിക്കണമെന്നാവശ്യപ്പെട്ടു. അതുപോലെ നാഷണൽ ബോർഡ് നടത്തുന്ന പിജി /എംഡി/എംഎസ്/എംഡിഎസ് പ്രവേശന പരീക്ഷാ കേന്ദ്രങ്ങൾ കേരളത്തിൽ വേണ്ടത്രയില്ലായെന്ന് ശ്രദ്ധയിൽപെട്ടതിനേതുടർന്ന് ഇക്കാര്യത്തിൽ സമ്മർദ്ദം ചെലുത്തി അധികാരികളേക്കൊണ്ട് കൂടുതൽ പരീക്ഷാ കേന്ദ്രങ്ങൾ അനുവദിപ്പിച്ചു.

## റയിൽവേ പരീക്ഷകളിൽ മലയാളം

2018 ഫെബ്രുവരി 16-ന് എന്റെ ഇടപെടലിനെ തുടർന്ന് റെയിൽവേ പരീക്ഷകളിൽ അപേക്ഷകർക്ക് മലയാളഭാഷയിൽ കൂടി എഴുതുവാനുള്ള അനുമതി പുനഃസ്ഥാപിച്ചു. ഇനി മുതൽ ആറ് പ്രാദേശിക ഭാഷകളിൽ ഭാരതീയ റെയിൽവേ പരീക്ഷകൾ നടത്തുന്നതാണ്. മലയാളം, തമിഴ്, കന്നട, ഒഡിയ, തെലുങ്ക്, ബംഗാളി എന്നീ ഭാഷകളിലാണ് പുതുതായി പരീക്ഷകൾ നടത്തുന്നത്. നേരത്തെ ഇറക്കിയ ഒരു വിജ്ഞാപനം മലയാളത്തെ ഒഴിവാക്കിയിരുന്നു. പുതിയ തീരുമാനത്തിനുശേഷം 1.47 ലക്ഷം ഉദ്യോഗാർത്ഥികൾ ഈ അവസരം പ്രയോജനപ്പെടുത്തി.

## എയിംസിലെ നേഴ്സുമാർക്ക് അടിസ്ഥാന ശമ്പള വർദ്ധന

ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) നഴ്സസ് യൂണിയന്റെ ആവശ്യങ്ങൾക്കൊപ്പം നിലകൊണ്ട ഞാൻ, ഏഴാം ശമ്പള കമ്മീഷൻ ശുപാർശപ്രകാരം അവരുടെ അടിസ്ഥാന ശമ്പളം ഉയർത്തണമെന്ന ആവശ്യത്തെ പിന്തുണച്ചു. അവരുടെ ജോലിയുടെ സ്വഭാവവും കർശനമായ ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ മാനദണ്ഡങ്ങൾ പാലിക്കുന്ന അവരുടെ യോഗ്യതയും പരിഗണിക്കുമ്പോൾ നഴ്സുമാരുടെ ആവശ്യം തികച്ചും ന്യായമാണ്.

## കേരള യൂണിവേഴ്സിറ്റിയുടെ എസ്.ഡി.ഇ. കോഴ്സുകളുടെ യുജിസി അംഗീകാരം

കേരള സർവ്വകലാശാലയുടെ സ്കൂൾ ഓഫ് ഡിസ്റ്റൻസ് എഡ്യൂക്കേഷൻ (വിദൂരവിദ്യാഭ്യാസ വിഭാഗം) നടത്തിവന്നിരുന്ന കോഴ്സുകളുടെ അംഗീകാരം യു.ജി.സി. നിർത്തലാക്കിയത് 50,000-നു മുകളിൽ വരുന്ന വിദ്യാർത്ഥികൾക്ക് തിരിച്ചടിയായി. ഞാൻ യു.ജി.സി.യുടെ വിദൂരവിദ്യാഭ്യാസ ബ്യൂറോയ്ക്ക് നല്കിയ നിവേദനത്തെ തുടർന്ന് പ്രതിസന്ധി പരിഹരിച്ചു. കോഴ്സുകൾ യു.ജി.സി. മാനദണ്ഡപ്രകാരം നടത്തുന്നത് ഉറപ്പാക്കാൻ സംസ്ഥാന അധികാരികളോടും ആവശ്യപ്പെട്ടു.

## വെള്ളായണി കായൽ സംരക്ഷണം

വെള്ളായണി ശുദ്ധജല തടാകത്തിന്റെ ജൈവ സന്തുലനാവസ്ഥ സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് മന്ത്രിക്ക് കത്ത് നല്കി. 490 ഹെക്ടർ വിസ്തൃതിയുള്ള കായലിൽ 100 ഇനം പക്ഷികളും 42 ഇനം മത്സ്യങ്ങളുമുണ്ട്. എന്നാൽ അതിവേഗത്തിൽ സംഭവിക്കുന്ന നഗരവൽക്കരണത്തിൽ വെള്ളായണിക്കായലിലെ ഈ ജൈവസമ്പത്ത് നാശോന്മുഖമാകുകയാണ്. ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നും ഔപചാരികമായി അപേക്ഷകൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ലെന്ന് കേന്ദ്രസർക്കാർ കുറ്റപ്പെടുത്തുന്നു. ഈ വിഷയം ഞാൻ ഉയർത്തിക്കൊണ്ടുവന്നിട്ടുണ്ട്.

## മലയാളം ഭാഷാ ബിൽ

2015 ഡിസംബറിൽ യുഡിഎഫ് സർക്കാരാണ് കേരള നിയമസഭയിൽ മലയാളം ഭാഷാ ബിൽ പാസ്സാക്കിയത്. ഭാഷയെ സംരക്ഷിക്കാൻ കേരളത്തിലെ സ്കൂളുകളിൽ മലയാള ഭാഷ നിർബന്ധമാക്കുന്നതായിരുന്നു നിയമം. എന്നാൽ ഈ ബിൽ കേന്ദ്ര ആഭ്യന്തരവകുപ്പിൽ സമർപ്പിച്ചിട്ടും രാഷ്ട്രപതിക്ക് കൈമാറിയിട്ടില്ലായിരുന്നു. എന്റെ ഇടപെടലിനെ തുടർന്ന് ബിൽ രാഷ്ട്രപതിക്ക് അയച്ച് അംഗീകാരം നേടി നിയമമായി മാറിയിരിക്കുന്നു.

## ഇന്റഗ്രേറ്റഡ് പവർ ഡവലപ്പ്മെന്റ് സ്കീമിൽ കൂടുതൽ ധനസഹായം

2016 ജൂലൈ മാസത്തിൽ ഞാൻ കേന്ദ്ര ഊർജ്ജസഹമന്ത്രിയോട് തിരുവനന്തപുരത്തെ ഇൻറഗ്രേറ്റഡ് പവർ ഡവലപ്പ്മെൻറ് സ്കീമിനുവേണ്ടി കൂടുതൽ ധനസാഹായം ആവശ്യപ്പെട്ടിരുന്നു. നീഡ് അസസ്മെൻറ് ഡോക്യുമെൻറ് (എൻ.എ.ഡി) പ്രകാരം 127 കോടി രൂപയുടെ അടങ്കൽ ഉണ്ടായിരുന്നെങ്കിലും 26.35 കോടി രൂപ മാത്രമായിരുന്നു ആദ്യം അനുവദിച്ചത്. എന്റെ ഇടപെടലിനെ തുടർന്ന് പദ്ധതിയുടെ അടിയന്തിര സ്വഭാവവും ധനലഭ്യതക്കുറവും മനസ്സിലാക്കുകയും പിന്നീട് തിരുവനന്തപുരത്തിന് പുതുക്കിയ നിരക്കിൽ ധനസഹായം അനുവദിക്കുകയും ചെയ്തു.

## വിദൂരപഠനകേന്ദ്രത്തിന് അംഗീകാരം

കേരള സർവ്വകലാശാലയുടെ വിദൂരപഠന കേന്ദ്രത്തിന്റെ അംഗീകാരം റദ്ദാക്കിയത് വൈസ് ചാൻസിലർ എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഉടൻ തന്നെ ഞാൻ യുജിസി ചെയർമാനും മനുഷ്യ വിഭവശേഷി മന്ത്രിക്കും കത്ത് എഴുതുകയും കൂടിക്കാഴ്ചകൾ നടത്തുകയുമുണ്ടായി. ഈ വിഷയം മന്ത്രാലയത്തിന്റെ സജീവ പരിഗണനയിലാണ്.

## വട്ടിയൂർക്കാവ് സി.പി.റ്റി.യ്ക്ക് എ.ഐ.സി.റ്റി.ഇ. അംഗീകാരം

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്ക് കോളേജിന് എ.ഐ.സി.ടി.ഇ. അംഗീകാരം നിഷേധിച്ചപ്പോൾ അവിടെ സന്ദർശനം നടത്തി കാര്യങ്ങൾ പഠിച്ച ശേഷം എ.ഐ.സി.ടി.ഇ. ചെയർമാനുമായും എച്ച്.ആർ.ഡി. മന്ത്രിയുമായും ആശയവിനിമയം നടത്തുകയും അംഗീകാരം പുനഃസ്ഥാപിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഈ കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഇടപെടൽ അനിവാര്യമായിരുന്നതിനാൽ ഞാൻ സംസ്ഥാന വിദ്യാഭ്യാസ മന്ത്രിയുമായി വിശദമായ ചർച്ചകൾ നടത്തി. തുടർന്നും നടത്തിയ ശ്രമങ്ങളുടെ ഫലമായി പോളിടെക്നിക്ക് കോളേജിന്റെ എ.ഐ.സി.ടി.ഇ. അംഗീകാരം പുനഃസ്ഥാപിക്കാൻ കഴിഞ്ഞുവെന്ന് അറിയിക്കുന്നതിൽ സന്തോഷമുണ്ട്.

## പ്രവാസി മലയാളികളും വിദേശത്ത് പോകുന്ന ഇന്ത്യൻ യാത്രക്കാരും

എം.പിയെന്ന നിലയിലും വിദേശകാര്യ സ്ഥിരം സമിതി മുൻ അദ്ധ്യക്ഷൻ എന്ന നിലയിലും നിരവധിയാളുകൾ, വിദേശത്തു നിന്നുള്ളവർ, അടുത്തയിടെ നാട്ടിൽ തിരിച്ചെത്തിയവർ, അവരുടെ കുടുംബാംഗങ്ങൾ എന്നിവർ തങ്ങളുടെ പ്രശ്നങ്ങൾ ഉന്നയിച്ച് എന്നെ ഇപ്പോഴും ബന്ധപ്പെടാറുണ്ട്. വിദേശത്തു നിന്നും മൃതദേഹം നാട്ടിലെത്തിക്കുക, പ്രതിസന്ധിയിൽ സഹായമെത്തിക്കുക, തൊഴിലുടമകളുടെ ഭാഗത്തുനിന്നും മോശം അനുഭവമുണ്ടാവുക, തൊഴിലുടമ നിയമപരമായി നൽകുവാനുള്ള പ്രതിഫലം കൊടുക്കാതിരിക്കുക, സങ്കീർണ്ണമായ പാസ്പോർട്ട് പുതുക്കൽ വിഷയങ്ങൾ, അല്ലെങ്കിൽ ഇന്ത്യക്കാർ വിദേശത്ത് അറസ്റ്റിലാവുകയോ പോലീസ് കസ്റ്റഡിയിലെടുക്കുകയോ ചെയ്യുക തുടങ്ങിയ കാര്യങ്ങളാവും പൊതുവേ സംഭവിക്കുക. ഇതിൽ ഏറിയ പങ്കും ഗൾഫ് നാടുകളിൽ എത്തപ്പെടുന്ന ഇന്ത്യാക്കാരുടെ പ്രശ്നങ്ങളാണ്. ബന്ധപ്പെട്ട ഇന്ത്യൻ എംബസികളുടെയും കോൺസുലേറ്റുകളുടെയും സഹായത്തോടെ മഹാഭൂരിപക്ഷം കേസുകളിലും ജനങ്ങളെ സഹായിക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. വിവിധ വിദേശരാജ്യങ്ങളിലെ എംബസികളിൽ എനിക്കുള്ള ബന്ധങ്ങൾ ഉപയോഗപ്പെടുത്തിയും വിദേശത്ത് പോകുന്നതിനും വിസ നേടുന്നതിനുമൊക്കെ സഹായിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഭൂരിപക്ഷം കേസുകളിലും വ്യക്തികളുടെ അപേക്ഷ ആദ്യം നിരസിച്ചതിനുശേഷമാണ് എന്റെ ഇടപെടലിനെ തുടർന്ന് അവർക്ക് അനുകൂലമായി വീണ്ടും പരിഗണിക്കപ്പെട്ടിട്ടുള്ളത്.

## ശ്രീലങ്കയിലും ഡീഗോ ഗാർഷ്യയിലും പിടിയിലായ മത്സ്യതൊഴിലാളികൾ

തിരുവനന്തപുരത്തിന് നീണ്ട ഒരു കടൽത്തീരവും നിരവധി മത്സ്യബന്ധന ഗ്രാമങ്ങളും ഉണ്ട്. ചിലപ്പോഴൊക്കെ ഈ മത്സ്യബന്ധന തൊഴിലാളികൾ ആഴക്കടലിലേക്ക് എത്തപ്പെടുകയും ദിവസങ്ങളോളം യാത്ര ചെയ്ത് മനപൂർവ്വമല്ലാതെ ഏതെങ്കിലും വിദേശ രാജ്യത്തിന്റെ തീരക്കടലിൽ, മിക്കപ്പോഴും ശ്രീലങ്കൻ തീരത്ത് എത്തിച്ചേരുകയും ചെയ്യുന്നു. ചിലപ്പോൾ ഇന്ത്യൻ സമുദ്രത്തിൽ ബ്രിട്ടീഷ് നിയന്ത്രണത്തിലുള്ള യു.എസ്. നാവിക കരസേനകളുടെ ബേസുകൾ പ്രവർത്തിക്കുന്ന ഡീഗോഗാർഷ്യ ദ്വീപിലും എത്താറുണ്ട്. കഴിഞ്ഞ 2 വർഷത്തിനുള്ളിൽ തന്നെ 3 പ്രാവശ്യം നമ്മുടെ മത്സ്യതൊഴിലാളികൾ ബ്രിട്ടീഷ് അധികാരികളുടെ പിടിയിലായ സംഭവം ഉണ്ടായിട്ടുണ്ട്. ഇവരെ എന്റെ ഇടപെടലിനെ തുടർന്ന് ഇന്ത്യൻ ഹൈക്കമ്മീഷൻ വഴി പിന്നീട് മോചിപ്പിക്കുകയുണ്ടായി.

## മറ്റുചില ഇടപെടലുകൾ

മേൽ വിവരിച്ചത് കൂടാതെ, മണ്ഡലത്തിലെ നിരവധി വൈവിധ്യമാർന്ന വിഷയങ്ങളിൽ ഞാൻ ഇടപെട്ടിട്ടുണ്ട്. വിസാ സംബന്ധമായ കാലതാമസങ്ങളാൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന മണ്ഡലത്തിൽ നിന്നുള്ള വിദ്യാർത്ഥികൾ, വിദേശങ്ങളിൽ ജോലി ചെയ്യുന്ന പ്രൊഫഷണലുകൾ, ജർമ്മനിയിലേക്കും മറ്റ് വിദേശ നാടുകളിലേക്കും പോകുവാൻ ശ്രമിച്ച് എ.പി.എസ്. സർട്ടിഫിക്കേഷൻ വെല്ലുവിളികൾ നേരിടേണ്ടിവന്നവർ, ജിസിസി രാജ്യങ്ങളിൽ വലിയ ഗൗരവമുള്ള പ്രശ്നങ്ങളിൽ കുടുങ്ങിയവർ, മൃതദേഹം നാട്ടിലെത്തിക്കേണ്ട കേസുകൾ ഇവയിലൊക്കെയും അതാതിടങ്ങളിലെ ഇന്ത്യൻ എംബസിയുടെയും ആ രാജ്യങ്ങളിലെ കോൺസുലേറ്റുകളുടെയും സഹായത്തോടെ പരിഹാരങ്ങൾ കാണാൻ കഴിഞ്ഞിട്ടുണ്ട്.

കേരളത്തിൽ നിന്നുള്ള സൂക്ഷ്മ-ഇടത്തരം സംരംഭകരുടെ സബ്സിഡി സംബന്ധമായ വിഷയങ്ങളിലും ഇടപെടാൻ കഴിഞ്ഞിട്ടുണ്ട്. പി.ഡബ്ല്യൂ.ഡി, പോസ്റ്റൽ ജീവനക്കാരുടെ സംഘടനകൾ, ബിഎസ്എൻഎൽ ജീവനക്കാരുടെ സംഘടനകൾ, എയർ ഇന്ത്യ ക്യാബിൻ ക്രൂ ജീവനക്കാർ, അപികൾച്ചറിസ്റ്റ് സംഘടനകൾ, ബാങ്ക് ജീവനക്കാർ എന്നിവരുടെ വിഷയങ്ങളും ഉയർത്തിക്കൊണ്ടുവന്നിട്ടുണ്ട്.

# മറ്റിനങ്ങൾ

## തിരുവനന്തപുരത്തെ നയതന്ത്ര ദൗത്യങ്ങൾ

2010-ൽ ഞാൻ വിദേശകാര്യ സഹമന്ത്രിയായിരുന്നപ്പോൾ, യുഎഇ വിദേശകാര്യ മന്ത്രിയോട്, ഇന്ത്യയിലെ തങ്ങളുടെ രണ്ടാമത്തെ കോൺസുലേറ്റ് തിരുവനന്തപുരത്ത് തുറക്കണമെന്ന് അഭ്യർത്ഥിക്കുകയുണ്ടായി. തുടർന്നുള്ള വർഷങ്ങളിലും ശ്രമങ്ങൾ തുടർന്നു, 2014-ൽ തിരുവനന്തപുരത്ത് തങ്ങളുടെ കോൺസുലേറ്റ് തുറക്കാനുള്ള യുഎഇ വിദേശകാര്യ മന്ത്രിയുടെ പ്രഖ്യാപനമുണ്ടായി. കോൺസൽ ജനറൽ ഉൾപ്പെടെയുള്ള പ്രധാന ജീവനക്കാരുമായി കോൺസുലേറ്റ് തിരുവനന്തപുരം മണക്കാട് പ്രവർത്തിക്കുന്നു.

മാലിദ്വീപ് കോൺസുലേറ്റ്, ശ്രീലങ്കയുടെയും (ഞാൻ മുൻകൈയ്യെടുത്ത് കൊണ്ടുവന്നത്) റഷ്യയുടെയും ജർമ്മനിയുടേയും ഓണററി കോൺസുലേറ്റുകൾ എന്നിവയുടെ സാന്നിദ്ധ്യം തിരുവനന്തപുരത്തിനെ ഒരു നയതന്ത്ര കേന്ദ്രങ്ങളുടെ നഗരമാക്കി മാറ്റിയിരിക്കുന്നു.

## ജീവിതശൈലി

സമ്പന്നമായ പൈതൃകവും ചരിത്രവുമുള്ള നാടാണ് നമ്മുടേത്. ശുദ്ധവായു, സുഗമമായ ഗതാഗത സൗകര്യങ്ങൾ, മിതശീതോഷ്ണ കാലാവസ്ഥ എന്നിവ തിരുവനന്തപുരത്തിനെ രാജ്യത്തെ മികച്ച ജീവിത നിലവാരമുള്ള സ്ഥലങ്ങളിലൊന്നാക്കുന്നു. എന്നിരുന്നാലും, നമ്മുടെ നഗരത്തിന്, ഐ.ടി., സേവന മേഖലയിൽ കിടപിടിക്കുന്ന രാജ്യത്തെ ഇതര നഗരങ്ങളിലേപ്പോലെയുള്ള ആധുനിക ജീവിതശൈലി സൗകര്യങ്ങളില്ലെന്ന പരാതി അടുത്ത കാലത്തായി യുവാക്കളിലും ഐടി പ്രൊഫഷണലുകളിലും ഉയർന്നുവന്നിട്ടുണ്ട്. മികച്ച പ്രതിഭകളെ തിരുവനന്തപുരത്തേക്ക് ആകർഷിക്കുന്നതിന് ഇത് തടസ്സമാണെന്ന് പ്രമുഖ ഐ.ടി. കമ്പനികളുടെ നിരവധി സി.ഇ.ഒ.മാർ എന്നോട് വ്യക്തിപരമായി പറഞ്ഞിട്ടുണ്ട്.

ഇതൊരു വെല്ലുവിളിയായി ഏറ്റെടുത്ത് നമ്മുടെ നഗരത്തിൽ അന്താരാഷ്ട്ര വിമാനത്താവളത്തിന് സമീപമുള്ള മാൾ ഓഫ് ട്രാവൻകൂർ, ആക്കുളം ലുലു മാൾ, ടെക്നോപാർക്ക് ഫേസ് 3-ലെ ടോറസ് ഡൗൺടൗൺ കോംപ്ലക്സ് എന്നിവടങ്ങളിൽ ഔട്ട്ലെറ്റുകൾ തുറക്കാൻ ലോകോത്തര ലൈഫ്സ്റ്റൈൽ ഡെവലപ്പർമാരെ ഞാൻ പ്രേരിപ്പിച്ചിട്ടുണ്ട്.

കൂടാതെ, ട്രിവാൻഡ്-റൺ, വാക്ക് ഫോർ ഹെൽത്ത്, സ്പോർട്സ് ഹബ്ബ് എന്നിവയക്ക് അടിയുറച്ച പിന്തുണ നല്കുകയും പ്രൊമോട്ടു ചെയ്യുകയും ചെയ്തിട്ടുണ്ട്. നമ്മുടെ നഗരത്തിലെ

ആരോഗ്യകരമായ ജീവിതത്തെ പ്രോത്സാഹിപ്പിക്കുന്ന സമാന പ്രവർത്തനങ്ങളെയും സ്ഥാപനങ്ങളെയും പിന്തുണയ്ക്കാൻ എല്ലാ ശ്രമങ്ങളും നടത്തിവരുന്നു. സാംസ്കാരികവും സംഗീത-സാഹിത്യപരവുമായ പരിപാടികൾ തിരുവനന്തപുരത്തേക്ക് കൊണ്ടുവരാനുള്ള ശ്രമങ്ങളെ ഞാൻ തുടർന്നും പിന്തുണയ്ക്കുന്നു. എന്റെ പ്രചോദനത്താൽ തുടക്കമിടുകയും പതിനായിരക്കണക്കിന് ആളുകളെ ആകർഷിക്കുകയും, ഞാൻ രക്ഷാധികാരിയായി സേവനമനുഷ്ഠിക്കുകയും ചെയ്യുന്ന മാതൃഭൂമി സാഹിത്യോത്സവം, അതിന്റെ സ്പോൺസർമാർ സ്ഥിരീകരിക്കും പോലെ ഇപ്പോൾ വൻവിജയമായിത്തീർന്നിരിക്കുകയാണ്. തലസ്ഥാനത്തിന്റെ സാംസ്കാരിക കലണ്ടറിലെ വാർഷിക പരിപാടിയായി മാതൃഭൂമി സാഹിത്യോത്സവം മാറിയിരിയ്ക്കുന്നു.

## ഇന്ത്യയുടെ 35-ാമത് ദേശീയ ഗെയിംസ്

തിരുവനന്തപുരത്ത് നടന്ന 35-ാമത് ദേശീയ ഗെയിംസിന്റെ ഒരുക്കങ്ങൾക്ക് നേതൃത്വം നല്കുന്നതിൽ ഗെയിംസ് റിലേഷൻസ് കമ്മിറ്റി ചെയർമാനെന്ന നിലയിൽ ഞാൻ നിർണ്ണായക പങ്കുവഹിച്ചു. മുന്നൊരുക്കഘട്ടത്തിൽ യോഗങ്ങളിൽ അദ്ധ്യക്ഷത വഹിക്കുക, വിശിഷ്ടാതിഥികൾക്കും മറ്റ് സന്ദർശകർക്കും ഒരുക്കിയിരിക്കുന്ന സൗകര്യങ്ങൾ സംബന്ധിച്ച ക്രമീകരണങ്ങൾ പരിശോധിക്കുക, ദേശീയ മാധ്യമങ്ങളോട് ഈ കായിക മാമാങ്കത്തെ സംബന്ധിച്ച് സംവദിക്കുക എന്നീ കാര്യങ്ങളിൽ പ്രമുഖ പങ്ക് വഹിക്കുകയുണ്ടായി. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം 35-ാമത് ദേശീയ ഗെയിംസ് ഒരു പുതിയ വിജയഗാഥ രചിക്കുകയായിരുന്നു.

Chandran Tharoor Foundation

## ചന്ദ്രൻ തരൂർ ഫൗണ്ടേഷൻ

ഒരു പാർലമെന്റ് അംഗത്തിന് ലഭ്യമായ കേന്ദ്ര സർക്കാരിന്റെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് സഹായിക്കാൻ കഴിയാത്തത്ര വലിയ ദുരിത സാഹചര്യങ്ങളെ ഞാൻ പലപ്പോഴും കാണാറുണ്ട്. സഹായം ആവശ്യപ്പെട്ടു വരുന്നവർക്ക് ആയത് നിരസിക്കുന്നതിനുപകരം, എന്റെ വ്യക്തിപരമായ വരുമാനത്തിൽ പ്രവർത്തിക്കുന്ന കുടുംബ ട്രസ്റ്റായ ചന്ദ്രൻ തരൂർ ഫൗണ്ടേഷൻ മുഖേന കഴിയുന്നത്ര സഹായം ഞാൻ നൽകിവരുന്നു. ഫൗണ്ടേഷൻ സർക്കാർ ഫണ്ടുകളൊന്നും സ്വീകരിക്കുന്നില്ല. നിർദ്ധനരായ യുവതീ യുവാക്കൾക്ക് വിവാഹ സഹായം, ആവശ്യമുള്ള ഗുണഭോക്താക്കൾക്ക് വൈദ്യസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ എന്നിവ നൽകുന്നു. ഫെഡറേഷൻ ഫോർ ദി ബ്ലൈൻഡ് ആന്റ് ദി ഹോം ഫോർ ദി ഏജ്ഡ് എന്നിവയ്ക്ക് ഭക്ഷണത്തിനും മറ്റുമുള്ള ചെറിയ ധനസഹായം പതിവായി നല്കിവരുന്നു. കൂടാതെ, ശോചനീയാവസ്ഥയിലുള്ള കുടുംബത്തിന് ശവസംസ്കാരച്ചെലവ് വഹിക്കുന്നതിനുള്ള സഹായം, ദ്വീപ് നിവാസികൾക്ക് കടത്ത് ബോട്ട് ലഭ്യമാക്കുക, 70 വയസ്സുള്ള ഒരു അത്‌ലറ്റിന് അന്താരാഷ്ട്ര വെറ്ററൻസ് മത്സരത്തിൽ പങ്കെടുക്കാനായി വിമാന ടിക്കറ്റ് ലഭ്യമാക്കുക എന്നിവക്കും ചന്ദ്രൻ തരൂർ ഫൗണ്ടേഷൻ വഴി സഹായം നൽകി.

## കനകക്കുന്നിലെ ഉജ്ജ്വലമായ കൊടിമരം

ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ ദേശീയ പതാകകളിലൊന്ന് തിരുവനന്തപുരത്ത് സ്ഥിരമായി ഉയർത്തുന്നതിനായി ഉരുക്കിൽ നിർമ്മിച്ച ഉയരം കൂടിയ ഒരു കൊടിമരം സ്ഥാപിക്കുന്നതിനായി നാഷണൽ ഫ്ളാഗ് ഫൗണ്ടേഷൻ ഓഫ് ഇന്ത്യയോട് ഞാൻ അഭ്യർത്ഥിച്ചിരുന്നു. തുടർന്ന് ഫൗണ്ടേഷനുമായി നേരിട്ട് ബന്ധപ്പെട്ട് പദ്ധതിയ്ക്ക് അംഗീകാരം നേടിയെടുക്കുകയും 65 മീറ്റർ ഉയരമുള്ള പ്രൗഢഗംഭീരമായ ഒരു ഉരുക്ക് കൊടിമരം കനകക്കുന്ന് കൊട്ടാര പരിസരത്ത് സ്ഥാപിക്കുകയും ചെയ്തു. 72 അടി നീളവും 48 അടി വീതിയുമുള്ള ത്രിവർണ്ണ പതാക ഈ കൊടിമരത്തിൽ ഉയർത്താവുന്നതാണ്. സംസ്ഥാന ടൂറിസം വകുപ്പിന്റെ ചുമതലയിലാണ് ഇത് ഇപ്പോൾ നിലകൊള്ളുന്നത്. രാജ്യത്തെ ഏറ്റവും വലിയ കൊടിമരങ്ങളിൽ ഒന്നായ ഈ കൊടിമരം കനകക്കുന്നിനേയും തിരുവനന്തപുരം നഗരത്തേയും മഹനീയമാക്കി പരിലസിക്കുന്നു. ■




# പൂർത്തിയാക്കാനുള്ള പദ്ധതികൾ

## തിരുവനന്തപുരത്ത് ഹൈക്കോടതി ബെഞ്ച്

തിരുവനന്തപുരത്ത് ഹൈക്കോടതി ബെഞ്ച് പുനഃസ്ഥാപിക്കുന്നതിനായി ആദ്യടേം മുതൽ നടത്തിവരുന്ന എന്റെ പരിശ്രമം തുടരുകതന്നെയാണ്. ഈ സ്വപ്നം സാക്ഷാത്കരിക്കുന്നതിന് സാധ്യമായ എല്ലാ വഴികളും ഞാൻ തേടിയിട്ടുണ്ടെന്നതാണ് യാഥാർത്ഥ്യം. ജസ്റ്റിസ് മഞ്ജുളാ ചെല്ലൂർ ഉൾപ്പെടെ, തുടർച്ചയായി മൂന്ന് കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസുമാർക്കു മുമ്പിൽ ഈ വിഷയം ഉന്നയിക്കുകയുണ്ടായി. ഈ നിർദ്ദേശം പരിശോധിക്കാൻ എന്റെ അഭ്യർത്ഥന പ്രകാരം ചീഫ് ജസ്റ്റിസ് മഞ്ജുളാ ചെല്ലൂർ, ജഡ്ജിമാരുടെ ഒരു കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു. കൂടാതെ ഇതു സംബന്ധിച്ച് ഞാൻ നിയമ മന്ത്രിമാരുമായുള്ള കൂടിക്കാഴ്ചകൾ നടത്തുകയും 2014-ലും 2021-ലും പാർലമെന്റിൽ സ്വകാര്യ ബില്ലുകൾ അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ ആവശ്യം പരിഹരിക്കുന്നതിന് സർക്കാരിന് സ്വീകരിക്കാവുന്ന ഒരു മാതൃകാ നിയമം നിർദ്ദേശിക്കുന്നതാണ് ഞാൻ അവതരിപ്പിച്ച സ്വകാര്യ ബില്ലുകൾ. ഹൈക്കോടതിയുടെ സ്ഥിരം ബെഞ്ച് ബന്ധപ്പെട്ട സംസ്ഥാന തലസ്ഥാനങ്ങളിൽ നിലവിലില്ലെങ്കിൽ ആയത് അവിടെതന്നെ സ്ഥാപിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നതാണ് ഞാൻ അവതരിപ്പിച്ച സ്വകാര്യ ബിൽ.

കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസിന്റെ സമ്മതമില്ലാതെ തിരുവനന്തപുരത്ത് ഒരു ബെഞ്ച് സ്ഥാപിക്കാൻ ഇന്ത്യാ ഗവൺമെന്റിന് കഴിയില്ലെന്നതാണ് പ്രധാന തടസ്സം. ആറ് പതിറ്റാണ്ടിലേറെയായി കേരളത്തിലെ ഒരു ചീഫ് ജസ്റ്റിസും ഇതുവരെ ഒരു ബെഞ്ച് സ്ഥാപിക്കുന്നതിന് സമ്മതം നൽകിയിട്ടില്ല. സമീപകാല കേന്ദ്ര മന്ത്രിമാരാരും തന്നെ നമ്മുടെ ഈ ആവശ്യത്തോട് അനുഭാവം കാണിച്ചിട്ടില്ല. ഈ വിഷയം തിരുവനന്തപുരത്തെ ജനങ്ങൾക്ക് ഒരു വൈകാരിക പ്രശ്നമായി തുടരുന്നു, ഈ വിഷയത്തിൽ ജുഡീഷ്യറിയിലും എക്സിക്യൂട്ടീവിലും സമ്മർദ്ദം ചെലുത്തുന്നത് ഞാൻ തുടരുകതന്നെ ചെയ്യും.

ഹൈക്കോടതി ബെഞ്ചുപോലെ തന്നെ ഇതര നീതിനിർവ്വഹണ സംവിധാനങ്ങൾ തിരുവനന്തപുരത്ത് സ്ഥാപിക്കുവാനും ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. കേസുകൾ ആദ്യം ഫയൽ ചെയ്യേണ്ടിവരുന്ന ഡെറ്റ് റിക്കവറി ട്രൈബ്യൂണൽ പോലെയുള്ള ട്രൈബ്യൂണലുകൾ തിരുവനന്തപുരത്ത് സ്ഥാപിക്കണമെന്ന്, ഞാൻ സർക്കാരിനോട് നിരവധി പ്രാവശ്യം ആവശ്യപ്പെട്ടിരുന്നു.



## തിരുവനന്തപുരം-ബാർസിലോണ ഇരട്ടനഗര പദ്ധതി

സങ്കുചിതമായ രാഷ്ട്രീയതാല്പര്യങ്ങളാൽ നടക്കാതെ പോയ ഒരു പദ്ധതിയാണ് തിരുവനന്തപുരം-ബാഴ്സലോണ ഇരട്ട നഗരം പദ്ധതി. പദ്ധതി നിർദ്ദേശം 2009-ലെ എന്റെ തെരെഞ്ഞെടുപ്പ് പ്രകടന പത്രികയിൽ ഞാൻ ഉൾപ്പെടുത്തിയിരുന്നതാണ്. പദ്ധതി യാഥാർത്ഥ്യമാക്കാൻ ഞാൻ നടത്തിയിട്ടുള്ള പരിശ്രമങ്ങൾ ഇത്തരുണത്തിൽ ഓർക്കുന്നത് ഉചിതമാണ്.

1992-ലെ ഒളിമ്പിക്സിന് ആതിഥേയത്വമരുളിയ തുറമുഖ നഗരമായ ബാഴ്സിലോണ അന്താരാഷ്ട്ര മേളകൾ നടത്തുന്നതിന് പ്രത്യേക അനുഭവസമ്പത്ത് ആർജ്ജിച്ചിട്ടുണ്ട്. ഖരമാലിന്യ സംസ്കരണം, ജലാശയങ്ങളുടെ പുനരുജ്ജീവനം, കുടിവെള്ള പദ്ധതികൾ, നഗരാസൂത്രണം എന്നീ കാര്യങ്ങളിൽ അനുഭവ സമ്പത്ത് പങ്കുവെക്കാൻ ഭൂമിശാസ്ത്രപരമായി തിരുവനന്തപുരവുമായി നിരവധി സമാനതകൾ പുലർത്തുന്ന ബാഴ്സിലോണ നഗരത്തിന് കഴിയുമായിരുന്നു. കൂടാതെ ഇരു നഗരങ്ങളിലേയും വിദ്യാഭ്യാസ സ്ഥാപനങ്ങൾ തമ്മിലുള്ള പങ്കാളിത്ത പദ്ധതികൾ, സ്പോർട്സ്, ഫുട്ബോൾ കോച്ചിംഗ് തുടങ്ങി എഫ്.സി. ബാഴ്സിലോണ പ്രദർശനം വരെ തിരുവനന്തപുരത്ത് സംഘടിപ്പിക്കാവുന്നതുമായിരുന്നു. ബാഴ്സിലോണ നഗരത്തിന് അന്താരാഷ്ട്ര സഹകരണ പദ്ധതികൾ ഏറ്റെടുക്കുവാൻ പ്രത്യേക ബഡ്ജറ്റ് നീക്കിയിരിപ്പുണ്ടെന്നുള്ളതും ഇവിടെ പ്രത്യേകം പ്രസ്താവ്യമാണ്.

ഇരട്ടനഗര പദ്ധതി നിർവ്വഹണത്തിനായി എന്റെ ഭാഗത്തുനിന്നും കഴിയുന്നത്ര പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. എന്റെ വ്യക്തി ബന്ധങ്ങൾ പ്രയോജനപ്പെടുത്തി ബാഴ്സിലോണ സിറ്റി കൗൺസിലുമായി ഞാൻ ബന്ധപ്പെടുകയും 2009-ൽ ബാഴ്സിലോണ നഗരം സന്ദർശിക്കുകയും അവിടുത്തെ മേയർ, ജോർജി ഹെറോ ഉൾപ്പെടെയുള്ള സിറ്റി നേതൃത്വത്തിനെ കാണുകയും ചെയ്തു. ബാഴ്സിലോണ നഗരസഭാ കൗൺസിലിന്റെ അന്താരാഷ്ട്ര ബന്ധങ്ങൾ സംബന്ധിച്ച ഡയറക്ടർ, ജോസഫ് റോക്ക തിരുവനന്തപുരത്ത് എത്തുകയും നഗരസഭയുമായി ചർച്ച നടത്തുകയും സംയുക്ത സഹകരണ സാധ്യതകൾ കണ്ടെത്തുകയും ചെയ്തു. ഇതിനെതുടർന്ന് 2010 ജനുവരിയിൽ ബാഴ്സിലോണ സിറ്റി കൗൺസിൽ ഒരു കരട് സഹകരണ രേഖ അംഗീകരിക്കുകയും ആവശ്യമായ പ്രമേയം പാസാക്കുകയും ചെയ്തു. ഇരട്ടനഗര പദ്ധതിക്ക് അനിവാര്യമായ നീക്കങ്ങൾ ബാഴ്സിലോണ നഗരം പൂർത്തിയാക്കിയെങ്കിലും, ഖേദകരമെന്ന് പറയട്ടെ, തിരുവനന്തപുരം നഗരസഭ സമാനമായ പ്രമേയം പാസാക്കാൻ വിസമ്മിച്ചതിനാൽ പദ്ധതിക്ക് തുടക്കമിടാൻ കഴിയാതെ പോയി.

എൽ.ഡി.എഫ്. നയിക്കുന്ന തിരുവനന്തപുരം നഗരസഭ കേവലം ലളിതമായ ഒരു പ്രമേയം പാസാക്കാൻ തുനിയാത്തതിനാൽ മാത്രമാണ് ബാഴ്സിലോണ നഗരവുമായുള്ള സഹകരണ പദ്ധതികൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയാതെ പോയത്. തികഞ്ഞ രാഷ്ട്രീയ വിദ്വേഷം പദ്ധതിയെ തുരങ്കം വെച്ചെങ്കിലും, ഇപ്രകാരമൊരു പദ്ധതിക്കായി കരാറിൽ ഏർപ്പെടാൻ അധികാരമില്ലെന്ന വ്യാജ പ്രസ്താവനയിറക്കുകയാണ് നഗരസഭ ചെയ്തത്. കേന്ദ്ര നഗരകാര്യ മന്ത്രാലയത്തിന്റെ അനുമതി വേണമെന്ന തടസ്സവാദം അടിസ്ഥാന രഹിതമാണെന്ന് പിന്നീട് കാണുകയുണ്ടായി. ത്വരിതഗതിയിൽ ലഭിക്കാറുള്ള കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ അനുമതി മാത്രമായിരുന്നു വേണ്ടിയിരുന്നത്. ഇങ്ങനെയായിരുന്നിട്ടും, ഇടതുപക്ഷ സർക്കാർ ആവശ്യമായ പ്രമേയം പാസാക്കാൻ കൂട്ടാക്കാതെയിരിക്കുകയും പണച്ചെലവില്ലാതെ ബാഴ്സിലോണ നഗരത്തിൽ നിന്നും ലഭിക്കുമായിരുന്ന നിരവധി സൗകര്യങ്ങൾ ഉപേക്ഷിക്കുകയും ചെയ്തു. സങ്കുചിതമായ ഇടതുപക്ഷ രാഷ്ട്രീയം കാരണം ജനങ്ങൾക്ക് ലഭിക്കുമായിരുന്ന ലോകോത്തര പദ്ധതി നഷ്ടപ്പെട്ടുവെന്നുള്ളത് തികച്ചും ഖേദകരമാണ്.

## തിരുവനന്തപുരത്ത് എയിംസ്

ഏതാണ്ട് പത്ത് വർഷങ്ങൾക്കു മുമ്പ് 2015-ൽ അന്നത്തെ സർക്കാർ കേരളത്തിന് വാഗ്ദാനം ചെയ്ത ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (എയിംസ്) തിരുവനന്തപുരത്ത് സ്ഥാപിക്കുകയെന്നത് നമ്മുടെ ഒരു ദീർഘകാലാവശ്യമാണ്. ഇക്കാര്യത്തിൽ ഞാൻ ഉന്നയിച്ച ആവശ്യങ്ങളുടെയും നടത്തിയ പ്രയത്നങ്ങളുടെയും ഫലമായി അന്നത്തെ യുഡിഎഫ് സർക്കാർ എയിംസിന് യോജിച്ചതെന്ന് കണ്ടെത്തിയ സംസ്ഥാനത്തെ ആകെ അഞ്ച് സ്ഥലങ്ങളിൽ പാറശ്ശാലയും ഉൾപ്പെടുത്തിയിരുന്നു. ഖേദകരമെന്ന് പറയട്ടെ, കേരളത്തിലെ മാറിവന്ന എൽഡിഎഫ് സർക്കാരിന്റെ നിഷേധാത്മക രാഷ്ട്രീയ സമീപനങ്ങളാലും കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ തുടർ പ്രവർത്തനങ്ങൾ വൈകിച്ചതിനാലും മണ്ഡലത്തിൽ എയിംസ് സ്ഥാപിക്കുകയെന്നത് ഒരു വിദൂര സ്വപ്നമായി തുടരുകയാണ്.

തിരുവനനന്തപുരത്തിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനം, തലസ്ഥാനത്ത് സ്ഥിതി ചെയ്യുന്ന ഗുണനിലവാരമുള്ള നിരവധി ഗവേഷണ കേന്ദ്രങ്ങളുടെയും സംസ്ഥാനത്തെ ഏറ്റവും മികച്ച മെഡിക്കൽ കോളേജുകളിലൊന്നിന്റെയും സാന്നിദ്ധ്യം തുടങ്ങിയ സുപ്രധാന സവിശേഷതകൾ എയിംസ് സ്ഥാപിക്കാനുള്ള കേരളത്തിലെ ഒരു മികച്ച സ്ഥലമായി തിരുവനന്തപുരത്തിനെ അടയാളപ്പെടുത്തുന്നു. തിരുവനന്തപുരത്ത് എയിംസിനായി കണ്ടെത്തിയ സ്ഥലം തമിഴ്നാട് അതിർത്തിക്ക്

സമീപമായിരുന്നു. അതുകൊണ്ടുതന്നെ, കന്യാകുമാരി തിരുനെൽവേലി തുടങ്ങിയ സമീപ ജില്ലകളിൽ നിന്നുള്ളവർക്കും നിർദിഷ്ട എയിംസ് പ്രയോജനപ്പെടുത്തുവാൻ കഴിയുമായിരുന്നു. എന്നാൽ എൽഡിഎഫ് സർക്കാർ എയിംസിന്റെ സാധ്യതാലിസ്റ്റിൽ നിന്നും തിരുവനന്തപുരത്തിനെ ഒഴിവാക്കുകയും കോഴിക്കോടിനെ മാത്രം ഉൾപ്പെടുത്തി പുതുക്കിയ സ്ഥലനിർദ്ദേശ പട്ടിക കേന്ദ്രസർക്കാരിന് സമർപ്പിക്കുകയും ചെയ്തു. പദ്ധതിക്കായി മതിയായ ഭൂമിയും ഗതാഗത അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കുകയെന്നത് സംസ്ഥാന സർക്കാരിന്റെ പരിധിയിലും ഭരണ നിയന്ത്രണത്തിലുമുള്ളതായതിനാൽ തിരുവനന്തപുരത്ത് ഒരു എയിംസ് എന്ന നമ്മുടെ സ്വപ്നം യാഥാർത്ഥ്യമാകുന്നത് സംസ്ഥാന സർക്കാർ അതിന്റെ തെറ്റ് തിരുത്തി അനുകൂല നടപടി സ്വീകരിക്കുന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഇക്കാര്യത്തിൽ തുടർന്നും ഞാൻ ഇടപെടുന്നതാണ്.

## തിരുവനന്തപുരം മെട്രോ

നമ്മുടെ റോഡുകളിൽ വർദ്ധിച്ചുവരുന്ന വാഹനങ്ങളുടെ എണ്ണം, റോഡപകടങ്ങൾ, ഗതാഗതക്കുരുക്ക്, അന്തരീക്ഷ മലിനീകരണം എന്നിവ കണക്കിലെടുത്ത്, തിരുവനന്തപുരം നഗരത്തിൽ ഒരു മാസ് റാപ്പിഡ് ട്രാൻസിറ്റ് സംവിധാനം നടപ്പിലാക്കണമെന്ന് ഞാൻ നിരന്തരം ആവശ്യമുന്നയിച്ചിരുന്നുവെന്നത് ഏവർക്കും അറിയാമല്ലോ. എന്റെ ആദ്യ ടേമിൽ, 2012 ഡിസംബറിൽ അന്നത്തെ യുഡിഎഫ് സർക്കാർ മോണോറെയിൽ ശൃംഖലയ്ക്കായി ഒരു പദ്ധതി വിഭാവനം ചെയ്യുകയും ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഡൽഹിയിലെ ഡി.എം.ആർ.സി.യെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു.

അതേ വർഷം തന്നെ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന പേരിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി.) രൂപീകരിച്ചു. എന്നാൽ തിരുവനന്തപുരം മോണോറെയിലിനായി നടത്തിയ ആഗോള ടെൻഡറുകൾക്ക് ബൊംബാർഡിയർ ട്രാൻസ്പോർട്ടേഷന്റെ നേതൃത്വത്തിലുള്ള ഒരു കൺസോർഷ്യത്തെ മാത്രമേ ആകർഷിക്കാനായുള്ളൂ. മോണോറെയിൽ സാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട വെല്ലുവിളികളും നിലവിലുണ്ടായിരുന്നതിനാൽ ഇത് തിരുവനന്തപുരത്തിന്റെ കണക്റ്റിവിറ്റി ആവശ്യങ്ങൾക്ക് അനുയോജ്യമായ ഒരു വഴി തുറക്കില്ല എന്ന നിഗമനത്തിലേക്ക് നയിച്ചു.

ഈ ഇരട്ട വെല്ലുവിളികൾ കണക്കിലെടുത്താണ് പദ്ധതിയെ ലൈറ്റ് മെട്രോയാക്കി മാറ്റാൻ യുഡിഎഫ് സർക്കാർ തീരുമാനിച്ചത്. ചെലവ് കൂടുതലാണെങ്കിലും, പെട്ടെന്ന് ശേഷി വർദ്ധിപ്പിക്കാൻ കഴിയുക, ഡി.എം.ആർ.സി.യുടെ ഈ മേഖലയിലെ സവിശേഷ വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തുക, പദ്ധതി നിർവ്വഹണം ഏറ്റെടുക്കാൻ കഴിയുന്ന കൂടുതൽ കമ്പനികളെ ബിഡ്ഡിംഗിനായി ആകർഷിക്കാനുള്ള സാധ്യത എന്നിങ്ങനെ ലൈറ്റ് മെട്രോയ്ക്ക് നിരവധി ഗുണങ്ങളുണ്ടായിരുന്നു. എന്നിരുന്നാലും, നിർദിഷ്ട ലൈറ്റ് മെട്രോയുടെ ഡി.പി.ആർ. വികസിപ്പിക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാരും കെ. എം. ആർ.എല്ലും സ്വീകരിക്കുന്ന സമീപനം സുതാര്യമല്ലാത്തതായി കാണപ്പെട്ടു. ഇക്കാര്യത്തിൽ ജനങ്ങളുടെ യഥാർത്ഥ ആശങ്കകൾ സംബന്ധിച്ച് ഞാൻ സംസ്ഥാന സർക്കാരിൽ നിരന്തരം ഇടപെട്ടിട്ടുണ്ട്.

ലൈറ്റ്മെട്രോയുടെ ആസൂത്രണവുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്ത് പദ്ധതി ഉപയോക്താക്കളുമായി ഫലപ്രദമായ ആശയവിനിമയം നടത്തി, അതിന്റെ അടിസ്ഥാനത്തിൽ മാത്രമേ പദ്ധതി നിർവ്വഹണത്തിന്റെ വിശദാംശങ്ങൾ നിർണ്ണയിക്കാവൂ എന്നു ഞാൻ നിർദ്ദേശിച്ചിരുന്നു. നിർദ്ദിഷ്ട മെട്രോയുടെ റൂട്ട്, അതിന്റെ സമയം, സാങ്കേതികവിദ്യ തിരഞ്ഞെടുക്കൽ തുടങ്ങിയ പ്രധാന തീരുമാനങ്ങൾ ഏകപക്ഷീയമായി കൈക്കൊള്ളുന്നത് പദ്ധതിയുടെ സാമ്പത്തിക സാദ്ധ്യതയേയും സമൂഹത്തിൽ അത് ചെലുത്തുന്ന പ്രഭാവത്തിന്റെ വ്യാപ്തിയേയും പ്രതികൂലമായി ബാധിക്കുവാൻ കാരണമാകുമെന്ന് ഞാൻ ചൂണ്ടിക്കാട്ടുകയുണ്ടായി. പദ്ധതി നിർദ്ദേശത്തിന്റെ പ്രധാന വിശദാംശങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട എല്ലാവരുമായും ആശയവിനിമയം നടത്തുന്നത് ഉചിതമായിരിക്കുമെന്നും ഞാൻ വ്യക്തമാക്കി.

ജനപ്രതിനിധികൾ, ഇൻഫ്രാസ്ട്രക്ചർ കേന്ദ്രീകൃത സംഘടനകൾ, പൊതുവായ ബിസിനസ്സ് സമൂഹം എന്നിവർക്ക് നഗരത്തിന്റെ വളർച്ചാവഴിയും അതുപോലെ ബിൽഡ്-ഔട്ട് ടെക്നോപാർക്ക് തുടർ ഘട്ടങ്ങൾ തുടങ്ങിയവ സംബന്ധിച്ച കാര്യങ്ങളെപ്പറ്റിയും ഉൾക്കാഴ്ച നൽകാൻ കഴിയുന്നതാണ്. ടെക്നോപാർക്കിനെ ബന്ധിപ്പിക്കുന്ന നിർദിഷ്ട രണ്ടാം ലൈനിനായി നടത്തിയ സാധ്യതാപഠനം സമഗ്രവും പൂർണ്ണവും ആയിരുന്നില്ലെന്ന് മനസ്സിലാക്കുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാവരേയും വിശ്വാസത്തിലെടുക്കുന്നതിലും അവരുടെ ഇൻപുട്ടുകൾ തേടുന്നതിലും ആ പഠനം പരാജയപ്പെടുകയാണുണ്ടായതെന്ന് കാണുന്നു.

തിരുവനന്തപുരം മെട്രോ പദ്ധതി വിജയത്തിനായി ബന്ധപ്പെട്ടവർ മുന്നോട്ടുവയ്ക്കുന്ന ഗൗരവമേറിയതും ഉചിതവുമായ നിർദ്ദേശങ്ങളോട് എം.പി എന്ന നിലയിൽ ഞാൻ ശക്തമായി യോജിക്കുന്നു. നിർണ്ണായകമായ ടെക്നോപാർക്ക് 1-3 ഘട്ടങ്ങൾ, വി.എസ്.എസ്.സി, പ്രധാന ബിസിനസ് കേന്ദ്രങ്ങൾ, മെഡിക്കൽ കോളേജ് തുടങ്ങിയ ആരോഗ്യ സേവന കേന്ദ്രങ്ങൾ, പ്രധാന ഗതാഗത ഹബുകൾ തുടങ്ങിയ ഏറ്റവും ജനസാന്ദ്രതയുള്ള പ്രദേശത്ത് കൂടി പദ്ധതിയുടെ ഒന്നാംഘട്ട റൂട്ട് കടന്നുപോകണമെന്നും കൂടാതെ പ്രധാന ബിസിന

സ് കേന്ദ്രങ്ങൾ, ടെക്നോപാർക്ക് തുടങ്ങിയ തിരക്കേറിയ സ്ഥലങ്ങളിൽ പൊതുജനങ്ങളുടെ ജീവിതക്രമത്തിന് ഭംഗം വരാതെ പരമാവധി ഭൂഗർഭപാതകൾ സൃഷ്ടിക്കുക തുടങ്ങിയ നിർദ്ദേശങ്ങൾ ഞാൻ മുന്നോട്ട് വെച്ചിരുന്നു.

ബന്ധപ്പെട്ട കമ്പനികളായ യു.എം.ടി.സി. അഥവാ കെ.എം.ആർ.എൽ. സംഘടിപ്പിക്കുന്ന വിശദമായ ചർച്ചയിൽ മേൽപ്പറഞ്ഞ വിഷയം സംബന്ധിച്ച് ലഭ്യമായ എല്ലാ സാധ്യതകളും ചർച്ച ചെയ്തതിന് ശേഷം മാത്രമാകണം അന്തിമ സാധ്യതാ റിപ്പോർട്ട് തയ്യാറാക്കേണ്ടത്. പദ്ധതിക്കായി സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിന് അടിസ്ഥാനം സാധ്യതാ റിപ്പോർട്ടാണ്. വിശദമായ പ്രോജക്ട് റിപ്പോർട്ടിന്റെ(DPR) അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനും മേൽപ്പറഞ്ഞ സാധ്യതാ റിപ്പോർട്ട് പൂർണ്ണതോതിൽ കുറ്റമറ്റതാകേണ്ടതുണ്ട്. മറിച്ചായാൽ, പദ്ധതി അംഗീകാരത്തിനേയും തുടർന്നുള്ള ഘട്ടങ്ങളുടെ അംഗീകാരപ്രക്രിയകളേയും ദോഷകരമായി ബാധിക്കുമെന്നതാണ് വസ്തുത.

## പൂവാർ കപ്പൽശാലാ പദ്ധതി

ഇന്ത്യയുടെ കിഴക്കൻ തീരത്തുള്ള വിശാഖപട്ടണവും പടിഞ്ഞാറൻ തീരത്തുള്ള കൊച്ചിയും ഇന്ത്യയിലെ രണ്ട് പ്രമുഖ കപ്പൽശാലകളാണല്ലോ. വളരുന്ന ഇന്ത്യയ്ക്ക് ഭാവിയിൽ വലിയ കപ്പലുകൾ ആവശ്യമായി വരുമെന്നതിനാൽ, നമുക്ക് കൂടുതൽ മികച്ച സജ്ജീകരണങ്ങളുള്ള അത്യന്താധുനിക കപ്പൽശാലകൾ ആവശ്യമാണ്. ഇക്കാര്യത്തിൽ, ഭൂമിശാസ്ത്രപരമായും പാരിസ്ഥിതികമായും സാമൂഹിക-സാമ്പത്തികമായും പൂവാർ മേഖല നിർദ്ദിഷ്ട കപ്പൽശാലയുടെ നിർമ്മാണത്തിന് തികച്ചും അനുയോജ്യമാണ്. ഇതുവഴി പൂവാർ പ്രദേശത്തേയും രാജ്യത്തിനെയും കൂടുതൽ വികസനത്തിലേക്ക് നയിക്കാൻ നിർദ്ദിഷ്ട കപ്പൽശാലാ പദ്ധതിക്ക് ആകുമെന്ന് തുറമുഖ മന്ത്രാലയത്തെ ബോധ്യപ്പെടുത്താൻ ഞാൻ പരിശ്രമിച്ചു.

നിലവിൽ, പൂവാറിനെ ഇന്ത്യയുടെ ഒന്നാം നമ്പർ ഷിപ്പ്യാർഡ്-കം-മാരിടൈം ഹബ്ബായി വികസിപ്പിക്കുന്നതിനുള്ള പദ്ധതി ഇപ്പോഴും അതിന്റെ ആശയ ഘട്ടത്തിലാണ്. നിർമ്മാണത്തിലിരിക്കുന്ന വിഴിഞ്ഞം തുറമുഖത്തിന് വളരെ അടുത്തായി ഒരു കപ്പൽശാല നിർമ്മിക്കാനുള്ള സാധ്യതാ പഠനത്തിൽ ചില ആശങ്കകളും തടസ്സവാദങ്ങളുമുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ചർച്ചകൾ ആവശ്യമാണ്. ബൃഹത്തായ വിഴിഞ്ഞം പദ്ധതിയുടെ തുടർ വികസനത്തിന് ഇത്തരം അനുബന്ധ പദ്ധതികൾ അനിവാര്യമായതുകൊണ്ടു ഞാൻ ഈ പദ്ധതിക്കായുള്ള പ്രവർത്തനങ്ങൾ തുടരും. ■



# പാർലമെന്റിലെ പ്രവർത്തനങ്ങൾ



കഴിഞ്ഞ ടേമുകളിലെന്നവണ്ണം ഇപ്രാവശ്യവും നിങ്ങളുടെ പ്രതിനിധി എന്ന നിലയിൽ തിരുവനന്തപുരത്തിനെ സംബന്ധിച്ചും ദേശീയ പ്രാധാന്യമുള്ള മറ്റു വിഷയങ്ങളെ സംബന്ധിച്ചും തുടർച്ചയായി പാർലമെൻറിൽ ഇടപെട്ട് സംസാരിച്ചു. അവതരിപ്പിക്കപ്പെടുന്ന വിവാദ നിയമനിർമ്മാണങ്ങളെ എതിർക്കുകയും സുപ്രധാന സംവാദങ്ങളിൽ ലോക്സഭാതലത്തിൽ പങ്കെടുക്കുകയും ചെയ്തു.

സഭയിലെ എന്റെ പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ സഭയുടെ അടിസ്ഥാന സ്ഥിതിവിവരകണക്ക് തന്നെ തെളിയിക്കുന്നതാണ്. സഭയിലെ എന്റെ ഹാജർ 93%, ഞാൻ പങ്കെടുത്ത ചർച്ചകളുടെ എണ്ണം 101, ഞാൻ ഉന്നയിച്ച ചോദ്യങ്ങൾ 275, ഞാൻ അവതരിപ്പിച്ച സ്വകാര്യ ബില്ലുകളുടെ എണ്ണം 13 എല്ലാം തന്നെ ദേശീയ, സംസ്ഥാന ശരാശരിക്ക് മുകളിലാണ് നിലകൊള്ളുന്നത്. ഇതിനോടൊപ്പം സുപ്രധാന പ്രശ്നങ്ങൾ സഭയിൽ ഉന്നയിച്ച് സംസാരിക്കുന്ന കാര്യത്തിലായാലും നിങ്ങളെന്നിൽ അർപ്പിച്ച വിശ്വാസം പൂർണ്ണമായും കാത്തുസൂക്ഷിക്കുവാൻ പതിനേഴാമത് ലോക്സഭയിലെ നിങ്ങളുടെ പ്രതിനിധിയെന്ന നിലയിൽ എനിക്ക് കഴിഞ്ഞിട്ടുണ്ടെന്നാണ് എന്റെ ഉറച്ച വിശ്വാസം.

ലോക്സഭയിലെ നിരവധി സുപ്രധാന ചർച്ചകളിൽ സജീവമായി പങ്കെടുത്ത് ആശയ സംഭാവനകൾ നൽകുവാൻ എനിക്ക് കഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ പ്രസംഗത്തിനുള്ള നന്ദി പ്രമേയ ചർച്ച, യൂണിയൻ ബഡ്ജറ്റ് ചർച്ചകൾ, കോവിഡ് പ്രതിരോധത്തിലെ വീഴ്ചകൾ, ഉക്രൈൻ പ്രതിസന്ധി, ചന്ദ്രയാൻ-3 ദൗത്യം സംബന്ധിച്ച ചൂടേറിയതും ചേരിതിരിഞ്ഞുള്ളതുമായ ചർച്ച എന്നിവയിൽ സജീവമായി പങ്കെടുത്തു. കൂടാതെ ജമ്മു-കാശ്മീർ പുന:രൂപീകരണ ബിൽ, നാഷണൽ ക്യാപിറ്റൽ ടെറിട്ടറി ഓഫ് ഡൽഹി ബിൽ, ഡിജിറ്റൽ വ്യക്തിവിവര സംരക്ഷണ ബിൽ പൌരത്വ ഭേദഗതി ബിൽ തുടങ്ങിയ വിവാദബില്ലുകളെ സഭയിലെ ഭൂരിപക്ഷം ഉപയോഗിച്ച് വിശദമായ ചർച്ച കൂടാതെ പാസാക്കാനുള്ള കേന്ദ്രസർക്കാർ നീക്കത്തിനെ ശക്തിയായി എതിർത്ത് ഞാൻ സംസാരിക്കുകയുണ്ടായി.

ലോക്സഭയിലെ ശൂന്യവേള കൂടാതെ ചട്ടം 377 തുടങ്ങി ഒരു എം.പി.ക്ക് സഭയിൽ ഇടപെടാനും വിഷയങ്ങൾ ഉന്നയിക്കാനും കഴിയുന്ന ലഭ്യമായ എല്ലാ അവസരങ്ങളും വിനിയോഗിച്ച് തിരുവനന്തപുരത്തിനും ജനങ്ങൾക്കും നിർണായക പ്രാധാന്യമുള്ള എല്ലാ വിഷയങ്ങളും ഞാൻ പൂർണ്ണതോതിൽ സഭയിൽ ഉന്നയിക്കുകയുണ്ടായി. വ്യാപകമായ തീരശോഷണം, കടൽ ഭിത്തികൾ നിർമ്മിക്കേണ്ടതിന്റെ ആവശ്യകത, അശരണരായ മത്സ്യബന്ധന

തൊഴിലാളികൾക്കായി പ്രത്യേക സാമ്പത്തിക പാക്കേജ്, തിരുവനന്തപുരത്തെ റെയിൽവേ ടൂറിസം അടിസ്ഥാന സൗകര്യ വികസനം, തിരുവനന്തപുരത്ത് ഹൈക്കോടതി ബെഞ്ചും എയിംസും സ്ഥാപിക്കുക, കുടിവെള്ള പദ്ധതികൾ, വെള്ളായണി കായൽ തുടങ്ങിയ മേഖലകളിലെ ജൈവവൈവിധ്യത്തിന്റെ സംരക്ഷണം, ഐ.എസ്.ആർ.ഒ., ആരോഗ്യ മേഖല, അധ്യാപകർ, ഗവേഷകർ തുടങ്ങിയ പ്രൊഫഷണലുകൾ നേരിടുന്ന പ്രശ്നങ്ങൾ ഉൾപ്പെടെ നിരവധി സുപ്രധാന വിഷയങ്ങൾ വിശദമായി സഭയിൽ ഉന്നയിക്കുകയുണ്ടായി.

വിദ്യാഭ്യാസ ഗുണനിലവാരവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കാൻ നിങ്ങളുടെ എം.പി. എന്ന നിലയിൽ ഞാൻ എല്ലാ അവസരങ്ങളും വിനിയോഗിക്കുകയുണ്ടായി. നമ്മുടെ രാജ്യത്തെ വിദ്യാഭ്യാസ നിലവാരം, വിദ്യാലയങ്ങളിലെ അഭിപ്രായ സ്വാതന്ത്ര്യം, നമ്മുടെ സർവ്വകലാശാലകളിലെ വിദ്യാർത്ഥികളുടെ സുരക്ഷിതത്വം, ക്യാമ്പസുകളിലെ അക്കാദമിക സ്വാതന്ത്ര്യം തുടങ്ങിയവ ഞാൻ സഭയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവന്നു.

ദേശീയ വിദ്യാഭ്യാസ നയത്തിന്റെ കരടിന്മേൽ അന്നത്തെ മാനവ വിഭവ ശേഷി വകുപ്പ് മന്ത്രി തെരഞ്ഞെടുത്ത 12 എം.പിമാരുമായി മാത്രം നടത്തിയ ചർച്ചകളിൽ സജീവമായി പങ്കെടുക്കുകയുണ്ടായി. തുടർ ഘട്ടങ്ങളിൽ മന്ത്രിയുമായി വീണ്ടും കൂടിക്കാഴ്ചകൾ നടത്തി ചർച്ചകളുമായി മുന്നോട്ട് പോയത് നിങ്ങളുടെ എം.പി. മാത്രമാണ്. അപ്രകാരം നടത്തിയ ഇടപെടലുകൾ വഴി വിദ്യാഭ്യാസ മേഖലയ്ക്ക് കൂടുതൽ ഫണ്ട് നീക്കി വെക്കേണ്ടതിന്റെയും, അധ്യാപകർക്ക് അവശ്യം നൽകേണ്ട മെച്ചപ്പെട്ട പരിശീലനത്തിന്റെയും, വിവര വിനിമയ സാങ്കേതികവിദ്യ (ICT)യെ ഉചിതമായും സമഗ്രമായും നടപ്പിലാക്കുന്നതിന്റെ ആവശ്യകതയും ഉൾപ്പെടെയുള്ള കാര്യങ്ങൾ ഉന്നയിക്കുകയുണ്ടായി. വിദ്യാഭ്യാസ അവകാശ നിയമം (RTE) വിവിധ സംസ്ഥാനങ്ങളിൽ നടപ്പിലാക്കുന്നതിൽ പരാജയം സംഭവിച്ചിട്ടുള്ളതായി പാർലമെന്റിൽ ഞാൻ ഉന്നയിച്ച ചോദ്യങ്ങൾക്കുള്ള മറുപടിയിൽ നിന്നും വ്യക്തമായിട്ടുണ്ട്. ആയതിനാൽ കുറ്റമറ്റ രീതിയിൽ ഈ നിയമം നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കണമെന്ന് മുഖ്യമന്ത്രിയോട് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ കത്ത് നൽകിയിട്ടുമുണ്ട്.

ആരോഗ്യ സംബന്ധമായ വിഷയങ്ങൾ പാർലമെന്റിൽ ഉന്നയിക്കുന്നതിൽ ഞാൻ പ്രത്യേക മുൻഗണന നൽകിയിരുന്നു. തിരുവനന്തപുരത്തെ റീജണൽ ക്യാൻസർ സെന്റർ ദേശീയ പ്രാധാന്യമുള്ള ഒരു കേന്ദ്രമായി വികസിപ്പിക്കുന്നതിനോടൊപ്പം നിർദ്ദിഷ്ട ഔഷധ സസ്യങ്ങൾക്കായുള്ള ദേശീയ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരത്ത് തന്നെ സ്ഥാപിക്കണമെന്ന് ബഡ്ജറ്റ് പ്രസംഗത്തിൽ ഞാൻ ആവശ്യപ്പെട്ടിരുന്നു.

കേരളത്തിലെ ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിക്ക് അധിക ഫണ്ട് നൽകേണ്ടതിന്റെ ആവശ്യകത അടിയന്തിര പൊതു പ്രാധാന്യമുള്ള വിഷയമായി ഇതര പ്രശ്നങ്ങൾക്കൊപ്പം ഞാൻ ഉന്നയിച്ചു. കൂടാതെ പാർവതീപുത്തനാറിന്റെ ശുചീകരണ വിഷയവും (മുകളിൽ സ്വച്ഛ് ഭാരത് എന്ന വിഭാഗത്തിൽ വിവരിച്ചിരിക്കുന്നതു പോലെ) ബഹു. ജലവിഭവ മന്ത്രിയുടെ പാർലമെന്ററി ഇടപെടലുകളിലും സ്വച്ഛ് ഭാരത് പദ്ധതിയുടെ ചർച്ചകളിലും ഞാൻ ഉന്നയിച്ചിട്ടുണ്ട്. ബാലരാമപുരത്തെ കൈത്തറി വ്യവസായത്തെ സർക്കാരിന്റെ മെഗാ ക്ലസ്റ്റർ പദ്ധതിയിൽ ഉൾപ്പെടുത്തി അവിടത്തെ കരകൗശല തൊഴിലാളികൾക്ക് സാമ്പത്തിക സഹായം നൽകേണ്ടതിന്റെ ആവശ്യകതയും ഞാൻ ഉന്നയിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞ എല്ലാ സന്ദർഭങ്ങളിലും പാർലമെന്ററി ഇടപെടലുകൾക്ക് ശേഷം ഞാൻ വ്യക്തിപരമായ കൂടിക്കാഴ്ചകൾ മുഖേന തുടർനടപടി സ്വീകരിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, നെയ്ത്തുകാരുടെ പ്രശ്നങ്ങൾ പാർലമെന്റിൽ ഉന്നയിച്ചതിന് ശേഷം ബഹുമാനപ്പെട്ട ടെക്സ്റ്റൈൽസ് മന്ത്രിയുമായും മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന പ്രശ്നങ്ങൾ ഉന്നയിച്ചതിന് ശേഷം ബഹുമാനപ്പെട്ട ഫിഷറീസ് മന്ത്രിയുമായും തുടർയോഗങ്ങൾ ചേരുകയുണ്ടായി.

നമ്മുടെ പ്രതിരോധ സേനാംഗങ്ങളും സ്ത്രീകളും നേരിടുന്ന പ്രശ്നങ്ങൾ നിങ്ങളുടെ എം.പി. എന്ന നിലയിൽ എന്നെ അലട്ടുന്നതാണ്. പെൻഷൻകാരെയും സൈനിക ഉദ്യോഗസ്ഥരെയും ബാധിക്കുന്നതിനാൽ, ഏഴാം കേന്ദ്ര ശമ്പള കമ്മീഷൻ സംബന്ധിച്ച പ്രശ്നങ്ങൾ പലതവണ പാർലമെന്റിൽ ചോദ്യങ്ങളിലൂടെ ഞാൻ ഉന്നയിച്ചിട്ടുണ്ട്. ശാസ്ത്രമംഗലത്തെ സി.ജി.എച്ച്.എസ്. വെൽനസ് സെന്റർ കണ്ണൂരിലേക്ക് മാറ്റാനുള്ള നീക്കത്തിനെതിരെ കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ വകുപ്പ് മന്ത്രിയുമായി യോഗം ചേരുകയും പിന്നാലെ ആ നീക്കത്തിനെതിരെ പ്രതിഷേധം സംഘടിപ്പിക്കുകയും ചെയ്തു. ബ്രഹ്മോസ് പ്രവർത്തകരുടെ ആശങ്കകൾ എത്രയും വേഗം പരിഹരിക്കാൻ ഞാൻ പ്രതിരോധ മന്ത്രിയെ വ്യക്തിപരമായി കണ്ടു സംസാരിക്കുകയുമുണ്ടായി.

തിരുവനന്തപുരത്തെ വിക്രം സാരാഭായ് ബഹിരാകാശ കേന്ദ്രത്തിലെ കരാർ തൊഴിലാളികളുടെ ആശങ്കകൾ കേൾക്കുകയും അവർ നേരിടുന്ന വെല്ലുവിളികൾക്ക് പരിഹാരം തേടാൻ പരിശ്രമിക്കു

കയും റൂൾ 377 പ്രകാരം പാർലമെന്റിൽ ഈ വിഷയം ഞാൻ ഉന്നയിക്കുകയും ചെയ്തു.

നോട്ട് നിരോധനം നമ്മുടെ മണ്ഡലത്തെ ആഴത്തിൽ ബാധിച്ച ഒന്നായിരുന്നു. നമ്മുടെ ബാങ്കുകളിലുണ്ടായ അരാജകത്വം മുതൽ, ഉപഭോഗവും വിലയും കുറഞ്ഞതിന്റെ പേരിൽ കർഷകർ പച്ചക്കറികൾ കുഴിച്ചുമൂടുന്ന സാഹചര്യം വരെ ഉണ്ടായി. കേന്ദ്ര സർക്കാർ ജനങ്ങളിൽ ഏൽപ്പിച്ച താങ്ങാനാവാത്ത ഭാരം തികച്ചും സങ്കടകരമായിരുന്നു. ഈ വിഷയത്തിൽ കോൺഗ്രസ് പാർലമെന്ററി പാർട്ടിയെ പ്രതിനിധീകരിച്ച് ഞാൻ ലോക്സഭയിൽ സംസാരിച്ചിരുന്നു.

മനുഷ്യാവകാശങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ ഉന്നയിക്കാൻ സഭാതലം ഫലപ്രദമായി ഞാൻ ഉപയോഗിച്ചിട്ടുണ്ട്. അഭയാർത്ഥികളോടുള്ള സർക്കാരിന്റെ ഇപ്പോഴത്തെ സമീപനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിന് സമഗ്രമായ ഒരു അഭയാർത്ഥി & അഭയ നിയമം (refugee & asylum law) നടപ്പിലാക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഞാൻ പാർലമെന്റിൽ ഉന്നയിച്ചു. കൂടാതെ വധശിക്ഷ നിർത്തലാക്കേണ്ടതിന്റെ ആവശ്യകതയും ഉയർത്തിക്കാണിച്ചു ഞാൻ സംസാരിക്കുകയുണ്ടായി. സ്പോർട്സ് ഹോസ്റ്റലുകളിലെയും സായ് സെന്ററുകളിലെയും വനിതാ അത്ലറ്റുകളുടെ സുരക്ഷയും സംരക്ഷണവും ഉറപ്പുവരുത്തുന്നതിനും ട്രാൻസ്ജെൻഡർമാരുടെയും മറ്റ് ലൈംഗിക ന്യൂനപക്ഷങ്ങളുടെയും അവകാശങ്ങൾ വിപുലീകരിക്കുന്നതിനും ഞാൻ ഇടപെടലുകൾ നടത്തിയിട്ടുണ്ട്.

ഓഖി ചുഴലിക്കാറ്റ് തിരുവനന്തപുരം തീരപ്രദേശത്തുടനീളം വിതച്ച ഭീകരതയ്ക്കും നാശത്തിനോടുമുള്ള കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ തണുപ്പൻ പ്രതികരണവും, പൗരന്മാർക്ക് വേണ്ടത്ര മുന്നറിയിപ്പ് നൽകാനോ ചുഴലിക്കാറ്റ് സാഹചര്യങ്ങൾ നേരിടാൻ തയ്യാറെടുക്കാനോ കഴിയാതെയാക്കിയ സർക്കാർ ഏജൻസികളുടെ പരാജയവും റൂൾ 193 പ്രകാരം പാർലമെന്റിൽ ഉന്നയിച്ചു. ചുഴലിക്കാറ്റ് സൃഷ്ടിച്ച വൻനാശനഷ്ടത്തിനിരയായ മത്സ്യത്തൊഴിലാളികളുടെ കുടുംബത്തിനെയും ജീവിതമാർഗ്ഗം നഷ്ടപ്പെട്ട് നിരാലംബരായവരെയും സഹായിക്കാൻ സമഗ്രമായ നഷ്ടപരിഹാര പാക്കേജ് അനുവദിക്കണമെന്ന് 2018-19-ലെ ധനമന്ത്രിയുടെ ബജറ്റ് നിർദ്ദേശത്തോടുള്ള എന്റെ പ്രതികരണത്തിലൂടെ ഞാൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

കൂടാതെ, തീരശോഷണം മൂലം പ്രാദേശിക മത്സ്യത്തൊഴിലാളികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി, ഈ മത്സ്യത്തൊഴിലാളികൾക്ക് സഹായം നൽകുന്നതിന് അവർക്കായുള്ള ദേശീയ ക്ഷേമ പദ്ധതിയിൽ പ്രത്യേക വ്യവസ്ഥ ഉൾപ്പെടുത്തണമെന്നും പാർലമെന്റിലെ എന്റെ ചോദ്യങ്ങളിലൂടെ ഞാൻ ആവശ്യപ്പെട്ടു. നിർഭാഗ്യവശാൽ അത് നാളിതുവരെ സർക്കാർ അംഗീകരിച്ചില്ല.

തിരുവനന്തപുരത്ത് ഉണ്ടാകുന്ന രൂക്ഷമായ ശുദ്ധജല ദൗർലഭ്യത്തെക്കുറിച്ച് എന്റെ ഇടപെടലുകളിലൂടെ ഞാൻ സംസാരിക്കുകയും ജില്ലയിലെ പ്രധാന ശുദ്ധജല സ്രോതസ്സുകളായ കിള്ളി-കരമന നദീ സംവിധാനവും വെള്ളായണി കായലും ദേശീയ നദീ സംരക്ഷണ പദ്ധതിയിൽ ഉൾപ്പെടുത്തി ശുചീകരിക്കാൻ സത്വര നടപടികൾ സ്വീകരിക്കാൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തു.

ഉക്രെയ്നിൽ നടന്നുകൊണ്ടിരിക്കുന്ന യുദ്ധം മൂലം വിദ്യാഭ്യാസം മുടങ്ങിയ, കേരളത്തിൽ നിന്നുള്ള നിരവധി മെഡിക്കൽ വിദ്യാർത്ഥികളുടെ ദുരവസ്ഥയെക്കുറിച്ച് ഞാൻ ബഹുമാനപ്പെട്ട ആരോഗ്യ-കുടുംബക്ഷേമ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഈ വിദ്യാർത്ഥികളുടെ ഭാവിയും നമ്മുടെ രാജ്യത്തെ ജനങ്ങളുടെ ആരോഗ്യവും മുൻനിർത്തി അവരുടെ മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കാൻ കഴിയുന്ന ഇതര മാർഗ്ഗങ്ങൾ കണ്ടെത്തണമെന്ന് ഞാൻ മന്ത്രിയോട് അഭ്യർത്ഥിച്ചു.

കേരളത്തിൽ മയക്കുമരുന്ന് ഉപയോഗത്തിന്റെയും മയക്കുമരുന്നുമായി ബന്ധപ്പെട്ട കേസുകളുടെയും ഭയാനകമാംവിധമുള്ള വർദ്ധനവിനെക്കുറിച്ചും നിരോധിത മയക്കുമരുന്ന്-പദാർത്ഥങ്ങളുടെ ഉൽപാദനവും വിതരണവും ഇല്ലാതാക്കാൻ സംസ്ഥാനവും കേന്ദ്രസർക്കാരും തമ്മിലുള്ള സഹകരണത്തിന്റെ ആവശ്യകതയെക്കുറിച്ചും ഞാൻ പാർലമെന്റിൽ സംസാരിക്കുകയുണ്ടായി.

ഡൽഹിയിലെ എയിംസിന്റെ ഐടി സെർവറുകളിൽ നടന്ന സൈബർ ആക്രമണത്തെക്കുറിച്ചും ഞാൻ പാർലമെന്റിൽ ഇടപെട്ട് സംസാരിച്ചു. രോഗികളുടെ രജിസ്ട്രേഷൻ, കൺസൾട്ടേഷൻ ബുക്കിംഗ്, മെഡിക്കൽ രേഖകളുടെ ലഭ്യത എന്നിവയുൾപ്പെടെയുള്ള സാധാരണ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്ന ഡാറ്റ നഷ്ടത്തിന് കാരണമായ ഈ വിഷയം സഭയിൽഅടിയന്തിര പ്രാധാന്യത്തോടെയാണ് ഉന്നയിച്ചത്.

കോവിഡ്-19 കാലത്ത് അനാവശ്യ യാത്രകൾ തടയുന്നതിന്, 2020 മാർച്ചിൽ പിൻവലിച്ച മുതിർന്ന പൗരന്മാർക്കുള്ള റെയിൽവേ യാത്രാ നിരക്കിലെ ഇളവുകൾ, പുനഃസ്ഥാപിക്കേണ്ടതിന്റെ ആവശ്യകത മറ്റൊരു അടിയന്തര പൊതു പ്രാധാന്യ വിഷയമായി ഞാൻ ഉന്നയിച്ചു.

തിരുവനന്തപുരം സെൻട്രൽ സ്റ്റേഷന്റെ പ്രവർത്തന വിപുലീകരണവും ഗതാഗത തിരക്ക് കുറയ്ക്കുന്നതിനുള്ള നടപടികളും അതോടൊപ്പം കൊച്ചുവേളി സ്റ്റേഷന്റെ വികസനവും അടിയന്തിര പ്രാധാന്യത്തോടെ പൂർത്തീകരിക്കേണ്ടതുണ്ട്. നേമം കോച്ചിംഗ്/സാറ്റലൈറ്റ് ടെർമിനൽ പദ്ധതി ഉപേക്ഷിക്കാനുള്ള റെയിൽവേ ബോർഡിന്റെ അപകടമായ തീരുമാനത്തെ സഭയിൽ ഞാൻ ശക്തമായി ചോദ്യം ചെയ്യുകയുണ്ടായി.

കേരളത്തിലെ ഏക സൈനിക സ്കൂളായ തിരുവനന്തപുരത്തെ കഴക്കൂട്ടം സൈനിക സ്കൂൾ അടച്ചുപൂട്ടുന്നത് തടയാനും അവിടെത്തെ ജീവനക്കാരുടെ മുടങ്ങിയ ശമ്പളവും പെൻഷനും അടിയന്തിരമായി വിതരണം ചെയ്യേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും, സഭാതലത്തിലെ മറ്റൊരു ഇടപെടൽ വഴി ഞാൻ ഉന്നയിക്കുകയുണ്ടായി.

എൻ.എച്ച് 66 ബൈപ്പാസിൽ ഈഞ്ചക്കലിനും കുമരിച്ചന്തയ്ക്കും ഇടയിൽ ബലപ്പെടുത്തിയ മണ്ണ് ഭിത്തിക്ക് താഴെയുള്ള മലിനജല പൈപ്പ് ലൈൻ തകർന്നത് മൂലമുള്ള ഗതാഗതക്കുരുക്കും വാഹനയാത്രക്കാർ നേരിടുന്ന ക്ലേശങ്ങളും അടിയന്തിരമായി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടു ഞാൻ മറ്റൊരു ഇടപെടൽ നടത്തുകയുണ്ടായി.

2020 മാർച്ച് മുതൽ തുടർച്ചയായി അടച്ചുപൂട്ടലിനും ഷട്ട്ഡൗണിനും സാക്ഷ്യം വഹിച്ച തിരുവനന്തപുരത്തെ വിജയമോഹിനി മില്ലിലെ തൊഴിലാളികളുടെ ദുരവസ്ഥ ഞാൻ അടിയന്തര പൊതു പ്രാധാന്യത്തോടെ സഭയിൽ ഉന്നയിക്കുകയുണ്ടായി. എത്രയും വേഗം ഈ വ്യവസ്സായ സംരംഭത്തിന്റെ പ്രവർത്തനം പുനരാരംഭിക്കാനും അടച്ചുപൂട്ടൽ മൂലം ദുരിതമനുഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാരം വേഗത്തിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കാനും ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയും ചെയ്തു.

ബ്ലൂ ഇക്കണോമി പോളിസിയുടെ കരട് പുറത്തിറക്കിയതിനെക്കുറിച്ചുള്ള ആശങ്കകളിലേക്ക് ബഹുമാനപ്പെട്ട ഭൗമശാസ്ത്ര മന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ച് സഭയിൽ ഇടപെട്ട് ഞാൻ സംസാരിക്കുകയുണ്ടായി. എല്ലാ പ്രാദേശിക ഭാഷകളിലും കരട് നയത്തിന്റെ പകർപ്പുകൾ പ്രസിദ്ധീകരിച്ച് അഭിപ്രായങ്ങൾ തേടുന്നതിനും മത്സ്യബന്ധനവുമായി ബന്ധപ്പെട്ടവരുമായി കൂടിയാലോചനകൾ നടത്തി പ്രസക്തങ്ങളായ എല്ലാ ശുപാർശകളും സംയോജിപ്പിച്ചതിനു ശേഷം മാത്രം ബ്ലൂ സമ്പദ്‌വ്യവസ്ഥയുടെ വളർച്ചയ്ക്ക് ഫലപ്രദമായി സംഭാവന നൽകുന്ന സമഗ്ര നയം രൂപീകരിക്കാവൂ എന്നും ഞാൻ സഭയിൽ ആവശ്യപ്പെടുകയുണ്ടായി.

ചരിത്രപരമായ സർവ്വമത സഹവർത്തിത്വത്തിനും ബഹുസ്വര പൈതൃകത്തിനും പ്രസിദ്ധമായ തിരുവനന്തപുരത്ത് ടൂറിസം അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് എന്റെ മറ്റൊരു ഇടപെടലിലൂടെ ഞാൻ സംസാരിക്കുകയുണ്ടായി. ഇവിടെയെത്തുന്ന വിശ്വാസ സമൂഹത്തിന് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ഈ കേന്ദ്രങ്ങൾക്കിടയിൽ ഒരു സർക്യൂട്ട് സ്ഥാപിക്കാനും പ്രസാദ് അല്ലെങ്കിൽ ഹൃദയ് പദ്ധതികൾക്കു കീഴിൽ തിരുവനന്തപുരത്തെ ഉൾപ്പെടുത്താനും ഞാൻ ആവശ്യപ്പെട്ടു.

തിരുവനന്തപുരം റെയിൽവേ ഡിവിഷനിലൂടെ കടന്നുപോകുന്ന പാസഞ്ചർ ട്രെയിനുകളിൽ റിസർവ് ചെയ്യാത്ത കോച്ചുകളുടെയും സ്ലീപ്പർ കോച്ചുകളുടെയും എണ്ണം വർധിപ്പിക്കാനും അതുവഴി ദൈനംദിനം യാത്ര ചെയ്യുന്ന ഒട്ടേറെ യാത്രക്കാരുടെ യാത്രാ സൗകര്യം വർദ്ധിപ്പിക്കാനും ഞാൻ സമീപകാല ഇടപെടലിലൂടെ സഭയിൽ ആവശ്യപ്പെട്ടു.

കാലാവസ്ഥാ പ്രവചനത്തിന് ഇന്ത്യൻ കാലാവസ്ഥാ വകുപ്പിന്റെ തയ്യാറെടുപ്പിന്റെ അഭാവവും കേരളത്തിൽ യഥാസമയം കനത്ത മഴയുടെ റെഡ് അലർട്ട് മുന്നറിയിപ്പ് നൽകാത്തതും സംബന്ധിച്ച് പാർലമെന്റിൽ ഞാൻ ഒരു ഇടപെടൽ നടത്തുകയുണ്ടായി. 2018-ലെ വെള്ളപ്പൊക്കത്തിന് ശേഷം ഐ.എം.ഡി വാഗ്ദാനം ചെയ്ത പ്രകാരം കേരളത്തിൽ 100 ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകൾ സ്ഥാപിക്കുന്നത് വേഗത്തിലാക്കണമെന്നും അത്തരം സെൻസിറ്റീവ് സ്വഭാവമുള്ള കാലാവസ്ഥാ മുന്നറിയിപ്പുകൾ ഉടനടി നൽകുന്നുണ്ടെന്ന് ഉറപ്പാക്കാൻ ഒരു പ്രോട്ടോക്കോൾ നടപ്പിലാക്കണമെന്നും ഞാൻ മന്ത്രിയോട് അഭ്യർത്ഥിക്കുകയുണ്ടായി.

അടുത്ത കാലത്തായി ഡോക്ടർമാർക്കും മറ്റ് ആരോഗ്യ പരിപാലന വിദഗ്ധർക്കും എതിരെ വർദ്ധിച്ചുവരുന്ന അക്രമസംഭവങ്ങളെ ചെറുക്കുന്നതിന് സമഗ്രമായ ഒരു കേന്ദ്ര നിയമനിർമ്മാണത്തിന്റെ ആവശ്യകതയെക്കുറിച്ചും ഞാൻ പതിവായി സഭയിൽ സംസാരിച്ചുവന്നു.

പൊതുവിതരണ സമ്പ്രദായത്തിലൂടെ സബ്സിഡിയില്ലാത്ത മണ്ണെണ്ണ നൽകുന്നതിന് അനുവദിച്ച തുകയിലെ കുറവ് ഞാൻ അടിയന്തിര പൊതു പ്രാധാന്യത്തോടെ ഉന്നയിക്കുകയും സംസ്ഥാനത്തിന്റെ സാമ്പത്തിക ക്ഷേമവും ഇക്കാര്യത്തിൽ മത്സ്യത്തൊഴിലാളി സമൂഹത്തിനുള്ള വലിയ പ്രാധാന്യവും കണക്കിലെടുത്ത് കേരളത്തിന് ലഭ്യമാകുന്ന സബ്സിഡിയില്ലാത്ത PDS മണ്ണെണ്ണയുടെ ക്വാട്ട ഇനിയും വർദ്ധിപ്പിക്കാൻ മന്ത്രിയോ



ട് ആവശ്യപ്പെടുകയും ചെയ്തു. കൊവിഡ്-19 പകർച്ചവ്യാധിയുടെ കാലത്ത്, തിരുവനന്തപുരത്തെ പള്ളിത്തുറ മുതൽ പൊഴിയൂർ വരെയുള്ള തീരപ്രദേശത്ത് താമസിക്കുന്ന മത്സ്യത്തൊഴിലാളികൾ നേരിടുന്ന ഗുരുതരവും അടിയന്തരവുമായ ദുരവസ്ഥ കണക്കിലെടുത്ത് അവർക്കുള്ള നഷ്ടപരിഹാരവും മറ്റും വേഗത്തിലാക്കാൻ സംസ്ഥാന സർക്കാരിന് അധിക സാമ്പത്തിക സഹായം നൽകണമെന്നും ഞാൻ ഫിഷറീസ് മന്ത്രിയോടെ അഭ്യർത്ഥിക്കുകയുണ്ടായി.

വിഴിഞ്ഞം തുറമുഖം നേരിടുന്ന വിവേചനപരമായ സമീപനം ലോക്സഭയിലെ ഇടപെടൽ വഴി മന്ത്രിയുടെ ശ്രദ്ധയിൽ ഞാൻ എത്തിച്ചു. വിഴിഞ്ഞം തുറമുഖത്തെ ജോലിക്കാരുടെ ഡ്യൂട്ടിമാറ്റ (crew change) സമയത്തിന് പ്രത്യേക ലൈറ്റ്ഹൗസ് ചാർജ് കേന്ദ്ര സർക്കാർ ഈടാക്കി വരികയാണ്. എന്നാൽ ഇത്തരം ചാർജുകൾ ഒന്നും തന്നെ കൊച്ചി ഉൾപ്പെടെയുള്ള സമീപ തുറമുഖങ്ങളിൽ നിന്നും സർക്കാർ ഈടാക്കുന്നില്ല. ഈ വിവേചനപരമായ നടപടി അവസാനിപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെട്ടു.

മിനിമം വേതന ആനുകൂല്യങ്ങൾക്കായി സമരം ചെയ്യുന്ന സ്വകാര്യ ആശുപത്രികളിലെ ലക്ഷക്കണക്കിന് നഴ്സുമാരുടെ ആശങ്കകൾ അടിയന്തര പൊതു പ്രാധാന്യത്തോടെ ഞാൻ ഉന്നയിക്കുകയുണ്ടായി. സ്വകാര്യ നഴ്സിംഗ് പ്രൊഫഷണലുകൾക്ക് പ്രതിമാസം 20,000 രൂപ ശമ്പളമെന്ന വിദഗ്ധ സമിതിയുടെ ശുപാർശ ഉദ്ധരിച്ച് ഈ വേതന വർദ്ധനവ് നടപ്പിലാക്കാൻ ഞാൻ സർക്കാരിനോട് അഭ്യർത്ഥിച്ചു.

പദ്ധതികളുടെ പ്രയോഗക്ഷമതാരാഹിത്യവും മൂലധന ദൗർലഭ്യവും കാരണം നെയ്ത്തുകാരുടെ തൊഴിലില്ലായ്മയുൾപ്പെടെ കൈത്തറി മേഖല നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് പാർലമെന്റിലെ ഇടപെടൽ വഴി മന്ത്രിയുടെ ശ്രദ്ധയിൽ എത്തിക്കുകയുണ്ടായി. സത്വര സാമ്പത്തിക സഹായം നൽകിയും പ്രാദേശികമായി ആനുകൂല്യ വിതരണം നടത്തിയും യുവനെയ്ത്തുകാരെ തങ്ങളുടെ പരമ്പരാഗത മേഖലയിൽ നിലനിർത്താനായി പിന്തുണയും സഹായവും നൽകുവാൻ സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തു.

ടെക്നോപാർക്കിലെയും വിക്രം സാരാഭായ് സ്പെയ്സ് സെന്ററിലെയും, കഴക്കൂട്ടം പരിസരത്തെ സ്ഥാപനങ്ങളിലെയും 50,000-ത്തിലധികം ജീവനക്കാരുടെ ദീർഘകാലാവശ്യമായ, കഴക്കൂട്ടം റെയിൽവേ സ്റ്റേഷനിൽ കൂടുതൽ തീവണ്ടികൾക്കു സ്റ്റോപ്പ് അനുവദിക്കണമെന്ന് റെയിൽവേ മന്ത്രാലയത്തോട് ഞാൻ അഭ്യർത്ഥിക്കുകയുണ്ടായി.

തിരുവനന്തപുരത്തെ തുമ്പയിൽ റോക്കറ്റ് ലോഞ്ചിംഗ് സ്റ്റേഷൻ സ്ഥാപിച്ചതിനെത്തുടർന്ന് കുടിയിറക്കപ്പെട്ട ആളുകളെ പുനരധിവസിപ്പിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് അടിയന്തിര പ്രാധാന്യത്തോടെ ഞാൻ സഭയിൽ ഉന്നയിക്കുകയുണ്ടായി.

ഭൂരിഭാഗം അടിസ്ഥാന ജോലികളും പൂർത്തിയായിട്ടും തിരുവനന്തപുരത്തെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിനെ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് റീഹാബിലിറ്റേഷൻ ആൻഡ് ഡിസെബിലിറ്റി സ്റ്റഡീസായി ഉയർത്താനുള്ള കേന്ദ്രസർക്കാർ പദ്ധതി ഉപേക്ഷിച്ചത് സംബന്ധിച്ച് ഞാൻ ശക്തമായി ഇടപെടുകയുണ്ടാ

യി. സർക്കാർ നിലപാട് തിരുത്തണമെന്നും തിരുവനന്തപുരത്തെ ജനങ്ങൾക്ക് നൽകിയ ഉറപ്പ് നടപ്പാക്കണമെന്നും ഞാൻ ആവശ്യപ്പെട്ടു.

തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ പ്ലാറ്റ്ഫോമുകൾ ലഭ്യമല്ലാത്തതിനാലും തിരക്ക് കൂടുതലായതിനാലും നിലവിൽ തിരുവനന്തപുരത്തേക്കുള്ള ട്രെയിനുകൾ തിരുവനന്തപുരം സെൻട്രൽ ഔട്ടർ ഭാഗങ്ങളിൽ സ്ഥിരമായി പിടിച്ചിടുന്ന കാര്യം ഞാൻ ബഹു. മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. അത്യാധുനിക ഓട്ടോമാറ്റിക് സിഗ്നലിംഗ് സാങ്കേതികവിദ്യ സ്വീകരിക്കുന്നതുൾപ്പെടെ സിഗ്നൽ സംവിധാനം നവീകരിക്കുക വഴി യാത്ര ചെയ്യുന്ന പൊതുജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനായി സർക്കാരിന്റെ ഇടപെടൽ തേടുകയുണ്ടായി.

## നിയമനിർമ്മാണ പ്രവർത്തനങ്ങൾ

പരമാധികാരത്തിന്റെയും രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെയും അതിരുകൾ വികസ്വരമാക്കാനുള്ള എന്റെ നിരന്തരമായ ശ്രമങ്ങളെ പ്രതിഫലിപ്പിക്കും വിധം ദേശീയ പ്രാധാന്യമുള്ള വിവിധ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന നിരവധി സ്വകാര്യ ബില്ലുകൾ ഞാൻ അവതരിപ്പിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

- **2014-ലെ ഹൈക്കോടതികളുടെ സ്ഥിരം ബെഞ്ചുകൾ സംസ്ഥാന തലസ്ഥാനങ്ങളിൽ സ്ഥാപിക്കൽ ബിൽ**: നമ്മുടെ രാജ്യത്തിലുടനീളമുള്ള കോടതികളിൽ വൻതോതിൽ കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എല്ലാ സംസ്ഥാന തലസ്ഥാനങ്ങളിലും ഒരു സ്ഥിരം ഹൈക്കോടതി ബെഞ്ച് സ്ഥാപിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതാണ് ഈ ബിൽ;
- **2014-ലെ പബ്ലിക് റെക്കോർഡ്സ് (ഭേദഗതി) ബിൽ**: ഉത്തരവാദിത്വത്തിനും സുതാര്യതയ്ക്കും വേണ്ടി ശക്തമായ ഒരു സംവിധാനം സ്ഥാപിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി 1993-ലെ പബ്ലിക് റെക്കോർഡ്സ് ആക്റ്റ് ഭേദഗതി ചെയ്തുകൊണ്ട് പൊതു രേഖകളെ സ്വയമേവ തരംതിരിക്കാൻ (declassify) സൗകര്യമൊരുക്കുന്നു;
- **2015-ലെ അഭയാർത്ഥി ബിൽ**: പീഡിത സമൂഹങ്ങൾക്ക് അഭയം നൽകുകയെന്ന ഇന്ത്യയുടെ പാരമ്പര്യത്തിന് അനുസൃതമായി ദേശീയ സുരക്ഷ ഉറപ്പാക്കി, അഭയം തേടുന്നവരെ ഉചിതമായ നിയമവ്യവസ്ഥയുടെ സഹായത്തോടെ സംരക്ഷിക്കുന്നതിനായും അവരുടെ അഭയത്തിനായുള്ള അവകാശവാദങ്ങൾ നിർണ്ണയിക്കാനും ഒരു നിയമ വ്യവസ്ഥ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു. അന്തർദേശീയ തലത്തിൽ അംഗീകരിക്കപ്പെട്ട മാതൃകകൾക്ക് അനുസൃതമായി അഭയം നൽകുന്ന നടപടിക്രമം രൂപപ്പെടുത്തുവാനും ഈ ബിൽ ലക്ഷ്യമിടുന്നു;
- **2015-ലെ ഇന്ത്യൻ പീനൽ കോഡ് (ഭേദഗതി) ബിൽ**: പൗരന്മാർക്ക് ന്യായമായി പ്രതിഷേധിക്കാനുള്ള അവകാശം നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തി ഇന്ത്യൻ പീനൽ കോഡ്, 1860-ലെ സെക്ഷൻ 124 A പുനഃപരിശോധിച്ചുകൊണ്ട് രാജ്യദ്രോഹകുറ്റം പുനർനിർവചിക്കുവാൻ ഈ ബിൽ ലക്ഷ്യമിടുന്നു;
- **2016-ലെ ഗാർഹിക തൊഴിലാളികളുടെ ക്ഷേമ ബിൽ**: വീട്ടുജോലിക്കാരുടെ അവകാശങ്ങളും നല്ല തൊഴിൽ സാഹചര്യങ്ങളും ഉറപ്പാക്കുന്നതിന് ലക്ഷ്യമിടുന്നു;
- **2016-ലെ ഭരണഘടനാ (ഭേദഗതി) ബിൽ**: നഗര തദ്ദേശ സ്ഥാപനങ്ങൾ പരിഷ്കരിക്കുന്നതിനും പൗരന്മാർക്ക് സേവനങ്ങൾ നേരിട്ട് വിതരണം ചെയ്യുന്നതിനുമായി മേയർമാരെ നേരിട്ട് തെരഞ്ഞെടുക്കുന്നതിന് ലക്ഷ്യമിടുന്നു;
- **2016-ലെ പരമ്പരാഗത വിജ്ഞാന സംരക്ഷണ ബിൽ**: നമ്മുടെ കരകൗശല കലാകാരന്മാരുടെ ഉപജീവനമാർഗ്ഗം സംരക്ഷിക്കുന്നതിനും പാരമ്പര്യ വിജ്ഞാനത്തിന്റെ സൂക്ഷിപ്പുകാരായ ആയുർവേദ വിദ്വാന്മാരുടെയും, ബാലരാമപുരത്തെ നെയ്ത്തുകാരെ പോലെയുള്ളവരുടെയും സഞ്ചിത പാരമ്പര്യ വിജ്ഞാനത്തിന് സ്വകാര്യ സ്വത്തവകാശവും പേറ്റന്റ് നിയമവും ബാധകമല്ലാതാക്കി സംരക്ഷിക്കുവാൻ ലക്ഷ്യമിടുന്നു;
- **2016-ലെ വിവേചന വിരുദ്ധ സമത്വ ബിൽ**: സാമൂഹ്യ അസമത്വങ്ങൾക്ക് അറുതി വരുത്തുവാൻ മാനവികത നിറഞ്ഞതും ദേശീയ സമത്വ കമ്മീഷനെ നിയമിക്കുന്നത് ഉൾപ്പെടെയുള്ളതുമായ സംവിധാനം രൂപപ്പെടുത്തുവാൻ ലക്ഷ്യമിടുന്നു;
- **2017-ലെ ഡാറ്റാ സ്വകാര്യതാ സംരക്ഷണ ബിൽ**: സ്വകാര്യത സൂക്ഷിക്കുവാനുള്ള സ്വാഭാവിക വ്യക്തികളുടെ മൗലികാവകാശം സംരക്ഷിക്കുന്നതിനായി ഒരു സ്വകാര്യതാ കമ്മീഷനെ നിയമിക്കുന്നത് വ്യവസ്ഥ ചെയ്യുന്നു. കൂടാതെ വ്യക്തികൾക്ക് മേൽ നിരീക്ഷണം നടത്തുന്നതും അവരുടെ ആശയവിനിമയങ്ങളെ ചോർത്തുന്നത് സംബന്ധിച്ച് നിബന്ധനകൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുക ഉൾപ്പെടെയുള്ള കാര്യങ്ങളെ നിയന്ത്രിക്കുന്ന സമഗ്രമാ

യ ഒരു വ്യക്തിവിവര സംരക്ഷണ നിയമ വ്യവസ്ഥ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു;

- **2017-ലെ വധശിക്ഷാ നിരോധന നിയമം**: കോടതികൾ വധശിക്ഷ സംബന്ധിച്ച് മിക്കപ്പോഴും പുലർത്തുന്ന ഏകപക്ഷീയത കാരണവും കുറ്റകൃത്യങ്ങളിൽ നിന്നും പിന്തിരിപ്പിക്കാൻ വധശിക്ഷയ്ക്ക് കാര്യമായി കഴിയാതെവരുന്നതിനാലും ഈ അപരിഷ്കൃത ശിക്ഷയെ നിരോധിക്കാൻ വിഭാവനം ചെയ്യുന്നു;
- **2017-ലെ ആൾക്കൂട്ട ആക്രമണത്തിൽ നിന്നുള്ള സംരക്ഷണ ബിൽ**: മതം, വംശം, ജാതി, ലിംഗഭേദം, ജനനസ്ഥലം, ഭാഷ, ഭക്ഷണരീതികൾ, ലൈംഗിക ആഭിമുഖ്യം, രാഷ്ട്രീയബന്ധം, വംശീയത എന്നിവയുടെ അടിസ്ഥാനത്തിൽ ആൾക്കൂട്ട ക്കൊലപാതകങ്ങളിലെ കുറ്റക്കാരെ ശിക്ഷിക്കുന്നതിനുള്ള ബിൽ. അത്തരം കുറ്റകൃത്യങ്ങളുടെ ദ്രുതഗതിയിലുള്ള വിചാരണയ്ക്കും സംരക്ഷണ ബാധ്യതയുള്ള ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്യരാഹിത്യത്തിനെതിരെയും ആൾക്കൂട്ട ആക്രമണത്തിന് ഇരയായവരുടെയും അവരുടെ കുടുംബങ്ങളുടെയും പുനരധിവാസത്തിനും പ്രത്യേക കോടതികൾ സ്ഥാപിക്കുന്നതിനും വിഭാവന ചെയ്യുന്നു;
- **2017-ലെ ക്രിമിനൽ നിയമ (ഭേദഗതി) ബിൽ**: ലൈംഗിക പീഡനം, സ്റ്റാക്കിങ്, പരലൈംഗികവൃത്തി ദൃശ്യങ്ങളുടെ ആസ്വാദനം (voyeurism) തുടങ്ങിയ ഗുരുതരമായ ക്രിമിനൽ കുറ്റകൃത്യങ്ങളെ ജാമ്യമില്ലാകുറ്റങ്ങളായി കണക്കാക്കുവാൻ വ്യവസ്ഥ ചെയ്യുന്നു. ഈ വിഷയം സംബന്ധിച്ച് ആഭ്യന്തര മന്ത്രിയെ ഞാൻ കാണുകയുണ്ടായി. എന്റെ നിർദ്ദേശം പരിഗണിക്കാമെന്ന് അദ്ദേഹം ഉറപ്പ് നൽകിയിട്ടുമുണ്ട്.
- **2018-ലെ സിനിമാറ്റോഗ്രാഫ് (ഭേദഗതി) ബിൽ**: സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷന്റെ പ്രീ-സെൻസർഷിപ്പ് അധികാരങ്ങൾ കുറക്കുന്നതിനും ഇന്ത്യയിൽ സിനിമകൾ നിരോധിക്കുന്നതിനുള്ള സർക്കാരിന്റെ അധികാരങ്ങൾ നിയന്ത്രിക്കുന്നതിനുമുള്ളതാണ് ഈ ബിൽ;
- **2019-ലെ സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും പുനഃസംഘടനാ കമ്മീഷൻ ബിൽ**: ഭരണപരമായ കാര്യക്ഷമത, ജനസംഖ്യ, സാമ്പത്തിക താൽപ്പര്യങ്ങൾ തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കി സംസ്ഥാനങ്ങളുടെ പുനഃസംഘടന ശുപാർശ ചെയ്യുന്നതിനായി സംസ്ഥാനങ്ങളുടെയും കേന്ദ്ര ഭരണ പ്രദേശങ്ങളുടെയും ഒരു നിയമാനുസൃത പുനഃസംഘടനാ കമ്മീഷൻ രൂപീകരിക്കുന്നതിന് വിഭാവനം ചെയ്യുന്നു;
- **2019-ലെ ഇന്ത്യൻ പീനൽ കോഡ് (ഭേദഗതി) ബിൽ**: കാലഹരണപ്പെട്ട ആശയങ്ങളെ പ്രതിഫലിപ്പിക്കുകയും 2013-ലെ ക്രിമിനൽ ലോ (ഭേദഗതി) നിയമം കൊണ്ടുവന്ന സമഗ്രമായ വ്യവസ്ഥകൾ കാരണം സ്ത്രീകൾക്ക് നേരെയുള്ള ബലപ്രയോഗം ക്രിമിനൽ കുറ്റമാക്കുകയും, സ്ത്രീയുടെ മാന്യതയെ അപമാനിക്കുന്ന പ്രവൃത്തികൾക്ക് യഥാവിധി പിഴ ചുമത്തുകയും ചെയ്യുവാൻ വ്യവസ്ഥ ചെയ്യുകയും, ഇന്ത്യൻ ശിക്ഷാ നിയമം 1860-ലെ 354, 509 വകുപ്പുകൾ നീക്കം ചെയ്യുവാൻ വിഭാവന ചെയ്യുന്നു;
- **2019-ലെ ഭരണഘടന ഭേദഗതി ബിൽ (ആർട്ടിക്കിൾ 9, മുതലായവയ്ക്ക് പകരം പുതിയ ആർട്ടിക്കിൾ മാറ്റിസ്ഥാപിക്കൽ)**: തൊഴിൽ അവസരങ്ങൾക്കായി കുടിയേറുന്നവർക്കു ലഭിക്കേണ്ട ആനുകൂല്യങ്ങൾക്കും അവരുടെ വാസസ്ഥലത്ത് തുല്യ പരിഗണന ഉറപ്പാക്കുന്നതിനും ഇന്ത്യക്കാർ വിദേശ പൗരത്വം സ്വീകരിക്കുന്നത് രാജ്യത്തോടുള്ള വിശ്വസ്തത കുറവായി കാണാതെ ഇരട്ട പൗരത്വം അനുവദിക്കുന്നതിന് നിയമപരമായ പരിഷ്കരണത്തിന് വഴിയൊരുക്കുവാൻ ലക്ഷ്യമിടുന്നു;
- **2019-ലെ പുതിയ ആർട്ടിക്കിൾ 14 എ ഉൾപ്പെടുത്തൽ ഭരണഘടന (ഭേദഗതി) ബിൽ**: വോട്ട് ചെയ്യാനുള്ള അവകാശം ഒരു മൗലികാവകാശമായി ഉൾപ്പെടുത്തുന്നതിനും, ലോക്സഭ, രാജ്യസഭ, സംസ്ഥാന നിയമസഭ, പഞ്ചായത്തുകൾ എന്നിവിടങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുള്ള പ്രായം 18 വയസ്സായി കുറയ്ക്കുന്നതിനും ഭരണഘടന ഭേദഗതി ചെയ്യുന്നതിനായി ലക്ഷ്യമിടുന്നു;
- **2019-ലെ ഡാറ്റാ സ്വകാര്യതാ സംരക്ഷണ ബിൽ**: വ്യക്തിവിവര സ്വകാര്യതയുടെ പൂർണ്ണ നിയന്ത്രണം അതാത് വ്യക്തികളിൽ ഉറപ്പിക്കാനും വ്യക്തിവിവരം എങ്ങനെ ഉപയോഗിക്കണമെന്ന ബോദ്ധ്യം വളർത്താനും, കൂടാതെ സ്വകാര്യ സംരംഭങ്ങളെ സുനിശ്ചിതമായി പരിപോഷിപ്പിക്കുന്ന ഡാറ്റാ സംബന്ധമായ ഒരു വ്യവസായ സൗഹൃദ മാതൃക രൂപപ്പെടുത്താൻ ഉപകരിക്കുകയും ചെയ്യുന്ന ഒരു കാര്യക്ഷമമായ സംവിധാനം വിഭാവന ചെയ്യുന്നു;
- **2021-ലെ അഭയാർത്ഥി ബിൽ**: രാജ്യതാല്പര്യവും മാനവികതാ വിഷയം സംബന്ധിച്ച ഉത്കണ്ഠകളും സമന്വയിപ്പിച്ച് ഉത്തരവാദിത്വത്തോടെ അശരണരായ അഭയാർത്ഥികളെയും ജനങ്ങളെയും സംരംക്ഷിക്കുന്നതിനും സുനിശ്ചിതമ

ല്ലാത്തതും വ്യക്തത കുറഞ്ഞതും ഏകപക്ഷീയവുമായ നിലവിലുള്ള സംവിധാനം അവസാനിപ്പിച്ച് ഒരു നിയമവ്യവസ്ഥ സ്ഥാപിക്കാൻ ലക്ഷ്യമിടുന്നു;

- **2022-ലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) റദ്ദാക്കൽ ബിൽ:** ഒരു വ്യക്തിയുടെ സ്വകാര്യതയിൽ ഏകപക്ഷീയമായൊ നിയമവിരുദ്ധമായൊ നടത്തുന്ന ഇടപെടലുകൾക്കെതിരെ ഭരണഘടനാപരമായുള്ള പരിരക്ഷക്കും നിർബന്ധിത വ്യവസ്ഥകൾക്കും എതിരായതും, പതിവായി ദുരുപയോഗം ചെയ്യപ്പെടുന്നതുമായ നിയമവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം റദ്ദാക്കുന്നതിന് ലക്ഷ്യമിടുന്നു;
- **2022-ലെ ജുവനൈൽ ജസ്റ്റിസ് (കുട്ടികളുടെ പരിരക്ഷയും സംരക്ഷണവും-സെക്ഷൻ 86-ന്റെ ഭേദഗതി) ബിൽ:** ജുവനൈൽ ജസ്റ്റിസ് (കുട്ടികളുടെ പരിരക്ഷയും സംരക്ഷണവും) ആക്ട്, 2015-ന് കീഴിൽ മൂന്ന് വർഷമോ അതിൽ കൂടുതലോ തടവ് ശിക്ഷയ്ക്ക് വിധേയമാക്കാവുന്ന എല്ലാ കുറ്റകൃത്യങ്ങളും കോഗ്നീസബിൾ കുറ്റമായി കണക്കാക്കുവാൻ വിഭാവനം ചെയ്യുന്നു;
- **2023-ലെ കേരള ഹൈക്കോടതിയുടെ (തിരുവനന്തപുരത്ത് ഒരു സ്ഥിരം ബെഞ്ച് സ്ഥാപിക്കൽ) ബിൽ:** തിരുവനന്തപുരത്ത് കേരള ഹൈക്കോടതിയുടെ സ്ഥിരം ബെഞ്ച് സ്ഥാപിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു;
- **2023-ലെ ഹെൽത്ത്കെയർ പേഴ്സണൽ ആൻഡ് ഹെൽത്ത് കെയർ ഇൻസ്റ്റിറ്റ്യൂഷൻസ് (അക്രമവും സ്വത്ത് നാശവും തടയൽ) ബിൽ:** ആരോഗ്യപരിപാലന രംഗത്തെ പ്രൊഫഷണലുകളെ സംബന്ധിച്ച നിർവചനം വികസ്വരമാക്കി പാരാമെഡിക്കൽ ജോലിക്കാർ, വിദ്യാർഥികൾ, ഭരണനിർവഹണ ജീവനക്കാർ, ആശാവർക്കർമാർ എന്നിവരെ കൂടി ഉൾപ്പെടുത്തുക, അവർ ജോലിസ്ഥലത്ത് നേരിടുന്ന വാക്കാലും കായികവുമായ അതിക്രമങ്ങൾ ആശങ്കാജനകമായി വർദ്ധിക്കുന്നതിനാൽ ആയതിനെ കോഗ്നീസബിളും ജാമ്യം ലഭിക്കാത്തതുമായ കുറ്റകൃത്യമായി കണക്കാക്കുക, സത്വര അന്വേഷണം നടത്തി കുറ്റവാളികളെ സമയബന്ധിതമായി വിചാരണ ചെയ്ത് ശിക്ഷിക്കുക, ഓരോ ജില്ലയിലും പ്രത്യേക കോടതികൾ സ്ഥാപിക്കുക എന്നിവ വ്യവസ്ഥ ചെയ്യുന്നു.

**സ്വകാര്യ ബില്ലുകൾ സമർപ്പിക്കുന്നതിനും അവതരിപ്പിക്കുന്നതിനും പുറമേ, പ്രധാനപ്പെട്ട സർക്കാർ ബില്ലുകളിൽ ഞാൻ നിരവധി ഭേദഗതികൾ നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ ഉൾപ്പെടുന്നവ ചുവടെ ചേർക്കുന്നു:**

- **2016-ലെ എംപ്ലോയീസ് കോമ്പൻസേഷൻ (ഭേദഗതി) ബില്ലിലെ ഭേദഗതി:** ഒരു നിശ്ചിത ശ്രേണിയിൽവരുന്ന കമ്പനികളിലെ ജീവനക്കാരെ അവരുടെ അവകാശങ്ങളെക്കുറിച്ച് രേഖാമൂലം അറിയിക്കണമെന്ന് ബിൽ ആവശ്യപ്പെടുന്നു. ഇന്ത്യയിലെ ഒരു വലിയ വിഭാഗം തൊഴിലാളികൾക്ക് വിദ്യാഭ്യാസം താരതമ്യേനെ കുറവായതിനാൽ, അവകാശങ്ങൾ വാമൊഴിയായി കൂടി ജീവനക്കാരെ



അറിയിക്കേണ്ട ബാധ്യത തൊഴിൽ ദാതാവിൽ നിക്ഷിപ്തപ്പെടുത്തുന്ന ഒരു ഭേദഗതി ഞാൻ കൊണ്ടുവന്നു. നിർഭാഗ്യവശാൽ, ഭേദഗതി ലോക്സഭയിൽ പരാജയപ്പെട്ടു;

- **2017-ലെ ഇന്ത്യൻ പീനൽ കോഡ് ഭേദഗതിയും പിൻവലിക്കലും ബിൽ**: 1860-ലെ ഇന്ത്യൻ പീനൽ കോഡിൽ നിന്ന് രാജ്യദ്രോഹം, മതനിന്ദ, സ്വവർഗ ബന്ധങ്ങളെ ക്രിമിനൽവൽക്കരിക്കൽ തുടങ്ങിയ കുറ്റങ്ങൾ നീക്കം ചെയ്യുന്നതിനുള്ള ബില്ലിന് ഭേദഗതി നിർദ്ദേശിച്ചു. വൈവാഹിക ബലാത്സംഗത്തിനുള്ള നിയമപരമായ പ്രതിരോധം നീക്കം ചെയ്യുന്നതിനുള്ള ഒരു ഭേദഗതിയും ഞാൻ കൊണ്ടുവന്നു. എന്നാൽ പാർലമെന്റ് നടപടികൾ തടസ്സപ്പെട്ടതിനാൽ ഈ ഭേദഗതികൾ പരിഗണനക്ക് എടുക്കുകയുണ്ടായില്ല.;
- **2017 ലെ ഗ്രാറ്റുവിറ്റി (ഭേദഗതി) ബില്ലിലേക്കുള്ള ഭേദഗതി**: 2017-ലെ ഗ്രാറ്റുവിറ്റി ബില്ലിലെ വ്യവസ്ഥകൾ പ്രകാരം പൊതുമേഖലയിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾക്ക് അനുസൃതമായി, സ്വകാര്യ മേഖലയിലെ ജീവനക്കാർക്കും അത് ബാധകമാക്കണമെന്ന് നിർദ്ദേശിക്കുന്ന ബിൽ ചർച്ചകൾ കൂടാതെ ലോക്സഭയിൽ തിടുക്കത്തിൽ പാസാക്കിയതിനാൽ ഭേദഗതി അംഗീകരിക്കപ്പെട്ടില്ല;
- **വാടക ഗർഭധാരണ (നിയന്ത്രണ) ബില്ലിലെ ഭേദഗതികൾ**: വിവാഹിതരായ ഭിന്നലിംഗ ദമ്പതികൾ ഒഴികെയുള്ള ദമ്പതികൾക്ക് വാടക ഗർഭധാരണത്തിലൂടെ കുട്ടികളുണ്ടാകാൻ (surrogate children) അവരെ പ്രാപ്തരാക്കുന്ന വാടക ഗർഭധാരണ (നിയന്ത്രണ) ബിൽ പ്രകാരം വന്ധ്യതയുടെ നിർവചനം ലോകാരോഗ്യ സംഘടനയുടെ മാനദണ്ഡങ്ങളുമായി സമന്വയിപ്പിക്കാനും ദേശീയ വാടക ഗർഭധാരണ ബോർഡിന്റെ അമിതമായ അധികാരങ്ങൾ തടയുക, കൂടാതെ വന്ധ്യത ഒഴികെയുള്ള മെഡിക്കൽ കാരണങ്ങളാൽ പോലും ദമ്പതികൾക്ക് വാടക ഗർഭധാരണത്തിലൂടെ കുട്ടികളെ ലഭിക്കാൻ പ്രാപ്തരാക്കുക എന്നിവ ലക്ഷ്യമാക്കി ഭേദഗതി നിർദ്ദേശിച്ചു;
- **2018-ലെ ന്യൂ ഡൽഹി ഇന്റർനാഷണൽ ആർബിട്രേഷൻ ബില്ലിലെ ഭേദഗതികൾ**: നിർദിഷ്ട ന്യൂഡൽഹി ഇന്റർനാഷണൽ ആർബിട്രേഷൻ കേന്ദ്രത്തിന് മേൽ ഗവൺമെന്റിന്റെ നിയന്ത്രണം പരിമിതപ്പെടുത്തുന്നതിനും ഒരു ആർബിട്രേഷൻ ഹബ്ബായി ഇന്ത്യയുടെ പ്രതിച്ഛായ കെട്ടിപ്പടുക്കുന്നതിനുമായി സുതാര്യവും കാര്യക്ഷമവുമായ രീതിയിൽ ആയത് പ്രവർത്തിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും, 2018-ലെ ന്യൂഡൽഹി ഇന്റർനാഷണൽ ആർബിട്രേഷൻ ബില്ലിൽ ഭേദഗതികൾ നിർദ്ദേശിച്ചു;
- **2018-ലെ ഫ്യൂജിറ്റീവ് ഇക്കണോമിക് ഒഫൻഡേഴ്സ് ബില്ലിലെ ഭേദഗതികൾ**: 100 കോടിയിൽ താഴെയുള്ള തുകയാണെങ്കിലും ഒളിച്ചോടിയ സാമ്പത്തിക കുറ്റവാളികൾക്ക് എതിരെ നടപടിയെടുക്കാനും ബില്ലിന്റെ ഭരണഘടനാ വിരുദ്ധമായ വ്യവസ്ഥകൾ നീക്കം ചെയ്യാനും ഏകപക്ഷീയ അധികാരങ്ങൾ നീക്കം ചെയ്യാനും ഗവൺമെന്റിനെ പ്രാപ്തമാക്കുന്നതിന്, 2018-ലെ ഫ്യൂജിറ്റീവ് ഇക്കണോമിക് ഒഫൻഡേഴ്സ് ബില്ലിൽ ഭേദഗതികൾ നിർദ്ദേശിച്ചു;
- **2018-ലെ ഉപഭോക്തൃ സംരക്ഷണ ബില്ലിലെ ഭേദഗതികൾ**: ബില്ലിന് കീഴിലുള്ള ഉപഭോക്തൃ ഫോറങ്ങൾ സ്വതന്ത്രവും കാര്യക്ഷമവുമാണെന്ന് ഉറപ്പുവരുത്തുന്നതിനും ഉപഭോക്താവിനെ മദ്ധ്യസ്ഥവ്യവസ്ഥകളോ പരിമിതമായ ബാധ്യതാ ക്ലോസുകളോ മാത്രം ഉള്ള കരാറുകളിൽ ഏർപ്പെടുത്തി ബാധ്യതയിൽ നിന്നും കമ്പനികൾ മറികടക്കുന്നത് തടയുന്നതിനും, ഗവൺമെന്റ് സേവന ദാതാക്കളെ അവരുടെ ഉപഭോക്താക്കളോട് ഉത്തരവാദികളാക്കാനും ഉപഭോക്തൃ സംരക്ഷണ ഫോറങ്ങൾ സ്വതന്ത്രമാണെന്ന് ഉറപ്പ് വരുത്താൻ സർക്കാരിന്റെ ഏകപക്ഷീയമായ അധികാരങ്ങൾ നീക്കം ചെയ്യാനും ഉപഭോക്തൃ സംരക്ഷണ ബില്ലിലെ ഭേദഗതികൾ ലക്ഷ്യമിടുന്നു.
- **2017-ലെ ജനപ്രാതിനിധ്യ (ഭേദഗതി) ബില്ലിന് ഭേദഗതി**: വിദേശത്തുള്ള ഇന്ത്യൻ പൗരന്മാർക്ക് പ്രോക്സി-വോട്ടിംഗിന് പുറമെ ഇ-തപാൽ ബാലറ്റുകൾ അനുവദിക്കുന്നതിന് ഭേദഗതി നിർദ്ദേശിച്ചു.

**കൂടാതെ, ഗവൺമെന്റ് നിർദ്ദേശിക്കുന്ന ബില്ല്ലുകളിലോ നയങ്ങളിലോ ഉള്ള പിഴവുകൾ ഭേദഗതികൾ കൊണ്ട് മാത്രം പരിഹരിക്കാൻ കഴിയില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. ഈ സാഹചര്യങ്ങളിൽ, ബന്ധപ്പെട്ട മന്ത്രാലയങ്ങൾക്ക് കത്തുകളും ഇ-മെയിലുകളും മുഖേന ഗവൺമെന്റിന് വിശദമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടുന്നവ ചുവടെ ചേർക്കുന്നു:**

- **2016-ലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ (അവകാശ സംരക്ഷണം) ബിൽ** സംബന്ധിച്ചു ബഹുമാനപ്പെട്ട സാമൂഹ്യനീതി, ശാക്തീകരണ മന്ത്രിക്ക് അഭിപ്രായങ്ങൾ അയച്ചുനല്കി. NALSA v Union of India കേസിൽ ബഹുമാനപ്പെട്ട സുപ്രീം കോ

ടതി പുറപ്പെടുവിച്ച വിധിയിലെ ട്രാൻസ്ജെൻഡർ സമൂഹത്തിന്റെ ഭരണഘടനാപരമായ അവകാശങ്ങൾക്ക് അനുബന്ധമായി ബിൽ വീണ്ടും തയ്യാറാക്കാൻ ആവശ്യപ്പെട്ടു;

- **2018-ലെ ഉപഭോക്തൃ സംരക്ഷണ ബിൽ** സംബന്ധിച്ച് ഉപഭോക്തൃ അവകാശങ്ങൾക്കനുകൂലമായി നിയമം ശക്തിപ്പെടുത്തുന്നതിന് വിവിധ നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് ഉപഭോക്തൃകാര്യ, ഭക്ഷ്യ, പൊതുവിതരണ മന്ത്രിക്ക് അഭിപ്രായങ്ങൾ അയക്കുകയുണ്ടായി;
- **2018-ലെ കരട് ദേശീയ വന നയം** സംബന്ധിച്ച് വനങ്ങളുടെ പരിപാലനത്തിൽ വനവാസി സമൂഹങ്ങളെ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും, വനാവകാശങ്ങൾക്ക് കീഴിലുള്ള സംരക്ഷണം പ്രതിഫലിപ്പിക്കേണ്ടതിന്റേയും, ഭരണഘടനാ വ്യവസ്ഥകൾ നിർദ്ദിഷ്ട വന നയത്തിൽ ഉൾപ്പെടുത്തേണ്ടത്തിന്റെ ആവശ്യകതയും ഉയർത്തിക്കാട്ടിക്കൊണ്ടുള്ള നിർദ്ദേശങ്ങൾ പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന് അയച്ചു നല്കി.
- **2018-ലെ മനുഷ്യക്കടത്ത് (തടയൽ, സംരക്ഷണം, പുനരധിവാസം) ബിൽ** സംബന്ധിച്ച് അഭിപ്രായങ്ങൾ ബഹുമാനപ്പെട്ട വനിതാ ശിശു വികസന മന്ത്രിക്ക് അയച്ചു. മനുഷ്യക്കടത്ത് സംബന്ധിച്ച് സുപ്രീം കോടതി നിയോഗിച്ച പാനൽ റിപ്പോർട്ടിന്റെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തേണ്ടതിന്റെ ആവശ്യകത വ്യക്തമാക്കിയും, മനുഷ്യക്കടത്തിനെതിരായ പോരാട്ടത്തിൽ ലൈംഗികത്തൊഴിലാളികളുടെ കൂട്ടായ്മകളെ ഉൾപ്പെടുത്തുന്നതിനൊപ്പം ഐ ടി.പി.എ. ഭേദഗതി ചെയ്യേണ്ടതിന്റെ ആവശ്യകതയും ഉയർത്തിക്കാട്ടുകയുണ്ടായി.

**താഴെപ്പറയുന്ന സർക്കാർ ബില്ലുകളെക്കുറിച്ചുള്ള ചർച്ചകളിലും ഞാൻ സജീവമായി പങ്കെടുക്കുകയുണ്ടായി.**

- **2014-ലെ മർച്ചന്റ് ഷിപ്പിംഗ് (ഭേദഗതി) ബിൽ മർച്ചന്റ് ഷിപ്പിംഗ് (രണ്ടാം ഭേദഗതി) ബിൽ**: ഫൗളിംഗ് വിരുദ്ധ നടപടികൾക്കും മർച്ചന്റ് ഷിപ്പിംഗ് ആക്റ്റ്, 1958-നെ ഇന്റർനാഷണൽ ലേബർ ഓർഗനൈസേഷന്റെ മാരിടൈം ലേബർ കൺവൻഷനുമായി യോജിപ്പിക്കാനും വ്യവസ്ഥ ചെയ്യുന്നു. ഭേദഗതികളെ ഞാൻ പിന്തുണച്ചു. ഷിപ്പിംഗ് വ്യവസായത്തിന്റെ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുവാനും അതുപോലെ തന്നെ ഇന്ത്യൻ സമുദ്രാതിർത്തിയിലെ വിദേശ കപ്പലുകൾക്കും നിയമം ബാധകമാക്കാനും, കപ്പലുകൾ തടഞ്ഞിടുമ്പോൾ ഒരു പരാതി പരിഹാര സംവിധാനം നിലവിലുണ്ടാകണമെന്നും ഞാൻ ചൂണ്ടിക്കാണിച്ചു. 16 വയസും അതിനുമുകളിലും പ്രായമുള്ള കുട്ടികളെ കപ്പലുകളിൽ അപ്രന്റീസായി ജോലിചെയ്യിപ്പിക്കാൻ അനുവദിക്കുന്ന ബില്ലിലെ വ്യവസ്ഥയിൽ ഞാൻ ആശങ്ക പ്രകടിപ്പിച്ചു, കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച യു. എൻ. കൺവെൻഷൻ പ്രകാരം ഇത് 18 വർഷമായി ഉയർത്താൻ ഞാൻ നിർദ്ദേശിച്ചു.
- **2014-ലെ ജുവനൈൽ ജസ്റ്റിസ് (കുട്ടികളുടെ പരിരക്ഷയും സംരക്ഷണവും) ബിൽ**: 16-18 വയസ്സിനിടയിലുള്ള പ്രായപൂർത്തിയാകാത്തവർ, ഹീനമായ കുറ്റകൃത്യങ്ങൾ ആരോപിക്കപ്പെട്ടാൽ, അവരെ മുതിർന്നവരെപ്പോലെ വിചാരണ ചെയ്യാൻ ബിൽ അനുവദിക്കുന്നു. ക്രിമിനൽ നിയമപ്രകാരം കുട്ടികളെ മുതിർന്നവരായി പരിഗണിക്കുന്നത്, പ്രായപൂർത്തിയാകാത്തവർ ചെയ്യുന്ന കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിൽ പരാജയപ്പെടുന്ന നിരവധി സംഭവങ്ങൾ ഉള്ളതിനാൽ ഞാൻ ബില്ലിനെ എതിർത്തു. ജുവനൈൽ ഹോമുകൾക്ക് പകരം കുട്ടികളെ ജയിലിലേക്ക് അയക്കുന്നത് അവർ കൊടും കുറ്റവാളികളാകാനും ബില്ലിന്റെ ഉദ്ദേശ്യം തന്നെ തകർക്കാനും ഇടയാക്കും. ബിൽ ഇന്ത്യൻ ഭരണഘടനയ്ക്കും അന്താരാഷ്ട്ര നിയമത്തിനും എതിരാകുന്നതെങ്ങനെയെന്ന് ചൂണ്ടിക്കാണിക്കുകയും, പ്രതികാര നിയമങ്ങൾ നടപ്പാക്കുന്നതിനുപകരം നവീകരിച്ച ബാലനീതി നടപ്പിലാക്കാൻ സർക്കാരിനെ പ്രേരിപ്പിക്കുകയും ചെയ്തു.
- **2015-ലെ വെളിപ്പെടുത്താത്ത വിദേശ വരുമാനവും ആസ്തികളും (നികുതി ചുമത്തൽ) ബിൽ**: നികുതി വെട്ടിപ്പുകാരെ തടയുന്നതിനായി വിദേശ വരുമാനവും ആസ്തികളും ഒളിപ്പിക്കുന്നത് കുറ്റകരമാക്കുന്ന ബിൽ. ഞാൻ ഈ ബില്ലിനെ പിന്തുണച്ചു, എന്നിരുന്നാലും, വിദേശത്ത് ഒളിച്ചുവച്ചിരിക്കുന്ന സ്വത്തുക്കളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള കാര്യക്ഷമമായ മാർഗം സർക്കാർ തുറക്കുന്നില്ലെങ്കിൽ ബിൽ ആത്മാർത്ഥമായി നടപ്പിലാക്കാൻ കഴിയില്ലെന്ന് ഞാൻ ചൂണ്ടിക്കാട്ടി. ബിൽ നികുതി അധികാരികൾക്ക് നൽകുന്ന അനിയന്ത്രിതമായ അധികാരങ്ങൾ ദുരുപയോഗം ചെയ്യാനുള്ള സാധ്യതയെക്കുറിച്ചും ഞാൻ ആശങ്ക ഉന്നയിക്കുകയുണ്ടായി.
- **2016-ലെ റീജിയണൽ സെന്റർ ഫോർ ബയോടെക്നോളജി ബിൽ**: ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമായി റീജിയണൽ സെന്റർ ഫോർ ബയോടെക്നോളജി സ്ഥാപിക്കുന്നതിന് ബിൽ വ്യവസ്ഥ ചെയ്യുന്നു. ഞാൻ ബില്ലിനെ പിന്തുണച്ചു, അതോടൊപ്പം ബയോടെക്നോളജി മേഖലയെ

പ്രോത്സാഹിപ്പിക്കുന്നതിന് മെച്ചപ്പെട്ട നിയന്ത്രണ വ്യവസ്ഥകളും അടിസ്ഥാന സൗകര്യങ്ങളും പോലുള്ള ചില മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. വ്യാപാരവുമായി ബന്ധപ്പെട്ട ബൗദ്ധിക സ്വത്തവകാശങ്ങൾ ഇന്ത്യൻ പേറ്റന്റ് നിയമവുമായി പൊരുത്തപ്പെടുത്തുന്നതിനും സ്വകാര്യ കമ്പനികളും ബയോടെക്നോളജി വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിൽ കൂടുതൽ ബന്ധം വളർത്തിയെടുക്കുന്നതിനും ഞാൻ നിർദ്ദേശിക്കുകയുണ്ടായി.

- **2016-ലെ എനിമി പ്രോപ്പർട്ടി (ഭേദഗതിയും സാധൂകരണവും) ഓർഡിനൻസ്**: ശത്രു സ്വത്തുക്കളിൽ അനന്തരാവകാശ നിയമങ്ങൾ പ്രയോഗിക്കുന്നത് തടയുന്ന ബിൽ. ഭരണഘടനയുടെ 123-ാം അനുച്ഛേദം അനുസരിച്ച് ഓർഡിനൻസിന്റെ പ്രഖ്യാപനം അനിവാര്യമായിത്തീർന്നിട്ടില്ലാത്തതിനാൽ ഞാൻ അതിനെ എതിർത്തു. 'ശത്രു സ്വത്ത്' എന്ന് നിർവ്വചിക്കപ്പെട്ട സ്വത്തിന്മേൽ ഇന്ത്യൻ പൗരന്മാർക്ക് ലഭ്യമായതുപോലുള്ള അവകാശങ്ങൾ മുൻകാലപ്രാബല്യത്തോടെ ബിൽ ഇല്ലാതാക്കുന്നു. അന്താരാഷ്ട്ര കൺവെൻഷനുകളുടെയും ഭരണഘടനയുടെ ആർട്ടിക്കിൾ 14 പ്രകാരമുള്ള തുല്യതയ്ക്കുള്ള അവകാശത്തിന്റെയും ലംഘനമാണിതെന്നതിനാൽ ഞാൻ ബില്ലിനെ എതിർത്തു.
- **2007-ലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, സയൻസ് എജ്യുക്കേഷൻ ആൻഡ് റിസർച്ച് (ഭേദഗതി) ബിൽ**: നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, സയൻസ് എജ്യുക്കേഷൻ ആൻഡ് റിസർച്ച് ആക്റ്റ് പ്രകാരം ആന്ധ്രാപ്രദേശിലെ എൻ.ഐ .ടി.യെ ദേശീയ പ്രാധാന്യമുള്ള ഒരു സ്ഥാപനമായി മാറ്റുന്ന ബിൽ. അധിക എൻ.ഐ.ടി.കൾ സൃഷ്ടിക്കുന്നത് രാജ്യത്തെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തില്ലെന്നും, പകരം നിലവിലുള്ള എൻ.ഐ.ടി.കളുടെ അടിസ്ഥാന സൗകര്യങ്ങളിലും ഫാക്കൽറ്റികളിലും സർക്കാർ കൂടുതൽ നിക്ഷേപം നടത്തണമെന്നും ഞാൻ നിർദ്ദേശിച്ചു.
- **2016-ലെ മാനസികാരോഗ്യ സംരക്ഷണ ബിൽ**: മാനസിക രോഗങ്ങളുള്ളവർക്ക് ആവശ്യമായ ആരോഗ്യ പരിരക്ഷയും സേവനങ്ങളും ഉറപ്പാക്കാനും ചികിത്സയ്ക്കിടെ അവരുടെ അവകാശങ്ങൾ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും ബിൽ വ്യവസ്ഥ ചെയ്യുന്നു. മാനസികാരോഗ്യ പ്രശ്നങ്ങൾ നേരിടുന്ന വിദ്യാർത്ഥികളെ സഹായിക്കാൻ സ്കൂളുകളിൽ കൗൺസിലർമാരുടെ ആവശ്യകതയും സൈനിക ഉദ്യോഗസ്ഥർക്ക് മാനസികാരോഗ്യ സൗകര്യങ്ങൾ ഒരുക്കേണ്ടതിന്റെ ആവശ്യകതയും ഞാൻ എടുത്തുകാട്ടി. ബില്ലിലെ മാനസികാരോഗ്യ പ്രാക്ടീഷണർമാരുടെ പട്ടിക സൈക്കോ അനലിസ്റ്റുകൾ, സൈക്കോതെറാപ്പിസ്റ്റുകൾ, കൗൺസിലിംഗ് സൈക്കോളജിസ്റ്റുകൾ എന്നിവരെ ഉൾപ്പെടുത്തി വിപുലീകരിക്കണമെന്നും ഞാൻ നിർദ്ദേശിച്ചു;
- **2016-ലെ എംപ്ലോയീസ് കോമ്പൻസേഷൻ (ഭേദഗതി) ബിൽ**: ഒരു നിശ്ചിത ശ്രേണിയിലുള്ള കമ്പനികൾ അവരുടെ ജീവനക്കാരുടെ അവകാശങ്ങളെക്കുറിച്ച് രേഖാമൂലം അറിയിക്കാൻ ബിൽ വ്യവസ്ഥ ചെയ്യുന്നു. ജീവനക്കാരിൽ വലിയൊരു വിഭാഗം വിദ്യാവിഹീനരായതിനാൽ, ജീവനക്കാരുടെ അവകാശ വിജ്ഞാപനം വാമൊഴിയായും അറിയിക്കണമെന്ന് ചർച്ചയ്ക്കിടെ ഞാൻ സർക്കാരിനോട് നിർദ്ദേശിച്ചു. എന്നാൽ, ഇത് ഭരണകക്ഷി തള്ളിക്കളയുകയാണുണ്ടായത്.
- **2017-ലെ നികുതി നിയമങ്ങൾ (ഭേദഗതി) ബിൽ**: ജി.എസ്.ടി.ക്ക് അനുസൃതമായി എക്സൈസ്, കസ്റ്റംസ് നികുതി എന്നിവ നിയന്ത്രിക്കുന്ന നിയമങ്ങളിലെ വിവിധ വ്യവസ്ഥകൾ ബിൽ ഭേദഗതി ചെയ്യുന്നു. നിയമങ്ങൾ ജി.എസ്.ടി.ക്ക് അനുസൃതമാക്കുന്നതിനായി ഭേദഗതി ചെയ്യേണ്ടതിന്റെ ആവശ്യകതയെ ഞാൻ സ്വാഗതം ചെയ്യുമ്പോൾ തന്നെ ബില്ലിലെ പോരായ്മകൾ ചൂണ്ടിക്കാണിച്ചു. നിർദ്ദിഷ്ട ബിൽ നികുതി അധികാരികളെ ഏകപക്ഷീയമായ രീതിയിൽ പ്രവർത്തിക്കാൻ പ്രാപ്തമാക്കുന്നതും, ബീഡി വെൽഫെയർ സെസ് എടുത്തുകളയുന്നതും, ജലത്തിന്റെ വ്യാവസായിക ഉപയോഗത്തിന് വാട്ടർ സെസ് ചുമത്തുന്നതിലുള്ള വീഴ്ച എങ്ങനെ പൊതുതാൽപ്പര്യത്തിന് ഹാനികരമാകുമെന്ന് ഞാൻ ചൂണ്ടിക്കാണിച്ചു. പെട്രോളിയം ഉൽപന്നങ്ങളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്ന ചരക്കുകളുടെയും സേവനങ്ങളുടെയും വാറ്റ് നികുതി മൂലമുണ്ടാകുന്ന ചെലവുകൾക്ക് ക്രെഡിറ്റ് ക്ലെയിം ചെയ്യാൻ എണ്ണ കമ്പനികളെ സർക്കാർ അനുവദിക്കണമെന്നും ഞാൻ നിർദ്ദേശിച്ചു.
- **2017-ലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ബിൽ**: മാനേജ്മെന്റ് രംഗത്ത് ആഗോള മികവിന്റെ നിലവാരം കൈവരിക്കാൻ ഐ.ഐ.എമ്മുകളെ പ്രാപ്തമാക്കുന്നതിന് അവയെ ദേശീയ പ്രാധാന്യമുള്ള സ്ഥാപനങ്ങളായി ഈ ബിൽ മാറ്റുന്നു. ബില്ലിലെ പിഴവുകൾ ഞാൻ എടുത്തുകാണിക്കുകയുണ്ടായി. ഉന്നതവിദ്യാഭ്യാസത്തിൽ വേണ്ടത്ര പണം നിക്ഷേപിക്കാത്തതിനാൽ 'ദേശീയ

പ്രാധാന്യം' എന്ന പദവിയോടൊപ്പം മതിയായ ബജറ്റ് വിഹിതം നൽകണമെന്ന് ഞാൻ ഊന്നിപ്പറഞ്ഞു. എസ്.സി. / എസ്.ടി. വിഭാഗങ്ങൾക്ക് ഫാക്കൽറ്റി തസ്തികകളിലെ അപര്യാപ്തമായ സംവരണത്തെക്കുറിച്ചും രാജ്യത്തെ സാമ്പത്തിക അസമത്വം കണക്കിലെടുത്ത് ഐ.ഐ.എമ്മുകളിലെ ഫീസ് നിയന്ത്രിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഞാൻ എടുത്തു പറയുകയും ചെയ്തു.

- **2017-ലെ പുരാതന സ്മാരകങ്ങളും പുരാവസ്തു സ്ഥലങ്ങളും അവശിഷ്ടങ്ങളും (ഭേദഗതി) ബിൽ** : പുരാതന സ്മാരകങ്ങൾക്കും പുരാവസ്തു സ്ഥലങ്ങൾക്കും ചുറ്റുമുള്ള നിയമപരമായ ബഫർ സോണുകൾക്കുള്ളിൽ 'മരാമത്ത് പ്രവൃത്തികൾ' ചെയ്യുവാൻ ബിൽ ഗവൺമെന്റിനെ അനുവദിക്കുന്നു. പുരാതനവും ദുർബലവുമായ നിർമ്മിതികൾക്ക് ഹാനികരമാകുമെന്ന കാരണത്താൽ ഞാൻ ഈ ബില്ലിനെ എതിർത്തു, കൂടാതെ ഈ പുരാതനനിർമ്മിതികളെ നശിപ്പിക്കുന്ന നിർമ്മാണത്തെ ഫലപ്രദമായി നിയന്ത്രിക്കാൻ ദേശീയ സ്മാരക അതോറിറ്റിക്ക് (എൻ.എം.എ.) മനുഷ്യശക്തിയുടെയും സൗകര്യങ്ങളുടെയും അഭാവമുണ്ടെന്ന് ഞാൻ ചൂണ്ടിക്കാട്ടി. ബിൽ നമ്മുടെ ദേശീയ പൈതൃകത്തിന് ഭീഷണിയാണെന്നും ഭരണഘടനയുടെ ആർട്ടിക്കിൾ 51 എ, ആർട്ടിക്കിൾ 49 എന്നിവ ലംഘിക്കുന്നുവെന്നും ഞാൻ വാദിച്ചു;
- **2019-ലെ പ്രത്യേക സാമ്പത്തിക മേഖലകൾ (ഭേദഗതി) ബിൽ**: പ്രത്യേക സാമ്പത്തിക മേഖല (SEZ) നിയമം ഭേദഗതി ചെയ്തുകൊണ്ട് ഇത്തരം മേഖലകളിൽ ട്രസ്റ്റുകൾക്ക് യൂണിറ്റുകൾ സ്ഥാപിക്കാൻ അനുമതി നൽകുന്നതാണ് ബിൽ. ബില്ലിന്റെ ലക്ഷ്യങ്ങളെ ഞാൻ പിന്തുണച്ചെങ്കിലും ന്യായമായ അടിയന്തര സാഹചര്യമില്ലാതെ ഓർഡിനൻസിന്റെ വഴി സർക്കാർ തെരഞ്ഞെടുത്തതിനെ ഞാൻ വിമർശിച്ചു. ഗവൺമെന്റ് അതിന്റെ രാഷ്ട്രീയ അജണ്ടയ്ക്കായി നിയമനിർമ്മാണ പ്രക്രിയകളെ, പ്രത്യേകിച്ച് ഓർഡിനൻസ് വഴി ദുരുപയോഗം ചെയ്യുന്നതിനെക്കുറിച്ച് ഞാൻ ആശങ്ക പ്രകടിപ്പിക്കുകയും ചെയ്തു. ആനുകൂല്യങ്ങൾക്ക് അർഹതയുള്ളവർ ആരാണെന്ന് തീരുമാനിക്കാൻ ഗവൺമെന്റിന് കാര്യമായ അധികാരം നൽകുന്ന ബില്ലിലെ വ്യവസ്ഥ ദുരുപയോഗത്തിന് ഇടയാക്കുമെന്ന് ഞാൻ ചൂണ്ടിക്കാട്ടി;
- **2019-ലെ മുസ്ലീം സ്ത്രീകളുടെ (വിവാഹത്തെ സംബന്ധിച്ച അവകാശങ്ങൾ സംരക്ഷിക്കൽ) ബിൽ**: തൽക്ഷണ മുത്തലാഖ് ക്രിമിനൽ കുറ്റമാക്കുന്ന 2019-ലെ മുസ്ലീം സ്ത്രീകളുടെ (വിവാഹാവകാശ സംരക്ഷണം) ബില്ലിനെ ഞാൻ എതിർത്തു. ഞാൻ മുത്തലാഖിന് എതിരാണെങ്കിലും, ബിൽ മുസ്ലീങ്ങളെ അന്യായമായി ലക്ഷ്യമിടുന്നുവെന്നും സിവിൽ, ക്രിമിനൽ നിയമങ്ങളെ അനുചിതമായി ചേർത്ത് കൂട്ടിയിണക്കപ്പെടുമെന്നും ഞാൻ കരുതുന്നു. എല്ലാ സ്ത്രീകളും ഉപേക്ഷിക്കപ്പെടുന്നതിൽനിന്ന് മതം നോക്കാതെ സംരക്ഷിക്കുന്നതിനുള്ള ഒരു സാർവത്രിക നിയമത്തിന് ഞാൻ ആഹ്വാനം ചെയ്തു. എന്റെ വീക്ഷണത്തിൽ, മുസ്‌ലിം സ്ത്രീകൾക്ക് വ്യക്തമായ ആനുകൂല്യങ്ങളെന്തെങ്കിലും നൽകുന്നതിൽ ഈ ബിൽ പരാജയപ്പെടുകയും, സുപ്രീം കോടതി ഇതിനോടകം അസാധുവായി കണക്കാക്കിയ ഒരു പ്രവൃത്തിക്ക് പുരുഷന്മാരെ ശിക്ഷിക്കുകയും ചെയ്യുവാൻ ഇടയാക്കുകയും ചെയ്യുന്നു;
- **2019-ലെ ഡി.എൻ.എ. ടെക്നോളജി (ഉപയോഗവും പ്രയോഗവും) റെഗുലേഷൻ ബിൽ**: വിവിധ സൂചികകളുള്ള ഒരു ദേശീയ ഡി.എൻ.എ. ഡാറ്റാ ബാങ്കും റീജിയണൽ ഡി.എൻ.എ. ഡാറ്റാ ബാങ്കുകളും സ്ഥാപിക്കാൻ ലക്ഷ്യമിട്ടുള്ള ഡി.എൻ.എ. ടെക്നോളജി (ഉപയോഗവും ആപ്ലിക്കേഷനും) റെഗുലേഷൻ ബിൽ, 2019 സംബന്ധിച്ച് ഞാൻ ആശങ്കകൾ ഉന്നയിച്ചു. ബിൽ ഒരു 'നിരീക്ഷണ സ്റ്റേറ്റ്' (surveillance state)നെ സ്ഥാപനവത്കരിക്കുമെന്ന് ഞാൻ വാദിക്കുകയും അത് നിയമമാക്കുന്നതിന് മുമ്പ് ഒരു ഡാറ്റാ സംരക്ഷണ നിയമത്തിന്റെ ആവശ്യകത ഊന്നിപ്പറയുകയും ചെയ്തു. അത്തരമൊരു നിയമമില്ലാതെ ബിൽ നടപ്പിലാക്കുന്നത് സ്വകാര്യതയ്ക്കുള്ള അവകാശത്തെ ബാധിക്കുമെന്ന് ഞാൻ എടുത്തുകാട്ടി. ഒടുവിൽ, 2023 ജൂലൈയിൽ കേന്ദ്രം ലോക്സഭയിൽ നിന്ന് ബിൽ പിൻവലിച്ചു.
- **2019-ലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) ഭേദഗതി ബിൽ**: നിയമ ഭേദഗതി ബില്ലിനെ ഞാൻ ശക്തമായി വിമർശിച്ചു. വിചാരണയുടെ ആനുകൂല്യം ഇല്ലാതെ വ്യക്തികളെ തീവ്രവാദികളായി പ്രഖ്യാപിക്കാൻ അനുവദിക്കുംവിധം യു.എ.പി.എ. നിയമം ഭേദഗതി ചെയ്യാനുള്ള സർക്കാരിന്റെ ശ്രമം അത്യന്തം ആശങ്കാജനകമാണെന്ന് വാദിച്ചു. വ്യക്തികളെ പിന്തുടരാൻ ഇതിനകം തന്നെ നിരവധി വ്യവസ്ഥകൾ നിലവിലുണ്ടെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഞാൻ ബില്ലിനെ "തിടുക്കത്തിൽ കൊണ്ടുവന്നത്" എന്ന് വിശേഷിപ്പിക്കുകയുണ്ടായി. ബിൽ അവതരിപ്പിക്കുന്നതിന് മുമ്പ് നിയമനിർമ്മാണത്തിന് മുന്നോടിയായുള്ള കൂടിയാലോചന നടത്തുന്നതിൽ സർ



ക്കാർ പരാജയപ്പെട്ടെന്നും ഞാൻ കുറ്റപ്പെടുത്തി. 2022-ൽ, ഈ നിയമം അസാധുവാക്കാനുള്ള ഒരു സ്വകാര്യ ബില്ലും ഞാൻ അവതരിപ്പിച്ചിരുന്നു;

- **2019-ലെ വിവരാവകാശ (ഭേദഗതി) ബിൽ**: 2005-ലെ വിവരാവകാശ നിയമത്തിൽ ഭേദഗതി വരുത്തി, സ്വതന്ത്ര വിവരാവകാശ കമ്മീഷണർമാരെ നിയമിക്കാനും പിരിച്ചുവിടാനും അവരുടെ ശമ്പളവും കാലാവധിയും നിശ്ചയിക്കാനും കേന്ദ്രത്തിന് അധികാരം നൽകാൻ ബിൽ ലക്ഷ്യമിടുന്നു. ഇതു വിവരാവകാശ കമ്മീഷണർമാരുടെ പ്രധാന കാര്യങ്ങളിൽ നിയന്ത്രണം സാധ്യമാക്കി വിവരാവകാശ നിയമത്തെ ദുർബലപ്പെടുത്തുമെന്ന് വാദിക്കുകയും ചെയ്തു. ഈ ബില്ലിനെ ഞാൻ ശക്തമായി എതിർത്തു. പബ്ലിക് കൺസൾട്ടേഷന്റെ അഭാവത്തെ ഞാൻ വിമർശിക്കുകയും പ്രധാനമന്ത്രിയുടെ വിദ്യാഭ്യാസ വിശദാംശങ്ങളുമായി ബന്ധപ്പെട്ട സി.ഐ.സി.യുടെ സമീപകാല ഉത്തരവുകളുമായി ഗവൺമെന്റിന്റെ തിടുക്കത്തിനെ ബന്ധപ്പെടുത്താമെന്ന് പറയുകയും ചെയ്തു.
- **2019-ലെ ജമ്മു കശ്മീർ പുനഃസംഘടനാ ബിൽ**: 2019-ലെ ജമ്മു കശ്മീർ സംവരണം (രണ്ടാം ഭേദഗതി) ബിൽ: ഭരണഘടനയ്ക്കും എല്ലാവരുടെയും ഇന്ത്യ എന്ന ആശയത്തിനും സഹകരണ ഫെഡറലിസത്തിനും ജനാധിപത്യ സമ്പ്രദായങ്ങൾക്കും മേലുള്ള കടന്നാക്രമണമാണെന്ന് വാദിച്ച് ഞാൻ ബില്ലിനെ ശക്തമായി വിമർശിച്ചു. റിപ്പബ്ലിക് ഓഫ് ഇന്ത്യയുമായുള്ള ജമ്മു കശ്മീരിലെ ജനങ്ങളുടെ അടിസ്ഥാന ഭരണഘടനാപരമായ ബന്ധത്തെ ജനങ്ങളുമായോ അവരുടെ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളുമായോ ആലോചിക്കാതെ സർക്കാർ മാറ്റിയെന്നും ഞാൻ കൂട്ടിച്ചേർത്തു. ആർട്ടിക്കിൾ 370(3), ആർട്ടിക്കിൾ 3 എന്നിവയോടുള്ള ഈ തികഞ്ഞ അവഗണന നമ്മുടെ ജനാധിപത്യത്തോട് കാട്ടിയ കൊടിയ വഞ്ചനയാണെന്നും നിയമനിർമ്മാണം സ്വേച്ഛാധിപത്യത്തിൽ കുറയാത്ത ഒന്നാണെന്നും ഞാൻ പറഞ്ഞു;
- **2019-ലെ പൗരത്വ (ഭേദഗതി) ബിൽ**: പൗരത്വത്തിന്റെ അടിസ്ഥാനം മതമാകരുതെന്ന് ഊന്നിപ്പറഞ്ഞുകൊണ്ട് ഞാൻ ബില്ലിനെ ശക്തമായി വിമർശിച്ചു. ഈ വ്യവസ്ഥ ഉൾപ്പെടുത്തുന്നതിലൂടെ, ബി.ജെ.പി. ബോധപൂർവ്വം തന്നെ, ഇന്ത്യയെക്കുറിച്ചുള്ള മഹാത്മാഗാന്ധിയുടെ കാഴ്ചപ്പാടിന് വിരുദ്ധമായതും ദേശീയതയിൽ മതത്തിനെ ഉൾപ്പെടുത്തുന്നതുമായ ജിന്നയുടെ ആശയത്തെ പ്രോത്സാഹിപ്പിക്കുകയാണെന്നും ഞാൻ വാദിച്ചു. കൂടാതെ, അഭയാർത്ഥികളെ കൈകാര്യം ചെയ്യുന്നതിൽ അടിസ്ഥാന അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പാലിക്കുന്നതിലുള്ള ഗവൺമെന്റിന്റെ പരാജയം ഞാൻ എടുത്തുകാണിക്കുകയും ചെയ്തു. അഭയാർത്ഥികളുടെ നിലവിലുള്ള അവസ്ഥ നിർണ്ണയിക്കൽ മെച്ചപ്പെടുത്തുന്നതിനോ അവരോടുള്ള ന്യായമായ പെരുമാറ്റം ഉറപ്പാക്കുന്നതിനോ ആവശ്യമായ വ്യവസ്ഥകൾ ബില്ലിൽ ഇല്ലെന്നും ചൂണ്ടിക്കാട്ടി. ഇന്ത്യയുടെ മൂല്യങ്ങളെ നിഷേധിക്കുന്നതും ഒരു

പ്രത്യേക സമൂഹത്തെ ഒറ്റപ്പെടുത്തി അവകാശങ്ങൾ നിഷേധിക്കാനും ലക്ഷ്യമിട്ടുള്ള ഒരു വിദ്വേഷം നിറഞ്ഞ രാഷ്ട്രീയ നീക്കത്തെ ഇത് പ്രതിഫലിപ്പിക്കുന്നുവെന്നും ഞാൻ വാദിച്ചു.

- **2021-ലെ ഹൈക്കോടതി, സുപ്രീം കോടതി ജഡ്ജിമാരുടെ (ശമ്പളങ്ങളും സേവന വ്യവസ്ഥകളും) ഭേദഗതി ബിൽ**: ഹൈക്കോടതികളിലെയും സുപ്രീം കോടതിയിലെയും ജഡ്ജിമാരുടെ ശമ്പളവും സേവന വ്യവസ്ഥകളും നിയന്ത്രിക്കുന്ന നിയമങ്ങൾ ബിൽ ഭേദഗതി ചെയ്യുന്നു. സുപ്രീം കോടതിയിലെയും ഹൈക്കോടതിയിലെയും ജഡ്ജിമാർ ഒരു നിശ്ചിത പ്രായമാകുമ്പോൾ അധിക പെൻഷനോ ഫാമിലി പെൻഷനോ എപ്പോൾ മുതൽ ലഭിക്കുമെന്നതിനെക്കുറിച്ചുള്ള ബില്ലിനെയും നിയമനിർമ്മാണ വ്യക്തതയെയും ഞാൻ അഭിനന്ദിച്ചു. എന്നിരുന്നാലും, ജഡ്ജിമാരുടെ, പ്രത്യേകിച്ച് ഹൈക്കോടതി ജഡ്ജിമാരുടെ വിരമിക്കൽ പ്രായം, കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകളുടെ പ്രത്യാഘാതങ്ങൾ തുടങ്ങിയ സേവന വ്യവസ്ഥകളുമായി ബന്ധപ്പെട്ട ജുഡീഷ്യറിയുടെ നിർണായക പ്രശ്നങ്ങൾ ഉന്നയിക്കുന്നതിനുള്ള ഒരു വേദിയായി ഞാൻ ഈ ബില്ലിനെ ഉപയോഗിച്ചു;
- **2022-2023-ലെ കേന്ദ്ര ബജറ്റിനെക്കുറിച്ചുള്ള പൊതുചർച്ച**: പ്രിയപ്പെട്ടവരുടെ ജീവൻ നഷ്ടപ്പെട്ടതിനാൽ വളരെയധികം വേദന അനുഭവിക്കുന്ന പൗരന്മാരെ കോവിഡ്-19 പാൻഡെമിക് എങ്ങനെ സങ്കൽപ്പിക്കാനാവാത്ത ദുരിതത്തിലാക്കിയെന്ന് എടുത്തുകാണിച്ചുകൊണ്ട് 2022-23-ലെ കേന്ദ്ര ബജറ്റിനെക്കുറിച്ചുള്ള സംവാദം ഞാൻ ആരംഭിച്ചു. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MNREGA) പോലെയുള്ള സാമൂഹ്യക്ഷേമ പദ്ധതികളുടെ വിഹിതം ഗണ്യമായി വെട്ടിക്കുറച്ച് നടപ്പിലാക്കിയ ജനദ്രോഹപരമായ നടപടികൾ സർക്കാർ പിൻവലിക്കണമെന്ന് ഞാൻ ഊന്നിപ്പറഞ്ഞു. വർദ്ധിച്ചുവരുന്ന പണപ്പെരുപ്പത്തെ നേരിടാനോ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് ലക്ഷ്യം വെച്ചുള്ള പദ്ധതികളോ നടപടികളോ ഉണ്ടായിട്ടില്ല. ഇന്ത്യക്കാർ കടുത്ത ദാരിദ്ര്യത്തിലേക്ക് വഴുതിവീഴുകയും, സാധാരണക്കാർക്കുണ്ടായ വ്യാപകമായ വേദന തിരിച്ചറിയാൻ സർക്കാരിന് കഴിഞ്ഞില്ലെന്നും ഞാൻ പറഞ്ഞു.
- **2022-2023-ലെ ഗ്രാന്റുകൾക്കുള്ള സപ്ലിമെന്ററി ഡിമാൻഡുകൾ, ആദ്യ ബാച്ച്, (II) 2019-2020ലെ അധിക ഗ്രാന്റുകൾക്കുള്ള ഡിമാൻഡുകൾ**:

  ഈ സാമ്പത്തിക വർഷത്തിലെ അവശേഷിക്കുന്ന കാലത്തേക്കുള്ള ഗ്രാന്റുകൾക്കായുള്ള അനുബന്ധ ആവശ്യങ്ങളെക്കുറിച്ചും 2019-20-ലെ അധിക ഗ്രാന്റുകളെക്കുറിച്ചും ഞാൻ ലോക്സഭയിൽ ചർച്ച തുടങ്ങിവെച്ചു. സമ്പദ്വ്യവസ്ഥയെ സർക്കാർ കൈകാര്യം ചെയ്യുന്നതിനെ ഞാൻ വിമർശിക്കുകയും, യാഥാർത്ഥ്യബോധത്തോടെയുള്ള ഒരു വിവരണത്തിന്റെ ആവശ്യകത ഊന്നിപ്പറയുകയും, വിവിധ മേഖലകൾക്കുള്ള വിഹിതം കുറവാണെന്ന് എടുത്തുകാട്ടുകയും ചെയ്യുകയുണ്ടായി. ആരോഗ്യ സംരക്ഷണത്തിനും സാമൂഹിക പദ്ധതികൾക്കുമുള്ള വിഹിതം വെട്ടിക്കുറച്ചത് വ്യക്തമാക്കുകയും, കോവിഡ്-19 ഉം നോട്ട് അസാധുവാക്കലും കാരണം സമ്പദ്വ്യവസ്ഥയിലുണ്ടായ ആഘാതം ഞാൻ ചൂണ്ടിക്കാട്ടുകയും ചെയ്തു. കൂടാതെ, തിരഞ്ഞെടുപ്പിന് മുമ്പ് ഇന്ധനവില മാറ്റമില്ലാതെ നിലനിർത്തുകയും പിന്നീട് അത് വർധിപ്പിക്കുകയും, അമിതഭാരം നികുതിദായകരിലേക്ക് മാറ്റുകയും ചെയ്തതിനെ ഞാൻ വിമർശിച്ചു. രാജ്യത്തിന്റെ കാതലായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പകരം താൽക്കാലിക നടപടികളിൽ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുകയാണെന്ന് ഞാൻ കുറ്റപ്പെടുത്തി. ആരോഗ്യ സംരക്ഷണം പോലുള്ള മേഖലകളോടുള്ള അവഗണനയിൽ ഞാൻ ആശങ്ക പ്രകടിപ്പിക്കുകയും സാധാരണ പൗരന്മാർ ചെലവുചെയ്യുന്നതിനാൽ ഇന്ത്യയിലെ ആരോഗ്യ സംരക്ഷണ ബിസിനസ്സ് നിലനിന്ന് പോകുന്നെന്നും എടുത്തു പറയുകയും ചെയ്തു.
- **2023-ലെ ഡൽഹി ഗവൺമെന്റ് ഓഫ് എൻ.സി.ടി. (ഭേദഗതി) ബിൽ**: മുഖ്യമന്ത്രി, ഡൽഹി ചീഫ് സെക്രട്ടറി, ഡൽഹി പ്രിൻസിപ്പൽ ആഭ്യന്തര സെക്രട്ടറി എന്നിവരടങ്ങുന്ന നാഷണൽ ക്യാപിറ്റൽ സി



വിൽ സർവീസസ് അതോറിറ്റിയെ സ്ഥാപിക്കുന്ന ബിൽ. ഉദ്യോഗസ്ഥരുടെ സ്ഥലംമാറ്റങ്ങളും നിയമനങ്ങളും അച്ചടക്ക കാര്യങ്ങളും സംബന്ധിച്ച് അതോറിറ്റി ലെഫ്റ്റനന്റ് ഗവർണർക്ക് (എൽ.ജി.) ശുപാർശകൾ നൽകും. ഒരു ഫെഡറൽ ജനാധിപത്യത്തിന്റെ സവിശേഷതയായ അധികാര വിഭജനത്തെ ലംഘിക്കുന്നതിനാൽ ഞാൻ ബില്ലിനെ എതിർത്തു. ഇത് ഡൽഹി നിയമസഭയെയും ഡൽഹി സർക്കാരിനെയും ദുർബലപ്പെടുത്തുന്നതാണ്. ഈ വിഷയത്തിൽ സുപ്രീം കോടതിയുടെ തീരുമാനത്തെ മറികടക്കാൻ ശ്രമിക്കുന്നതിലൂടെ, ഫെഡറലിസമെന്ന ഭരണഘടനാ തത്വത്തെ കേന്ദ്രസർക്കാർ ദുർബലപ്പെടുത്തുകയാണ്. ഭരണഘടനയുടെ അടിസ്ഥാന സവിശേഷതയായ പ്രാതിനിധ്യ ജനാധിപത്യ തത്വത്തെ ഈ ബിൽ ദുർബലപ്പെടുത്തുന്നുവെന്നും ഞാൻ പ്രസ്താവിച്ചു.

- **'ചന്ദ്രയാൻ-3 ദൗത്യത്തിന്റെ വിജയവും ബഹിരാകാശ മേഖലയിൽ നമ്മുടെ രാഷ്ട്രത്തിന്റെ മറ്റ് നേട്ടങ്ങളും' സംബന്ധിച്ച ചർച്ച**: ഞാൻ ഈ പ്രമേയത്തെ പിന്തുണയ്ക്കുകയും ചന്ദ്രയാൻ-3 ദൗത്യത്തിന്റെ വിജയത്തിൽ ശാസ്ത്രജ്ഞരെ അഭിനന്ദിക്കുകയും ചെയ്തു. ഈ മിഷന്റെ വിജയം രാഷ്ട്രീയ വിഭജനത്തിന് അതീതമാണ്, ഇത് ഏതെങ്കിലും വ്യക്തിയുടെയോ ഒരു പാർട്ടിയുടെയോ മാത്രം നേട്ടമായി കാണേണ്ടതില്ല. ശ്രീ ജവഹർലാൽ നെഹ്റുവിന്റെ ഭരണകാലത്ത് ആരംഭിച്ച് കഴിഞ്ഞ ആറ് പതിറ്റാണ്ടായി എല്ലാ സർക്കാരുകളും നടത്തിയ പരിശ്രമങ്ങളുടെ പരിസമാപ്തിയാണിത്. നമ്മുടെ ബഹിരാകാശ വിജയം ദേശീയ ഭരണത്തിലെ തുടർച്ചയുടെ അനന്തരഫലമാണെന്നും ഇന്ന് നേടിയത് മുൻകാല നേട്ടങ്ങളുടെ ചുമലിൽ നിന്നാണെന്നും ഞാൻ ഊന്നിപ്പറഞ്ഞു. എന്നിരുന്നാലും, ബഹിരാകാശ വകുപ്പിന്റെ ബജറ്റ് എസ്റ്റിമേറ്റ് 13,700 കോടി രൂപയിൽ നിന്നും 12,543 കോടി രൂപയായി വെട്ടിക്കുറച്ചിരിക്കുന്നുവെന്നത് ഞെട്ടിപ്പിക്കുന്നതും പരിശോധിക്കപ്പെടേണ്ടതുമാണ്.
- **2024-25-ലെ ഇടക്കാല യൂണിയൻ ബജറ്റിനെക്കുറിച്ചുള്ള പൊതുവായ ചർച്ച**: നോട്ട് അസാധുവാക്കലിന്റെ നിരുത്തരവാദപരമായ തീരുമാനം മുതൽ മുന്നറിയിപ്പ് ഇല്ലാതെ പെട്ടെന്നുള്ള ലോക്ക്ഡൗൺ വരെ കഴിഞ്ഞ 10 വർഷമായി സമ്പദ്വ്യവസ്ഥയെ തകിടം മറിച്ച സർക്കാരിന്റെ അശ്രദ്ധമായ തീരുമാനങ്ങളും അത് ജനങ്ങളെ എങ്ങനെ പ്രതികൂലമായി ബാധിച്ചുവെന്നും ഉയർത്തിക്കാട്ടിക്കൊണ്ടാണ് 2024-25-ലെ ഇടക്കാല യൂണിയൻ ബജറ്റിനെക്കുറിച്ചുള്ള ചർച്ചയ്ക്ക് ഞാൻ തുടക്കമിട്ടത്. തുടർന്ന് സർക്കാർ പദ്ധതികളുടെ ഗുണഭോക്താക്കൾ ദരിദ്രർ, സ്ത്രീകൾ, യുവാക്കൾ, കർഷകർ എന്നിങ്ങനെ നാല് വിഭാഗങ്ങളാണെന്ന് ധനമന്ത്രി പറഞ്ഞതിനെ ഞാൻ എതിർക്കുകയുണ്ടായി. സാമൂഹികവും സാമ്പത്തികവുമായ നയ പ്രകടനത്തിന്റെ മിക്ക മേഖലകളിലും ഏറ്റവും മോശം പ്രകടനമുള്ള ഗ്രൂപ്പുകളിൽ ചിലതാണ് മേൽപ്പറഞ്ഞ നാല് ഗ്രൂപ്പുകൾ. നമ്മുടെ യുവതലമുറയുടെ നാളെയെക്കുറിച്ചുള്ള വലിയ പ്രതീക്ഷകളെ തല്ലിക്കെടുത്തുന്നതാണ് ഇന്നത്തെ അഭൂതപൂർവ്വമായ തൊഴിലില്ലായ്മ. കഴിഞ്ഞ 10 വർഷത്തിനിടെ 25 കോടി ജനങ്ങളെ ബഹുമുഖ ദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിച്ചതായി സർക്കാർ അവകാശപ്പെടുന്നു. ലോകബാങ്കിന്റെ കണക്കനുസരിച്ച്, പക്ഷേ, കോവിഡ് മഹാമാരി മൂലം 2020-ൽ ദാരിദ്ര്യത്തിലേക്ക് വഴുതിവീണ ലോകത്തിലെ 80% ആളുകളും ഇന്ത്യയിൽ നിന്നുള്ളവരാണ്. നിലവിലെ സർക്കാരിന്റെ ട്രാക്ക് റെക്കോർഡ് നിരാശാജനകമാണെന്ന് ഉയർത്തിക്കാട്ടാൻ ഞാൻ ശ്രമിച്ചു;

കൂടാതെ, ഐക്യരാഷ്ട്രസഭയിൽ ഹിന്ദിയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി നികുതിദായകരുടെ 400 കോടി രൂപ ചെലവഴിക്കാൻ തയ്യാറാണെന്ന് വിദേശകാര്യ മന്ത്രി ചോദ്യോത്തരവേളയിൽ നടത്തിയ പ്രസ്താവനയെ ഞാൻ വെല്ലുവിളിച്ചു. ഹിന്ദി ഔദ്യോഗിക ഭാഷയാണെന്നും അല്ലാതെ ദേശീയ ഭാഷയല്ലെന്നും, അത്തരം ചെലവുകൾ വിഭവങ്ങളുടെ ഭീമമായ പാഴാക്കലായിരിക്കുമെന്നും ഞാൻ ചൂണ്ടിക്കാട്ടി. പ്രധാനമന്ത്രിക്കോ, മന്ത്രിക്കോ യു.എന്നിൽ ഹിന്ദിയിൽ സംസാരിക്കാൻ താൽപ്പര്യമുണ്ടെങ്കിൽ, (അവർക്ക് ഇതിനകം തന്നെ അപ്രകാരം ചെയ്യാൻ സ്വാതന്ത്ര്യമുണ്ട്) ഒരു ഇന്ത്യൻ നയതന്ത്രജ്ഞന് പ്രസംഗം ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യാവുന്നതും അതിൽ നിന്ന് മറ്റ് ഭാഷാ വ്യാഖ്യാതാക്കൾ യുഎന്നിന്റെ ഇതര ഔദ്യോഗിക ഭാഷകളിലേക്ക് വിവർത്തനം ചെയ്യാൻ കഴിയുന്നതുമാണ്. എന്നാൽ യുഎന്നിൽ ഹിന്ദി ഇന്ത്യയുടെ ഔദ്യോഗിക ഭാഷയാക്കുന്നത് ഹിന്ദി സംസാരിക്കാത്ത സംസ്ഥാനങ്ങളിൽ നിന്നുള്ള ഭാവി വിദേശകാര്യ മന്ത്രിമാർക്ക് ഹിന്ദിയേക്കാൾ ലോകമെമ്പാടും വ്യാപകമായി മനസ്സിലാക്കാവുന്ന ഒരു ഭാഷയിൽ സ്വയം പ്രകടിപ്പിക്കാനുള്ള അവസരം നഷ്ടപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ചുണ്ടായ സംവാദം ദേശീയ മാധ്യമങ്ങളിൽ വ്യാപകമായ ചർച്ചയ്ക്ക് കാരണമാകുകയും അതിന് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ ശക്തമായ പിന്തുണ ലഭിക്കുകയും ചെയ്തു. ■

| ഡോ. ശശി തരൂരിന്റെ 2014-2019-ലെ പാർലമെന്റിലെ ഇടപെടലുകൾ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ* | |
|---|---|
| **ഇനം** | **എണ്ണം** |
| പാർലമെന്റിൽ ചോദിച്ച ചോദ്യങ്ങൾ | 410 |
| പാർലമെന്റിൽ ചോദിച്ച അനുബന്ധ ചോദ്യങ്ങൾ | 35 |
| അടിയന്തര പൊതു പ്രാധാന്യമുള്ള വിഷയങ്ങൾ (റൂൾ 377) 19 | |
| അടിയന്തര പൊതു പ്രാധാന്യമുള്ള കാര്യങ്ങൾ (പ്രത്യേക പരാമർശം) | 17 |
| ലോക്സഭയിൽ അവതരിപ്പിച്ച സ്വകാര്യ ബില്ലുകൾ | 8 |
| ലോക്സഭയിൽ സമർപ്പിക്കാൻ ശേഷിക്കുന്ന സ്വകാര്യ ബില്ലുകൾ | 5 |
| ഭേദഗതികൾ മൂവ് ചെയ്ത സർക്കാർ ബില്ലുകൾ | 8 |
| ഹ്രസ്വകാല ചർച്ചകൾ (Short Duration Discussions) | 3 |

| ഡോ. ശശി തരൂരിന്റെ 2019-2024-ലെ പാർലമെന്റിലെ ഇടപെടലുകൾ സംബന്ധിക്കുന്ന സ്ഥിതിവിവരക്കണക്കുകൾ* | |
|---|---|
| **ഇനം** | **എണ്ണം** |
| പാർലമെന്റിൽ ചോദിച്ച ചോദ്യങ്ങൾ | 275 |
| പാർലമെന്റിൽ ചോദിച്ച അനുബന്ധ ചോദ്യങ്ങൾ | 34 |
| അടിയന്തര പൊതു പ്രാധാന്യമുള്ള വിഷയങ്ങൾ (റൂൾ 377) | 20 |
| അടിയന്തര പൊതു പ്രാധാന്യമുള്ള കാര്യങ്ങൾ (പ്രത്യേക പരാമർശം) | 26 |
| ലോക്സഭയിൽ അവതരിപ്പിച്ച സ്വകാര്യ ബില്ലുകൾ | 13 |
| ലോക്സഭയിൽ സമർപ്പിക്കാൻ ശേഷിക്കുന്ന സ്വകാര്യ ബില്ലുകൾ | 5 |
| ഭേദഗതികൾ മൂവ് ചെയ്ത സർക്കാർ ബില്ലുകൾ | 6 |
| ഹ്രസ്വകാല ചർച്ചകൾ (Short Duration Discussions) | 4 |

*കുറിപ്പ്: ഉന്നയിക്കുന്ന പ്രശ്നങ്ങളുടെ എണ്ണം, പ്രശ്നങ്ങൾ ഉന്നയിക്കാൻ നടത്തിയ ശ്രമങ്ങളുടെ എണ്ണവുമായി പൊരുത്തപ്പെടുന്നില്ലെന്ന് ഓർമ്മിക്കേണ്ടതാണ്. സീറോ അവറിലെയും റൂൾ 377-ന്റെയും കീഴിലുള്ള ഇടപെടലുകൾ ഒരു ലോട്ടറി സമ്പ്രദായത്താൽ നിയന്ത്രിക്കപ്പെടുന്നു, എല്ലാ ആഴ്ചയും ഞാൻ പ്രശ്നങ്ങൾ സമർപ്പിക്കുന്നുണ്ടെങ്കിലും, സമർപ്പിച്ച വിഷയങ്ങളിൽ സംസാരിക്കാനുള്ള ബാലറ്റിംഗിൽ വിജയിക്കാൻ എനിക്ക് എല്ലായ്പ്പോഴും ഭാഗ്യമുണ്ടായിരുന്നില്ല.*

# പാർലമെന്റ് സ്ഥിരം സമിതികൾ

## 2022–2024
## ചെയർമാൻ, പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി രാസവസ്തുക്കളും രാസവളങ്ങളും

രാസവസ്തുക്കളുടെയും രാസവളങ്ങളുടെയും പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി ഞാൻ ചെയർമാനായിട്ടുള്ള ഒരു സജീവ സമിതിയാണ്. കഴിഞ്ഞ ഒന്നര വർഷത്തിനിടെ 25-ഓളം പ്രാവശ്യം കമ്മിറ്റിയുടെ യോഗങ്ങൾ ചേർന്നു. 2022 ഒക്ടോബർ മുതൽ മന്ത്രാലയത്തിന് കീഴിലുള്ള മൂന്ന് വകുപ്പുകളുടെ, വളം വകുപ്പ്, കെമിക്കൽസ് ആൻഡ് പെട്രോകെമിക്കൽസ് വകുപ്പ്, ഫാർമസ്യൂട്ടിക്കൽസ് വകുപ്പ്, ഗ്രാന്റുകൾക്കായുള്ള ഡിമാൻഡുകൾ കേൾക്കുന്നതിനും അംഗീകരിക്കുന്നതിനും പുറമെ ഇന്ത്യയുടെ കാർഷിക, ഫാർമസ്യൂട്ടിക്കൽ, കെമിക്കൽ ഇൻഡസ്ട്രീസ് മേഖലകളിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ അവലോകനം ചെയ്യുന്നതിനായി സമിതി നിരവധി സിറ്റിങ്ങുകൾ നടത്തിയിട്ടുണ്ട്. അടിയന്തര പ്രാധാന്യമുള്ള മറ്റ് നിരവധി വിഷയങ്ങളിന്മേൽ ആഴത്തിലുള്ള റിപ്പോർട്ടുകളും സമിതി തയാറാക്കിയിട്ടുണ്ട്. ഗുണനിലവാര നിയന്ത്രണവും സുരക്ഷാ മാനദണ്ഡങ്ങളും ഉറപ്പാക്കുമ്പോൾ തന്നെ രാസവള ഉൽപ്പാദന ക്രമീകരണം, കെമിക്കൽ, പെട്രോകെമിക്കൽ യൂണിറ്റുകളുടെ പുനരുജ്ജീവനം, പ്ലാസ്റ്റിക് മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, ഉല്പാദനവുമായി ബന്ധപ്പെട്ട ഇൻസെന്റീവ് സ്കീമിലൂടെ മെഡിക്കൽ ഉപകരണ വ്യവസായത്തിന്റെ പ്രോത്സാഹനം, ഫാർമസ്യൂട്ടിക്കൽ വ്യവസായത്തിന്റെ വളർച്ച എന്നീ കാര്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

ഞാൻ ചെയർമാനായിരുന്ന കാലത്തുടനീളം, ധനമന്ത്രാലയം, ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം, പരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം തുടങ്ങിയ മറ്റ് മന്ത്രാലയങ്ങളിൽ നിന്നുള്ള പ്രതിനിധികളുമായി സംയുക്ത യോഗങ്ങൾ വിളിച്ച് ഗവൺമെന്റിന്റെ ഉത്തരവാദിത്തം വർദ്ധിപ്പിക്കാൻ ഞാൻ പരിശ്രമിച്ചിട്ടുണ്ട്. യൂറിയ സബ്സിഡി സ്കീം തുടരേണ്ടതിന്റെ ആവശ്യകത, കീടനാശിനികളുടേയും കളനാശിനികളുടേയും സുരക്ഷിതമായ ഉപയോഗവും ലൈസൻസ് നൽകുന്ന പദ്ധതിയും നടപ്പിലാക്കുക തുടങ്ങിയ നിർണായക പ്രാധാന്യമുള്ള കാര്യങ്ങളും സമിതി അടുത്ത മാസങ്ങളിൽ പരിഗണിച്ചിരുന്നു.

ഇന്ത്യയിൽ ഉപയോഗിക്കുന്ന നൈട്രജൻ വളങ്ങളുടെ 82 ശതമാനവും യൂറിയ ആയിരിക്കുന്നത് മൂലം പരിസ്ഥിതി മലിനീകരണത്തിലേക്ക് നയിക്കുന്നത് ഉൾപ്പെടെ രാസവളങ്ങളുടെ അസന്തുലിതമായ ഉപഭോഗത്തെ സമിതി ഉയർത്തിക്കാട്ടി. ഇത് പരിഹരിക്കാൻ, സ്വാശ്രയത്തിനായി നാനോ വളങ്ങൾ വികസിപ്പിക്കാനും ഇറക്കുമതിയിൽ ചെലവഴിക്കുന്ന വിദേശനാണ്യം കുറയ്ക്കാനും ശുപാർശ ചെയ്തു. നാനോ രാസവളങ്ങൾ നിർമ്മിക്കാൻ താൽപ്പര്യമുള്ള പൊതു-സ്വകാര്യ മേഖലാ കമ്പനികൾക്ക് സർക്കാർ പിന്തുണ നൽകേണ്ടതിന്റെ ആവശ്യകതയും കമ്മിറ്റി ഊന്നിപ്പറയുകയും ഉൽപ്പാദന -ലിങ്ക്ഡ് ഇൻസെന്റീവ് (പി.എൽ.ഐ.) പദ്ധതി സ്ഥാപിക്കുന്നതിന് രാസവള വകുപ്പ്, ധനമന്ത്രാലയവുമായി ചേർന്ന് പ്രവർത്തിക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തു.

കീടനാശിനികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന് കെമിക്കൽസ് ആൻഡ് പെട്രോകെമിക്കൽസ് വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിലും, അവയുടെ വ്യാപകമായ ഉപയോഗം ദോഷകരവും വായു, ജലം, മണ്ണ്, മൊത്തത്തിലുള്ള ആവാസവ്യവസ്ഥ എന്നിവയെ ഹാനികരമായി ബാധിക്കുകയും ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളിലേക്ക് നയിക്കുകയും ചെയ്യുമെന്ന് കമ്മിറ്റി ചൂണ്ടിക്കാട്ടി. കാർഷിക രാസവസ്തുക്കളുടെ നാലാമത്തെ വലിയ ഉൽപ്പാദകരും കയറ്റുമതിക്കാരും ഇന്ത്യയാണെങ്കിലും, ഫീഡ്സ്റ്റോക്കുകളുടെയും ഖനന ഏജന്റുമാരുടെയും കുറവ് കാരണം വ്യവസായം 2020-21 ൽ 1.8 ലക്ഷം കോടി രൂപയുടെ വ്യാപാര കമ്മി നേരിട്ടു. ഈ വ്യാപാര കമ്മി പ്രശ്നം ഉ

ടനടി പരിഹരിക്കാനും കെമിക്കൽ മേഖലയ്ക്കായി ഒരു പ്രൊഡക്ഷൻ ലിങ്ക്ഡ് ഇൻസെന്റീവ് (പി.എൽ. ഐ.) പദ്ധതി വികസിപ്പിക്കാനും ഞാൻ സർക്കാരിനോട് അഭ്യർത്ഥിച്ചു.

വ്യവസായത്തിന്റെ പ്രാരംഭഘട്ടമായതിനാൽ മെഡിക്കൽ ഉപകരണങ്ങളുടെ ജിഎസ്ടി കുറയ്ക്കാനും കമ്മിറ്റി ശുപാർശ ചെയ്തു. ക്രിട്ടിക്കൽ കെയർ മെഡിക്കൽ ഉപകരണങ്ങളെ അവശ്യമരുന്നുകളായി പട്ടികപ്പെടുത്താനും ആഭ്യന്തര നിർമ്മാതാക്കളെ സംരക്ഷിക്കുന്നതിനായി ഇറക്കുമതി ചെയ്ത സെക്കൻഡ് ഹാൻഡ് ഉപകരണങ്ങളുടെ സുരക്ഷ, ഗുണനിലവാരം, കാര്യക്ഷമത എന്നിവ നിയന്ത്രിക്കാനും നിർദ്ദേശിച്ചു.

രാസവസ്തുക്കളുടെയും രാസവളങ്ങളുടെയും പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി കൂടുതൽ കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാൻ ഞാൻ കഠിനമായി പരിശ്രമിക്കുകയുണ്ടായി. സൂക്ഷ്മപരിശോധനയുടെയും ഉത്തരവാദിത്തത്തിന്റെയും ഉയർന്ന നിലവാരം നിശ്ചയിക്കുന്ന റിപ്പോർട്ടുകളിലൂടെ രാസവളങ്ങൾ, രാസവസ്തുക്കൾ, ഫാർമസ്യൂട്ടിക്കൽസ് എന്നിവയെ സംബന്ധിച്ച രാജ്യത്തിന്റെ നയം രൂപപ്പെടുത്തുന്നതിൽ കമ്മിറ്റി സജീവമായ പങ്കുവഹിച്ചിട്ടുണ്ട്.

## 2019–2022
## ചെയർമാൻ, പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി വിവരസാങ്കേതികവിദ്യ

തപാൽ വകുപ്പ് (DoP), ടെലികമ്മ്യൂണിക്കേഷൻ വകുപ്പ് (DoT), ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി (MeITY), ഇൻഫർമേഷൻ ബ്രോഡ്കാസ്റ്റിംഗ് (MIB) എന്നീ മന്ത്രാലയങ്ങൾ സംബന്ധിച്ച ഡിപ്പാർട്ട്മെന്റ് റിലേറ്റഡ് സ്റ്റാൻഡിംഗ് കമ്മിറ്റിയായ കമ്മ്യൂണിക്കേഷൻസ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ അധ്യക്ഷ പദവിയിൽ 2019 മുതൽ 2022 വരെ സേവനമനുഷ്ഠിക്കുവാൻ എനിക്ക് അവസരം ലഭിക്കുകയുണ്ടായി. ഒരു വകുപ്പ് സംബന്ധിയായ സ്റ്റാൻഡിംഗ് കമ്മിറ്റി എന്ന നിലയിൽ, കമ്മിറ്റി ബജറ്റിന്റെയും പുതിയ നിയമനിർമ്മാണത്തി



ന്റെയും മേൽനോട്ടം വഹിക്കുകയും മുകളിൽ സൂചിപ്പിച്ച വിവിധ വകുപ്പുകളുടെയും മന്ത്രാലയങ്ങളുടെയും പ്രവർത്തനത്തെക്കുറിച്ച് ആനുകാലിക അവലോകനം നടത്തുകയും ചെയ്തു. ഞാൻ ചെയർമാനായിരുന്ന കാലത്ത് ഒരു വർഷം ശരാശരി 25 സിറ്റിംഗുകൾ എന്ന ക്രമത്തിൽ സമിതി 75-ലധികം സിറ്റിംഗുകൾ നടത്തുകയുണ്ടായി.

നമ്മുടെ രാജ്യത്തെ വിവരസാങ്കേതികവിദ്യയുടെ ദ്രുതഗതിയിലുള്ള വ്യാപ്തിയും വളർച്ചയും കണക്കിലെടുത്ത് ഞങ്ങളുടെ കമ്മിറ്റി ചില നിർണായക ചർച്ചകളിലും സംവാദങ്ങളിലും ഏർപ്പെടുകയും രാജ്യത്തിന് സുപ്രധാനമായ കാര്യങ്ങളിൽ നിരവധി റിപ്പോർട്ടുകൾ സമർപ്പിക്കുകയും ചെയ്തു. 'പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കൽ, ഡിജിറ്റൽ സ്പെയ്സിൽ സ്ത്രീ സുരക്ഷയ്ക്ക് പ്രത്യേക ഊന്നൽ ഉൾപ്പെടെയുള്ള സോഷ്യൽ/ഓൺലൈൻ വാർത്താ പ്ലാറ്റ്ഫോമുകളുടെ ദുരുപയോഗം തടയൽ', '5-ജിയ്ക്കുള്ള ഇന്ത്യയുടെ തയ്യാറെടുപ്പ്', സെൻട്രൽ ബോർഡ് ഓഫ് ഫിലിം സർട്ടിഫിക്കേഷന്റെ (CBFC) പ്രവർത്തനത്തിലെ അവലോകനം. രാജ്യത്തുടനീളമുള്ള ടെലികമ്മ്യൂണിക്കേഷൻ സേവനങ്ങൾ താൽക്കാലികമായി നിർത്തിവയ്ക്കുന്നത് സംബന്ധിച്ചുള്ള നിർണായക ഇടപെടൽ, ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾക്കെതിരായി സർക്കാർ സ്പോൺസർ ചെയ്ത ഹാക്കിംഗ് ശ്രമങ്ങളുടെ അവലോകനം, ഇന്ത്യയുടെ തപാൽ ശൃംഖലയുടെ സജ്ജമാക്കൽ എന്നിവ ഈ റിപ്പോർട്ടുകളിൽ ചിലത് മാത്രമാണ്.

രാജ്യത്തിന്റെ സാങ്കേതിക മേഖലയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, ഡാറ്റ സുരക്ഷയ്ക്കുള്ള നിയന്ത്രണ ചട്ടക്കൂട്, സെൻസർഷിപ്പ് എന്ന ആശയത്തിന്റെ അവലോകനം, സർക്കാർ അധികാരത്തിന്റെ ദുരുപയോഗം ഇല്ലെന്ന് ഉറപ്പുവരുത്തുന്നതിനും കൂടുതൽ യോജിച്ചതും ഫലപ്രദവുമായ നിർമ്മാണനയം ഉറപ്പാക്കുന്നതിനുള്ള വഴികൾ എന്നിവയും സമിതി പരിശോധിച്ചു.

ഡിജിറ്റൽ പരിരക്ഷയ്ക്കും സുരക്ഷയ്ക്കുമായി രാജ്യത്തിന്റെ വിഭവ വിഹിതം ഗണ്യമായി വർധിപ്പിക്കേണ്ടതിന്റെ ആവശ്യകതയും സമിതിയുടെ പ്രധാന ശുപാർശകളിൽ ഉൾപ്പെടുന്നു. ബന്ധപ്പെട്ട അധികാരികളുടെ സമയോചിതവും ഫലപ്രദവുമായ പ്രതികരണത്തെ അടിസ്ഥാനമാക്കിയാണ് ഇന്ത്യയുടെ സൈബർ ഇടം സുരക്ഷിതമായി നിലനിർത്താനുള്ള കഴിവ് പ്രവചിക്കുന്നതെന്നും കമ്മിറ്റി ഏകകണ്ഠമായി സമ്മതിച്ചു. ആനുപാതികമായ ശേഷി നവീകരണം ഉറപ്പാക്കുന്നതിന് ബജറ്റ് വിഹിതത്തിലും ചെലവിലും ഗണ്യമായ വർദ്ധനവ് കമ്മിറ്റി ശുപാർശചെയ്യുകയും ചെയ്തു. യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ (യു.എ.ഡി.ഐ.), സിനിമാറ്റോഗ്രാഫി ഭേദഗതി ബിൽ, പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന്റെയും സാമൂഹിക/ഓൺലൈൻ വാർത്താമാധ്യമങ്ങളുടെ ദുരുപയോഗം തടയുന്നതിന്റെയും പ്രത്യേകിച്ച് ഡിജിറ്റൽ ഇടങ്ങളിൽ സ്ത്രീ സുരക്ഷയ്ക്ക് പ്രത്യേക ഊന്നൽ നൽകുന്നത് സംബന്ധിച്ചും ഏറ്റവും സമഗ്രമായ അവലോകനം നടത്തുകയുണ്ടായി. ഇത്തരം വാർത്താചാനലുകൾ നിരോധിക്കുക, സെൻസർഷിപ്പ് നോട്ടീസുകൾ, സർക്കാർ അധികാരികൾ പുറപ്പെടുവിച്ച അഭ്യർത്ഥനകൾ എന്നിവയും സമിതി പരിശോധിച്ചു.

ആക്ഷൻ ടേക്കൺ റിപ്പോർട്ടുകളിലൂടെ (എ.ടി.ആർ.) സമിതിയുടെ പരിധിയിലുള്ള മന്ത്രാലയങ്ങളുടെ പ്രവർത്തനങ്ങളുടെ സാധാരണയുള്ള അവതരണം, അവലോകനം എന്നിവയ്ക്ക് പുറമേയാണ് മേല്പറഞ്ഞ ഇടപെടലുകൽ സമിതി നടത്തിയത്. ഞാൻ ചെയർമാനായിരുന്ന കാലത്ത്, വിഷയങ്ങളിൽ ഏറ്റവും വലിയ വ്യാപ്തിയും വ്യക്തതയും നൽകുന്നതിന് വിഷയ വിദഗ്ധർ, വ്യവസായ പ്രമുഖർ, സർക്കാർ ഉദ്യോഗസ്ഥർ എന്നിവരുടെ വിശാലമായ സ്പെക്ട്രത്തെ ക്ഷണിച്ചു ചർച്ചചെയ്യുവാൻ സാധിച്ചുവെന്നുള്ളതിൽ എനിക്ക് സന്തോഷമുണ്ട്. കമ്മിറ്റി അവതരിപ്പിച്ച റിപ്പോർട്ടുകളുടെ യുക്തി ഭദ്രതയും ഫലപ്രാപ്തിയും സ്വയം സംസാരിക്കുന്നതാണ്. കമ്മിറ്റിക്ക് പാർലമെന്റിനോടുള്ള പ്രതിബദ്ധത നിറവേറ്റാൻ കഴിഞ്ഞുവെന്ന് ഉറപ്പാക്കുന്നതിൽ എന്റെ സഹപ്രവർത്തകരോടും അവരുടെ വിലമതിക്കാനാകാത്ത സമയത്തിനും പ്രയത്നത്തിനും ഞാൻ വ്യക്തിപരമായി നന്ദിരേഖപ്പെടുത്തുന്നു.

## 2014–2019
## ചെയർമാൻ
## പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി വിദേശ കാര്യം

2014 ആഗസ്റ്റ് മുതൽ വിദേശകാര്യ പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി അദ്ധ്യക്ഷപദവി കൈകാര്യം ചെയ്യുവാൻ എനിക്ക് അവസരം ലഭിക്കുകയുണ്ടായി. മൂന്നര വർഷത്തിനിടെ 70-ലധികം സിറ്റിംഗുകൾ വിളിച്ചുകൂട്ടിയ അസാധാരണമായതും സജീവമായതുമായ ഒരു സമിതിയായിരുന്നു ഈ പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി. വിദേശകാര്യ മന്ത്രാലയത്തിന്റെയും മുൻ പ്രവാസികാര്യ മന്ത്രാലയത്തിന്റെയും ഗ്രാന്റുകൾക്കായുള്ള ഡിമാൻഡുകൾ കേൾക്കുന്നതിനും അംഗീകരിക്കുന്നതിനും

പുറമേ, ഇന്ത്യയുടെ അന്താരാഷ്ട്ര ബന്ധങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന സംഭവവികാസങ്ങൾ അവലോകനം ചെയ്യുന്നതിനായി കമ്മിറ്റി നിരവധി സിറ്റിംഗുകൾ നടത്തുകയും ദേശീയ പ്രാധാന്യമുള്ള വിഷയങ്ങൾ മുതൽ ഇന്ത്യൻ വിദേശനയം വരെയുള്ള നിരവധി അടിയന്തിര കാര്യങ്ങളിൽ ആഴത്തിലുള്ള റിപ്പോർട്ടുകൾ നൽകുകയും ചെയ്തിട്ടുണ്ട്. 7 വിദേശ പാർലമെന്റുകളിൽ നിന്നുള്ള തുല്ല്യപദവികളിലുള്ള വിശിഷ്ടവ്യക്തികളെയും സമിതി സ്വീകരിക്കുകയുണ്ടായി.

ബംഗ്ലാദേശും ഇന്ത്യയും തമ്മിലുള്ള അതിർത്തിയുമായി ബന്ധപ്പെട്ട നിരവധി സങ്കീർണ്ണമായ പ്രശ്നങ്ങൾ പരിഹരിച്ച ഭരണഘടനാ ഭേദഗതി ബിൽ വിദേശകാര്യ സമിതി അവലോകനം ചെയ്യുകയും സമവായം നേടുകയും ചെയ്തു. നിരവധി മന്ത്രാലയങ്ങളുടെയും പശ്ചിമ ബംഗാൾ സംസ്ഥാന സർക്കാരിന്റെയും പ്രതിനിധികളുമായി ഹിയറിംഗുകളും നടത്തുകയുണ്ടായി.

ഇന്ത്യൻ ഫോറിൻ സർവീസിന്റെ റിക്രൂട്ട്മെന്റ്, പരിശീലനം, ധനസഹായം, പ്രവർത്തനം എന്നിവയെക്കുറിച്ചുള്ള കമ്മിറ്റിയുടെ റിപ്പോർട്ടും ഇന്ത്യൻ വിദേശനയത്തിലെ 'സോഫ്റ്റ് പവർ', സാംസ്കാരിക നയതന്ത്രം എന്നിവയുടെ ഉപയോഗത്തെക്കുറിച്ചുള്ള അതിന്റെ പ്രത്യേക റിപ്പോർട്ടും സുപ്രധാന നേട്ടങ്ങളാണ്. വിദേശകാര്യ മന്ത്രാലയത്തിലേക്കുള്ള ലാറ്ററൽ, മിഡ്-കരിയർ എൻട്രി സംബന്ധിച്ച കമ്മിറ്റിയുടെ ശുപാർശ അംഗീകരിച്ചു. അത് മന്ത്രാലയത്തിന്റെ പോളിസി പ്ലാനിംഗ് ഡിവിഷനിൽ പ്രാരംഭമായി നടപ്പാക്കിവരികയാണ്. പ്രവാസി ഇന്ത്യക്കാർക്ക് വോട്ടവകാശം നൽകുന്നതിനുള്ള നിരവധി ഓപ്ഷനുകളുടെ സമഗ്രമായ അവലോകനത്തിലും കമ്മിറ്റി ഏർപ്പെട്ടിട്ടുണ്ട്. ഇത് ഇന്ത്യൻ പ്രവാസികൾക്ക് അവരുടെ ശബ്ദമുയർത്താനും രാജ്യത്തിന്റെ തിരഞ്ഞെടുപ്പ് പ്രക്രിയകളിൽ പങ്കെടുക്കാനും അവരെ അനുവദിക്കും.

രാജ്യത്തിന്റെ പാസ്പോർട്ട് ഓഫീസുകളുടെ പ്രവർത്തനങ്ങളെ വിശദമായി അവലോകനം ചെയ്യുകയും പാകിസ്ഥാനുമായുള്ള ഇന്ത്യയുടെ ബന്ധത്തിന്റെ ആഴത്തിലുള്ള അവലോകനം ഉൾക്കൊള്ളുന്ന ഒരു റിപ്പോർട്ട് 2017-ൽ പുറത്തിറക്കുകയും ചെയ്തു. നമ്മുടെ രാജ്യത്തെ വിദേശ കുടിയേറ്റ തൊഴിലാളികളുടെ പരിരക്ഷയും സുരക്ഷയും പരിഗണിക്കുന്നതിനായി വിദേശകാര്യ മന്ത്രാലയവുമായും വാണിജ്യ മന്ത്രാലയവുമായും ഈ സമിതി അടുത്തിടപഴകിയിട്ടുണ്ട്. 2014 മുതൽ മൊത്തം 21 റിപ്പോർട്ടുകളാണ് സമിതി പാർലമെന്റിൽ അവതരിപ്പിച്ചത്. 2018-ൽ ഇന്ത്യ-ചൈന ബന്ധം സംബന്ധിച്ച് സമിതി പഠിക്കുകയും തുടർന്ന് പാർലമെന്റിന്റെ വേനൽക്കാല സമ്മേളനത്തിൽ ഈ വിഷയം അവതരിപ്പിക്കുകയും ചെയ്തു.

ഞാൻ ചെയർമാനായിരുന്ന കാലത്തുടനീളം, മറ്റ് മന്ത്രാലയങ്ങളിൽ നിന്നുള്ള പ്രതിനിധികളുമായി സംയുക്ത യോഗങ്ങൾ വിളിച്ച് ഗവൺമെന്റിന്റെ ഉത്തരവാദിത്തം വർദ്ധിപ്പിക്കാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്. ഉദാഹരണത്തിന്, 'സർജിക്കൽ സ്ട്രൈക്കുകൾ' എന്ന് വിളിക്കപ്പെട്ട 2016 സെപ്റ്റംബറിലെ നിയന്ത്രണരേഖ കടന്നുള്ള നടപടിക്ക് ശേഷം, വിദേശകാര്യ മന്ത്രാലയം മാത്രമല്ല, പ്രതിരോധ സെക്രട്ടറി, ആർമി സ്റ്റാഫ് വൈസ് ചീഫ്, ബോർഡർ സെക്യൂരിറ്റി ഫോഴ്സിന്റെ ഡയറക്ടർ ജനറൽ ഉൾപ്പെടെയുള്ളവരുമായും സമിതി ഹിയറിംഗുകൾ നടത്തി. അതുപോലെ, ഇന്ത്യ-ചൈന ബന്ധങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങളും, പ്രത്യേകിച്ച് ഡോക്‌ലാമിലെ തർക്കവും, ചൈനയുമായുള്ള ഇന്ത്യയുടെ ബഹുമുഖ ഇടപെടലുകളുടെ വിശാലവും സമഗ്രവുമായ അവലോകനവും കമ്മിറ്റി സൂക്ഷ്മമായി നിരീക്ഷിച്ചിട്ടുണ്ട്.

നമ്മുടെ ദേശീയ-സംസ്ഥാന സർക്കാരുകളുടേയും ഇതര ഏജൻസികളിൽ നിന്നും പൊതുജനങ്ങളിൽ നിന്നുമുള്ള പിന്തുണയില്ലാതെ ഇന്ത്യയുടെ വിദേശനയം നടപ്പിലാക്കാൻ കഴിയില്ലെന്നതിനാൽ, ഈ മേഖലയിലെ വിദഗ്ധരിൽ നിന്നും മുതിർന്ന നയതന്ത്രജ്ഞർ, പണ്ഡിതന്മാർ എന്നിവരിൽ നിന്നും ഇൻപുട്ട് ആരാഞ്ഞുകൊണ്ട് അന്വേഷണത്തിന്റെ വ്യാപ്തി വിശാലമാക്കുകയെന്നതും ഞാൻ ഉയർത്തികാട്ടി.

വിദേശ കടലിലേക്ക് അറിയാതെ വഴിതെറ്റിയതിന് സമുദ്രാതിർത്തിയുടെ ഇരുവശത്തുനിന്നും മത്സ്യത്തൊഴിലാളികളെ അറസ്റ്റ്ചെയ്ത നിർണായക പ്രശ്നം ഉൾപ്പെടെ ഇന്ത്യൻ വിദേശനയത്തിന് അതീവ പ്രാധാന്യമുള്ള ശ്രീലങ്കയുമായുള്ള നമ്മുടെ ബന്ധമുൾപ്പെടെയുള്ള എല്ലാ കാര്യങ്ങളും കമ്മിറ്റി പരിഗണിച്ചിട്ടുണ്ട്. കൊറിയൻ-പെനിൻസുല, ദീർഘകാല ഇസ്രായേൽ-പലസ്തീൻ പ്രശ്നം എന്നിവയുൾപ്പെടെ ഇന്ത്യയ്ക്ക് അന്താരാഷ്ട്ര പ്രാധാന്യമുള്ള മറ്റ് വിഷയങ്ങളിലും സമിതി ഇടപഴകിയിട്ടുണ്ട്.

കൂടാതെ, വർഷങ്ങളായി വിദേശത്ത് താമസിച്ചിട്ടുള്ള ഒരാളെന്ന നിലയിൽ, ഇന്ത്യൻ എംബസികളുമായും ഇന്ത്യാ ഗവൺമെന്റുമായും ഏറ്റവും അടിസ്ഥാനപരമായ പ്രക്രിയകൾ പോലും കൈകാര്യം ചെയ്യുമ്പോൾ പ്രവാസി ഇന്ത്യക്കാർ നേരിടുന്ന ബുദ്ധിമുട്ടുകളെക്കുറിച്ചും എനിക്ക് നന്നായി അറിയാം. അതുപോലെ, വിദേശങ്ങളിൽ താമസിക്കു



ന്ന ഇന്ത്യൻ പൗരന്മാർക്ക് വോട്ടവകാശം നൽകുന്ന പ്രശ്നം ഉൾപ്പെടെയുള്ള വിവിധ വിഷയങ്ങൾ ചർച്ചചെയ്തു നടപടികൾ സുഗമമാക്കുന്നതിന് ബന്ധപ്പെട്ടവരുടെ നിരവധി മീറ്റിംഗുകൾ വിളിച്ചുകൂട്ടിയിട്ടുണ്ട്. ഇതു സംബന്ധിച്ച് നിയമ-നീതി മന്ത്രാലയത്തിന്റെ പ്രതിനിധികളുമായും കൂടിക്കാഴ്ചയും ചർച്ചകളും നടത്തുകയുണ്ടായി. വിദേശ ഇന്ത്യാക്കാർക്ക് പ്രോക്സി വോട്ടിംഗ് ഏർപ്പെടുത്താനുള്ള ഗവൺമെന്റിന്റെ നിർദ്ദേശത്തെ ശക്തമായി വിമർശിക്കുന്നുണ്ടെങ്കിലും, അവർക്ക് സുഗമവും സുരക്ഷിതവുമായ വോട്ടിംഗ് അവകാശം നൽകുന്നതിൽ ഏറ്റവും ഫലപ്രദമായ ഒരു ഫോർമുല കൊണ്ടുവരാനായി ഞങ്ങൾ എല്ലാ ശ്രമങ്ങളും നടത്തിവന്നു.

കൂടാതെ, തിരുവനന്തപുരത്ത് നിന്നുള്ള പാർലമെന്റ് അംഗം എന്ന നിലയിൽ വിദേശകാര്യ സമിതിയുടെ അധ്യക്ഷനായിരിക്കെ, കുടിയേറ്റ തൊഴിലാളികളുടെ ദുരിതം ഗണ്യമായി കുറയ്ക്കുന്നതിന് വേണ്ട പദ്ധതികൾ ആവിഷ്കരിച്ചു. അനധികൃത ഏജന്റുമാർക്കെതിരെ കർശന നടപടി എടുക്കേണ്ടതിന്റെ ആവശ്യകത മുതൽ വിദേശ രാജ്യങ്ങളിൽ ഒറ്റപ്പെട്ട് കുടുങ്ങിപോയവരെ അവരുടെ കുടുംബങ്ങളിലേക്ക് സുരക്ഷിതമായി തിരിച്ചയക്കുന്നുവെന്ന് ഉറപ്പാക്കുന്നത് വരെയുള്ള കാര്യങ്ങളിൽ സമിതിയും മന്ത്രാലയവും സംയുക്തമായി പ്രവർത്തിക്കുകയുണ്ടായി. തികച്ചും അപര്യാപ്തമായ 1983-ലെ എമിഗ്രേഷൻ നിയമം പുതുക്കുന്നതിന് സമഗ്രമായ എമിഗ്രേഷൻ ബില്ലിനായി ഞാൻ സമ്മർദ്ദം ചെലുത്തുകയും ചെയ്തു.

അവസാനമായി, വിദേശകാര്യ പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റി കൂടുതൽ കാര്യക്ഷമമായും സമയബന്ധിതമായും പ്രവർത്തിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാൻ ഞാൻ കഠിനമായി പരിശ്രമിച്ചു. നമ്മളുടെ പൗരന്മാർക്കും നയതന്ത്രജ്ഞർക്കും ആവശ്യമായ പിന്തുണ ലഭിക്കുന്നുണ്ടെന്നും സമിതി റിപ്പോർട്ടുകൾ സൂക്ഷ്മപരിശോധനയുടെയും ഉത്തരവാദിത്തത്തിന്റെയും ഉയർന്ന നിലവാരം പുലർത്തുന്നുവെന്നും ഉറപ്പാക്കാനും കഴിഞ്ഞു. രാജ്യത്തിന്റെ വിദേശനയ ലക്ഷ്യങ്ങൾ ഉചിതമായ രീതിയിൽ പൂർത്തീകരിക്കപ്പെടുന്നുവെന്നും പാർലമെന്ററി അവലോകനവും പിന്തുണയും ഉറപ്പാക്കിക്കൊണ്ട് രാജ്യത്തിന്റെ വിദേശനയത്തിൽ സജീവമായ പങ്ക് വഹിക്കാനും എനിക്ക് കഴിഞ്ഞിട്ടുണ്ട്. ■

# എം.പി.യുടെ പ്രാദേശിക വികസന ഫണ്ട് പദ്ധതികൾ




നിങ്ങളുടെ എം.പി. എന്ന നിലയിൽ, പ്രാദേശിക വികസന ഫണ്ട് കഴിഞ്ഞ മൂന്നു ടേമുകളിലും തികഞ്ഞ ഫലപ്രാപ്തിയോടെ പൂർണ്ണമായും വിനിയോഗിക്കുവാൻ കഴിഞ്ഞുവെന്നതിൽ എനിക്ക് തികഞ്ഞ ചാരിതാർത്ഥ്യമാണുള്ളത്. കടലാക്രമണത്തെ ചെറുക്കാനുള്ള കടൽഭിത്തി നിർമ്മാണം, കുടിവെള്ള പദ്ധതികൾ, വിദ്യാലയങ്ങളിൽ ആധുനിക അടുക്കള നിർമ്മാണം എന്നിവ കൂടാതെ ഡയാലിസിസ് മെഷീനുകൾ, കോവിഡ് പ്രതിരോധ ഉപകരണങ്ങൾ, അൾട്രാസൗണ്ട് സ്കാനറുകൾ, ഭിന്നശേഷിക്കാർക്കായുള്ള വീൽചെയറുകൾ, സെൻസറി ഡിസോർഡർ ബാധിച്ച ശിശുക്കൾക്കായി വൊക്കേഷണൽ തെറാപ്പി റൂം സൗകര്യങ്ങൾ, സ്കൂൾ ബസ്സുകൾ, ഹൈമാസ്റ്റ് വഴിവിളക്കുകൾ തുടങ്ങിയ ചെറുതും ഇടത്തരവും ഏറ്റവും അനിവാര്യവുമായ പദ്ധതികൾക്കായി ഫണ്ട് പൂർണമായും വിനിയോഗിക്കാൻ കഴിഞ്ഞു. പ്രാദേശിക വികസനാവശ്യങ്ങളെ അതിന്റെ സമഗ്രതയിൽ പരിഗണിച്ച് അനിവാര്യത കണക്കിലെടുത്താണ് പദ്ധതികൾ തെരഞ്ഞെടുത്തിട്ടുള്ളതും നടപ്പിലാക്കിയതും.

പ്രാദേശിക വികസന ഫണ്ട് പദ്ധതിയിൻ കീഴിൽ നടപ്പ് ടേമിൽ അനുവദിച്ച ആകെ 17.00 കോടി രൂപയുടെ പദ്ധതികൾക്ക് പൂർണ്ണമായും ഭരണാനുമതി കൈവരിക്കുകയും പദ്ധതി തുക ചെലവാക്കുന്നതിൽ സംസ്ഥാനത്തെ എം.പി.മാരിൽ തുടർച്ചയായി ഒന്നാം സ്ഥാനം നിലനിർത്താനും എനിക്ക് കഴിഞ്ഞിട്ടുണ്ട്. (കേന്ദ്ര സർക്കാരിന്റെ എം.പി. ലാഡ് പ്രോഗ്രസ് റിപ്പോർട്ട് പ്രകാരം) മുമ്പ് വിജയകരമായി നടപ്പാക്കിയ 150 പദ്ധതികൾ ഉൾപ്പെടെ ആകെ 350-ഓളം പദ്ധതികൾ, കോവിഡ് പ്രതിരോധം, കടൽ ഭിത്തി നിർമ്മാണം, ഭിന്നശേഷിക്കാർക്കുള്ള സഹായം, ആരോഗ്യരക്ഷ, സ്പോർട്സ് പരിപോഷണം, റോഡ് വികസനം തുടങ്ങി വിവിധ ലക്ഷ്യങ്ങൾ സാദ്ധ്യമാക്കുന്നതിന് സാധിച്ചു

മണ്ഡലത്തിന്റെ പ്രാദേശിക വികസന ആവശ്യങ്ങൾ നിറവേറ്റുന്നതിൽ എം.പി. ഫണ്ട് പദ്ധതിക്ക് നിർണ്ണായകമായ പങ്കാണുള്ളത്. കോവിഡ് മഹാമാരി രാജ്യമെമ്പാടും വ്യാപിക്കുന്ന ഘട്ടത്തിൽ, ആയതിനെ നേരിടുന്നതിനുള്ള ആരോഗ്യരക്ഷാ സന്നാഹങ്ങൾ സജ്ജമാക്കുന്നതിനും ഉപകരണങ്ങൾ ലഭ്യമാക്കാനും പദ്ധതി തുക വിനിയോഗിക്കാൻ പാകത്തിന് നിലവിലുള്ള ചട്ടങ്ങളെ ഭേദഗതി ചെയ്യുവാൻ കേന്ദ്ര സർക്കാർ തയ്യാറായി. രാജ്യത്തെമ്പാടുമുള്ള എംപി-മാർക്ക് ഈ ഫണ്ട് ഉപയോഗിക്കാൻ പാകത്തിന് പ്രസ്തുത ഭേദഗതി അത്യാവശ്യമാണെന്ന് ബഹുമാനപ്പെട്ട ലോക്സ

ഭാ സ്പീക്കറെ ബോധ്യപ്പെടുത്തുവാൻ എനിക്ക് കഴിഞ്ഞതിലൂടെയാണ് ഇത് സാദ്ധ്യമായത്.

പ്രാദേശിക വികസന പദ്ധതികൾ നടപ്പിലാക്കിവരുന്ന ഘട്ടത്തിൽ തികച്ചും അപ്രതീക്ഷിതമായും അനവസരത്തിലും കേന്ദ്രസർക്കാർ പദ്ധതി മരവിപ്പിക്കുകയുണ്ടായി. എന്നാൽ, ഉത്തരവ് നടപ്പിലാക്കുന്നതിന് മുമ്പ് തന്നെ അനുവദിച്ച ഫണ്ട് ഉപയോഗിച്ച് കോവിഡ് പ്രതിരോധ സന്നാഹത്തിനായി ആരോഗ്യരക്ഷാ ഉപകരണങ്ങൾ സജ്ജീകരിക്കുവാൻ എനിക്ക് കഴിഞ്ഞു.

തെർമൽ ഇമേജിങ് ക്യാമറകൾ, ആന്റിജൻ കിറ്റുകൾ, പിപിഇ കിറ്റുകൾ, റാപിഡ് ആർടി പിസിആർ കിറ്റുകൾ, ഇൻഫ്രാറെഡ് തെർമോമീറ്റർ, എമർജൻസി ബ്രീത്തിങ് അസിസ്റ്റൻസ് സിസ്റ്റംസ്, ഐസിയു കിടക്കകൾ, ഡയാലിസിസ് ഉപകരണങ്ങൾ തുടങ്ങിയവ പ്രാദേശിക വികസന പദ്ധതി മരവിപ്പിക്കുന്നതിന് തൊട്ടുമുമ്പായി മണ്ഡലത്തിൽ ലഭ്യമാക്കാൻ എനിക്ക് കഴിഞ്ഞു.

2019-24-ലെ പ്രാദേശിക വികസന (MPLAD) ഫണ്ട് വിനിയോഗിച്ച പ്രധാന പദ്ധതികളുടേയും മേഖലകളുടെയും വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്ന ഖണ്ഡികകളിൽ നൽകിയിട്ടുണ്ട്. 2009-14, 2014-19 എന്നീ വർഷങ്ങളിലെ MPLADS ചെലവുകൾ അതാത് വർഷങ്ങളിലെ എന്റെ MP റിപ്പോർട്ടുകളിൽ വിശദമായി ഉൾപ്പെടുത്തിയിട്ടുണ്ട്. അവ www.shashitharoor.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്.

## കോവിഡ്-19: 2.5 കോടി രൂപ

- ഇന്ത്യയിൽ ആദ്യമായി തിരുവനന്തപുരം എയർപോർട്ടിലാണ് തെർമൽ ഇമേജിങ് ക്യാമറാ സംവിധാനം സ്ഥാപിച്ചത്. എം.പി.ലാഡ് ഫണ്ട് വിനിയോഗിച്ച് ഇപ്രകാരമൊരു പദ്ധതി രാജ്യത്ത് ആദ്യമായി നടപ്പിലാക്കിയത് തിരുവനതപുരം മണ്ഡലത്തിലാണ്.







- മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, ജനറൽ ആശുപത്രി എന്നിവിടങ്ങളിലെ കോവിഡ്-19 വാർഡുകൾക്കായി ICU കട്ടിലുകൾ, ഡീഫൈബ്രിലേറ്ററുകൾ, ഡയാലിസിസ് ഉപകരണങ്ങൾ തുടങ്ങിയ ആരോഗ്യരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കി.

## കടൽഭിത്തി നിർമ്മാണം: 1.5 കോടി രൂപ

- കൊല്ലംകോട്, പരുത്തിയൂർ, കൊച്ചുതോപ്പ് എന്നിവിടങ്ങളിൽ കടൽഭിത്തികൾ നിർമ്മിക്കുവാൻ ഫണ്ട് വിനിയോഗിച്ചു.
- മത്സ്യ മാർക്കറ്റുകൾ, പാർക്ക് ചെയ്ത ബോട്ടു

കൾ, വീടുകൾ എന്നിവയെ മണ്ണൊലിപ്പിൽ നിന്നും വെള്ളപ്പൊക്കത്തിൽ നിന്നും സംരക്ഷിക്കുന്നതിലൂടെ പ്രാദേശിക ഉപജീവനമാർഗങ്ങൾ സംരക്ഷിക്കാൻ സഹായിക്കുന്നു.

## അമ്പൂരി ട്രൈബൽ മേഖല

- കേരള തമിഴ്നാട് അതിർത്തിയിൽ 40.00 ലക്ഷം രൂപ ചെലവ് ചെയ്തു ട്രൈബൽ പാത്‌വേ നിർമ്മാണം പൂർത്തിയാക്കി
- 40.00 ലക്ഷം രൂപ അടങ്കൽ തുകയുള്ള ഒരു സോഷ്യൽ സ്റ്റഡി സെൻറർ നിർമ്മാണത്തിന് തുടക്കം കുറിച്ചു.

## വിദ്യാലയങ്ങൾ: 3 കോടി രൂപ

- വിദ്യാർത്ഥികൾക്ക് രുചികരവും പോഷകപ്രദവുമായ ഉച്ചഭക്ഷണം നൽകുകയെന്ന ലക്ഷ്യത്തോടെ ഞങ്ങൾ വിവിധ സ്കൂളുകളിൽ നിരവധി ആധുനിക ഹൈബ്രിഡ് അടുക്കള സൗകര്യങ്ങൾ സ്ഥാപിച്ചു.
- പുരവിമലയിലെ ഗവൺമെന്റ് ട്രൈബൽ എൽ പി. സ്കൂളിൽ സമ്മേളന സൗകാര്യത്തിനായുള്ള കെട്ടിട നവീകരണം, ഷോർട്ട് ത്രോ പ്രൊജക്റ്റർ ഉള്ള ഇന്ററാക്റ്റീവ് ഡിജിറ്റൽ ബോർഡ്, I.P. ക്യാമറ, പോർട്ട് ആംപ്ലിഫയർ, ഡിജിറ്റൽ പോഡിയം എന്നിവ മുൻപ് സ്ഥാപിച്ചതിന് പുറമെ 6.00 ലക്ഷം രൂപ ചെലവിട്ട് സോളാർ പാനലുകളും അനുബന്ധ ഉപകരണങ്ങളും സ്ഥാപിക്കുകയുണ്ടായി.

## ആശുപത്രികൾ: 0.60 കോടി രൂപ

- വൃക്ക രോഗികൾക്കായി സർക്കാർ ആശുപത്രികളിൽ മോണിറ്ററുകളും ഇക്കോ ആംബുലൻസ് സൌകര്യത്തോടെയുള്ള ഹീമോ-ഡയാലിസിസ് മെഷീൻ യൂണിറ്റുകളും, ഗവൺമെന്റ് മെഡിക്കൽ കോളേജിലെ യൂറോളജി വിഭാഗത്തിനുള്ള ആധുനിക ഉപകരണങ്ങളും, സർക്കാർ മാനസികാരോഗ്യ കേന്ദ്രത്തിലെ ഇൻപേഷ്യന്റ് വാർഡ് നവീകരണ ഉപകരണങ്ങളും ലഭ്യമാക്കി.
- മൾട്ടിസ്പെഷ്യാലിറ്റി വെറ്ററിനറി ഹോസ്പിറ്റലിനായി പോർട്ടബിൾ അൾട്രാസൗണ്ട് സ്കാനറുകൾ ലഭ്യമാക്കി.

## റോഡുകൾ/ലൈറ്റിംഗ്/ സ്പോർട്സ്: 8.5 കോടി രൂപ

- സ്പോർട്സ് പ്രോത്സാഹിപ്പിക്കുന്നതിനായി, തിരുവനന്തപുരത്തിന് ചുറ്റുമുള്ള നിരവധി സ്പോർട്സ് കോർട്ടുകളുടെ നിർമ്മാണത്തിനും നവീകരണത്തിനുമായി MPLADS ഫണ്ട് വിനിയോഗിച്ചു.





- നിയോജകമണ്ഡലത്തിലെമ്പാടുമായി എം. എം. ലൈറ്റിംഗിനായി 6 കോടിയുടെ 200+ പദ്ധതികൾ നടപ്പിലാക്കി.
- നടപ്പാതകൾ, ഇന്റർലോക്ക് ചെയ്ത റോഡുകൾ, പാർശ്വഭിത്തികൾ എന്നിവ നിർമ്മിക്കുന്നതിനുള്ള മറ്റ് വിവിധ പദ്ധതികൾ ഏറ്റെടുത്തു നടപ്പിലാക്കി.

## അംഗ പരിമിതർക്കായുള്ള പദ്ധതികൾ: 0.50 കോടി രൂപ

- അംഗ പരിമിതർക്കായുള്ള വിവിധ പദ്ധതികൾക്കായി ആവശ്യമായ തുക അനുവദിച്ചു.
- സംസ്ഥാനത്ത് ആദ്യമായി വിദ്യാഭ്യാസ വകുപ്പിന് കീഴിൽ സമഗ്ര ശിക്ഷാ കേരളയുടെ ഭാഗമായി ഒക്യുപേഷണൽ തെറാപ്പി റൂമുകൾ അവതരിപ്പിച്ചു. കൂടാതെ വ്യായാമ ഉപകരണങ്ങൾ സ്ഥാപിക്കുകയും ചെയ്തു.
- തിരുവനന്തപുരം റയിൽവേ സ്റ്റേഷനിൽ മടക്കാവുന്ന വീൽചെയറുകൾ ലഭ്യമാക്കി, ഗവൺമെന്റ് അന്ധവിദ്യാലയത്തിലെ വിദ്യാർത്ഥികൾക്ക് ബ്രെയിൽ പുസ്തകങ്ങൾ, കമ്പ്യൂട്ടറുകൾ തുടങ്ങിയവ, ഓട്ടിസം ബാധിച്ച കുട്ടികളുടെ മോട്ടോർ ന്യൂറോൺ റിസപ്റ്ററുകൾ ഉത്തേജിപ്പിക്കുന്നതിനുള്ള ഉപകരണങ്ങൾ, തിരുവനന്തപുരത്തെ മെന്റൽ ഹോസ്പിറ്റലിൽ ആധുനിക സ്റ്റീൽ കിടക്കകൾ എന്നിവയും ലഭ്യമാക്കി. ■

**2019-2024 കാലയളവിലെപ്രാദേശിക വികസന ഫണ്ട് വിനിയോഗം സംബന്ധിച്ച സംക്ഷിപ്ത വിവരം**

| ക്ര.നം. | ഇനവിവരം | പൊതു വിഭാഗം | എസ്. സി വിഭാഗം | എസ് ടി വിഭാഗം | ആകെ |
|---|---|---|---|---|---|
| | | (തുക കോടി രൂപയിൽ) | | | |
| 1 | ലഭിച്ച തുക | 13.17 | 2.55 | 01.27 | 17.00 |
| 2 | ലഭിച്ച പലിശയും പുനർവിതരണവും | 1.91 | 0.00 | 0.00 | 1.91 |
| 3 | ഭരണച്ചെലവ് | -0.34 | 0.00 | 0.00 | -0.34 |
| 4 | ഭരണാനുമതി ലഭിച്ച തുക | 14.75 | 2.55 | 1.27 | 18.57 |
| 5 | ശതമാനം | 79.39 | 13.72 | 6.84 | 100 |

ഒരു പാർലമെന്റ് അംഗത്തിന് പ്രതിവർഷം അനുവദിക്കുന്ന പ്രാദേശിക വികസന ഫണ്ട് ആകെ അഞ്ചു കോടി രൂപയാണ്. ഈ തുക രണ്ടു തവണകളായി 2.5 കോടി രൂപ വീതം അനുവദിക്കുന്നു. 2020-21, 2021-22 വർഷങ്ങളിൽ കോവിഡ്പ്രതിരോധ ചെലവുകൾക്കായി എം.പി ലാഡ് ഫണ്ടിന്റെ വിതരണം കേന്ദ്രസർക്കാർ നിർത്തിവയ്ക്കുകയുണ്ടായി.

# ഡോ.ശശി തരൂർ

ശശി തരൂർ 1956-ൽ ലണ്ടനിൽ ജനിച്ചു. ബോംബെ, കൽക്കട്ട, ന്യൂഡൽഹി എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. പിതാവിന്റെ സ്ഥലമാറ്റമനുസരിച്ച് ഇന്ത്യയിലെ പ്രധാന നഗരങ്ങളിലൊക്കെ ജീവിച്ച തരൂർ ഒരു പാൻ-ഇന്ത്യൻ വ്യക്തിത്വം ആർജ്ജിച്ചിരുന്നു. പാലക്കാട്ടെ കുടുംബവീട്ടിലേക്കുള്ള മുറതെറ്റാതെയുള്ള സന്ദർശനങ്ങൾ തരൂരിന്റെയുള്ളിലെ മലയാൺമയെ കാത്തുസൂക്ഷിച്ചുപോന്നു. ഇന്ത്യയിലും വിദേശത്തും വിവിധ പ്രദേശങ്ങളിൽ ജീവിച്ച ഡോ. തരൂർ മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഫ്രഞ്ച് ഭാഷകൾ കൈകാര്യം ചെയ്യും.

പഠനകാര്യങ്ങളിൽ ക്ലാസിലെന്നും ഒന്നാമനായ തരൂർ മാനവിക വിഷയങ്ങളിൽ പ്രത്യേക അഭിരുചി പ്രദർശിപ്പിച്ചിരുന്നു. അതുകൊണ്ടു തന്നെ ഡൽഹിയിലെ പ്രശസ്തമായ സെൻറ് സ്റ്റീഫൻസ് കോളേജിൽ ചേർന്ന് ചരിത്രത്തിൽ ബിരുദം



കരസ്ഥമാക്കി. ഇലക്ഷനിൽ മത്സരിച്ച് കോളേജ് പ്രസിഡണ്ടായി തെരഞ്ഞെടുക്കപ്പെടുകയും പുസ്തകങ്ങളിലൊതുങ്ങാതെ പൊതുപ്രവർത്തനങ്ങളിൽ നേതൃപാടവം പ്രദർശിപ്പിച്ച് തരൂർ ശ്രദ്ധേയനാകുകയും ചെയ്തു.

തുടർന്ന് ശശി തരൂർ അമേരിക്കയിലെ ടഫ്ട്സ് സർവ്വകലാശാലയുടെ, നയതന്ത്ര നിയമ ഫ്ലക്ച്ചർ സ്കൂളിൽ പൂർണ്ണ സ്കോളർഷിപ്പോടെ പ്രവേശനം നേടി. കേവലം 22 വയസ്സിൽ ഡോക്ടറേറ്റ് ഉൾപ്പെടെ മൂന്നു ബിരുദങ്ങൾ ഒരുമിച്ച് നേടുന്ന അപൂർവ്വ സർവ്വകലാശാലാ റെക്കോർഡിനുടമയായി. ഇതിനോടൊപ്പം, ഏറ്റവും നല്ല വിദ്യാർത്ഥിക്കുള്ള റോബർട്ട് ബി. സ്റ്റുവർട്ട് സമ്മാനം നേടി. കഴിഞ്ഞ 48 വർഷമായി പ്രസിദ്ധീകരിച്ചു വരുന്ന അന്താരാഷ്ട്ര കാര്യങ്ങളിലെ ഫ്ലക്ച്ചർ ഫോറം ജേർണലിന്റെ സ്ഥാപക എഡിറ്ററായി പ്രവർത്തിക്കുകയും ചെയ്തു.



## ഐക്യരാഷ്ട്രസഭയിൽ

പി.എച്ച്.ഡി. പ്രബന്ധം വിജയകരമായി അവതരിപ്പിച്ചതിന്റെ തൊട്ടുപിന്നാലെ 1978-ൽ, ഡോ. തരൂർ ജനീവയിലെ ഐക്യരാഷ്ട്രസഭയുടെ അഭയാർത്ഥികൾക്ക് വേണ്ടിയുള്ള ഹൈകമ്മീഷനിൽ ജോലിയിൽ പ്രവേശിച്ചു. തുടർന്ന് വിയറ്റ്നാമിലെ ബോട്ട് പീപ്പിൾ പ്രതിസന്ധിയുടെ പാരമ്യതയിൽ മൂന്നു വർഷത്തോളം സിംഗപ്പൂരിലെ യു.എൻ. അഭയാർത്ഥികൾക്കായുള്ള ഹൈക്കമ്മീഷനെ വിജയകരമായി നയിച്ചു.

ആവേശപൂർവ്വവും നയതന്ത്ര സാമർത്ഥ്യത്തോടെയും അധികാരികളുമായി നടത്തിയ ചർച്ചകളുടെ ഫലമായി പലായനം ചെയ്യുന്ന വിയറ്റ്നാം അഭയാർത്ഥികളെ സ്വീകരിക്കാൻ സിംഗപ്പൂരിനെ പ്രേരിപ്പിക്കുകയും, ആ ഉദ്യമത്തിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു. ജനീവയിലേക്ക് മടങ്ങിയെത്തിയ തരൂരിനെ ലോകമെമ്പാടുമുള്ള ഹൈക്കമ്മീഷൻ സ്റ്റാഫ് അംഗങ്ങൾ വോട്ട് ചെയ്ത് ഹൈകമ്മീഷന്റെ ആഗോള സ്റ്റാഫ് കൗൺസിൽ ചെയർമാനായി തെരഞ്ഞെടുക്കുകയുണ്ടായി. ഈ ആഗോള തെരഞ്ഞെടുപ്പ് ഡോ. തരൂരിന്റെ പബ്ലിക് നേതൃഗുണങ്ങൾ പ്രദർശിപ്പിച്ച മറ്റൊരവസരമായി മാറി.


ശീതയുദ്ധം കഴിഞ്ഞതോടെ 1989-ൽ തരൂർ ഐക്യരാഷ്ട്രസഭാ സെക്രട്ടറി ജനറലിന്റെ സമാധാന സംഘത്തിൽ ചേരുവാനായി ന്യൂയോർക്കിലേക്ക് പോയി. അദ്ദേഹത്തിന്റെ അസാധാരണമായ അനുരഞ്ജന സാമർത്ഥ്യം തിരിച്ചറിഞ്ഞ യു.എൻ, യൂഗോസ്ലേവിയയിൽ തുടർന്നുവരുന്ന ആഭ്യന്തര യുദ്ധത്തിന്റെ മുന്നണിയിലേക്ക് തരൂരിനെ നിയോഗിക്കുകയും, അവിടെ അദ്ദേഹം 1991 മുതൽ 1996 വരെ സമാധാനസ്ഥാപനത്തിനായി കഠിനാധ്വാനം ചെയ്യുകയും ചെയ്തു. അതിസങ്കീർ





ണമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള മികവിനാൽ പ്രസിദ്ധനായ തരൂരിനെ പുതിയ സെക്രട്ടറി ജനറൽ കോഫി അന്നന്റെ എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ആയി 1997-ൽ നിയോഗിക്കുകയും, തുടർന്ന് കമ്മ്യൂണിക്കേഷൻ ഡയറക്ടറായി നിയമിക്കുകയും ചെയ്തു. ഡോ. ശശി തരൂർ പിന്നീട് ഐക്യരാഷ്ട്രസഭാ പബ്ലിക് ഇൻഫർമേഷൻ വകുപ്പ് മേധാവിയായി അവരോധിക്കപ്പെട്ടു. തുടർന്ന് കമ്മ്യൂണിക്കേഷൻ വകുപ്പിൽ യു.എൻ അണ്ടർ സെക്രട്ടറി ജനറലായി അദ്ദേഹത്തിന് സ്ഥാനക്കയറ്റം ലഭിക്കുകയും ചെയ്തു. ലോകത്തെമ്പാടുമായി 77 ഓഫീസുകളിലെ 800 സ്റ്റാഫ് അംഗങ്ങൾ ഉൾപ്പെട്ട വലിയൊരു വിഭാഗത്തിന്റെ കമ്മ്യൂണിക്കേഷൻ രംഗത്തിനെ പരിഷ്കരിക്കുകയെന്ന ഭാരിച്ച ചുമതലയായിരുന്നു തരൂരിനെ കാത്തിരുന്നത്. ബൃഹത്തായ ഈ ഉത്തരവാദിത്ത നിർവ്വഹണത്തോടൊപ്പം 9/11 ഭീകരാക്രമണത്തിന് പിന്നാലെ വളർന്ന വിദ്വേഷ പ്രചാരണം ലഘൂകരിക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി ആൻറി സെമിറ്റിസം, ഇസ്ലാമോഫോബിയ എന്നീ വിഷയങ്ങളിന്മേലുള്ള സെമിനാറുകൾ കൃതഹസ്തതയോടെ അദ്ദേഹം ഐക്യരാഷ്ട്രസഭയുടെ ചരിത്രത്തിലാദ്യമായി സംഘടിപ്പിച്ചു.






ഐക്യരാഷ്ട്രസഭയുടെ ഉന്നത സ്ഥാനത്തെ കർത്തവ്യനിർവ്വഹണവും, ആഭ്യന്തര കലാപ-അഭയാർത്ഥി പ്രശ്നങ്ങളിൽ ഇടപെട്ട് സമാധാനം സ്ഥാപിക്കുന്നതിനുള്ള സാമർത്ഥ്യവും കണക്കിലെടുത്തും, കോഫി അന്നന് ശേഷം സെക്രട്ടറി ജനറലായി ഒരു ഏഷ്യൻ വംശജൻ വേണമെന്ന നിഷ്കർഷയുള്ളതിനാലും ഡോ. തരൂർ ഐക്യരാഷ്ട്രസഭാ തലവനായി സ്വാഭാവികമായി നിയമിക്കപ്പെടുമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നു. ഇന്ത്യയുടെ ഔന്നത്യവും വിശ്വാസ്യതയും അന്തർദേശീയ വേദികളിൽ ഉയർത്തികാണിക്കാനുള്ള അവസരമായികണ്ട് തരൂർ, യു.എൻ സെക്രട്ടറി ജനറൽ തെരെഞ്ഞെടുപ്പിൽ മൻമോഹൻ സിംഗ് നേതൃത്വം നൽകുന്ന ഇന്ത്യൻ സർക്കാരിന്റെ നോമിനിയായി മത്സരിച്ചു. ലാത്വിയൻ പ്രസിഡൻറ് വെയ്റെ വിഗെ ഫ്രെയ് ബെർ

ഗാ, പിന്നീട് അഫ്ഗാനിസ്ഥാൻ പ്രസിഡന്റായ അഷറഫ് ഖാനി, തായ്‌ലൻഡ് ഡെപ്യൂട്ടി പ്രധാനമന്ത്രി സുര കിയാർത് സദ് രാഥായി, ജോർദാൻ രാജകുമാരൻ സയ്യിദ് അൽ റാദൽ ഹുസൈൻ, ശ്രീലങ്കൻ അംബാസിഡർ ജയന്ത ധനപാല എന്നിവർക്കെതിരെ തരൂർ മത്സരിച്ചു. സുരക്ഷാ സമിതി സ്ഥിരാംഗമായ അമേരിക്കയുടെ വീറ്റോ മൂലം മത്സരത്തിൽ രണ്ടാമതായ ഡോ. തരൂരിന്റെ ആഗോളതലത്തിൽ പ്രശംസിക്കപ്പെട്ട തെരഞ്ഞെടുപ്പ് പ്രചാരണം അപ്രകാരം ഫലം കാണാതെ പര്യവസാനിച്ചു.

സെക്രട്ടറി ജനറലായി തിരഞ്ഞെടുക്കപ്പെട്ട ജനറൽ ബാൻ കി മൂൺ അഭ്യർത്ഥിച്ചിട്ടും ഐക്യരാഷ്ട്രസഭയിൽ തുടരാൻ പൂർണ്ണ അർഹതയുണ്ടായിരുന്നിട്ടും തന്റെ അവശേഷിക്കുന്ന 15 വർഷത്തെ സേവനകാലം ഉപേക്ഷിച്ച്, സ്തുത്യർഹമായ മുപ്പതോളം വർഷത്തെ യു.എൻ സേവനം മതിയാക്കി, ഡോ. തരൂർ ഇൻഡ്യൻ ജനതയുടെ സേവനത്തിനായി സ്വന്തം നാട്ടിലേക്ക് മടങ്ങുകയാണുണ്ടായത്.

## ഇന്ത്യ: രാഷ്ട്രീയവും സാഹിത്യവും

"ഇന്ത്യ എനിക്ക് ഏറെ പ്രിയപ്പെട്ടതാണ്, ഞാൻ ഇന്ത്യക്കാർക്കും അപ്രകാരമാകാൻ ആഗ്രഹിക്കുന്നു" ഒരിക്കൽ തരൂർ ഉറക്കെ പറഞ്ഞു. ഇന്ത്യൻ രാഷ്ട്രീയത്തിലെ ഡോ. തരൂരിന്റെ കരിയർ ഈ സമീപനത്തിനെ ഉദാഹരിക്കുന്നതാണ്. ഇന്ത്യയിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും തങ്ങളെ പ്രതിനിധീകരിക്കാൻ ആവശ്യപ്പെട്ട് അദ്ദേഹത്തിനെ സമീപിച്ചപ്പോഴും, ഇന്ത്യയുടെ അഭിലാഷങ്ങൾക്കും നിരവധി രചനകളിലൂടെ പ്രകാശിപ്പിച്ചിട്ടുള്ള തന്റെ സ്വന്തം നിലപാടുകൾക്കും പ്രത്യയശാസ്ത്രങ്ങൾക്കുമൊപ്പം നിൽക്കുന്ന, ബഹുസ്വരതയുടെ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന, കോൺഗ്രസിന്റെ ക്ഷണമാണ് തരൂർ സ്വീകരിച്ചത്. മുമ്പത്തെ രണ്ട് തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസിന് നഷ്ടപ്പെട്ട തിരുവനന്തപുരം മണ്ഡലത്തിൽ നിന്നും മത്സരിക്കാനുള്ള നിയോഗമാണ് 2009-ൽ തരൂരിന് ലഭിച്ചത്. ഇന്ത്യൻ രാഷ്ട്രീയത്തിൽ പരിചയക്കുറവുണ്ടായിട്ടും ശക്തമായ മത്സരത്തിൽ കോൺഗ്രസിനെ വിജയത്തിലെത്തിക്കേണ്ടതിന്റെ ആവശ്യം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിൽ തരൂർ വിജയിച്ചു. ബി.ജെ.പിയുടെ സ്വാധീനവും സാമ്പത്തിക ശക്തിയും വർദ്ധിച്ചുവരുകയും, കേരളത്തിൽ ആദ്യമായി ഒരു മണ്ഡലത്തിൽ ആ പാർട്ടി രണ്ടാം സ്ഥാനത്ത് എത്തുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ, മൂന്നുപ്രാവശ്യം തുടർച്ചയായി തിരുവനന്തപുരത്തുനിന്നും തെരഞ്ഞെടുക്കപ്പെട്ട് ഏറ്റവും കൂടുതൽ കാലം സേവനമനുഷ്ഠിക്കുകയെന്നത് ഒരു ചരിത്രനേട്ടം തന്നെയാണ്. പാർലമെന്റിലെ സുപ്രധാന ചർച്ചകളിൽ കോൺഗ്രസ് പാർട്ടിക്ക് വേണ്ടി ശക്തമായി സംസാരിക്കുന്ന ഒരു പ്രമുഖ പാർലമെന്റേറിയനായി ഡോ. തരൂർ ഇന്ന് അറിയപ്പെടുന്നു. വിദേശകാര്യ, വിവരസാങ്കേതിക വിദ്യ, കെമിക്കൽസ് & ഫെർട്ടിലൈസേഴ്സ് സംബന്ധിച്ച പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റികളുടെ അദ്ധ്യക്ഷനായും ഡോ.




തരൂർ സേവനമനുഷ്ഠിക്കുകയുണ്ടായി.

ആഗോളതലത്തിൽ ശക്തമായ സാന്നിദ്ധ്യമറിയിക്കുന്ന ഡോ. ശശി തരൂരിനെ തേടിയെത്തിയ പുരസ്കാരങ്ങൾ നിരവധിയാണ്. പ്രവാസി ഭാരതീയ സമ്മാനം (2004) സ്പാനിഷ് സർക്കാരിന്റെ ബഹുമതിയായ റോയൽ ആൻഡ് ഡിസ്റ്റിംഗ്വിഷിംഗ് ഓർഡർ ഓഫ് ചാൾസ് മൂന്നാമൻ, (2019) ഫ്രാൻസിന്റെ പരമോന്നത സിവിലിയൻ ബഹുമതിയായ ഷെവലിയാർ ലീജൺ ഓഫ് ഓണർ അവാർഡ് തുടങ്ങിയവ അദ്ദേഹത്തിന് ലഭിച്ചു. ഫിക്ഷനും നോൺ ഫിക്ഷനുമടങ്ങുന്ന അദ്ദേഹത്തിന്റെ 25 പ്രസിദ്ധങ്ങളായ പുസ്തകങ്ങൾ നിരവധി പുരസ്കാരങ്ങൾ നേടി. കോമൺവെൽത്ത് റൈറ്റേഴ്സ് പ്രൈസ്, ക്രോസ്സ് വേർഡ് ബുക്സ് ലൈഫ് ടൈം അവാർഡ്, സാഹിത്യ അക്കാദമി അവാർഡ് തുടങ്ങിയവ അദ്ദേഹത്തിനെ തേടിയെത്തി. ഡോ. തരൂർ രചിച്ച 'ബയോഗ്രഫി ഓഫ് നെഹ്റു' ഒരു ക്ലാസിക് കൃതിയായി കണക്കാക്കപ്പെടുന്നു. എണ്ണമറ്റ ജനങ്ങളാണ് യൂ ട്യൂബിൽ അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ശ്രവിക്കുന്നത്. ബ്രിട്ടീഷ് കോളനി വാഴ്ചക്കെതിരെ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ ഡോ. തരൂർ നടത്തിയ സുപ്രസിദ്ധ പ്രസംഗം കേട്ടിട്ടില്ലാത്ത ഇന്ത്യക്കാർ കുറവായിരിക്കും. ■

## ഡോ. ശശി തരൂരിൻെറ ഗ്രന്ഥങ്ങൾ

1) **Reasons of State** (1985)
2) **The Great Indian Novel** (1989)
3) **The Five Dollar Smile and Other Stories** (1990)
4) **Show Business** (1992)
5) **India: From Midnight to the Millennium** (1997)
6) **Riot** (2001)
7) **Kerala: God's Own Country** (2002) (with M.F. Husain)
8) **Nehru: The Invention of India.**(2003)
9) **Bookless in Baghdad** (2005)
10) **The Elephant, the Tiger, and the Cell Phone: Reflections on India –The Emerging 21st-Century Power** (2007)
11) **Inde** (in French) **or India** (in English) (2008) along with photographer Ferrante Ferranti.
12) **Shadows Across the Playing Field: Sixty Years of India-Pakistan Cricket** (2009) (with Shaharyar Khan)
13) **Pax Indica: India and the World of the 21st Century** (2012)
14) **India: the Future is Now** (Editor)(2013)
15) **India Shastra: Reflections on the Nation in our Time** (2015)
16) **An Era of Darkness: The British Empire in India** (2016
17) **Why I Am A Hindu** (2018)
18) **The Paradoxical Prime Minister** (2018)
20) **The New World Disorder and the Indian Imperative** (2020), co-authored with Samir Saran.
21) **The Battle of Belonging** (2020)
22) **Tharoorosaurus** (2020)
23) **Pride, Prejudice and Punditry: The Essential Shashi Tharoor** (2021)
24) **Ambedkar: A Life** (2022)
25) **The Less You Preach, the More You Learn : Aphorisms for Our Age** (2023), co-authored with Joseph Zacharias



AMBEDKAR
A LIFE
SHASHI THAROOR
ഇന്ത്യ
അർദ്ധരാത്രി മുതൽ അര നൂറ്റാണ്ട്
ശശി തരൂർ
INDIA
From Midnight to the Millennium
SHASHI THAROOR
PRIDE PREJUDICE & PUNDITRY
THE ESSENTIAL
SHASHI THAROOR
WHY I AM A HINDU
SHASHI THAROOR
SHASHI THAROOR
INDIA
The Future is Now
THE VISION AND ROAD MAP FOR THE COUNTRY BY HER YOUNG PARLIAMENTARIANS
cartoons by Sudhir Tailang
THE GREAT INDIAN NOVEL
SHASHI THAROOR
INDIA SHASTRA
REFLECTIONS ON THE NATION IN OUR TIME
SHASHI THAROOR
SOON TO BE A MAJOR WEB SERIES
NEHRU
THE INVENTION OF INDIA
SHASHI THAROOR
INDIA SHASTRA
SHASHI THAROOR
SHASHI THAROOR
THE ELEPHANT, THE TIGER & THE CELLPHONE
Reflections on India in the 21st Century
SHASHI THAROOR
PAX INDICA
India and the World of the 21st Century
The BATTLE of BELONGING
ON NATIONALISM, PATRIOTISM, AND WHAT IT MEANS TO BE INDIAN
SHASHI
AN ERA OF DARKNESS
THE BRITISH EMPIRE IN INDIA
Show Business
Shashi Tharoor
SHADOWS ACROSS THE PLAYING
60 YEARS OF INDIA
KERALA
GOD'S
A Novel



**Thiruvananthapuram:**

Office of Dr. Shashi Tharoor MP
TC 26/1592
Pulimoodu - Govt. Press Road
Thiruvananthapuram - 695 001, Kerala
Tel: +91 471 2324555
Contact: Praveen Ram [praveen@tharoor.in]

**Delhi:**

Office of Dr. Shashi Tharoor MP
97, Lodhi Estate
New Delhi - 110003
Tel: +91 11 2464 4035/2464 4383
Fax: +91 11 2465 4158
Contact: John Koshy [ john@tharoor.in ]

General Enquiries: office@tharoor.in
Facebook: https://www.facebook.com/Shashi Tharoor
Twitter: https://twitter.com/Shashi Tharoor
Flickr: https://www.flickr.com/photos/shashitharoor
Instagram: https://www.instagram.com/shashitharoor
YouTube: https://www.youtube.com/user/shashitharoor

Printed & Published by : DCC Thiruvananthapuram . Copy : 10,000. Printed at Orange Printers Pvt. Ltd. Tvpm | edmond's design